

Sacred Heart
College **Magazine**
ചുടല
തിരുഹൃദയ കലാലയ സ്മരണിക
2018



Statement of ownership and particulars (form IV see rule VII)
about the publication of Sacred Heart College, Thevara
college magazine 2018-19

| | |
|---|---|
| Place of Publication | : Kochi |
| Periodicity of Publication | : Annual |
| Nationality | : Indian |
| Address | : Principal, Sacred Heart College<br>Thevara, Kochi- 682013<br>Kerala, India |

# ചുടല

2018 വർഷം കലാലയ സ്മരണിക
തിരുഹൃദയ കലാലയം, തേവര



# ചുടല

എഴുത്തും തിരുത്തും നിറഞ്ഞ ഉറക്കമില്ലാത്ത രാത്രികളും, ഈ ചുടലപ്പറമ്പിലെവിടെയൊക്കെയോ ചിതറിക്കിടന്നിരുന്ന അക്ഷരങ്ങളെ കൂട്ടിച്ചേർക്കുന്നതിന് ഒപ്പം കൂടിയവരും ഇനിയുള്ള താളുകളുടെ അവകാശികളാണ്.

ചീഫ് എഡിറ്റർ: ഫാ. ഡോ. ജോൺസൺ പാലക്കാപ്പിള്ളിൽ
സ്റ്റാഫ് എഡിറ്റർ: ഡോ. ടോം സി തോമസ്
സ്റ്റുഡന്റ് എഡിറ്റർ: അനിൽ സൂര്യാ എം. എസ്
മാഗസിൻ സമിതി: കിരൺ എം ധരൻ, എം ശിവരഞ്ജിനി,
ഗ്രീതു എലിസബത്ത് തോമസ്, ക്രിസ്മ റോസ് ബാബു,
എൽവീന എസ് ഫിലിപ്പ്, ആഗ്നസ് ജോൺ
മുഖചിത്രം: സി. എസ് ജസ്‌വേത്
ലിപി: ഋതിക്ക് മോഹൻ
ചിത്രങ്ങൾ: ഷോൺ സിബി, വിവേക് കൃഷ്ണ,
യെദു കൃഷ്ണൻ, ഫാബിൻ ഫ്രാൻസിസ്

# ചുടല





ഫാ. ഡോ. അഗസ്റ്റിൻ തോട്ടക്കര
മാനേജർ



ഫാ. ഡോ. ജോൺസൺ
പാലക്കാപ്പിള്ളി, പ്രിൻസിപ്പാൾ



ഡോ. രാജു കെ. എ
സ്റ്റുഡന്റ് അഡ്വൈസർ



പ്രൊ. സിബി കെ. ഐ
സ്റ്റാഫ് സെക്രട്ടറി



ജോബിൻ സി തരിയൻ
സ്റ്റാഫ് സെക്രട്ടറി



ഡോ. ടോം സി തോമസ്
സ്റ്റാഫ് എഡിറ്റർ



പ്രൊ. വിഷ്ണു രാജ്
അഡ്വൈസർ

2018–19 വർഷത്തെ കലാലയ മാഗസിൻ വെളിച്ചം കാണുകയാണ്. “ചുടല”ക്കാട് താത്വിക ചിന്തയുടെയും, സർഗാത്മകതയുടെയും ഇടമാക്കിയ നാറാണത്ത് ഭ്രാന്തന്റെ പ്രചോദനം “ചുടലയുടെ” പ്രണേതാക്കൾ അംഗീകരിക്കുന്നു. ആനുകാലികമായ നിരവധി പ്രശ്നങ്ങൾ പഠിച്ചും ആലോചിച്ചും വിമർശിച്ചുമുള്ള ലേഖനങ്ങൾ, ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ സന്തോഷങ്ങൾ, പ്രയാണത്തിലെ നൊമ്പരങ്ങൾ–എല്ലാം ഈ താളുകളിൽ ദൃശ്യമായിട്ടുണ്ട്, അവയെ സമ്പുഷ്ടമാക്കിയിട്ടുമുണ്ട്. അനിൽ സൂര്യയ്ക്കും സംഘത്തിനും അഭിനന്ദനങ്ങൾ.

വിപ്ലവാവേശങ്ങളാണ് കലാലയ യുവത്വത്തെ ഹരം പിടിപ്പിക്കുന്നത്. ചുടല എന്ന പേരിന്റെ പിന്നിലെ ചേതോവികാരവും ഏകദേശം അത് തന്നെ. തിരുഹൃദയ കലാലയം, തിരുഹൃദയം (Sacred Heart) എന്ന ആ പേരിലൂടെ തന്നെയും, ആ പേരിന്റെ പിന്നിലെ പരമ്പരാഗത ചിത്രത്തിലൂടെയും ചിന്തയിലൂടെയും, വിപ്ലവത്തിന്റെ മൗലികമായ ഒരു മാർഗ്ഗം നൽകുന്നു. ഇതരർക്കായുള്ള നന്മകൾക്കായി എരിയുന്ന ഒരു ഹൃദയം. ആ ഹൃദയ ജ്വാലയിൽ ശത്രുതയുടെയും വൈരാഗ്യത്തിന്റെയും എല്ലാ പരിശ്രമങ്ങളും എരിഞ്ഞു തീരുന്ന ഒരു നിത്യഹരിത വിപ്ലവത്തിലേക്കാണ് തിരുഹൃദയ കലാലയം നമ്മെ വിളിക്കുന്നത്.

ചുടല എന്ന പേരിൽ വിപ്ലവാവേശമുള്ള യുവ ഹാർട്ടിയൻസിന്റെ സർഗാത്മകത അക്ഷരങ്ങളിൽ അവതരിക്കുമ്പോൾ, “അക്ഷരം നക്ഷത്ര ലക്ഷ്യമാക്കി” “നാളത്തെ നാടിന്റെ നാവായി” വളരാൻ അവരുടെ ഈ സർഗ്ഗശ്രമം ഇടവരുത്തട്ടെ.

ഫാ. പ്രശാന്ത് പാലക്കാപ്പിള്ളി
പ്രിൻസിപ്പാൾ

# എഡിറ്റോറിയൽ

വിപ്ലവകാരികളായ ഓരോ എഴുത്തുകാരുടെയും അക്ഷരങ്ങൾക്ക് പിന്നിൽ മരണം ഒളിച്ചിരിപ്പുണ്ടാകും. കാരണം, സമൂഹത്തിൽ മാറ്റം വരുത്താനുതകുന്ന ഏറ്റവും ശക്തമായ ആയുധം അക്ഷരങ്ങളാണ്. "എഴുത്തുകാരന്, നാടകകലാകാരന് സമൂഹത്തോടെന്നും സത്യമേ പറയാനാകൂ" എന്ന് കന്നട നാടക സാഹിത്യ രംഗത്തെ പ്രമുഖനായ യോഗേഷ് മാസ്റ്റർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അപ്രിയമായ സത്യങ്ങൾ സമൂഹത്തിനു മുമ്പിൽ വിളിച്ചു പറയുമ്പോൾ അസ്വസ്ഥരാക്കപ്പെടുന്ന ഒരു വിഭാഗം ആളുകൾ എല്ലാ കാലഘട്ടത്തിലുമുണ്ടാകും. എഴുത്തുകാരന്റെ  തൂലിക പിടിച്ചു വാങ്ങാനും അവനെ നിശബ്ദനാക്കാനും അവർ ശ്രമിച്ചു കൊണ്ടേയിരിക്കും എന്നുള്ളതിന് ചരിത്രം സാക്ഷിയാണ്. ലോകത്തെ പിടിച്ചുകുലുക്കിയിട്ടുള്ള എല്ലാ ആശയങ്ങൾക്കും സാമൂഹിക മുന്നേറ്റങ്ങൾക്കും പിന്നിൽ കുരിശിലേറ്റപ്പെട്ട അല്ലെങ്കിൽ രക്തസാക്ഷിയാക്കപ്പെട്ട ഒരു എഴുത്തുകാരനെങ്കിലുമുണ്ടാകും. പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നു പോകുമ്പോഴും കൺമുന്നിൽ കാണുന്ന അക്രമങ്ങൾക്കും അനീതികൾക്കുമെതിരെ ശബ്ദമുയർത്താതിരിക്കാൻ ഒരെഴുത്തുകാരനും സാധിക്കില്ല. "ചുടല" എന്ന ആശയം പ്രസക്തമാകുന്നത് ഈയൊരു യുക്തിയുടെ അടിസ്ഥാനത്തിലാണ്. ചുടലയ്ക്ക് ഒരേസമയം സംഹരിക്കാനും ശുദ്ധീകരിക്കാനുമുള്ള കഴിവുണ്ടെന്നാണ് പുരാണങ്ങളിൽ പറയപ്പെടുന്നത്. സമൂഹത്തിൽ നിലനിൽക്കുന്ന സംഹരിക്കപ്പെടേണ്ടതും ശുദ്ധീകരിക്കപ്പെടേണ്ടതുമായ അത്തരം ചില വിഷയങ്ങളെക്കുറിച്ചാണ് ചുടലയിൽ ചർച്ചചെയ്യപ്പെടുന്നതും. പുരോഗമന ചിന്താഗതിയുള്ള സമൂഹം എന്ന് സ്വയം അവകാശപ്പെടുമ്പോഴും ജനാധിപത്യത്തിൽ വിമർശനാത്മകതയ്ക്കുള്ള സ്ഥാനമില്ലാതാക്കികൊണ്ട് അരാജകത്വം അരങ്ങുവാഴുന്നൊരു കാലത്ത് പ്രതിരോധത്തിന്റെ കനലെരിഞ്ഞുതുടങ്ങുന്നത് ഈ ചുടലയിൽ നിന്നാണ്.

അനിൽ സൂര്യാ എം. എസ്
സ്റ്റുഡന്റ് എഡിറ്റർ

രാത്രി ഏറെ വൈകിയും മേശപ്പുറത്ത് കത്തിച്ചുവച്ച റാന്തൽ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ ഭ്രാന്തമായി എന്തൊക്കെയോ കുത്തിക്കുറിച്ചു. കാലത്തിന്റെ മാറ്റത്തിലെപ്പൊഴോ നഷ്ടപ്പെട്ടുപോയ ഭാവനകൾക്ക് ചിറകുമുളച്ചതുപോലെ. മനസ്സ് പക്ഷേ അസ്വസ്ഥമാണ്, മുറിക്ക് പുറത്ത് തളംകെട്ടികിടക്കുന്ന ഇരുട്ട് മനസിലേയ്ക്കും പടർന്നുകൊണ്ടേയിരിക്കുന്നു. തുറന്ന ജനൽ പാളികളിലൂടെ പുറത്തേക്ക് നോക്കിയാൽ ദൂരെ ജനിമൃതികളുറങ്ങിക്കിടക്കുന്ന ചുടലപ്പറമ്പിൽ തീ കായുന്ന നാറാണത്തുഭ്രാന്തനെ കാണാം. ജീവിതം അർത്ഥശൂന്യമാണെന്ന് തോന്നിപ്പോകുന്ന നിമിഷം. പക്ഷേ, പുരുഷാർത്ഥങ്ങളെയെല്ലാം വെടിഞ്ഞ് മനുഷ്യൻ മൃഗങ്ങളെക്കാളും ക്രൂരനും സ്വാർത്ഥനുമായി തീർന്നിരിക്കുന്നു എന്ന തിരിച്ചറിവാണ് ഇരുട്ട് മൂടികൊണ്ടിരിക്കുന്നത് മനസ്സിനെയല്ല മറിച്ച് സമൂഹത്തെയാണെന്നുള്ള യാഥാർത്ഥ്യത്തിലേക്ക് തിരികെ കൊണ്ടുവരുന്നത്. സമൂഹത്തെ ബാധിച്ചുകൊണ്ടിരിക്കുന്ന ഇരുട്ടിനെയകറ്റാനുള്ള വഴികൾ അന്വേഷിച്ചു തുടങ്ങേണ്ടത് ഈ ചുടലപ്പറമ്പിൽ നിന്നു തന്നെയാണ്. മനസ്സിനെ അലട്ടികൊണ്ടിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരമാണ് ഭ്രാന്തന്റെ അനുഭവങ്ങളിൽ നിന്ന് എരിഞ്ഞു തുടങ്ങുന്ന **ചുടല**

ഈ തിരശ്ശീലക്കപ്പുറം നിങ്ങൾ സഞ്ചരിക്കാൻ പോകുന്നത് ഭ്രാന്തന്റെ അനുഭവങ്ങൾക്കൊപ്പമായിരിക്കും. ഇനിയങ്ങോട്ടുള്ള ഓരോ താളുകളും യാഥാർഥ്യങ്ങളുടെ പുതിയൊരു ലോകം നിങ്ങൾക്ക് മുമ്പിൽ തുറന്നുകാട്ടും. ഭ്രാന്തന്റെ കഥയിലെ കഥാപാത്രങ്ങളാരൊക്കെയാണെന്നുള്ള ചോദ്യത്തിന് വ്യക്തമായ ഉത്തരമില്ല. ഈ സമൂഹത്തിലൊന്നു കണ്ണോടിച്ചാൽ ഒരുപക്ഷേ നിങ്ങൾക്കവരെ തിരിച്ചറിയാനായേക്കും.... ഇനിയുള്ള കഥയിലെ നായകനും വില്ലനും കാഴ്ചക്കാരനുമെല്ലാം അവരായിരിക്കും. അധികാരവർഗ്ഗത്തിന്റെ അപ്രമാദിത്വത്തിൽ നീതി നിഷേധിക്കപ്പെട്ടവന്റെയും ചൂഷണങ്ങൾക്കിരയായി രക്തസാക്ഷിയാക്കപ്പെട്ടവന്റെയും പ്രകൃതിയുടെയും മണ്ണിന്റെയും മനുഷ്യന്റെയുമെല്ലാം പ്രതിഷേധഭൂമിയാണ് “ചുടല.” വ്യവസ്ഥിതികളോട് കലഹിച്ചും ഇളകാത്ത സിംഹാസനങ്ങളെയും ചോദ്യം ചെയ്യപ്പെടാത്ത ആധിപത്യങ്ങളെയും ചോദ്യം ചെയ്തുകൊണ്ട് ചുടലയിലെ കനലുതിരയുകയാണ് ഭ്രാന്തൻ.

**ഈ അരങ്ങ്**
**ഇനി കാതോർക്കുന്നത്**
**ഭ്രാന്തന്റെ അനുഭവങ്ങൾക്കുവേണ്ടിയാണ്...**

# ജനാധിപത്യവും ഭരണഘടനയും ചില ആശങ്കകളും

എഡിറ്റോറിയൽ ടീം



“At the stroke of midnight hour when the world sleeps, India will awake to life and freedom. A moment comes, which comes but rarely in history, when we step out from the old to the new, when an age ends, and when the soul of a nation, long suppressed, finds utterance.”
-Jawaharlal Nehru

നൂറ്റാണ്ടുകളുടെ ബൃഹത്തായ പാരമ്പര്യവും വൈവിധ്യമാർന്ന സംസ്കാരവും മുഖമുദ്രയായുള്ള എന്റെ രാജ്യം. വിധിയുടെ വിധിയെഴുത്തെന്നോണം നാനൂറ് വർഷത്തെ കൊളോണിയൽ ഭരണം ശിഥിലമാക്കിയിട്ടും ഒരു ഫീനിക്സ് പക്ഷിയെ പോലെ ഉയിർത്തെഴുന്നേറ്റു എന്റെ ഇന്ത്യ. ആ ഉയിർത്തെഴുന്നേൽപ്പാണ് ചെറുതും വലുതുമായി ചിതറി കിടന്നിരുന്ന നിരവധി നാട്ടുരാജ്യങ്ങളെയെല്ലാം ഒരു സ്വതന്ത്ര റിപ്പബ്ളിക്കിന്റെ ഭാഗമാക്കുക എന്ന മഹത്തായ ലക്ഷ്യത്തിന് പ്രചോദനമായത്. ഭൂപ്രകൃതിയിലും, ഭാഷയിലും, സംസ്കാരത്തിലും എന്നുവേണ്ട ഒരു വ്യക്തിയെയും സമൂഹത്തെയും സംബന്ധിച്ചിട്ടുള്ള എല്ലാ ഘടകങ്ങളിലും വൈവിധ്യം പുലർത്തിയിരുന്ന നൂറിലേറെ നാട്ടുരാജ്യങ്ങളെ ഒരു സ്വതന്ത്ര റിപ്പബ്ലിക്കിന്റെ ഭാഗമാക്കുക എന്നുള്ളത് ഭരണഘടനാ നിർമാതാക്കളെ സംബന്ധിച്ചിടത്തോളം വളരെ വലിയൊരു വെല്ലുവിളി തന്നെയായിരുന്നു. മഹത്തായ ഒരു രാഷ്ട്രത്തിന്റെ നിർമാണത്തിന് ഈ നാട്ടുരാജ്യങ്ങളെല്ലാം ഒരുമിച്ചു വന്നുചേരേണ്ടതുണ്ടെന്നും അത് ജനാധിപത്യത്തിലൂടെയും ഭരണഘടനയിലൂടെയും മാത്രമേ സാധ്യമാകൂ എന്നതായിരുന്നു ചരിത്രം തന്ന തിരിച്ചറിവ്. ആ തിരിച്ചറിവാണ് ഡോ. ബി. ആർ. അംബേദ്കറുടെ നേതൃത്വത്തിൽ ഭരണഘടനാ നിർമാണ സമിതിക്ക് രൂപം നൽകിയതും 1950 ജനുവരി 26-ാം തിയതി ഇന്ത്യയെ ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രമായി പ്രഖ്യാപിച്ചു കൊണ്ട് ഭരണഘടന നിലവിൽ വരാനും കാരണമായത്.

ചരിത്രത്തിൽ തന്നെ ഏറ്റവും സ്വീകാര്യത നേടിയിട്ടുള്ള തത്വങ്ങൾ ക്രോഡീകരിച്ച് നിർമ്മിച്ചിട്ടുള്ള ഭരണഘടന തന്നെയാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെയും രാഷ്ട്ര സംവിധാനങ്ങളെയും കുറിച്ചുള്ള ഏറ്റവും പ്രൗഢമായ പ്രസ്താവനയായി കണക്കാക്കപ്പെടുന്നത്. ഇതിൽ എടുത്തു പറയേണ്ടത് ഭരണഘടനയ്ക്ക് വേണ്ടി ജവഹർലാൽ നെഹ്റു എഴുതിയ ഒറ്റവാചകത്തിലുള്ള ആമുഖമാണ്.

"നമ്മൾ, ഭാരതത്തിലെ ജനങ്ങൾ, ഭാരതത്തെ ഒരു പരമാധികാര-സ്ഥിതിസമത്വ-മതനിരപേക്ഷ-ജനാധിപത്യ-റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം, എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന ഭ്രാതൃഭാവം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽ വച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ ഏകദ്വാരാ അംഗീകരിക്കുകയും അധിനിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു."

ഇന്ത്യ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്ന ആമുഖം 1949 നവംബർ 26-ന് ഭരണഘടന നിർമ്മാണസഭ അംഗീകരിക്കുകയും 1950 ജനുവരി 26-ന് നിലവിൽ വരികയുമായിരുന്നു. ഇന്ത്യയുടെ പരമോന്നത നീതിപീഠം തുടക്കത്തിൽ ആമുഖത്തെ ഭരണഘടനയുടെ അഭിവാജ്യഘടകമായി അംഗീകരിച്ചിരുന്നില്ലെങ്കിലും പിന്നീട് 1973-ൽ കേശവാനന്ദഭാരതി കേസിൽ അത് തിരുത്തുകയും ചെയ്തിരുന്നു. 1976-ലെ 42-ാം ഭരണഘടന ഭേദഗതി നിയമപ്രകാരമാണ് 'സ്ഥിതിസമത്വ', 'മതനിരപേക്ഷ' എന്ന വാക്കുകൾ ആമുഖത്തിൽ ഉൾപ്പെടുത്തുന്നത്. എന്നാൽ, "ഭരണഘടന എന്നും മതേതരമായിരുന്നു എന്നും ഈ മാറ്റം മുൻപ് തന്നെ അന്തർലീനമായിരിക്കുന്ന ഒരു തത്ത്വത്തെ കൂടുതൽ വ്യക്തമാക്കുക മാത്രമേ ചെയ്യുന്നുള്ളൂ" എന്ന് ഭേദഗതിയിൽ പരാമർശിക്കുന്നുണ്ട്.

**ഭൂപ്രകൃതിയിലും, ഭാഷയിലും, സംസ്കാരത്തിലും എന്നുവേണ്ട ഒരു വ്യക്തിയെയും സമൂഹത്തെയും സംബന്ധിച്ചിട്ടുള്ള എല്ലാ ഘടകങ്ങളിലും വൈവിദ്ധ്യം പുലർത്തിയിരുന്ന നൂറിലേറെ നാട്ടുരാജ്യങ്ങളെ ഒരു സ്വതന്ത്ര റിപ്പബ്ലിക്കിന്റെ ഭാഗമാക്കുക എന്നുള്ളത് ഭരണഘടനാ നിർമാതാക്കളെ സംബന്ധിച്ചിടത്തോളം വളരെ വലിയൊരു വെല്ലുവിളി തന്നെയായിരുന്നു.**

ക്രൂരന്മാരായ സ്വേച്ഛാധിപതികളുടെ കാലഘട്ടമായിരുന്നു ഇരുപതാം നൂറ്റാണ്ട്. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും പിന്നീട് സ്വേച്ഛാധിപതികളുടെയോ പട്ടാള മേധാവികളുടെയോ പിടിയിലേയ്ക്കാണ് ചെന്നെത്തിയത്. ഇന്ത്യയിൽ നിന്നും വിഭജിച്ചു പോയ പാകിസ്ഥാനും ബംഗ്ലാദേശും പലതവണ പട്ടാള അട്ടിമറികൾക്ക് ഇരയായത് ഭരണഘടനയിൽ വന്ന പിഴവുകൾ മൂലമാണ്. സാധാരണഗതിയിൽ ഭരണം അട്ടിമറിക്കപ്പെടുമ്പോഴൊക്കെ ഏകാധിപതികൾ ഭരണഘടന റദ്ദാക്കാറാണ് പതിവ്. എന്നാൽ, എഴുപതുകളുടെ തുടക്കത്തിൽ ഇന്ദിരാഗാന്ധിയുടെ കീഴിൽ ഇന്ത്യൻ ഭരണകൂടം സ്വേച്ഛാധിപത്യ സ്വഭാവങ്ങൾ പുറത്തെടുത്തെങ്കിലും ജനങ്ങളുടെ മൗലികാവകാശങ്ങൾ തടഞ്ഞുവച്ച അടിയന്തരാവസ്ഥ പോലും ഭരണഘടനയുടെ ഉള്ളിൽ നിന്നാണ് പ്രഖ്യാപിക്കപ്പെട്ടത്.

സ്വാതന്ത്ര്യാനന്തരം ഏഴ് പതിറ്റാണ്ടുകൾക്കിപ്പുറം പല പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്നു പോയിട്ടുണ്ടെങ്കിലും എന്തുകൊണ്ടാണ് ഒരു സ്വേച്ഛാധിപത്യ ഭരണകൂടത്തിന്റെ കീഴിലേയ്ക്കോ പട്ടാള അട്ടിമറിയിലേയ്ക്കോ രാജ്യം നീങ്ങാതിരുന്നത് എന്നുള്ളത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്.അതിന്റെ ഉത്തരവും വളരെ ലളിതമാണ്. സ്വാതന്ത്ര്യാനന്തരം രാജ്യം സ്വേച്ഛാധിപത്യത്തിലേക്ക് നീങ്ങിയേക്കാം എന്ന ആശങ്ക ഭരണഘടനയുടെ പിതാവായ അംബേദ്കറുടെ ഉള്ളിലുണ്ടായിരുന്നു. ഭരണഘടനാ നിർമ്മാണസഭയിൽ നടത്തിയ ഒരു പ്രസംഗത്തിൽ അതിന്റെ സാധ്യതകളെകുറിച്ചും അദ്ദേഹം പരാമർശിച്ചിരുന്നു.

"പൗരന്റെ ജീവനെയും സ്വാതന്ത്ര്യത്തെയും സംബന്ധിച്ച് നാം (ഭരണഘടനാ നിർമ്മാണസഭ) വിഭാവനം ചെയ്ത തത്വങ്ങൾ അമ്പേ കാറ്റിൽപ്പറത്തിക്കൊണ്ട് ചില രാഷ്ട്രീയ കക്ഷികൾ നിയമനിർമാണസഭകൾ കീഴടക്കാനുള്ള സാധ്യതകൾ ഞാൻ തള്ളിക്കളയുന്നില്ല. എന്നാൽ സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ന്യായാധിപന്മാർക്ക് അവരുടെ ആശയപരമായ ചായ്വുകൾക്ക് അനുസൃതമായി നിയമങ്ങളെ തന്നിഷ്ടപ്രകാരം വ്യാഖ്യാനിക്കാൻ ഇട കൊടുക്കരുത്. അതിനാൽ അധികാരത്തിന്റെ തിരശ്ചീനമായ സന്തുലനം (Horizontal Division of Power) ഒരു അനിവാര്യതയാണ്."

ചരിത്രം പരിശോധിച്ചാൽ പൊതുവേ രണ്ട് രീതിയിലാണ് സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾ രൂപപ്പെടുന്നത്. ഒന്ന്, ജനാധിപത്യത്തിലൂടെ അധികാരത്തിലെത്തുന്ന സർക്കാരുകൾ പിന്നീട് സ്വേച്ഛാധിപത്യത്തിലേക്ക് നീങ്ങുന്നത്. രണ്ട്, പട്ടാളക്കാരും ഉദ്യോഗസ്ഥരും ചേർന്ന് ജനാധിപത്യത്തെ അട്ടിമറിച്ചുകൊണ്ട് ഭരണം പിടിച്ചെടുക്കുന്നത്. പലപ്പോഴും ഭരണഘടനയിലെ നിർണായകമായ ചില പിഴവുകളാണ് ഇത്തരം സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് വഴിയൊരുക്കുന്നത്.

രാജ്യത്ത് നിലനിന്നിരുന്ന അരക്ഷിതാവസ്ഥയും ജുഡീഷ്യറിക്ക് സ്വാതന്ത്ര്യം നൽകാതിരുന്ന 'വെയ്മർ' (ജർമൻ) ഭരണഘടനയിലെ പിഴവുകളും മുതലെടുത്താണ് അതിമാനുഷനായ ഹിറ്റ്ലർ ജനാധിപത്യവ്യവസ്ഥയെ അട്ടിമറിച്ചുകൊണ്ട് ജർമനിയിൽ ഭരണം പിടിച്ചെടുക്കുന്നത്. ഭരണഘടനയുടെ കാവലാളാവേണ്ട കോടതികൾ ഹിറ്റ്ലർക്ക് ഒത്താശ പാടിയപ്പോൾ ലോകം നടുക്കത്തോടെയാണ് നാസി ഭീകരവാഴ്ചക്ക് സാക്ഷ്യംവഹിച്ചത്. അംബേദ്കറുടെ ഉള്ളിലുണ്ടായിരുന്ന അതീവഗുരുതരമായ ആശങ്കകൾ ഇല്ലാതാക്കാനും രാജ്യത്തെ ജനാധിപത്യത്തിൽ ഉറപ്പിച്ചു നിർത്താനും സഹായകമായത് രണ്ടാം ലോക മഹായുദ്ധാനന്തര ജർമനിയിലെ ഭരണഘടനാ ശിൽപ്പികൾ സ്വീകരിച്ച ഫ്രഞ്ച് തത്വചിന്തകനായ മോണ്ടെസ്ക്യുവിന്റെ ആശയങ്ങളാണ്. അധികാരം എവിടെയും അമിതമായി കേന്ദ്രീകരിക്കാതെ ഭരണകൂടത്തെ ലെജിസ്ലേറ്റർ (നിയമനിർമ്മാണം),എക്സിക്യൂട്ടീവ് (ഭരണനിർവ്വഹണം), ജുഡീഷ്യറി (നീതിനിർവ്വഹണം) എന്നിങ്ങനെ തിരശ്ചീനമായി വിഭജിക്കുന്നതാണ് മോണ്ടെസ്ക്യുവിന്റെ ആശയം. ഈ ആശയത്തിന് കീഴിൽ നിയമനിർമ്മാണസഭയുടെമേൽ നീതിന്യായസംവിധാനത്തിന്റെയും കോടതികളുടെ മേൽ ലെജിസ്ലേറ്ററിന്റെയും നിയ



**"ജനാധിപത്യം അതിന്റെ പൂർണ്ണരൂപത്തിൽ നടപ്പാക്കപ്പെടുമ്പോഴെല്ലാം രാജ്യം സർഗാത്മകതയിലും-ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലും സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കും"**

ന്ത്രണങ്ങളുണ്ടാകും. അതുകൊണ്ടുതന്നെ ഭരണഘടനയുടെ ചട്ടക്കൂടിന് പുറത്തു നിന്നുകൊണ്ട് പ്രവർത്തിക്കാൻ ഭരണകൂടത്തിനോ കോടതികൾക്കോ സാധിക്കില്ല. ജർമനിയിൽ വിജയിച്ച പരീക്ഷണമാണ് അംബേദ്കർ ഇന്ത്യയിൽ നടപ്പിലാക്കിയത്. ഇന്ത്യയിൽ അത് വളർന്ന് പന്തലിച്ച് ലോകത്തിന്റെ ബഹുമാനം ആർജിക്കുകയും ചെയ്തതാണ്.

ഏകകക്ഷി ഭരണമായിരുന്നിട്ടും ഏകാധിപത്യ സ്വഭാവം പുറത്ത് കാട്ടാതിരുന്ന തൊള്ളായിരത്തി അമ്പത്- അറുപത് കാലഘട്ടമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ സുവർണ്ണ കാലഘട്ടമായി കണക്കാക്കപ്പെടുന്നത്. ജവഹർലാൽ നെഹ്റുവിനെയും അംബേദ്കറെയും പോലെയുള്ള നേതാക്കളുടെ വ്യക്തിപ്രഭാവവും പാർലമെന്ററി മര്യാദകളോട് ആദ്യകാല നേതാക്കന്മാർ വെച്ചുപുലർത്തിയിരുന്ന ബഹുമാനവും ഇന്ത്യൻ ജനാധിപത്യത്തിന് പുതിയമാനങ്ങൾ നൽകിയിരുന്നു. “ജനാധിപത്യം അതിന്റെ പൂർണ്ണരൂപത്തിൽ നടപ്പാക്കപ്പെടുമ്പോഴെല്ലാം രാജ്യം സർഗാത്മകതയിലും- ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലും സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കും” എന്ന് പി. സച്ചിദാനന്ദൻ അഭിപ്രായപ്പെടുന്നു. സാഹിത്യത്തിലും ചിത്രരചനയിലും സിനിമകളിലും നാടകങ്ങളിലും നൃത്ത-സംഗീത കലകളിലും, ശാസ്ത്ര സാങ്കേതിക രംഗത്താണെങ്കിലും ഹോമി ഭാഭയുടെയും വിക്രം സാരാഭായിയുടെയും നേതൃത്വത്തിൽ അത്ഭുതാവഹമായ നേട്ടങ്ങൾ കൈവരിച്ചു. ചേരിതിരിഞ്ഞുള്ള ആശയ പോരാട്ടത്തിനും പരസ്പരമുള്ള കരിവാരിയെറിയലുകൾക്കുമപ്പുറം രാഷ്ട്രീയം പാർലമെന്ററി സമ്പ്രദായത്തിൽ ഒതുങ്ങിനിന്നു എന്നുമാത്രമല്ല

> **എഴുപതുകളുടെ തുടക്കത്തിൽ ഇന്ദിരാഗാന്ധിയുടെ കീഴിൽ ഇന്ത്യൻ ഭരണകൂടം സ്വേച്ഛാധിപത്യ സ്വഭാവങ്ങൾ പുറത്തെടുത്തെങ്കിലും ജനങ്ങളുടെ മൗലികാവകാശങ്ങൾ തടഞ്ഞുവച്ച അടിയന്തരാവസ്ഥ പോലും ഭരണഘടനയുടെ ഉള്ളിൽ നിന്നാണ് പ്രഖ്യാപിക്കപ്പെട്ടത്.**

ഗൗരവമേറിയ കേസുകൾ പുറത്തു വന്നപ്പോൾ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ രാജി വെക്കുന്നത് വഴി അഴിമതി ഒരു പരിധിവരെ നിയന്ത്രിതമായിരുന്നു.

അംബേദ്കർ ഭയപ്പെട്ടിരുന്നതുപോലെ ഇന്ത്യയിൽ ആദ്യമായി ഭരണകൂടം സ്വേച്ഛാധിപത്യ സ്വഭാവം പുറത്തെടുക്കുന്നത് തൊള്ളായിരത്തി എഴുപതുകളുടെ തുടക്കത്തിൽ ഇന്ദിരാഗാന്ധിയുടെ കീഴിലാണ്. ബറേലിയിൽ നിന്നുള്ള ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് അലഹബാദ് ഹൈക്കോടതി റദ്ദാക്കിയതോടെ ചരിത്രത്തിലാദ്യമായി ഭരണകൂടവും കോടതിയും രണ്ടു വ്യത്യസ്ത ചേരികളിലായി. കോടതിയുടെ ഈ തീരുമാനത്തെ ഇന്ദിരാഗാന്ധി നേരിട്ടത് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുടെ തിരഞ്ഞെടുപ്പിനെ ചോദ്യം ചെയ്യാനുള്ള കോടതിയുടെ അധികാരത്തെ ഇല്ലാതാക്കികൊണ്ടുള്ള ഭരണഘടനയുടെ 39-ാം ഭേദഗതിയിലൂടെയായിരുന്നു. ജുഡീഷ്യറിക്ക് മുകളിൽ ഭരണകൂടത്തിന്റെ സർവാധിപത്യം സ്ഥാപിക്കുകയും, അതിന് നിയമത്തിന്റെ പരിരക്ഷയും ഉറപ്പുവരുത്തുകയായിരുന്നു ഇന്ദിരാഗാന്ധിയുടെ ലക്ഷ്യം. മോണ്ടെസ്ക്യുവിന്റെ നിരശ്ചീനമായ അധികാരവികേന്ദ്രീകരണ സംവിധാനത്തോടും ഇന്ത്യയിൽ അത് നടപ്പിലാക്കിയ അംബേദ്ക്കറോടും രാജ്യം കടപ്പെട്ടിരിക്കുന്നത് ഈ ഒരു സാഹചര്യത്തിൽ നിന്നുമാണ്. ഭരണഘടനയിലെ 368-ാം വകുപ്പാണ് ഭരണഘടനയിൽ ഭേദഗതി വരുത്താനുള്ള അധികാരം ഭരണകൂടത്തിനു നൽകുന്നത്. സ്വേച്ഛാധിപത്യപ്രവണതകൾ കാണിച്ചു തുടങ്ങിയിരുന്ന ഇന്ദിരാഗാന്ധി ഗവൺമെന്റ് ഈ വകുപ്പിന്റെ സഹായത്തോടെയാണ് ഭരണകൂടത്തിന്റെ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചത്. “ഭരണകൂടം തന്നെ ഭരണഘടനയെ തകർക്കുമ്പോൾ ഭരണഘടനയുടെ സംരക്ഷകരായി അവതരിച്ചിട്ടുള്ളത് ജുഡീഷ്യറിയാണ്.” (ഇ. എ ഇബ്രാഹിം). ആർട്ടിക്കിൾ 368 ദുരുപയോഗം ചെയ്യപ്പെട്ടേക്കാം എന്ന് മനസ്സിലാക്കിയ സുപ്രീം കോടതിയാണ് ‘അടിസ്ഥാനഘടന’ എന്ന ആശയത്തിന് രൂപം നൽകിയത്. 1973-ലെ പ്രസിദ്ധമായ കേശവാനന്ദഭാരതി കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ പാർലമെന്റിന് ഭരണഘടനയുടെ അടിസ്ഥാന ഘടനയെയോ, പൊതുവായ തത്വങ്ങളെയോ (The Basic Structure or Essential Features of Constitution) ബാധിക്കാത്ത ഭേദഗതികൾക്കേ അധികാരമുള്ളൂ.



> **ഏകകക്ഷി ഭരണമായിരുന്നിട്ടും ഏകാധിപത്യ സ്വഭാവം പുറത്ത് കാട്ടാതിരുന്ന തൊള്ളായിരത്തി അമ്പത്- അറുപത് കാലഘട്ടമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ സുവർണ്ണ കാലഘട്ടമായി കണക്കാക്കപ്പെടുന്നത്. ജവഹർലാൽ നെഹ്റുവിനെയും അംബേദ്കറെയും പോലെയുള്ള നേതാക്കളുടെ വ്യക്തിപ്രഭാവവും പാർലമെന്ററി മര്യാദകളോടെ ആദ്യകാല നേതാക്കന്മാർ വെച്ചുപുലർത്തിയിരുന്ന ബഹുമാനവും ഇന്ത്യൻ ജനാധിപത്യത്തിന് പുതിയമാനങ്ങൾ നൽകിയിരുന്നു.**

എത്രയൊക്കെ മുൻകരുതലുകളെടുത്തിട്ടും 1975-ൽ ഇന്ദിരാഗാന്ധി രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിലെ ഒരു കറുത്ത അധ്യായമായി ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന അടിയന്തരാവസ്ഥ പക്ഷേ ഭരണഘടനാപരമായിരുന്നു എന്നുള്ളത് ഒരു അപ്രിയ സത്യമാണ്. അടിയന്തരാവസ്ഥ പൊതുവേ ജനവിരുദ്ധ നടപടിയായിരുന്നെങ്കിലും ആ കാലഘട്ടത്തിൽ ഉയർന്നുവന്ന പല ആശയങ്ങളും പിന്നീട് രാജ്യത്തിന് ഗുണകരമായി ഭവിച്ചിട്ടുണ്ട്. അടിയന്തരാവസ്ഥക്കാലത്ത് ഉടലെടുത്ത മൗലിക അവകാശങ്ങളെ കുറിച്ചുള്ള അവബോധം മനുഷ്യാവകാശകമ്മീഷൻ, ന്യൂനപക്ഷ കമ്മീഷൻ, ശിശുക്ഷേമകമ്മീഷൻ, വനിതാകമ്മീഷൻ മുതലായവയുടെ രൂപീകരണത്തിന് വഴിയൊരുക്കി.

അടിയന്തരാവസ്ഥയ്ക്കു ശേഷം ഇന്ത്യൻ ജനാധിപത്യവും ഭരണഘടനയും വലിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. സംഘപരിവാർ ഫാഷിസ്റ്റുകൾ അധികാരത്തിൽ വന്നതോടെ ഭരണഘടനയുടെ പരസ്യമായ ലംഘനങ്ങൾക്കാണ് രാജ്യം സാക്ഷ്യം വഹിച്ചത്. ഇന്ത്യയുടെ വൈവിധ്യങ്ങളെയും, ബഹുസ്വരതയെയും തകർക്കാനുള്ള നീക്കങ്ങൾ സജീവമായിരുന്നു. സംഘപരിവാർ ശക്തികൾക്കെതിരെ ശബ്ദമുയർത്തിയിരുന്ന പലരും ഇന്ന് ജീവനോടെയില്ല. മരണത്തിൽ നിന്നു രക്ഷപ്പെട്ടവർ രാജ്യദ്രോഹികളായും തീവ്രവാദികളായും മുദ്രകുത്തപ്പെട്ടു. ന്യൂനപക്ഷങ്ങളെ അടിച്ചമർത്തികൊണ്ട് ‘ഹിന്ദുരാഷ്ട്രം’ സ്ഥാപിക്കുക എന്നുള്ളത് ഫാഷിസ്റ്റുകളുടെ മുഖ്യ അജണ്ടയായിരുന്നു.


ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിലെ ഒരു ചെറിയ ഭാഗം മാത്രമാണ്. മഹത്തായ ഈ രാഷ്ട്രത്തെക്കുറിച്ചും പല കാലഘട്ടങ്ങളിലായി ഈ രാജ്യം നേരിടേണ്ടിവന്ന പ്രതിസന്ധികളെക്കുറിച്ചും പറയുകയാണെങ്കിൽ ഇനിയും താളുകൾ മതിയാകാതെ വരും. ജവഹർലാൽ നെഹ്റു ഈ രാജ്യത്തെ കുറിച്ച് പറഞ്ഞിരിക്കുന്നത്, “ഇന്ത്യ ഒരു ഒഴിഞ്ഞ ക്യാൻവാസാണ്. മഹത്തായ ഈ രാജ്യത്തിന്റെ ഭാഗമായിരുന്ന ഓരോരുത്തരും ഈ ക്യാൻവാസിൽ അവരുടേതായ അടയാളങ്ങൾ ബാക്കി വെച്ചിട്ടുണ്ട്. ഈ നാടിന്റെ ചരിത്രം നിർമ്മിച്ചിരിക്കുന്നത് ആ അടയാളങ്ങളിൽ നിന്നാണ്.” കാലാകാലങ്ങളായി നമുക്ക് കൈമാറിക്കിട്ടിയ ഈ നാടിന്റെ ചരിത്രം അത് തിരുത്തിയെഴുതാൻ ശ്രമിക്കുന്നവർക്കെതിരെ ശബ്ദമുയർത്താൻ പ്രതികരണ ശേഷിയുള്ള ഒരു ജനത ഉയർന്നുവരട്ടെ.

സഹായഗ്രന്ഥങ്ങൾ

1. ഇ. എ., ഇബ്രാഹിം. “ജുഡീഷ്യൽ ആക്ടിവിസം- ചില ആശങ്കകൾ,” ചാവുപാടൽ. 2014: 15-18.
2. പി., സച്ചിദാനന്ദൻ. “ഇന്ത്യൻ ജനാധിപത്യം അതിനെ സാധ്യമാക്കിയ മൂല്യങ്ങളോട് എങ്ങനെ പെരുമാറി.” സയഹ്ന, 17 ജൂലൈ 2017, http://ml.sayahna.org/index.php/ ഇന്ത്യൻ_ജനാധിപത്യം_അതിനെ_സാധ്യമാക്കിയ മൂല്യങ്ങളോട്_എങ്ങനെ_ പെരുമാറി. 23 ഏപ്രിൽ 2019

# കാൾ മാർക്സ്: ജീവിക്കുന്ന താത്വികൻ


ക്രിസ്മ റോസ് ബാബു
ഒന്നാം വർഷ ബിരുദാനന്തര ബിരുദം,
ഊർജ്ജതന്ത്രം



ചുടുനിണത്തിന്റെ മണമുള്ള, എരിഞ്ഞമരുന്ന തീക്കനലിൽ, സ്വതന്ത്ര ചിന്തയുടെ തീപ്പന്തവുമേന്തി ജനമനസ്സുകളെ ഉന്മേഷവാന്മാരാക്കിയ നേതാവ്. പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രമുഖ ചിന്തകൻ. സാമ്പത്തിക തത്ത്വശാസ്ത്രത്തിന്റെ ശില്പി. സാമൂഹ്യ ശാസ്ത്രത്തിന്റെ ഉപജ്ഞാതാവ്. കാലഘട്ടങ്ങളും കടന്ന് എന്നും കാലിക പ്രസക്തി നേടിയ ആശയങ്ങളും ദർശനങ്ങളും സൃഷ്ടിച്ച വ്യക്തിത്വം. രാഷ്ട്രീയ സാമ്പത്തിക വിദഗ്ദ്ധൻ, രാഷ്ട്രീയ സൈദ്ധാന്തികൻ എന്നിങ്ങനെ ലോകത്തിൽവച്ച് ആർക്കും തിരുത്തിക്കുറിക്കാൻ കഴിയാത്ത ദൃഢതയുള്ള കമ്മ്യൂണിസ്റ്റ് ദാർശനികൻ. തിരുത്തൽ പ്രത്യയശാസ്ത്രത്തിന്റെ തിയറിയുണ്ടാക്കിയ പണ്ഡിതൻ. 1818 മെയ് 5-ന്, റോമൻ സാമ്രാജ്യ നഗരിയായിരുന്ന ട്രിയർ എന്ന പട്ടണത്തിലാണ് കാൾ ഹെൻറിച്ച് മാർക്സ് എന്ന വിപ്ലവകാരിയുടെ ജനനം. തന്റേതായ ദർശനങ്ങളും നിരീക്ഷണങ്ങളും ഒരു കാലഘട്ടത്തിൽ ഒതുക്കി നിർത്താൻ തയ്യാറാകാതെ ഇന്നും മനുഷ്യമനസ്സുകളിൽ ഇടം നേടിയിരി

ക്കുന്ന കാൾ മാർക്സിന്റെ 200-ാം ജന്മശതാബ്ദിയും അദ്ദേഹത്തിന്റെ ചടുലതയേറിയ വീക്ഷണങ്ങളുടെ നേർചിത്രമായ ‘മൂലധനത്തിന്റെ’ 150-ാം വാർഷികവും ഒത്തുവന്നിരിക്കുന്ന ഈ വേളയിൽ എന്താണ് മാർക്സിന്റെ ജീവിതം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും വ്യക്തമാക്കുന്നത് എന്നൊരു തിരിഞ്ഞു നോട്ടമാണിത്.

സ്വതന്ത്രമായ വികാരവിചാരങ്ങൾ മനുഷ്യമനസ്സുകളിൽ ഉടലെടുപ്പിച്ചുക്കൊണ്ട് “നിലനിൽക്കുന്ന എല്ലാത്തിനേയും കണിശമായും യാതൊരു ഇളവില്ലാതെയും വിമർശിക്കുക” എന്ന തത്വം പിന്തുടർന്നിരുന്ന മാർക്സ് തന്റെ അവസാനശ്വാസം വരേയും വിശ്രമമില്ലാതെ പ്രയത്നിച്ചത്, ഓരോ മനുഷ്യനേയും അവൻ ജീവിക്കുന്ന ചുറ്റുപാടുകളെക്കുറിച്ച് മനസ്സിലാക്കാനും അതിൽ മാറ്റങ്ങൾ വരുത്താനും പ്രേരകമായ സമസ്ത മാനുഷികവിചാരങ്ങളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് പ്രസ്തുത ലക്ഷ്യത്തിലേക്ക് അടുപ്പിക്കാനുമായിരുന്നു. നാളിതുവരെയുള്ള തത്വചിന്തകരിൽ ജീവിക്കുന്ന ആശയങ്ങൾ ലോകത്തിനുമുന്നിൽ കാഴ്ചവെച്ച മാർക്സ് തന്റെ 30-ാം വയസ്സിലാണ് ലോകത്തെ തന്നെ ഊർജ്ജം കൊള്ളിച്ച കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ രചിക്കുന്നത്. പണ്ഡിതനും, രാഷ്ട്രീയ പ്രവർത്തകനുമായ മാർക്സ് കമ്മ്യൂണിസത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നു. ലോകമെങ്ങുമുള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ പിന്തുടരുന്ന കാഴ്ചപ്പാടുകളുടെ അടിത്തറ മാർക്സിസ്റ്റ് സിദ്ധാന്തങ്ങളാണ്. അദ്ദേഹത്തിന്റെ ആശയങ്ങൾ പരിപക്വവും സമഗ്രമായും അവ



തരിപ്പിച്ചു കാണപ്പെടുന്നത് ഏറ്റവും കാലിക പ്രസക്തിയാർജ്ജിച്ച ‘മൂലധനം’ എന്ന കൃതിയിലാണ്. കൂർമ്മതയേറിയ സാമൂഹ്യ രാഷ്ട്രീയ വിമർശനങ്ങൾ തൊടുത്തുവിട്ട ശരങ്ങൾ പോലെയായിരുന്നു മാർക്സിന്റെ പത്രപ്രവർത്തന രംഗം. ജീവിച്ചിരുന്ന കാലത്ത് താരതമ്യേന അപ്രസക്തനായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങൾ തൊഴിലാളി പ്രസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് റഷ്യൻ വിപ്ലവത്തോടനുബന്ധിച്ച്, വലിയ സ്വാധീനം ചെലുത്തിയിരുന്നു.

മനുഷ്യസമൂഹത്തിന്റെ പരിണാമചരിത്രത്തെ ശാസ്ത്രീയമായി വിശകലനം നടത്തുകയും അതിലൂടെ സോഷ്യലിസവും കമ്മ്യൂണിസവും ഭാവിയിലെ സമൂഹ സ്ഥിതിയായി വിഭാവനം ചെയ്യുകയും ചെയ്തു. ലോകത്തിലെ തന്നെ മികച്ച ഒരു സാമ്പത്തിക വിദഗ്ദ്ധനായി മാർക്സ് അറിയപ്പെടുന്നു. രാഷ്ട്രീയവും സിദ്ധാന്തങ്ങളും ദാർശനികതയുമെല്ലാം അടങ്ങിയ മാർക്സിന്റെ ജീവിതത്തിൽ അദ്ദേഹത്തിന്റെ തുണയായി കടന്നുവന്ന വ്യക്തിയാണ് ജെന്നി വോൺ വെസ്റ്റ്ഫാലൻ. വിദ്യാഭ്യാസത്തിനു ശേഷം ഒരു പത്രപ്രവർത്തകനായി അദ്ദേഹം തന്റെ പ്രവർത്തന മണ്ഡലത്തിലേയ്ക്ക് പ്രവേശിച്ചു. 1843-ൽ മാർക്സും ജെന്നിയും പാരീസിലേയ്ക്ക് പലായനം ചെയ്യുകയും അവിടുത്തെ രണ്ട് പത്രങ്ങളിൽ പ്രവർത്തിക്കുകയും ചെയ്തു. മാർക്സിന്റെ ജീവിതത്തിൽ എക്കാലവും കാത്തുസൂക്ഷിക്കാൻ പോരുന്ന ഒരു സുഹൃത് ബന്ധത്തിന് ആഴം വെച്ചത് പാരീസിൽ വച്ച് ഫ്രെഡറിക് ഏംഗൽസിനെ കണ്ടുമുട്ടുന്നതിൽ പിന്നെയാണ്. ജർമ്മൻ തത്വചിന്തകനായ ഹേഗലിന്റെ ആശയങ്ങളോട് വിമർശനബുദ്ധിയോടെ വീക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു മാർക്സ്. അദ്ദേഹത്തിന്റെ പുരോഗമന ആശയങ്ങളെ വിമർശനബുദ്ധിയോടെ വ്യാഖ്യാനിക്കാനും പഠിക്കാനുമാണ് മാർക്സ് ഇഷ്ടപ്പെട്ടിരുന്നത്. ഇതേയവസരത്തിൽ ഏംഗൽസും മാർക്സും ചേർന്ന് ഹേഗലിന്റെ ആശയങ്ങളെ വിമർശിച്ചുക്കൊണ്ട് ഒരു പുസ്തകം തയ്യാറാക്കുകയുണ്ടായി, ‘The Holy Family’ എന്നായിരുന്നു ആ പുസ്തകത്തിന്റെ പേര്. ദാർശനികർ ലോകത്തെ വ്യാഖ്യാനിച്ചിട്ടേയുള്ളൂ എന്നാൽ ലോകത്തിൽ മാറ്റമുണ്ടാക്കേണ്ടത് എങ്ങനെയെന്നു പറഞ്ഞിട്ടില്ല. ആശയങ്ങൾക്കൊണ്ട് ലോകത്തെ മാറ്റാൻ കഴിയില്ല, പ്രവർത്തികൾകൊണ്ട് വേണം എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ച പണ്ഡിതനാണ് കാൾ മാർക്സ്.

ജർമ്മനിയിൽ നിന്നും പാരീസിൽ നിന്നും തന്റെ വിമർശന രചനകൾക്കൊണ്ട് മാർക്സ് പുറത്താക്കപ്പെട്ടു, അങ്ങനെ ബ്രസൽസ്സിലെത്തി. രാഷ്ട്രീയപരമായി എന്തെങ്കിലും എഴുതുന്നതിൽ നിന്ന് മാർക്സിന് വിലക്ക് ലഭിച്ചിരുന്നു. കുറച്ച് നാളുകൾക്ക് ശേഷം ഏംഗൽസും മാർക്സിനൊപ്പമായി. ആത്മാർത്ഥ സുഹൃത്തുക്കളായ ഇരുവരും ലണ്ടനിലേക്ക് യാത്ര തിരിച്ചു. ചരിത്രപരമായ ഭൗതികവാദം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പുസ്തകം രചിച്ചു. പക്ഷേ മാർക്സിന്റെ പല രചനകളും വെളിച്ചമെന്തെന്ന റിഞ്ഞിട്ടില്ലായിരുന്നു. അനവധിയായ കൃതികളിലൂടെ വായനയിലൂടെ ഇരുവരും കണ്ടെത്തിയ വീക്ഷണങ്ങളുടെ ഒരു ചിത്രമാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ

**സ്വതന്ത്രമായ വികാരവിചാരങ്ങൾ മനുഷ്യമനസ്സുകളിൽ ഉടലെടുപ്പിച്ചുക്കൊണ്ട് “നിലനിൽക്കുന്നഎല്ലാത്തിനേയും കണിശമായും യാതൊരു ഇളവില്ലാതെയും വിമർശിക്കുക” എന്ന തത്വം പിന്തുടർന്നിരുന്ന മാർക്സ് തന്റെ അവസാനശ്വാസം വരേയും വിശ്രമമില്ലാതെ പ്രയത്നിച്ചത്, ഓരോ മനുഷ്യനേയും അവൻ ജീവിക്കുന്ന ചുറ്റുപാടുകളെക്കുറിച്ച് മനസ്സിലാക്കാനും അതിൽ മാറ്റങ്ങൾ വരുത്താനും പ്രേരകമായ സമസ്ത മാനുഷിക വിചാരങ്ങളിൽ നിന്ന് ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് പ്രസ്തുത ലക്ഷ്യത്തിലേക്ക് അടുപ്പിക്കാനുമായിരുന്നു.**

തെളിഞ്ഞുകാണുന്നത് 1848 ഫെബ്രുവരി 21-ന് ഈ കൃതി പുറത്തിറങ്ങുമ്പോൾ പൊതുസമൂഹത്തിനു മുന്നിൽ അവർ തുറന്നുവച്ചത് തികച്ചും അത്യന്താപേക്ഷിതമായ സത്യാവസ്ഥകളുടെ വ്യാഖ്യാനങ്ങൾ തന്നെയാണ്. സമൂഹത്തിന്റെ ചരിത്രമെന്നത് തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രമാണ് എന്ന് ആമുഖത്തിൽ കൂട്ടിച്ചേർക്കുമ്പോഴും, ബൂർഷാസി എന്ന് വിളിക്കപ്പെടുന്ന സമ്പന്ന വർഗ്ഗവും പ്രോലിറ്റേറിയറ്റ് എന്ന് വിളിക്കപ്പെടുന്ന തൊഴിലാളി വർഗ്ഗവും തമ്മിലുള്ള വർഗ്ഗസമരം അഥവാ വിപ്ലവത്തെക്കുറിച്ച് ഒരു പടി മുന്നിൽതന്നെ വെളിപ്പെടുത്തിയിരുന്ന കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ തന്റേതായ നിരീക്ഷണങ്ങളേയും കാഴ്ചപ്പാടുകളേയും വ്യക്തമാക്കിയതിന്റെ പേരിൽ ഒട്ടേറെ പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നയാളാണ് മാർക്സ്.

1850-1860 കാലഘട്ടങ്ങളിൽ മാർക്സിലെ എഴുത്തുകാരനിൽ പരിപക്വമായ ആശയങ്ങൾ ഉടലെടുത്തതിന്റെ ഫലമായി സാമൂഹിക വിഷയങ്ങളെ ശാസ്ത്രീയമായ രീതിയിൽ വിശകലനം ചെയ്യുവാൻ തുടങ്ങി. എങ്കിലും തൊഴിലാളിവർഗ്ഗ സമരങ്ങൾ എല്ലാം തന്നെ പരാജയങ്ങളിൽ പതിക്കുന്ന കാഴ്ചയാണ് അന്നു നിലനിന്നിരുന്നത്. അതിനെതിരെ മുതലാളിത്തം എന്ന ആശയത്തെ കൂടുതൽ പഠിക്കുവാൻ മാർക്സ് പ്രേരിതനായി. മാർക്സ് എന്ന മനുഷ്യനുള്ളിലെ സാഹിത്യകാരനെ ലോകം തിരിച്ചറിയുന്നത് വളരെ വൈകിയാണ്. തന്റെ ആശയസംഹിതകൾ കൂടുതലായും മുതലാളിത്തം, ജോലി, വേതനം, ഉടമസ്ഥാവകാശം, വിദേശവ്യാപാരം, ലോകവിപണി എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കൃതികളെല്ലാം, 1941-ന് ശേഷമാ

**സമ്പന്നർ സമ്പന്നരായി നിലക്കൊള്ളുകയും ദരിദ്രർ കൂടുതൽ ദരിദ്രരായിത്തീരുകയും ചെയ്യുന്ന തരത്തിൽ കുത്തഴിഞ്ഞ ഒരു സമൂഹമായ് ദേശരാഷ്ട്രങ്ങളെത്തുമെന്നാണ് മാർക്സിസം പ്രവചിക്കുന്നതും വ്യാഖ്യാനിക്കുന്നതും.**



ണ് പുറംലോകമറിയുന്നത്. കാൾ മാർക്സിന്റെ ഏറ്റവും പ്രസിദ്ധമായ രചനയായ മൂന്നു ഖണ്ഡങ്ങളിലായി ഇന്നത്തെ സമൂഹത്തിലും യാഥാർത്ഥ്യമായി നിലക്കൊള്ളുന്ന ആശയങ്ങൾ സമ്മേളിച്ചിരിക്കുന്ന 'മൂലധനം' എന്ന കൃതി, മനുഷ്യവംശത്തിന്റെ ചരിത്രത്തിലെ വഴിത്തിരിവുകൾക്ക് കാരണമായ ഗ്രന്ഥങ്ങളിലൊന്നാണ്. ഈ നൂറ്റാണ്ടിലും അതംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് വാസ്തവം. മൂലധനത്തിന്റെ ആദ്യ ഖണ്ഡം 1867-ൽ പുറത്തിറങ്ങി. രണ്ടാമത്തെയും മൂന്നാമത്തെയും ഖണ്ഡങ്ങൾ മാർക്സിന്റെ മരണശേഷം എംഗൽസാണ് പ്രസിദ്ധീകരിച്ചത്. മാർക്സിന്റെ ജീവിതത്തിലെ അവസാന പത്തു വർഷക്കാലം അദ്ദേഹത്തിന് ജോലികളൊന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും തന്റെ രാഷ്ട്രീയ അവബോധത്തെ എന്നും പുതുമ നിറഞ്ഞതാക്കുന്നതിൽ അദ്ദേഹം വളരെ ജിജ്ഞാസുവായിരുന്നു. റഷ്യയിൽ മുതലാളിത്ത വ്യവസ്ഥയെ മാറ്റി നിർത്തിക്കൊണ്ട് കമ്മ്യൂണിസം നടപ്പിൽ വരുത്തുവാനുള്ള സാധ്യതകളെക്കുറിച്ച് മാർക്സ് ചിന്തിച്ചു. ഗ്രാമീണ സമൂഹമാണ് റഷ്യയുടെ പുനരുജ്ജീവനത്തിന്റെ ശക്തിസ്രോതസ്സ് എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. മുതലാളിത്ത വ്യവസ്ഥിതിയിലൂടെ അല്ലാതെ സോഷ്യലിസത്തിലേക്ക് എത്തിച്ചേരാൻ ശ്രമിക്കുന്നതിന്റെ അപകടം നേരത്തെ തന്നെ മാർക്സ് പറഞ്ഞിരുന്നു. ഗ്രാമീണ സമുദായങ്ങൾക്ക് അത്യന്താപേക്ഷിതമായി ഒരു മാറ്റത്തിന് സമയമായി എന്ന് മാർക്സ് അഭിപ്രായപ്പെട്ടിരുന്നു. ഉൽപാദകൻ ഉൽപാദനത്തിൽ നിന്നു പൂർണ്ണമായും വേറിട്ടു നിൽക്കുന്നതാണ് മുതലാളിത്തത്തിന്റെ അന്തഃസത്ത എന്നത് അദ്ദേഹം കണ്ടെത്തുകയുണ്ടായി.

മാർക്സിന്റെ ചില പ്രവചനങ്ങൾ ഇന്ന് യാഥാർത്ഥ്യമാകുന്ന കാഴ്ചയാണ് നാം കാണുന്നത്. ചരിത്രാതീത കാലത്തുണ്ടായിരുന്ന ഒരു കമ്മ്യൂണിസ്റ്റ് രീതിയായിരുന്നിരിക്കില്ല ഭാവിയിലുണ്ടാകാൻ പോകുന്നത് എന്നദ്ദേഹം തന്റെ നിരീക്ഷണങ്ങളിലൂടെ മനസ്സിലാക്കിയിരുന്നു. "മാർക്സിന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ചിന്തകൾക്ക് സമൂഹത്തിൽ വേണ്ടത്ര മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചില്ല. എന്നത് കൊണ്ട്, മാർക്സ് ഒരു പരാജയമായിരുന്നു എന്നർത്ഥമില്ല" എന്ന് ചരിത്രകാരനായ എറിക് ഹോക്സ് ബാം പറയുന്നു. മാർക്സിന്റെ ചിന്താധാരകൾ ഒട്ടുമിക്കതും ആദർശശാലികളായ മറ്റു ചിന്തകരുടെ ആശയങ്ങളിൽ നിന്നും വേറിട്ടു നിന്നു. അദ്ദേഹം പല ചിന്തകരോടും ഒരു വിമർശനബുദ്ധിയോടെയാണ് സമീപിച്ചിട്ടുള്ളത്. ജീവിതത്തിന്റെ അവസാന മാസങ്ങൾ അദ്ദേഹം രോഗബാധിതനായിരുന്നു. 1883 മാർച്ച് 14-ന് അദ്ദേഹം അന്തരിച്ചു. "സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ" എന്നുള്ള കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ അവസാന വരികൾ അദ്ദേഹത്തിന്റെ ശവകുടീരത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും മാർക്സിന്റെ കാഴ്ചപ്പാടുകളെ ഒഴിവാക്കി ഒരിക്കലും ഈ നൂറ്റാണ്ടിനെയെന്നല്ല ഇനിയങ്ങോട്ട് മനുഷ്യജീവിതത്തേയോ മനസ്സിലാക്കുക എളുപ്പമല്ല. അത്രത്തോളം സ്വാധീനം ചെലുത്താൻ മാർക്സിന്റെ നിരീക്ഷണങ്ങൾക്ക് കഴിഞ്ഞു.




## മാർക്സ് എന്ന ചിന്തകൻ

ഒരു സർവകലാശാല പണ്ഡിതനായി ജീവിതം ഹോമിക്കുന്നതിൽ പരാജയപ്പെട്ട വ്യക്തിയാണ് മാർക്സ്. അദ്ദേഹത്തിന്റെ ചിന്തയാണ് ഒരു അക്കാദമികതലത്തിൽ നിന്നും മാറി യാതനയനുഭവിക്കുന്ന മനുഷ്യരാശിയെ കണ്ടില്ലെന്ന് നടിക്കാൻ അനുവദിക്കാഞ്ഞത്. മാർക്സിലൂടെയാണ് നാമെല്ലാവരും പല കാര്യങ്ങളിലും ലോകത്തെ അറിയുന്നതും പഠിക്കുന്നതും. സാമ്പത്തിക പ്രതിസന്ധി എന്ന വാക്കു തന്നെ ജനിപ്പിച്ചത് കാൾ മാർക്സാണെന്ന് നമ്മിൽ പലർക്കും അറിയില്ല. അങ്ങനെ ജീവിതത്തിന്റെ ഓരോ കോണിലും തന്നെ നിലപാടുകൾ വ്യക്തമാക്കിയ ഒരാളാണ് കാൾ മാർക്സ്. ജ്ഞാനശാഖാപരമായ അതിർത്തികൾക്കുള്ളിൽ തന്റെ ആശയങ്ങളെ തളച്ചിടാൻ മാർക്സ് അനുവദിച്ചില്ല. അതിനു കുറുകെ അദ്ദേഹം നിരന്തരമായി സഞ്ചരിക്കുന്നയാളാണ്. മാർക്സ് എന്ന വ്യക്തി, അസ്വീകാര്യനായ ഒരു വ്യക്തിത്വമായിരുന്നു. എന്തിനേയും വിമർശനബുദ്ധിയോടെ വീക്ഷിക്കുന്നതിൽ ആനന്ദം കണ്ടിരുന്ന അദ്ദേഹത്തിന്റെ പല വാദങ്ങളും ഇന്ന് സത്യമായിത്തീർന്നിരിക്കുന്നു എന്നതാണ് പ്രധാനം. കടുത്ത ദാരിദ്ര്യത്തിലും മാർക്സ് തന്റെ ആദർശങ്ങളെ കൈവിടാൻ കൂട്ടാക്കിയിരുന്നില്ല. അദ്ദേഹം തന്റെ ഡയറിക്കുറിപ്പിൽ ഇങ്ങനെ കുറിച്ചു:

"ഞെങ്ങിയും ഞെരുങ്ങിയുമാണെങ്കിലും ഞാനിതുപോലെ തന്നെ ജീവിക്കും. പണമുണ്ടാക്കുന്നൊരു യന്ത്രമായെന്നെ മാറ്റാൻ ബൂർഷ്വാസിയെ ഞാനനുവദിക്കില്ല."

**സമൂഹത്തിന്റെ ചരിത്രമെന്നത് തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രമാണ് എന്ന് ആമുഖത്തിൽ കൂട്ടിച്ചേർക്കുമ്പോഴും, ബൂർഷ്വാസി എന്ന് വിളിക്കപ്പെടുന്ന സമ്പന്ന വർഗ്ഗവും പ്രോലിറ്റേറിയറ്റ് എന്ന് വിളിക്കപ്പെടുന്ന തൊഴിലാളിവർഗ്ഗവും തമ്മിലുള്ള വർഗ്ഗസമരം അഥവാ വിപ്ലവത്തെക്കുറിച്ച് ഒരു പടി മുന്നിൽതന്നെ വെളിപ്പെടുത്തിയിരുന്ന കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ തന്റേതായ നിരീക്ഷണങ്ങളേയും കാഴ്ചപ്പാടുകളേയും വ്യക്തമാക്കിയതിന്റെ പേരിൽ ഒട്ടേറെ പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നയാളാണ് കാൾ മാർക്സ്.**

മാർക്സിന്റെ ജീവിതം എത്രത്തോളം പരാജയം നിറഞ്ഞതായിരുന്നു എന്ന് അദ്ദേഹത്തിന്റെ ദാരിദ്ര്യത്തിൽ നിന്നും മനസിലാക്കാവുന്നതാണ്. എങ്കിലും തന്റെ ചിന്തകളെ ലഘൂകരിക്കാൻ അദ്ദേഹം തയ്യാറായില്ല. മുതലാളിത്തത്തിന്റെ അതിപ്രസരത്തേയും സമ്പത്തിന്റെ ഒരു പ്രത്യേക തരത്തിലുള്ള രോഗാതുരതയുമാണ് ഇന്ന് സമൂഹത്തിൽ കണ്ടുവരുന്നത്. അതിഭീമമായ രീതിയിൽ സമ്പത്ത് കൂടുകയും മഹാഭൂരിപക്ഷം വരുന്ന മനുഷ്യർ അതിൽ നിന്ന് പുറത്താക്കപ്പെടും എന്ന മാർക്സിന്റെ അനുമാനം ഇന്ന് സത്യമായിരിക്കുകയാണ്. മാർക്സ് എന്ന വിമർശകൻ എന്നതിലുപരി അദ്ദേഹത്തെ ഒരു സാഹിത്യകാരനായി കാണുന്നതാണ് ഏറെ നല്ലത്. സമൂഹശാസ്ത്രപരമായി അമൂർത്തമായി കണ്ടെടുത്ത നയങ്ങളെ അതിന്റെ മൂർത്ത സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കാൻ തനിക്ക് ഉചിതമായത് സാഹിത്യം തന്നെയാണ് എന്ന് തിരിച്ചറിഞ്ഞയാളാണ് കാൾ മാർക്സ്. ഒരു വ്യവസ്ഥ നിലനിൽക്കുന്ന കാലത്തോളം മാർക്സിനും അദ്ദേഹത്തിന്റെ വിശകലനങ്ങൾക്കും പ്രസക്തിയുണ്ട്. ഇന്നും ഏറ്റവും ശക്തമായി നിലനിൽക്കുന്ന ഒന്നാണ് മുതലാളിത്തം. അതിനെക്കുറിച്ച് കാൾ മാർക്സ് നമുക്ക് നേരത്തെ തന്നെ ഒരു അവബോധം സൃഷ്ടിച്ചിരുന്നു. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം ഒട്ടേറെ മാർക്സിസ്റ്റ് അനുഭാവികൾ പിൻവലിയുകയും സംഘടനകൾ ഇല്ലാതാകുകയും കമ്മ്യൂണിസ്റ്റ് പാർട്ടി തന്നെ പിരിച്ചുവിടേണ്ട അവസ്ഥ ഇറ്റലിയിൽ സംജാതമായിട്ടുണ്ട്. അങ്ങനെ മാർക്സ് വിഭാവനം ചെയ്ത കമ്മ്യൂണിസത്തിന്റെ വേരുകൾ ഉണങ്ങിക്കൊണ്ടിരുന്നു. എന്നാലിന്ന് മുതലാളിത്ത വ്യവസ്ഥിതി നിലനിൽക്കുന്നതിനാൽ മാർക്സിയൻ സിദ്ധാന്തങ്ങളിലേയ്ക്ക് സമൂഹം മടങ്ങുകയാണ്. പക്ഷേ കാൾ മാർക്സ് എന്ന വ്യക്തി നിരീക്ഷിച്ച ഒരു മാർക്സിസ്റ്റ് ചിന്താഗതിയല്ല ഇന്ന് നിലവിലുള്ളത്.

## മാർക്സിന്റെ മാർക്സിസം

കാൾ മാർക്സും ഏംഗൽസും അവരുടെ രചനകളിൽ പ്രതിധ്വനിപ്പിച്ച തത്വശാസ്ത്രങ്ങളും അതിനനുസരണമായ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ സിദ്ധാന്തങ്ങളെല്ലാം ഒത്തുചേരുന്നതാണ് മാർക്സിസം എന്നത്. സോ

ഷ്യലിസം എന്ന സാമൂഹ്യ വ്യവസ്ഥയെ പ്രവർത്തന മണ്ഡലങ്ങളിൽ ഉൾക്കൊള്ളിക്കുവാനുള്ള പദ്ധതിയാണിത്. തൊഴിലാളികൾക്കുവേണ്ടി അവർക്കെതിരെയുള്ള പീഡനങ്ങൾക്കും ചൂഷണങ്ങൾക്കുമുള്ള മറുപടിയായാണ് മാർക്സിസം നിലകൊള്ളുന്നത്. ഈ പദ്ധതിയെ മൂന്ന് ഘടകങ്ങളിലായി വിശകലനം ചെയ്യപ്പെടുന്നു. ഒന്ന്, വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം എന്ന മാർക്സിയൻ ലോകവീക്ഷണം. രണ്ട്, മുതലാളിത്ത വിമർശനമെന്ന മാർക്സിയൻ സാമ്പത്തിക വീക്ഷണം. മൂന്ന്, സ്ഥിതിസമത്വ സ്ഥാപനത്തിനായുള്ള തൊഴിലാളി വർഗ്ഗ വിപ്ലവം. ആദ്യത്തെ ഘടകമാണ് യഥാർത്ഥത്തിൽ മാർക്സിസത്തിന്റെ അടിത്തറയെന്നറിയപ്പെടുന്നത്. ഇതനുസരിച്ചാണ് ചരിത്രം അപഗ്രഥിക്കപ്പെടുന്നതും. മാർക്സിസത്തെ അഞ്ച് തലങ്ങളിലായി വീക്ഷിക്കാവുന്നതാണ്. പ്രാകൃത കമ്മ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം, കമ്മ്യൂണിസം ഇങ്ങനെയൊക്കെ വിവിധങ്ങളായ ഘട്ടങ്ങളിലൂടെ ചിന്തകളെ തൊടുത്തുവിട്ടതിന്റെ ഫലമായിട്ടാണ് മാർക്സിസം ശക്തി പ്രാപിച്ചതും. സമ്പന്നർ സമ്പന്നരായി നിലക്കൊള്ളുകയും ദരിദ്രർ കൂടുതൽ ദരിദ്രരായിത്തീരുകയും ചെയ്യുന്ന തരത്തിൽ കുത്തഴിഞ്ഞ ഒരു സമൂഹമായി ദേശ-രാഷ്ട്രങ്ങളെത്തുമെന്നാണ് മാർക്സിസം പ്രവചിക്കുന്നതും വ്യാഖ്യാനിക്കുന്നതും. മാർക്സിസം കടന്നു ചെല്ലാത്ത മേഖലകളില്ല എന്നു തന്നെ പറയണം. കാരണം, ആന്ത്രോപ്പോളജി മുതൽ ചരിത്രം, സാമ്പത്തിക ശാസ്ത്രം, തുടങ്ങി ഭാഷാപഠനങ്ങളിൽ വരെ സ്വാധീനം ചെലുത്താൻ കഴിവുള്ള ഒന്നാണ് മാർക്സിസം. അതുകൊണ്ട് തന്നെ മാർക്സ് വിഭാവനം ചെയ്ത സാഹിത്യ സമീക്ഷയെക്കുറിച്ച് നാം ചിന്തിക്കേണ്ടതാണ്.

### ഒരു ചുവന്ന പൂവ്

യാതനകൾക്കുനേരെ ശബ്ദമുയർത്തി സമൂഹത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ ചിന്തകന്മാരിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമലങ്കരിക്കുന്ന വ്യക്തിയാണ് കാൾ മാർക്സ്. ലോകത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളിലും ബൗദ്ധിക തലങ്ങളിലും അരാജകത്വം നിറഞ്ഞ ഓരോ വീഥിയിലും മാർക്സ് വരുത്തിയ സ്വാധീനം വളരെ വലുതാണ്. മാർക്സിന്റെ ആശയങ്ങൾ ഈ നൂറ്റാണ്ടിലെന്നല്ല എക്കാലത്തും അതീവ ശക്തിയോടെ നിലനിൽക്കുന്നതാണ്. തികച്ചും ഒരു സോഷ്യലിസ്റ്റ് എങ്ങനെയുള്ളവനാകണം എന്നറിയണമെങ്കിൽ അദ്ദേഹത്തിന്റെ ജീവിതം ഒരു തുറന്ന പുസ്തകമായി കാണണം. അതിൽ നിന്നും നാം ആർജ്ജിച്ചെടുക്കുന്ന ഓരോ അർത്ഥതലങ്ങളും അടിമത്തത്തിനും അധികാരവർഗ്ഗത്തിനെതിരെ പടപൊരുതാനുള്ള കരുത്തു പകർന്നു തരും. സമൂഹത്തിൽ ചരിത്രപരവും സാമ്പത്തികവുമായ വീക്ഷണങ്ങളാണ് ഏറ്റവും പ്രധാനം എന്ന് സമർത്ഥിക്കുന്ന കാൾ മാർക്സ് എന്നും ജീവിച്ചിരിക്കുന്ന ശക്തി സ്രോതസ്സായി നിലകൊള്ളുന്നു. സമത്വവും, സ്വാതന്ത്ര്യവും, നീതിയും, സാഹോദര്യവും ഒത്തുചേർന്നു അവയെന്നും നിലക്കൊള്ളുകയും പോരാടുകയും ചെയ്യുന്ന ഒരു സമൂഹഗാത്രത്തെ വാർത്തെടുക്കുവാൻ മാർക്സിന്റെ ആശയങ്ങൾക്ക് സാധിക്കട്ടെ.

**" യാതനകൾക്കു നേരെ ശബ്ദമുയർത്തി സമൂഹത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ ചിന്തകന്മാരിൽ വളരെ പ്രധാനപ്പെട്ട സ്ഥാനമലങ്കരിക്കുന്ന വ്യക്തിയാണ് കാൾ മാർക്സ്. ലോകത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളിലും ബൗദ്ധിക തലങ്ങളിലും അരാജകത്വം നിറഞ്ഞ ഓരോ വീഥിയിലും മാർക്സ് വരുത്തിയ സ്വാധീനം വളരെ വലുതാണ്. മാർക്സിന്റെ ആശയങ്ങൾ ഈ നൂറ്റാണ്ടിലെന്നല്ല എക്കാലത്തും അതീവ ശക്തിയോടെ നിലനിൽക്കുന്നതാണ്.**





# ഞാനും നീയും ബുദ്ധനും

റോമിൻ റോയ്
രണ്ടാം വർഷ ബിരുദാനന്തര ബിരുദം,
സിനിമാ & ടെലിവിഷൻ

അവൾ ചോദിച്ചു ഞാൻ കാത്തലിക്ക്, നീയോ?
ഞാൻ പറഞ്ഞു ഓർത്തഡോക്സ്.
ഇനിയുമുണ്ടോ?
അവൾ ചോദിച്ചു ഞാൻ നായരാണ്, നീയോ?
ഞാൻ പറഞ്ഞു മേനോൻ.
ഇനിയുമുണ്ടോ?
അവൾ ചോദിച്ചു ഞാൻ സുന്നിയാണ്, നീയോ?
ഞാൻ പറഞ്ഞു ഷിയ.
അവൾ വീണ്ടും ചോദിച്ചു ഇനിയുമുണ്ടോ?
ഞാൻ പറഞ്ഞു കടൽത്തീരത്തെ മണൽത്തരിയോളം.
അവൾ ചോദിച്ചു ഇതിലേതാണ് നല്ലത്?
പെട്ടെന്ന് കാവിപുതച്ച പശുവും തൊലിയുരിഞ്ഞ മനുഷ്യനും
മുന്നിലൂടെ കടന്നു പോയി.
പെട്ടെന്ന് പച്ചപുതച്ച തോക്കുകൾ ചുവന്ന ഹാരങ്ങൾ ചൂടി
മുന്നിലൂടെ കടന്നുപോയി.
പെട്ടെന്ന് മുഖം മറച്ച കുറേ പെൺകുട്ടികളും വെളുത്ത മാലാഖമാരും
മുന്നിലൂടെ കടന്നുപോയി.
ഞാൻ പറഞ്ഞു എല്ലാം നല്ലതാണ്.
കടൽത്തീരത്തെ മണൽത്തരിയോളം.



# ചുടല

ഭ്രാന്തന്റെ ദൈവത്തിനു നിറം കറുപ്പാണ്. ഈ തിരശ്ശീലയ്ക്കപ്പുറം ഇനി നിങ്ങൾ തേടുന്നത് ആ ദൈവത്തെയായിരിക്കും. ഈ താളുകൾക്കൊടുവിൽ അടിച്ചമർത്തപ്പെട്ടവന്റെ പ്രതിഷേധത്തിന്റെയും, പ്രതികാരത്തിന്റെയും, പ്രതിരോധത്തിന്റെയും ശബ്ദമായ ആ ദൈവത്തെ നിങ്ങൾ തിരിച്ചറിയും.



# അടിച്ചമർത്തലുകളുടെ കഥപറയുന്ന തെയ്യകോലങ്ങൾ


വിഷ്ണു വിജു
മൂന്നാം വർഷ ബിരുദം,
ഊർജ്ജതന്ത്രം


വായനക്കുതകുന്ന കുറിപ്പുകൾ, ലേഖനങ്ങൾ, കഥകൾ, കവിതകൾ അങ്ങനെ സ്വന്തം അഭിരുചിക്കനുസരിച്ച് വായനക്കാർ പലതും തിരഞ്ഞെടുക്കുന്നു. അധികം ഉള്ളടക്കങ്ങളുള്ള, വായിക്കാൻ അധികം താളുകളുള്ള എഴുത്തുകൾ പൊതുവെ ഭൂരിപക്ഷം വായനക്കാരും നിരസിക്കാറാണ് പതിവ്. ഇത് അറിഞ്ഞുവച്ചുകൊണ്ട് തന്നെയാണ് എഴുത്തിന്റെ അല്ലെങ്കിൽ ആ ലേഖനത്തിന്റെ, കഥയുടെ, കവിതയുടെ ഒക്കെ സ്രഷ്ടാക്കൾ അത് രചിക്കുന്നതും, ചിലപ്പോൾ വായനക്കാരന്റെ മനസ്സിലെ ആസ്വാദ്യതയുടെ വേലിപൊളിച്ച് മടുപ്പിന്റെ താളുകളിലേക്ക് വീഴുന്നതും. ആ മടുപ്പ് വായനക്കാരനേ ഉണ്ടാകുന്നുള്ളൂ. എഴുത്തുകാരന് ആ മടുപ്പ് തോന്നുന്നത് വളരെ അപൂർവ്വം. ഈ ലേഖനത്തിന്റെ ആമുഖത്തിൽ ഇങ്ങനെയൊക്കെ മുൻകൂർ സൂചിപ്പിച്ചത് അത്തരം മടുപ്പിന്റെ താളുകളിലേക്ക് വായനക്കാർ വീഴരുത് എന്ന ഉദ്ദേശത്തോടെയാണ്. എല്ലാ താളുകളും ആസ്വാദ്യതയുടെ അതിരിനകത്ത് നിൽക്കണം എന്ന ആഗ്രഹത്തോടെയാണ്.

ഈ ലേഖനം തുടക്കത്തിൽ സൂചിപ്പിച്ച വാക്കുകളിൽ നിന്നും ഊഹിക്കാവുന്ന പോലെ സാഹിത്യത്തെക്കുറിച്ചുള്ളതല്ല. ഇത് കലയെക്കുറിച്ചുള്ളതാണ്, ഒരു നടൻ കലയെക്കുറിച്ചുള്ളത്. ദ്രാവിഡ പെരുമയിൽ ചടുല ദൃഢ താളങ്ങളോടുകൂടി, പ്രതികാരത്തിന്റെയും, അടിച്ചമർത്തലുകളുടെയും, അതിൽനിന്നുള്ള ഉയിർത്തെഴുന്നേൽപ്പുകളുടെയും കഥപറയുന്ന, കേരളത്തിന്റെ സ്വന്തം കല, നാടൻ കല എന്ന നാട്ടുവാക്കിൽ കുറുകിക്കിടക്കുന്ന ശ്രേഷ്ഠമായ കല ‘തെയ്യം.’

കേരളത്തിന്റെ ചരിത്രത്തിലും സംസ്കാരത്തിലും ഏറെ സ്വാധീനം ചെലുത്തുകയും പ്രാധാന്യം അർഹിക്കുകയും ചെയ്യുന്ന ഒരു കലാരൂപമാണ് തെയ്യം. നമ്മുടെ നാടൻ കലകൾ എന്ന വിഭാഗത്തിലാണ് തെയ്യത്തിന്റെ സ്ഥാനം. തെയ്യം തികച്ചും വിനോദത്തിനു വേണ്ടിയുള്ള ഒരു കലാരൂപമല്ല. വളരെ നിഷ്ഠയോടും, വ്രതശുദ്ധിയോടുംകൂടെ ചെയ്യുന്ന പൂർണ്ണമായും ഒരു അനുഷ്ഠാന കലയാണ് തെയ്യം. ദൈവസങ്കൽപ്പങ്ങളാണ് തെയ്യകോലങ്ങളിലെ കഥാപാത്രങ്ങൾ. ദൈവസങ്കൽപ്പങ്ങൾ എന്നാൽ ദ്രാവിഡപഴമപേറുന്ന തികച്ചും അടിച്ചമർത്തപ്പെട്ടു ജീവിച്ചിരുന്ന വിഭാഗങ്ങളുടെ ദൈവസങ്കൽപ്പങ്ങൾ. ജാതി വേർതിരിവ് ദൈവങ്ങൾക്കിടയിലും തെളിഞ്ഞു കാണുന്നതിന്റെ തെളിവ്. എന്നാൽ അയിത്ത ജാതിക്കാർ ഇവിടെ അയിത്തമില്ലാത്ത ദൈവങ്ങളായി മാറുന്നു എന്നതാണ് മറ്റൊരു വസ്തുത. പ്രകൃതിയോട് ഇണങ്ങിനിൽക്കുന്ന ഒരു കലയാണ് തെയ്യം. തെയ്യത്തിന്റെ മുഖത്തെഴുത്തിനും മറ്റും ഉപയോഗിക്കുന്ന ചായങ്ങൾ തീർത്തും ജൈവമാണ്. അതുപോലെ വേഷങ്ങളിൽ ഉപയോഗിക്കുന്ന കുരുത്തോലയും മറ്റും പ്രകൃതിവിഭവം തന്നെ. ചുവപ്പ്, മഞ്ഞ എന്നീ നിറങ്ങൾ തെയ്യകോലങ്ങളുടെ മുഖത്തെഴുത്തിനായി ഉപയോഗിച്ചുവരുന്നു. കറുത്ത ചായവും ഇതിനായി ഉപയോഗിക്കുന്നു. പൊതുവെ

തെയ്യകോലങ്ങൾ ചുവന്ന വേഷത്തോടുകൂടിയാണ് പ്രത്യക്ഷപ്പെടാറ്. തെയ്യകോലങ്ങളുടെ സങ്കൽപ്പത്തിലെ രൗദ്രഭാവത്തെ ധ്വനിപ്പിക്കാൻ ഈ ചുവപ്പിന് കഴിയുന്നു. രൗദ്രഭാവത്തെപോലെ അതിനുപോന്ന രൗദ്ര താളമാണ് തെയ്യകോലങ്ങൾക്ക് അകമ്പടി. ചെണ്ടയാണ് പ്രധാന വാദ്യം. തെയ്യങ്ങളുടെ ഉറഞ്ഞാട്ടങ്ങൾക്ക് അകമ്പടിയേകുന്നത് ചെണ്ടയുടെ ചടുല താളമാണ്. നൃത്തവും, സംഗീതവും, നിറങ്ങളും ഒപ്പം അടിയാളന്റെ ഉയർത്തെഴുന്നേൽപ്പിന്റെ കഥയും വരച്ചിടുന്നതാണ് ഓരോ തെയ്യകോലവും, ഓരോ തെയ്യാട്ടവും.

മലബാറാണ് തെയ്യത്തിന്റെ പ്രധാന തട്ടകം. തെയ്യാട്ടകാലം ഉത്തരകേരളത്തിന് ആഘോഷമാണ്. ഓരോ ദിനങ്ങളിലും, തീചാമുണ്ഡിയും, മുച്ചിലോട്ട് ഭഗവതിയും, ഉമ്മച്ചിതെയ്യവുമെല്ലാം മലബാറിന്റെ മണ്ണിൽ ഉറഞ്ഞാടും. ഭഗവതി സങ്കൽപ്പങ്ങളാണ് തെയ്യകോലങ്ങളിൽ പ്രധാനമായും കണ്ടുവരുന്നത്. എല്ലാ തെയ്യ സങ്കൽപ്പങ്ങളും പ്രതികാരത്തിന്റെ രൗദ്രഭാവത്തോടെയാണ് അരങ്ങത്തെത്തുന്നത്. വർഷങ്ങളുടെ ഇടവേളയിൽ നടക്കുന്ന പെരുംകളിയാട്ടം എന്ന ഉത്സവം തെയ്യകോലങ്ങളുടെ ഒരു കൂട്ടായ്മയായി തന്നെ കാണാം. വ്രതശുദ്ധിയോടുകൂടി, ആചാരാനുഷ്ഠാനത്തോടെ തെയ്യക്കെട്ട് കലാകാരന്മാർ തെയ്യകോലം കെട്ടുന്നു. പെരുമലയൻ, വണ്ണാൻ, മാവിലൻ, എന്നീ വിഭാഗങ്ങളിൽപ്പെട്ടവരാണ് തെയ്യകോലങ്ങൾ കെട്ടിയാടുന്നത്. ഒരു കാലത്ത് അടിച്ചമർത്തപ്പെട്ട് കഴിഞ്ഞ ഒരു വിഭാഗമായിരുന്നു ഇവർ. അതുകൊണ്ടു തന്നെ തെയ്യത്തിന്റെ ഉറഞ്ഞാട്ടങ്ങൾക്കിടയിലെ ചരിത്രത്തിന് പ്രതികാരത്തിന്റെയും ഉയർത്തെഴുന്നേൽപ്പുകളുടെയും എല്ലാം അംശമുണ്ടാകും.

**ഒരു കാലത്ത് അടിച്ചമർത്തപ്പെട്ട ജനതയുടെ ആത്മരോക്ഷം ഇത്തരം കലാരൂപങ്ങളിലൂടെ അവർ പ്രകടിപ്പിക്കുന്നു. വേദങ്ങളും, അക്ഷരങ്ങളും അപ്രാപ്യമായിരുന്ന അവർണ്ണൻ, അവരുടെ ജീവിതം തോറ്റംപാട്ടുകളിലൂടെ തുറന്നു കാട്ടുകയായിരുന്നു.**

ഇന്നത്തെ സമൂഹത്തിൽ മതവും ജാതിയും മനുഷ്യന്റെ മനസ്സിൽ വളരെ ആഴത്തിലുള്ള വർഗ്ഗീയതയുടെ വേരുകളാണ് പടർത്തിയിരിക്കുന്നത്. ഇത്തരമൊരു കാലത്ത് തെയ്യകോലങ്ങളെ പറ്റിയുള്ള ചർച്ച ഏറെ പ്രസക്തി അർഹിക്കുന്നു. ഒരു അനുഷ്ഠാന കല എന്നതിലുപരി എല്ലാ ജാതി മത വിഭാഗങ്ങളിൽപ്പെട്ടവർക്കും ഒത്തുകൂടാവുന്ന ഗ്രാമീണ കൂട്ടായ്മ എന്ന നിലയിലാണ് തെയ്യത്തിന്റെ പ്രസക്തി. ഉത്തര കേരളത്തിൽ നിലനിൽക്കുന്ന തെയ്യകോലങ്ങളിൽ ഏറെ പ്രസിദ്ധമാണ് പൊട്ടൻതെയ്യം. പൊട്ടൻ തെയ്യത്തിന്റെ ഉത്ഭവം, ചരിത്രം ഇവയെല്ലാം അടിച്ചമർത്തപ്പെട്ട അടയാള ജനതയുടെ കഥപറയുന്നു.

സർവ്വജ്ഞപീഠം ലക്ഷ്യമാക്കി യാത്രചെയ്ത ശങ്കരാചാര്യരെ പരമശിവൻ ചണ്ഡാലരൂപത്തിലെത്തി പരീക്ഷിക്കുന്ന വിഖ്യാതമായ പുരാവൃത്തമാണ് പൊട്ടൻ തെയ്യത്തിന് പുറകിലുള്ളത്. അവർണ്ണനായ ചണ്ഡാലനെ തീണ്ടാതിരിക്കാൻ ശങ്കരാചാര്യർ നിരവധി വാദങ്ങൾ മുന്നോട്ട് വയ്ക്കുന്നു. ചണ്ഡാലനോട് വഴിമാറാനും കൽ

**ദ്രാവിഡ പെരുമയിൽചടുല ദൃഢ താളങ്ങളോടുകൂടി, പ്രതികാരത്തിന്റെയും, അടിച്ചമർത്തലുകളുടെയും, അതിൽനിന്നുള്ള ഉയിർത്തെഴുന്നേൽപ്പുകളുടെയും കഥപറയുന്ന, കേരളത്തിന്റെ സ്വന്തം കല, നാടൻ കല എന്ന നാട്ടുവാക്കിൽ കുറുകിക്കിടക്കുന്ന ശ്രേഷ്ഠമായ കല 'തെയ്യം.'**



പിക്കുന്നു. ഇതിന് ചണ്ഡാലൻ വിസമ്മതിക്കുകയും അങ്ങനെ ചെയ്യേണ്ടതില്ല എന്നും മറുപടി പറയുന്നു. തുടർന്ന് നടത്തുന്ന സംഭാഷണത്തിന്റെ ഇതിവൃത്തമാണ് പൊട്ടൻതെയ്യമായി കെട്ടിയാടുന്നത്. ചണ്ഡാലന്റെ വേഷമാണ് പൊട്ടൻതെയ്യമായി മാറുന്നത്. സമൂഹത്തിൽ നിലനിന്നിരുന്ന ശക്തമായ ജാതീയ വേർതിരിവ് പൊട്ടൻതെയ്യത്തിലൂടെ നമുക്ക് കാണാൻ സാധിക്കും. ഒരു കാലത്ത് അടിച്ചമർത്തപ്പെട്ട ജനതയുടെ ആത്മരോക്ഷം ഇത്തരം കലാരൂപങ്ങളിലൂടെ അവർ പ്രകടിപ്പിക്കുന്നു. വേദങ്ങളും, അക്ഷരങ്ങളും അപ്രാപ്യമായിരുന്ന അവർണ്ണൻ, അവരുടെ ജീവിതം തോറ്റം പാട്ടുകളിലൂടെ തുറന്നു കാട്ടുകയായിരുന്നു.

ഹൈന്ദവ സങ്കൽപ്പത്തിൽ ജാതിവേർതിരിവുകൾ കടന്നു വരുന്നത് ആര്യാധിനിവേശത്തോടെയാണല്ലോ. മനുസ്മൃതി പോലുള്ള കൃതികൾ മനുഷ്യന്റെ ചാതുർവർണ്യത്താൽ വേർതിരിച്ചു. ഒരേ മാംസവും, അവയവങ്ങളും, ഒരേ നിറത്തിലുള്ള രക്തവുമുള്ള മനുഷ്യർ, തമ്മിൽ വേർതിരിവോടെ കാണുവാൻ തുടങ്ങി. ജാതിവേർതിരിവ് മനുഷ്യരെ തമ്മിൽ തൊട്ടുകൂടാത്തവരാക്കി. ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചാലോ, പഠിച്ചാലോ അത് ഏറ്റവും വലിയ പാപമായി കണ്ടിരുന്ന കാലം. അത്തരമൊരു കാലത്ത് ദൈവങ്ങളെ പോലും പല തട്ടായി കണ്ടിരുന്നു. വരേണ്യ വർഗ്ഗത്തിന് പ്രാപ്യമായിരുന്ന ദൈവങ്ങളൊക്കെതന്നെ അവർണ്ണർക്ക് പ്രാപ്യമായിരുന്നില്ല. അവർണ്ണരുടെ ദൈവങ്ങൾ, ദൈവസങ്കൽപ്പങ്ങൾ എല്ലാം ആത്മീയതയെക്കാളുപരി ഭൗതീക തലത്തിൽനിന്നു ഉടലെടുത്തവയാണ്. മല ദൈവങ്ങളും, ചാത്തന്മാരും ഒപ്പം വ്യാധി സമയങ്ങളിൽ മരുന്നന്വേഷിച്ചു പോയി ജീവൻ ത്യജിച്ച പൂർവികർ വരെ അവരുടെ ദൈവസങ്കൽപ്പങ്ങളിൽ ഉൾപ്പെടും.

ദളിതർക്കിടയിൽ നിലനിന്നിരുന്ന മുത്തപ്പൻ എന്ന ദൈവസങ്കൽപ്പം ഇത്തരം മനുഷ്യ ദൈവസങ്കൽപ്പങ്ങളെ സൂചിപ്പിക്കുന്നു. ഇത്തരത്തിലുള്ള ദളിത് ദൈവസങ്കൽപ്പങ്ങളാണ് തെയ്യം പോലുള്ള അനുഷ്ഠാന കലകളിൽ കെട്ടിയാടുന്നത്. പൊട്ടൻ തെയ്യം പുലയ സമുദായത്തിൽ നിലനിന്നിരുന്ന 'പത്തില്ലം' എന്ന ഇല്ലങ്ങളിലെ ഒരു ഇല്ലക്കാരാണ്. പൊട്ടനില്ലം എന്ന് ഈ ഇല്ലത്തെ പറയുന്നു. മലബാറിലെ പുലയ സമുദായക്കാർ ആണ് പത്തില്ലക്കാർ. അരമ്പൻ, ഊരമ്പൻ, ചേരമ്പൻ, ചെമ്മട്ടൻ, തച്ചൻ, തരികിച്ചൻ, പൊരികിടൻ, പോടൻ, പൊങ്ങാടൻ എന്നിങ്ങനെയാണ് പുലയരുടെ മറ്റ് ഇല്ലപ്പേരുകൾ. പൊട്ടൻ എന്ന പേര് ഈ പത്തില്ലങ്ങളിൽ നിന്നാണ് പൊട്ടൻ തെയ്യത്തിനു ലഭിച്ചത്. അയിത്തകാലത്തിന്റെ നേർചിത്രമായി പൊട്ടൻ തെയ്യം നമുക്ക് മുന്നിൽ ഉറഞ്ഞാടുന്നു.

മുച്ചിലോട്ടു ഭഗവതി, തീചാമുണ്ഡി തുടങ്ങിയ ദേവതാ സങ്കൽപ്പങ്ങൾ തെയ്യകോലങ്ങളിൽ ഏറെ പ്രസിദ്ധമാണ്. എന്നാൽ ഉമ്മച്ചിത്തെയ്യം എന്ന മുസ്ലിം തെയ്യകോലം ഏറെ വേറിട്ടു നിൽക്കുന്നു. ക്രൂരമായ പീഡനങ്ങൾ വരേണ്യ വർഗ്ഗങ്ങളിൽ നിന്നും ലഭിച്ച അവർണ്ണർ, ശക്തമായി പ്രതികാരം നടത്തിയതിന്റെ കഥകളാണ് ഓരോ തെയ്യവും പറയുന്നത്. തെയ്യം എന്നത് ദൈവം എന്നതിന്റെ ദ്രാവിഡ പതിപ്പാണ്. തികച്ചും സാധാരണക്കാരുടെ ഭാഷ. ആ സാധാരണത്വം തെയ്യത്തിന്റെ സത്വത്തിലും തെളിഞ്ഞു കാണാം. മലയാള മാസത്തിലെ വൃശ്ചികം മുതൽ മേടത്തിന്റെ പകുതി വരെയാണ് സാധാരണ തെയ്യക്കാലം [നവംബർ- ഏപ്രിൽ- മെയ്].

രാത്രി തുടങ്ങി പുലർച്ചെ വരെ നീളുന്നതാണ് തെയ്യാട്ടങ്ങൾ. പൊട്ടൻ തെയ്യം പോലുള്ളവയ്ക്ക് മാംസാഹാരവും കള്ളുമൊക്കെയാണ് ആഹാരമായി നൽകുന്നത്. ഹൈന്ദവ സങ്കൽപത്തിലെ വരേ

**അവർണ്ണൻ തന്റെ ആകുലതകൾ പറയാൻ ഭൗതീക തലത്തിൽ നിന്നും സൃഷ്ടിച്ചെടുത്ത ഓരോ ദൈവസങ്കൽപങ്ങളും ഓരോ തെയ്യാട്ടത്തിലും അയിത്തമില്ലാത്ത ദൈവങ്ങളായി ഉറഞ്ഞാടുന്നു. ആ ഉറഞ്ഞാട്ടത്തിൽ ഇന്നും തെളിയുന്നത് ചവിട്ടിയരയ്ക്കപ്പെട്ട ഒരു ജനതയുടെ പ്രതീകമാണ്, പോരാട്ടമാണ്, പ്രതികാരമാണ്.**

ണ്യാചാരങ്ങളിൽ വളരെ വലിയ വ്യത്യാസം ഇത്തരം ആചാരങ്ങളിൽ കാണാൻ സാധിക്കുന്നു. തികച്ചും സാധാരണക്കാരന്റെ അനുഷ്ഠാനമാണ് തെയ്യങ്ങൾ എന്നതിന് ഇതൊരു ഉദാഹരണമാണ്. ഇരുപത്തിയഞ്ച് വർഷത്തിൽ ഒരിക്കൽ നടക്കുന്ന പെരുംകളിയാട്ടം എന്ന ചടങ്ങിൽ അനവധി തെയ്യകോലങ്ങൾ ഉറഞ്ഞാടുന്നു. തെയ്യങ്ങളുടെ ഒരു സംഗമവേദി കൂടിയാണ് പെരുംകളിയാട്ടങ്ങൾ.

മനുവിന്റെ ചാതുർവർണ്യം വിലക്ക് കൽപ്പിച്ച ആരാധനാ സ്വാതന്ത്ര്യവും വേദപഠനവും അക്ഷരങ്ങളും എല്ലാം അവർണ്ണൻ തെയ്യകോലങ്ങളിലൂടെ തുറന്നുകാട്ടുന്നു. സവർണ്ണ ദൈവങ്ങൾക്കിടയിൽ അവർണ്ണൻ തന്റെ ആകുലതകൾ പറയാൻ ഭൗതീക തലത്തിൽ നിന്നും സൃഷ്ടിച്ചെടുത്ത ഓരോ ദൈവസങ്കൽപ്പങ്ങളും ഓരോ തെയ്യാട്ടത്തിലും അയിത്തമില്ലാത്ത ദൈവങ്ങളായി ഉറഞ്ഞാടുന്നു. ആ ഉറഞ്ഞാട്ടത്തിൽ ഇന്നും തെളിയുന്നത് ചവിട്ടിയരയ്ക്കപ്പെട്ട ഒരു ജനതയുടെ പ്രതീകമാണ്, പോരാട്ടമാണ്, പ്രതികാരമാണ്



# ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞപ്പോൾ

ഇമ്മാനുവൽ ജോയ്
ഒന്നാം വർഷ ബിരുദാനന്തര ബിരുദം,
വാണിജ്യശാസ്ത്രം



ലോകത്തിനുമുൻപിൽ നാം മലയാളികൾ അഹങ്കാരത്തോടെ കേരളത്തെ പരിചയപ്പെടുത്തുന്നത് ദൈവത്തിന്റെ സ്വന്തം നാട് എന്നാണ്. ആരാണ് പറഞ്ഞത് കേരളം ദൈവത്തിന്റെ സ്വന്തം നാടാണെന്ന്? ഇത് ദൈവങ്ങളുടെ സ്വന്തം നാടാണ്. ഹിന്ദു ദൈവത്തിന്റെയും, മുസ്ലീം ദൈവത്തിന്റെയും, ക്രിസ്ത്യൻ ദൈവത്തിന്റെയും, നാനാജാതി-ഉപജാതി ദൈവങ്ങളുടെയും, എന്തിനേറെപ്പറയുന്നു ആൾദൈവങ്ങളുടെ വരെ സ്വന്തം നാടാണിത്.

മതേതരത്വവും മതസൗഹാർദവും സാമുദായിക ഐക്യവുമെല്ലാം വെറും ഭംഗിവാക്കുകളാവുമ്പോൾ ഉള്ളിലടക്കിപ്പിടിച്ച ജാതിചിന്തകൾ നമ്മുടെയാളുകൾ മാത്രമുള്ളിടങ്ങളിൽ, അവരുടെയാളുകൾ ഇല്ലാത്തിടത്ത് 'തീവ്രമായ അടക്കം പറച്ചിലുകളായി' ഈ നാടിന്റെ നവോത്ഥാന പാരമ്പര്യത്തെനോക്കി പല്ലിളിക്കുന്നു. കാലം മാറിയപ്പോൾ കേരളം കൈവരിച്ച നവോത്ഥാന മൂല്യങ്ങൾ, പുരോഗമനചിന്തകൾ ആരൊക്കെയോ ചേർന്ന് ചങ്ങലയ്ക്കിടുന്നു. നാം മറന്നു തുടങ്ങിയ ജാതി വെറികളെ, തൊട്ടുകൂടായ്മയെ, അയിത്തത്തെ ഇരുണ്ട പഴയകാലത്തെ വീണ്ടും ഓർമ്മിപ്പിക്കുവാൻ ആരൊക്കെയോ കച്ചകെട്ടുന്നുണ്ട്. ഹിന്ദുത്വത്തിന്റെയും വിശ്വാസത്തിന്റെയും സംരക്ഷകർ എന്നവകാശപ്പെട്ട് അവർ സമൂഹത്തിൽ വിഭജനത്തിന്റെ വിഷവിത്തുകൾ പാകുന്നു. ചിതലരിച്ച മനുവാദങ്ങൾ അവർ വീണ്ടും ഉച്ചരിച്ചു തുടങ്ങിയിരിക്കുന്നു. ലോകത്തിലെ ഏറ്റവും മഹത്തരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഭരണഘടനയും പരമോന്നത നീതിപീഠവുമല്ല ശരിയെന്ന് അവർ വാദിക്കുന്നു. 'ദൈവത്തെ രക്ഷിക്കാൻ' അവർ പോരാടുന്നു. 'ദൈവത്തെ രക്ഷിക്കാൻ' അവർ യുവാക്കളുടെ കൈകളിൽ ആയുധങ്ങൾ നൽകുന്നു. 'ദൈവത്തെ രക്ഷിക്കാൻ' അവർ കുലസ്ത്രീ ബ്രാൻഡും നാമജപ ടാഗ്ലൈനുകളുമുണ്ടാക്കുന്നു. അവകാശങ്ങൾക്ക് വേണ്ടി പോരാടുന്നവരെ, സത്യബോധമുള്ളവരെ, ചിന്തിക്കുന്ന തലച്ചോറുകളെ അവരുടെ പേരുകളുടെ വള്ളിയും പുള്ളിയും വാലും തിരഞ്ഞ് ജാതിമത കംപാർട്മെന്റുകളാക്കി വേട്ടയാടുന്നു. വേട്ടക്കാരനെ ഈ നാടിന്റെ നവോത്ഥാന പാരമ്പര്യവും പോരാട്ട ചരിത്രവും ഓർമ്മപ്പെടുത്തേണ്ടതുണ്ട്.

കേരളചരിത്രത്തിലെ ഇരുണ്ട കാലഘട്ടം അങ്ങേയറ്റം അപരിഷ്കൃതവും ഹീനവുമായിരുന്നു. ജാതിവെറികളുടെ കറപുരണ്ട മനുഷ്യന്റെ അന്തസ്സിന് യാതൊരുവിധ വിലയും കൽപ്പിക്കാത്ത, ഉച്ചനീചത്വങ്ങളുടെയും തൊട്ടുകൂടായ്മകളുടെയും അനാചാരങ്ങളുടേയും കാലഘട്ടമായിരുന്നു അത്. പറയനും പുലയനും ഉൾപ്പടെയുള്ള അവർണ്ണർക്ക് മനുഷ്യനെന്ന പരിഗണന പോലും ലഭിച്ചിരുന്നില്ല. എല്ലാ വിധത്തിലുമുള്ള മനുഷ്യാവകാശങ്ങളും അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. മുട്ടിനു താഴെ മുണ്ടുടുക്കുവാനും, മേൽവസ്ത്രം ധരിക്കുവാനും താണജാതിക്കാരന് അവകാശമില്ലായിരുന്നു. പൊതുവഴി സവർണർക്കുള്ളതായിരുന്നു. ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനും ആരാധിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം കീഴാളന് നിഷേധിക്കപ്പെട്ടിരുന്നു. താഴ്ന്നജാതിയിൽപ്പെട്ടവൻ വേദം പഠിക്കാൻ പാടില്ലെന്നും, ജന്മിയായ മേലാളനു വേണ്ടി മണ്ണിൽ എല്ലുമുറിയെ പണിയെടുക്കുന്ന കീഴാളനായി, വെറും ആശ്രിതനായി അവന്റെ ജന്മം ഒടുങ്ങണമെന്നും ആ കാലഘട്ടം വിധിയെഴുതി. ഇന്നത്തെ കാലഘട്ടത്തെപ്പോലെയല്ല, അക്കാലത്ത് സ്ത്രീകൾ മാറുമറയ്ക്കാൻ പാടില്ലായിരുന്നു. മാത്രമല്ല 16-നും 35-നും ഇടയിൽ പ്രായമുള്ള അവർണ്ണ സ്ത്രീകൾ തങ്ങളുടെ മുലയ്ക്ക് കരം കൊടുക്കേണ്ടിയും വന്നിരുന്നു. ഇതിൽ പ്രതിഷേധിച്ച് ചേർത്തലയിലെ കണ്ടപ്പന്റെ ഭാര്യ നങ്ങേലി എന്ന സ്ത്രീ തന്റെ മുലയരിഞ്ഞ് കരം

**" മുലയ്ക്ക് കരം പിരിച്ചതിന് മുലയറുത്ത പെണ്ണ് നങ്ങേലി– തന്റേടമുള്ള പെണ്ണ്. അവളുടെ മണ്ണാണ് ഈ കേരളം, 'കുലസ്ത്രീകളുടേതല്ല.'**

**അയ്യങ്കാളിയും, ശ്രീനാരായണഗുരുവും, ചട്ടമ്പിസ്വാമികളും, തൈക്കാട് അയ്യാ സ്വാമിയും, പണ്ഡിറ്റ് കറുപ്പനും, ചാവറയച്ചനും, വാഗ്ഭടാനന്ദനും, വി. ടി. ഭട്ടതിരിപ്പാടും, മന്നത്ത് പത്മനാഭനുമുൾപ്പെടെയുള്ളവർ സ്വപ്നം കണ്ടതും പോരാടിയതും മനുഷ്യനെ മനുഷ്യനായി കാണുന്ന, വിവേചനമില്ലാത്ത, തിരിച്ചറിവിന്റെ വെളിച്ചം എല്ലാ മനുഷ്യരുടെയും കണ്ണുകളിൽ കാഴ്ചകൾ നിറയ്ക്കുന്ന സൂര്യോദയത്തിനായാണ്.**

പിരിവുകാരുടെ മുന്നിലേക്ക് എറിഞ്ഞുകൊടുത്തു. മാറിൽനിന്നും രക്തം വാർന്നൊഴുകിയ ആ പെണ്ണ് രക്തസാക്ഷിയായി. മുലയ്ക്ക് കരം പിരിച്ചതിന് മുലയറുത്ത പെണ്ണ് നങ്ങേലി- തന്റേടമുള്ള പെണ്ണ്. അവളുടെ മണ്ണാണ് ഈ കേരളം, 'കുലസ്ത്രീകളുടേതല്ല.'

പുതിയൊരു കേരളം സൃഷ്ടിക്കാൻ പോരാടിയ ചില മനുഷ്യരെ, നവോത്ഥാന നായകരെ നാം വിസ്മരിച്ചുകൂടാ. ജാതികൾക്കതീതമായി ചിന്തിക്കുകയും ഹിന്ദുമതത്തിലെ ക്രൂരമായ അനാചാരങ്ങളെ എതിർക്കുകയും ചെയ്ത അവർ വിദ്യാഭ്യാസത്തിലൂടെയുള്ള സാമൂഹിക പുരോഗതിക്കായി ആഹ്വാനം ചെയ്യുകയും ചെയ്തു. അയ്യങ്കാളിയും, ശ്രീനാരായണഗുരുവും, ചട്ടമ്പിസ്വാമികളും, തൈക്കാട് അയ്യാ സ്വാമിയും, പണ്ഡിറ്റ് കറുപ്പനും, ചാവറയച്ചനും, വാഗ്ഭടാനന്ദനും, വി. ടി. ഭട്ടതിരിപ്പാടും, മന്നത്ത് പത്മനാഭനുമുൾപ്പെടെയുള്ളവർ സ്വപ്നം കണ്ടതും പോരാടിയതും മനുഷ്യനെ മനുഷ്യനായി കാണുന്ന, വിവേചനമില്ലാത്ത, തിരിച്ചറിവിന്റെ വെളിച്ചം എല്ലാ മനുഷ്യരുടെയും കണ്ണുകളിൽ കാഴ്ചകൾ നിറയ്ക്കുന്ന സൂര്യോദയത്തിനായാണ്. അവരുടെ വിമോചന പോരാട്ടങ്ങളുടെ കഥകളുറങ്ങുന്ന മണ്ണാണ് കേരളം. ക്ഷേത്ര പ്രവേശനം വിലക്കപ്പെട്ടിരുന്ന കാലത്ത് ഈഴവ ശിവനെ പ്രതിഷ്ഠിച്ച് "ഇതു ഞങ്ങളുടെ ശിവനാണ്" എന്ന് സവർണരോട് വിളിച്ചു പറഞ്ഞ നാരായണഗുരു ആരാധനാസ്വാതന്ത്ര്യം വിലക്കിയ ചങ്ങലക്കെട്ടുകളെ പൊട്ടിച്ചെറിഞ്ഞു. ജന്മം കൊണ്ട് ജാതി നിർണ്ണയിക്കുന്നതിനെതിരെ ഗുരു തന്റെ ശബ്ദമുയർത്തി.

"മനുഷ്യാണാം മനുഷ്യത്വം
ജാതിർഗോത്വം ഗവാം
യഥാ ന ബ്രാഹ്മണാദിരസ്യൈവം
ഹാ തത്ത്വം വേത്തി കോ
പി നാ"

ജന്മത്തിന്റെ അടിസ്ഥാനത്തിൽ കൽപ്പിക്കപ്പെട്ടിരിക്കുന്ന ജാതിക്ക് ശാസ്ത്രീയമായ അടിസ്ഥാനമൊന്നുമില്ല എന്ന് ഗുരു വിശ്വസിച്ചു. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, നായർ, ഈഴവർ, പറയൻ, പുലയൻ തുടങ്ങി മനുഷ്യ വർഗ്ഗത്തെ യാതൊരു അടിസ്ഥാനവുമില്ലാത്ത ജന്മം കൊണ്ട് വേർതിരിക്കരുതെന്നും ഗുരു പഠിപ്പിച്ചു.

അവർണ്ണർക്ക് വഴിനടക്കാൻപോലും വിലക്കുണ്ടായിരുന്ന അക്കാലഘട്ടത്തിൽ മുണ്ടും മേൽമുണ്ടും ധരിച്ച് തലപ്പാവും വച്ച് പൊതുവഴിയിലൂടെ സവർണനെപ്പോലെ വില്ലുവണ്ടിയിൽ യാത്ര ചെയ്ത അയ്യങ്കാളി പൊളിച്ചെഴുതിയത് അന്നുവരെയുള്ള ചിട്ടവട്ടങ്ങളെയായിരുന്നു. ആ വില്ലുവണ്ടി യാത്ര കീഴാളന്റെ കരുത്തിന്റെ പ്രതീകമായിരുന്നു. അക്രമികൾ തടയാനെത്തിയിട്ടും അവരെയെല്ലാം മറികടന്ന് അയ്യങ്കാളി തന്റെ വില്ലുവണ്ടി മുന്നോട്ടു തന്നെ പായിച്ചു. ഈ രാജകീയ യാത്ര കീഴാളന്റെ ഉയിർത്തെഴുന്നേൽപ്പു സ്വപ്നങ്ങളുടെ ചിറകായി മാറി.

പിന്നീടും ജാതിവ്യവസ്ഥയ്ക്കും അനാചാരങ്ങൾക്കുമെതിരായ ഒട്ടേറെ പോരാട്ടങ്ങൾക്ക് കേരള മണ്ണ് സാക്ഷ്യം വഹിച്ചു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ട് സമരങ്ങളാണ് വൈക്കം സത്യാഗ്രഹവും, ഗുരുവായൂർ സത്യാഗ്രഹവും. വേമ്പനാട് കായലിന്റെ കിഴക്കായി വൈക്കത്ത് സ്ഥിതിചെയ്യുന്ന മഹാദേവക്ഷേത്രത്തിനു ചുറ്റുമുള്ള വഴികളിലൂടെ അവർണർക്ക് സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചിരുന്നില്ല. അതിനെതിരെയുള്ള പോരാട്ടമായിരുന്നു വൈക്കം സത്യാഗ്രഹം. 1924 കാലഘട്ടത്തിൽ ടി. കെ. മാധവൻ, കെ.പി. കേശവമേനോൻ, ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, എന്നിവരുടെ നേതൃത്വത്തിലാണ് വൈക്കം ക്ഷേത്രപരിസരം സമരഭൂമിയായത്. ഗാന്ധിജിയുടെ ഇടപെടൽ മറ്റുംകൊണ്ട് വൈക്കം സത്യാഗ്രഹം ദേശീയ ശ്രദ്ധ ആകർഷിച്ചു. ഈ. വി. രാമസ്വാമി അടക്കമുള്ള ദ്രാവിഡ നേതാക്കൾ സമരത്തിന്റെ ഭാഗമായി അറസ്റ്റ് വരിച്ചു. ബ്രാഹ്മണരുടെ ഇടയിൽനിന്നും ചിലരുടെ പിന്തുണയും സത്യാഗ്രഹത്തെ വേറിട്ടതാക്കി. ഒട്ടേറെപ്പേർ സത്യാഗ്രഹത്തിന്റെ ഭാഗമായി അറസ്റ്റിലായി. ആ പോരാട്ടങ്ങളുടെയെല്ലാം ഫലമായി ഇന്ന് വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള വഴികളിലൂടെ ജാതിമതവ്യത്യാസമില്ലാതെ ആണും, പെണ്ണും, ട്രാൻസ്ജെൻഡറുമെല്ലാം യാത്രചെയ്യുന്നു, യാതൊരുവിലക്കുകളുമില്ലാതെ.

1931-ൽ നടന്ന ഗുരുവായൂർ സത്യാഗ്രഹം കേരളനവോത്ഥാനചരിത്രത്തിലെ നാഴികക്കല്ലാണ്. കെ. കേളപ്പൻ, പി. കൃഷ്



ണപ്പിള്ള, സുബ്രഹ്മണ്യൻ തിരുമുമ്പ്, എ. കെ ഗോപാലൻ എന്നിവർ നേതൃത്വം നൽകിയ ഈ സമരത്തിന്റെ ലക്ഷ്യം ഗുരുവായൂർ ക്ഷേത്രം ജാതിമതഭേദമന്യേ എല്ലാവർക്കുമായി തുറന്നുകൊടുക്കുക എന്നതായിരുന്നു. സമരരംഗത്തുള്ള നേതാക്കൾക്കു നേരെ അക്രമങ്ങൾ പതിവായിരുന്നു. ഒട്ടേറെത്തവണ മർദ്ദനമേറ്റിട്ടും എ. കെ ഗോപാലനും, പി. കൃഷ്ണപ്പിള്ളയുമടക്കമുള്ളവർ പോരാട്ടത്തിൽ നിന്നും പിന്നോക്കം പോയില്ല. കാലങ്ങൾക്കു ശേഷം ഇന്നു ഗുരുവായൂരിൽ കറുത്തവനും വെളുത്തവനും ഒന്നിച്ചു തൊഴുന്നു.

**അവർണ്ണർക്ക് വഴിനടക്കാൻപോലും വിലക്കുണ്ടായിരുന്ന അക്കാലഘട്ടത്തിൽ മുണ്ടും മേൽമുണ്ടും ധരിച്ച് തലപ്പാവും വച്ച് പൊതുവഴിയിലൂടെ സവർണനെപ്പോലെ വില്ലുവണ്ടിയിൽ യാത്രചെയ്ത അയ്യങ്കാളി പൊളിച്ചെഴുതിയത് അന്നുവരെയുള്ള ചിട്ടവട്ടങ്ങളെയായിരുന്നു. ആ വില്ലുവണ്ടിയാത്ര കീഴാളന്റെ കരുത്തിന്റെ പ്രതീകമായിരുന്നു.**

സാമൂഹിക പരിഷ്കർത്താക്കളും, സംസ്കാരിക നായകന്മാരും, എഴുത്തുകാരും, കലാകാരന്മാരും, കമ്യൂണിസ്റ്റ് ചിന്താധാരികളുമെല്ലാം കേരള മനസ്സിനെ സ്വാധീനിച്ചു. ഭൂപരിഷ്കരണ നിയമത്തിലൂടെ ഭൂമി മണ്ണിൽ പണിയെടുക്കുന്നവന്റെ സ്വന്തമായി മാറി. പതിയെ കേരളം ഉച്ചനീചത്വങ്ങളെ മറന്നു തുടങ്ങി. വിദ്യാഭ്യാസ രംഗത്തും, ആരോഗ്യ രംഗത്തും ഈ കൊച്ചു സംസ്ഥാനം ലോകത്തിനാകെ മാതൃകയായി.

ഇന്ത്യയിൽ പലഭാഗത്തുമുള്ള സാമൂഹിക അസന്തുലിതാവസ്ഥകൾ കേരളത്തിലും സൃഷ്ടിക്കണം എന്ന അജൻഡയുമായി കാത്തിരുന്നവർക്ക് 'സുവർണാവസരമുണ്ടായി.' ആട്ടിൻ തോലിട്ട ചെന്നായ്ക്കളാണവർ. ഈ നാട്ടിൽ ചോരവീഴ്ത്തി ആ ചോര നക്കിക്കുടിക്കാൻ വായിൽ വെള്ളമൂറുന്ന ആ 'ചെന്നായ്സംഘങ്ങളെ' നാം കരുതിയിരിക്കണം. ഉറച്ച നിലപാടുകൾ കൊണ്ട്, യുക്തി ചിന്ത കൊണ്ട് അവരെ നാം എതിർക്കണം. ഈ ചുവന്നമണ്ണിൽ വർഗ്ഗീയതയ്ക്കെതിരെ പോരാടാൻ നിലപാടിലും ആശയങ്ങളിലും ഉറച്ചു നിൽക്കുന്നവരുണ്ട്. പോരാട്ടങ്ങളുടെ പഴയ ചരിത്രം ചങ്കുറപ്പായി കൂടെയുള്ളപ്പോൾ നമ്മളെന്തിനു പേടിക്കണം. നമുക്കൊപ്പം ഇരട്ട ചങ്കന്മാർ ഉള്ളപ്പോൾ നമ്മളെന്തിനു പിന്തിരിഞ്ഞു നിൽക്കണം. ഉറച്ച നിലപാടുകളുമായി നമുക്ക് മുന്നോട്ട് നീങ്ങാം, ഉറക്കെ വിളിച്ചു പറയാം; "വർഗ്ഗീയത തുലയട്ടെ, ഇത് കേരളമാണ്."

# പരിയേറും പെരുമാൾ

റോഷ്നി ബെന്നി
മൂന്നാം വർഷ ബിരുദം,
ഊർജ്ജതന്ത്രം

സവർണ്ണന്റെ വഴിയിൽ നടക്കാൻ അനുവദിക്കാതെ തീണ്ടാപ്പാടകലെ മാറ്റിനിർത്തപ്പെട്ട ഒരു ജനതയെ ഗാന്ധിജി ദൈവത്തിന്റെ ജനം "ഹരിജൻ" എന്ന പേരു നൽകി ഉയർത്താൻ ശ്രമിച്ചു. എന്നാലിന്നും മനസ്സിൽ അവർണ്ണനെ തീണ്ടാപ്പാടകലെ കാണുന്ന സവർണ്ണമേധാവിത്വത്തിന്റെ നഷ്ടപ്രഭയിൽ അഭിരമിക്കുന്നവർ അവനെ നൂറ്റാണ്ടുകളോളം നേരിട്ട വിവേചനത്തിൽ നിന്നു കരകയറ്റാതെ വെറും ഭരണകൂടത്തിന്റെ ഔദാര്യം പറ്റുന്നവനായി ഒതുക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 15, മതം, വർഗ്ഗം, ജാതി, ലിംഗം, ജന്മസ്ഥലം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഉള്ള വിവേചനത്തിന്റെ നിരോധനം ഉറപ്പുവരുത്തുന്നു. ഭരണഘടന നിലവിൽ വന്നു 69 വർഷം പിന്നിടുമ്പോൾ അത് മുന്നോട്ടു വയ്ക്കുന്ന ഇത്തരം അടിസ്ഥാനപരമായ സംരക്ഷണങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുക അത്ര എളുപ്പമല്ല. വർണവർഗ്ഗലിംഗ വിവേചനങ്ങൾ പരിഹാസങ്ങളിൽ തുടങ്ങി ദുരഭിമാന കൊലകളിലേക്ക് വരെ നീളുന്നു. ഇത്തരത്തിൽ ഭരണഘടനയുടെ പ്രാധാന്യത്തിനു മങ്ങൽ ഏൽപ്പിക്കുന്ന ജാതി വ്യവസ്തയുടെ തുറന്നുകാട്ടലാണ് മാരി സെൽവരാജിന്റെ "പരിയേറും പെരുമാൾ" എന്ന സിനിമ.

പുലിയങ്കുളം എന്ന കീഴാള ഗ്രാമത്തിൽ നിന്നും തിരുനെൽവേലി ലോ കോളേജിൽ എത്തുന്ന പരിയേറും പെരുമാൾ എന്ന പരിയുടെ പഠനത്തിലും സൗഹൃദത്തിലും ആരംഭിച്ച് സവർണ്ണ മേധാവിത്വത്തിന്റെ അടിച്ചമർത്തൽ അവനെ എത്തിക്കുന്ന ദൈന്യതയിലേക്കാണ് കഥ നീങ്ങുന്നത്. സിനിമ ചർച്ചചെയ്യുന്ന ഉച്ചനീചത്വം കീഴാളന്റെ സത്വ പ്രതിസന്ധിയും തുടക്കം മുതൽ ഒടുക്കം വരെ യാതൊരു വീഴ്ചയും വരാതെ കൈകാര്യം ചെയ്തിരിക്കുന്നു എന്നതാണ് സിനിമയുടെ വിജയം.

സിനിമ ആരംഭിക്കുന്നത് നായകന്റെ കറുപ്പി എന്ന വളർത്തുനായയുടെ ക്രൂരമായ കൊലപാതകത്തിൽ ആണ്. കറുപ്പിയെ റെയിൽ പാളത്തിൽ കെട്ടിയിട്ടു മരണത്തിന് വിട്ടുകൊടുക്കുന്ന ഉയർന്ന ജാതിക്കാരുടെ ക്രൂര വിനോദം അവർണ്ണനെ ദ്രോഹിച്ചു ആനന്ദം കണ്ടെത്തുന്നതിനെ അനാവരണം ചെയ്യുന്നു. തുടർന്ന് വരുന്ന ഗാനത്തിൽ നായയുടെ വേർപാടിൽ വേദനിക്കുന്ന നായകനെ കാട്ടുമ്പോൾ താൻ തന്നെയല്ലേ കറുപ്പിയെന്നും തന്നെ തന്നെയല്ലേ അവർ ക്രൂരമായി കൊന്നതെന്നുമുള്ള നായകന്റെ തിരിച്ചറിവും ഒപ്പം ചേർത്തുവയ്ക്കുന്നു. നായയുടെ കറുപ്പ് നിറം ശ്രദ്ധേയമായ വസ്തുതയാണ്. അത് അവർണ്ണന്റെ നിറവുമായി താദാത്മ്യം പ്രാപിക്കുന്നു.

തുടർന്ന് പരി ലോ കോളേജിൽ എത്തുമ്പോൾ ഡോക്ടർ ആകണം എന്ന തമാശ കേട്ട് നാം ചിരിക്കുമെങ്കിലും, ഡോക്ടർ അംബേദ്കർ ആവണം എന്നാണ് ഉദ്ദേശിച്ചതെന്നു തിരുത്തി പറയുമ്പോൾ തന്റെ ഗ്രാമത്തിലെ ജനങ്ങളുടെ ശബ്ദമാകുവാൻ നിയമം പഠിക്കുവാനാണ് താൻ വന്നിരിക്കുന്നത് എന്നതിന് ഊന്നൽ ലഭിക്കുകയാണിവിടെ. "പഠിക്കുക, സംഘടിക്കുക, പോരാടുക" എന്ന അംബേദ്കർ ആപ്തവാക്യം തന്നെയാണ് സിനിമ മുന്നോട്ടുവെയ്ക്കുന്നതും.

ക്ലാസിൽ പരി നേരിടുന്ന പ്രശ്നമാണ് ഇംഗ്ലീഷ് പരിജ്ഞാനകുറവ്. അതുമൂലം അവൻ പരിഹസിക്കപ്പെടുമ്പോൾ ഇംഗ്ലീഷ് അറിയില്ല എന്ന് പറയുന്നതിലെ നാണക്കേട് മറയ്ക്കാൻ മനസിലാകാഞ്ഞിട്ടും മനസ്സിലായി എന്ന് നടിക്കേണ്ടി വരുന്ന അവസ്ഥയും ഇവിടെ നമുക്ക് കാണാൻ സാധിക്കുന്നു. ബ്രിട്ടീഷ് ഭരണം അവസാനിച്ചിട്ടും ഭരണഭാഷ ഇംഗ്ലീഷിൽ നിന്ന് മാറിയിട്ടും അധികാരത്തിന്റെയും



അടിച്ചമർത്തലിന്റെയും ആയുധമായി ഇംഗ്ലീഷ് മാറുന്നു.

പരിയുടെ ഈ നിസ്സഹായ അവസ്ഥയിൽ സഹായമാകുകയാണ് നായിക ജോ. അവരുടെ സൗഹൃദത്തിന്റെ വളർച്ചയാണ് പിന്നീട് കടന്നുവരുന്നത്. രണ്ടു വ്യത്യസ്ത തലങ്ങളിൽ നിൽക്കുന്നവരാണവർ. അച്ഛന്റെ നിർദ്ദേശപ്രകാരം നിയമപഠനം തിരഞ്ഞെടുത്തതാണ് ജോ എങ്കിൽ പരി ഒരു സമൂഹത്തിന്റെ ശബ്ദമാകുവാൻ നിയമപഠനം തിരഞ്ഞെടുത്തവനാണ്. അത്ര മേൽ അടിച്ചമർത്തപ്പെട്ടിട്ടും നിയമത്തിലും നീതിപീഠത്തിലും വിശ്വാസം നഷ്ടപ്പെടാത്ത ജനതയുടെ പ്രതിനിധി. ഉയർന്ന ജാതിയിലെ പെൺകുട്ടിയുമായി സൗഹൃദത്തിലായതിന്റെ പേരിൽ പരി അപമാനിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്നു. 'ഒരുമിച്ചു പഠിച്ചതുകൊണ്ട് നിങ്ങൾ രണ്ട് പേരും ഒരുപോലെ ആകുമോ' എന്ന ജോയുടെ അച്ഛന്റെ ചോദ്യത്തിൽ ജാതി ചിന്തയാൽ വികലമാക്കപ്പെട്ട അനേകരുടെ മനസ്സ് തുറന്നു കാട്ടുന്നു. കീഴാളനെ എന്നും പിൻ ബെഞ്ചിൽ തളച്ചിടുന്ന, ഒപ്പം മുന്നിലേക്കുള്ള അവന്റെ കുതിപ്പിനോടുള്ള ഭയവും അസഹിഷ്ണുതയും, എല്ലാവരെയും സമമായി കാണുന്ന നിയമം പഠിപ്പിക്കുന്ന ക്ലാസ് മുറിക്കുള്ളിൽ പോലും തെളിയുന്നത് വിവേചനമാണ്.

പരി നേരിടുന്ന മറ്റൊരു പ്രശ്നം തന്റെ അച്ഛന്റെ ജോലിയാണ്. പെൺവേഷം കെട്ടിയാടുന്ന സ്ത്രൈണഭാവം നിറഞ്ഞ അച്ഛനെ ആളുകൾക്ക് മുന്നിൽ പരിചയപ്പെടുത്താൻ അവൻ മടിക്കുന്നു. ഒടുവിൽ അവൻ നേരിടുന്ന അപമാനങ്ങളും വേദനകളും താങ്ങാൻ കഴിയാതെ വരുമ്പോൾ അച്ഛനെ കോളേജിൽ കൊണ്ടുവരുന്നു. അപ്പോൾ ഇതേ പ്രതിസന്ധികൾ തരണം ചെയ്ത അവർണ്ണനായ പ്രിൻസിപ്പലിന്റെ അനുഭവം ജാതീയ വിവേചനത്തിന്റെ ഇനിയും അവസാനിക്കാത്ത ചരിത്രം നമുക്ക് മുന്നിൽ തെളിയിക്കുകയും, ഉയർത്തെഴുന്നേൽപ്പിനുള്ള പരിയുടെ ഊർജമായി അത് തീരുകയും ചെയ്യുന്നു. പരിയുടെ അച്ഛനെ പരിഹസിക്കുകയും അർദ്ധനഗ്നനായി ഓടിക്കുകയും ചെയ്യുമ്പോൾ ജാതിക്കപ്പുറം ലിംഗത്തിന്റെ പേരിലുള്ള വിവേചനവും പരിഹാസവും കടന്നു വരുന്നു.

കഥയിൽ ഇടയ്ക്കിടെ കടന്നു വരുന്ന വൃദ്ധനായ കൊലയാളിയുടെ കഥാപാത്രം ഏറെ ശ്രദ്ധേയമാണ്. ഉയർന്നജാതിക്കാരുമായി പ്രണയത്തിലാകുന്നവരെ ഇല്ലായ്മ ചെയ്യുകയാണ് അയാൾ ചെയ്യുന്നത്. പൊതുസ്ഥലങ്ങളിൽ വെച്ച് കൃത്യതയോടെ കൊലചെയ്യുന്ന അയാളുടെ രീതി മുഖ്യധാരയിൽ നിന്ന് എപ്രകാരമാണ് കീഴാളരെ തന്ത്രപരമായി ഇല്ലായ്മ ചെയ്യുന്നത് എന്നതിന് ഉദാഹരണമാണ്. ജോയുടെ സൗഹൃദം അവസാനിപ്പിക്കാൻ കഴിയില്ലെന്ന് കാണുന്ന വീട്ടുകാർ പരിയെ കൊല്ലുവാനും ഇതേ വൃദ്ധനെ നിയമിക്കുന്നു. ഏതാനും നാളുകൾക്ക് മുമ്പ് കൊലചെയ്യപ്പെട്ട കെവിന്റെ കഥയും ചേർത്ത് വെയ്ക്കുമ്പോൾ സിനിമ സമൂഹത്തിന്റെ നേർചിത്രമായി മാറുന്നു.

ജോയുടെ സൗഹൃദം പ്രണയത്തിലേക്ക് വഴിമാറുമ്പോൾ അവൾ അത് തുറന്നുപറയുന്നു.







എന്നാൽ അവിടെയും പരിക്ക് തന്റെ മനസ്സ് തുറക്കാൻ സാധിക്കുന്നില്ല. അവളോടുള്ള അടുപ്പം പ്രണയമാണോ എന്ന് തിരിച്ചറിയും മുമ്പ് അത് ഇല്ലായ്മ ചെയ്യേണ്ടി വന്ന നിസ്സഹായ അവസ്ഥയാണ് അവന്റേത്. തന്റെ ഇഷ്ടങ്ങളിൽ പോലും ജാതി വ്യവസ്ഥ എത്രമാത്രം ദളിതനു മേൽ വിലങ്ങുകൾ തീർക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു.

വേട്ടയും വേട്ടയാടലും ചിത്രത്തിൽ കടന്നുവരുന്ന പ്രധാന മെറ്റഫറുകളാണ്. കീഴ്ജാതിക്കാർ നായാട്ടിന് പോകുമ്പോൾ അവരെ പിടിക്കുന്ന പോലീസ് സ്റ്റേഷനിലെ രംഗം ഏറെ പ്രധാനപ്പെട്ടതാണ്. ദളിതൻ വേട്ടയാടേണ്ടവനല്ല മറിച്ച് വേട്ടയാടപെടേണ്ടവനണെന്ന മേലാളബോധം ഇവിടെ നിഴലിക്കുന്നതായി കാണാം. ഒരു കവിതയുടെ മനോഹാരിതയോടെ ബിംബങ്ങളിലൂടെ പ്രതീകാത്മകമായി എഴുത്തുകാരൻ ജാതി വ്യവസ്ഥയെ വരച്ചു കാട്ടുകയാണ്. കറുപ്പി നേരിട്ട അതേ ക്രൂര മരണം വൃദ്ധ കൊലയാളി സ്വയം തെരഞ്ഞെടുക്കുമ്പോൾ ജാതി വിവേചനം സമൂഹത്തിൽ നിന്ന് സ്വയം ഇല്ലാതാകുന്ന ഒരു പുതുകാലത്തിന്റെ പ്രതീക്ഷ ബാക്കി വയ്ക്കുന്നു. ചിത്രം ചർച്ച ചെയ്യുന്ന വിഷയത്തിന്റെ തീവ്രത അതേപടി എത്തിക്കുന്നതിൽ സംവിധായകനെ ഏറ്റവും കൂടുതൽ സഹായിച്ചിരിക്കുന്നത് സന്തോഷ് നാരായണന്റെ മ്യൂസിക്കും ശ്രീധറിന്റെ ക്യാമറയുമാണ്. സിനിമയുടെ പൾസ് കാണികളിൽ എത്തിക്കും വിധം ഗാനങ്ങളും ഗാനപശ്ചാത്തലങ്ങളും ചിട്ടപ്പെടുത്തിയിരിക്കുന്നു.

സമർത്ഥമായ രംഗ സജ്ജീകരണങ്ങളും ക്യാമറ ബ്രില്ലിയൻസും ഒത്തുചേർന്നപ്പോൾ വെള്ളിത്തിരയിൽ എത്തിയത് ഓരോ സീനിലും ജാതി വിവേചനവും വിവേചനത്തിന്റെ ചരിത്രപശ്ചാത്തലങ്ങളും സൂക്ഷ്മമായി കോർത്തിണക്കിയ മികച്ചൊരു രാഷ്ട്രീയ ചിത്രമാണ്. ബ്ലാക്ക് ആന്റ് വൈറ്റ് സീനുകളുടെയും നീല നിറത്തിന്റെയും വിദഗ്ധമായ ഉപയോഗം പാർശ്വവത്കൃതന്റെ വികാരം അനുവാചകന് അനുഭവവേദ്യമാക്കുന്നു. നായകൻ കതിറും സഹനടന്മാർ യോഗി ബാബുവും മാരി മുത്തുവും തങ്ങളുടെ അഭിനയമികവിലൂടെ കഥാപാത്രങ്ങളോട് നീതി പുലർത്തി.

"തമ്പി നാളെ ഇതെല്ലാം മാറുമായിരിക്കും" എന്ന് ജോയുടെ പിതാവ് പ്രത്യാശ പ്രകടിപ്പിക്കുമ്പോൾ പരി നൽകുന്ന മറുപടിയിൽ സിനിമയുടെ അന്തഃസത്ത മുഴുവൻ നിറയുന്നു. "നീങ്കെ നീങ്കളാ ഇരുക്കിരെ വരക്കും നാൻ നായതാ ഇരുക്കനോം, എതിർപാർക്കെ വരക്കും ഇങ്കെ എതുവുമേ മാറെലേ, അപ്പടിയതാ ഇരുക്കും." പാതി കുടിച്ച കട്ടൻചായയുടെയും പാൽചായയുടെയും ഗ്ലാസുകൾക്കിടയിൽ ജോയുടെ മുടിയിൽ നിന്ന് ഉതിർന്നു വീണ മുല്ലപൂവിലേക്ക് നീങ്ങുന്ന ഫ്രെയിമിൽ സിനിമ അവസാനിക്കുമ്പോൾ, ജാതീയതയ്ക്ക് മേൽ വിജയം വരിക്കുന്ന സ്നേഹത്തിന്റെ മുല്ലപ്പൂ വിപ്ലവത്തിനായുള്ള പ്രത്യാശ ബാക്കി വയ്ക്കുന്നു.

**"കീഴ്ജാതിക്കാർ നായാട്ടിന് പോകുമ്പോൾ അവരെ പിടിക്കുന്ന പോലീസ് സ്റ്റേഷനിലെ രംഗം ഏറെ പ്രധാനപ്പെട്ടതാണ്. ദളിതൻ വേട്ടയാടേണ്ടവനല്ല മറിച്ച് വേട്ടയാടപ്പെടേണ്ടവനാണെന്ന മേലാളബോധം ഇവിടെ നിഴലിക്കുന്നതായി കാണാം.**

**"പരി ലോ കോളേജിൽ എത്തുമ്പോൾ ഡോക്ടർ ആകണം എന്ന തമാശ കേട്ട് നാം ചിരിക്കുമെങ്കിലും, ഡോക്ടർ അംബേദ്കർ ആവണം എന്നാണ് ഉദ്ദേശിച്ചതെന്നു തിരുത്തി പറയുമ്പോൾ തന്റെ ഗ്രാമത്തിലെ ജനങ്ങളുടെ ശബ്ദമാകുവാൻ നിയമം പഠിക്കുവാനാണ് താൻ വന്നിരിക്കുന്നത് എന്നതിന് ഊന്നൽ ലഭിക്കുകയാണിവിടെ. "പഠിക്കുക, സംഘടിക്കുക, പോരാടുക" എന്ന അംബേദ്ക്കർ ആപ്തവാക്യം തന്നെയാണ് സിനിമ മുന്നോട്ടുവെയ്ക്കുന്നതും.**





# സംവരണവിരുദ്ധ സമരം നിർമ്മിക്കുന്ന ജാതി മതിലുകൾ

കിരൺ എം ധരൻ
രണ്ടാം വർഷ ബിരുദാനന്തര ബിരുദം,
സാമ്പത്തികശാസ്ത്രം

സ്വാതന്ത്ര്യലബ്ധിയ്ക്കു ശേഷം ഇന്ത്യയിൽ എപ്പോഴും ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്നാണ് സംവരണം. കാലത്തിനും ചർച്ചകൾക്കുമൊപ്പം കാലക്രമേണ തീർത്തും സങ്കീർണമായ തലത്തിലേക്കാണ് ഇന്ന് സംവരണം എത്തിനിൽക്കുന്നത്. സംവരണം എന്ന ആശയത്തെ മനപ്പൂർവ്വം സങ്കീർണവൽക്കരിക്കാൻ ശ്രമിച്ച് അതിനെ അട്ടിമറിക്കുവാൻ ശ്രമിക്കുന്ന പ്രവണത ഇതോടൊപ്പം തന്നെ വളരുന്നുമുണ്ട്. സംവരണ വിരുദ്ധത എങ്ങനെ ജാതീയതയ്ക്ക് വളമൊരുക്കുന്നു എന്നത് പരിശോധിക്കുന്നതിന് മുൻപ് എന്താണ് യഥാർത്ഥത്തിൽ സംവരണം കൊണ്ട് ലക്ഷ്യമിടുന്നത് എന്ന് മനസിലാക്കുകയാണ് വേണ്ടത്.

സംവരണം ദാരിദ്ര്യനിർ

> **സംവരണം ദാരിദ്ര്യ നിർമാർജനത്തിന് വേണ്ടിയുള്ള മാർഗമാണ് എന്നതാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെട്ട നിർവചനം. ദാരിദ്രനിർമാർജനമല്ല മറിച്ച് സാമൂഹികനീതി എന്നതാണ് സംവരണത്തിന്റെ ആത്യന്തികമായ ലക്ഷ്യം. അത് ഭരണഘടന സുവ്യക്തമായി എഴുതി വെച്ചിട്ടുള്ളതുമാണ്. ഡോ. അംബേദ്കറോളം കൃത്യമായി അതിനെ നിർവചിക്കുവാൻ മറ്റേതെങ്കിലും ഒരു വ്യക്തിക്ക് കഴിയുമോ എന്ന കാര്യത്തിൽ വലിയ തർക്കത്തിന് സാധുതയില്ലാത്തിടത്തോളം ഇന്ത്യൻ ഭരണഘടനയോളം അത് പറഞ്ഞു മനസ്സിലാക്കിത്തരാൻ മറ്റൊന്നിനും കഴിയില്ല.**

മാർജനത്തിന് വേണ്ടിയുള്ള മാർഗമാണ് എന്നതാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ തെറ്റിദ്ധരിക്കപ്പെട്ട നിർവചനം. ദാരിദ്രനിർമാർജനമല്ല മറിച്ച് സാമൂഹികനീതി എന്നതാണ് സംവരണത്തിന്റെ ആത്യന്തികമായ ലക്ഷ്യം. അത് ഭരണഘടന സുവ്യക്തമായി എഴുതി വെച്ചിട്ടുള്ളതുമാണ്. ഡോ. അംബേദ്കറോളം കൃത്യമായി അതിനെ നിർവചിക്കുവാൻ മറ്റേതെങ്കിലും ഒരു വ്യക്തിക്ക് കഴിയുമോ എന്ന കാര്യത്തിൽ വലിയ തർക്കത്തിന് സാധുതയില്ലാത്തിടത്തോളം ഇന്ത്യൻ ഭരണഘടനയോളം അത് പറഞ്ഞു മനസ്സിലാക്കിത്തരാൻ മറ്റൊന്നിനും കഴിയില്ല.

ദാരിദ്ര്യം തീർച്ചയായും സാമൂഹിക പിന്നോക്കാവസ്ഥയുടെ പ്രതിഫലനമാണ്. പക്ഷേ ദാരിദ്ര്യത്തിന് കാരണം ചൂഷണമാണ്. ചൂഷണത്തിന് തടയിടുവാൻ സമൂഹത്തിൽ ശാക്തീകരണം സാധ്യമാക്കുകയാണ് വേണ്ടത്. എന്നാൽ ഇത് വ്യക്തിഗത ക്ഷമതയെ പിൻപറ്റി സൃഷ്ടിക്കപ്പെടുന്നതും സാമൂഹിക അനീതി എന്നത് നിലനിന്നതോ തുടരുന്നതോ ആയ ഇന്ത്യൻ സാഹചര്യങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെട്ടതുമാണ്.

ജാതി സംവരണത്തിന്റെ അടിസ്ഥാനം ഇന്ത്യയിൽ നൂറ്റാണ്ടുകളോളം നിലനിന്ന വർണ വ്യവസ്ഥയാണ്. ബ്രാഹ്മണ ക്ഷത്രിയ വൈശ്യ വർണങ്ങൾ സമൂഹത്തിലെ മുഖ്യകാര്യക്കാരും ശൂദ്രർ മേൽപ്പറഞ്ഞ മൂന്ന് വിഭാഗക്കാരുടെ സേവകരാവുകയും ചെയ്തു. ഇതിൽ വർണ്ണ വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഒരു വിഭാഗമുണ്ട് അവരെ 'പഞ്ചമർ' എന്നു വിശേഷിപ്പിക്കപ്പെട്ടു. സമൂഹത്തിൽ മനുഷ്യർ എന്ന നിലയിൽ പരിഗണിക്കപ്പെടാതിരുന്ന ആ ജനതയെ സംബന്ധിച്ചിടത്തോളം സമ്പത്തോ വിജ്ഞാനമോ അപ്രാപ്യമായിരുന്നു. വേദം കേട്ട ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുക എന്ന ചിട്ടവട്ടം നിലനിന്നിരുന്നിടത്ത് പരിഗണിക്കപ്പെടാതിരുന്ന ഒരു വിഭാഗത്തിന്റെ അവസ്ഥ എന്താണെന്ന് ആലോചിക്കുക കൂടി പ്രയാസമാണ്. ചരിത്രനിർമിതി നടത്തുന്ന കൈകൾ ഭരിക്കുന്നവന്റേതാകുമ്പോൾ ഭരിക്കപ്പെടുന്നവന്റെ കഥകൾ വിസ്മരിക്കപ്പെടുന്നു.

ചരിത്രത്തിന്റെ ഒരു സുപ്രധാന ഘട്ടത്തിൽ ഇന്ത്യയുടെ ഭരണഘടന തയ്യാറാക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചപ്പോൾ അതിന്റെ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാനായി ഡോ. അംബേദ്ക്കർ നിയമിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കൂടി ശ്രമഫലമായി അടിച്ചമർത്തപ്പെട്ട ദളിതുകൾക്കും മറ്റ് പിന്നോക്ക ജാതിക്കാർക്കും ഒരു കൈത്താങ്ങെന്ന നിലയിലാണ് ഉന്നത വിദ്യാഭ്യാസത്തിനും സർക്കാർ മേഖലയിലെ ജോലികൾക്കുമായി സംവരണം ഏർപ്പെടുത്തിയത്. സമൂഹത്തിൽ സമത്വം അല്ലെങ്കിൽ ദളിത് പിന്നോക്കകാർക്ക് അഭിവൃദ്ധി ഉണ്ടാകുന്നതുവരെ സംവരണം തുടരും എന്നും അന്നു ധാരണയായി.

ഭാരതത്തിൽ നൂറ്റാണ്ടുകൾ തുടർന്നുപോന്ന ചാതുർവർണ്യ മനസ്ഥിതി വെച്ചുപുലർത്തുന്ന ജനത എത്ര തലമുറകൾ നിലനിൽക്കുന്നുവോ അത്രയും കാലം അവർ മറ്റുള്ളവരെ തഴയുന്ന പ്രവണത നിലനിൽക്കുമെന്ന് ഉറപ്പാണ്. അതിന്റെ കൃത്യമായ ഉദാഹരണങ്ങൾ നമ്മുടെ സമൂഹത്തിൽ കാണാവുന്നതാണ്. ദളിതെന്ന പേരിൽ പീഡനങ്ങളേറ്റ് മടുത്ത രോഹിത് വെമുലയെന്ന ദളിത് യുവാവിന്റെ ആത്മഹത്യ പോലും ഇപ്പോഴും വിട്ടുമാറാത്ത ഇന്ത്യൻ ജാതിവ്യവസ്ഥയുടെ കൃത്യമായ തെളിവാണ്. നൂറ്റാണ്ടുകളോളം വിദ്യാഭ്യാസ-വൈജ്ഞാനിക രംഗത്തു നിന്ന് അയിത്തം കൽപിച്ചു മാറ്റി നിർത്തപ്പെട്ടിരുന്ന വിഭാഗങ്ങൾക്ക് അവർക്ക് വേണ്ട തുല്യതയും അവകാശാധികാരങ്ങളും സമ്പത്തും സാമൂഹികനീതിയും പാരമ്പര്യമായി കയ്യടക്കിപ്പോന്ന ജനവിഭാഗങ്ങളോട് മത്സരിച്ചു വിജയിച്ചു നേടുക എന്നത് എത്രമാത്രം ഫലപ്രദമാണ്?

ഒരു മേഖലയിൽ പ്രത്യേകിച്ചു സർക്കാർ ഉദ്യോഗമേഖലകളിൽ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളെയും ജനസംഖ്യാനുപാതികമായി പങ്കെടുപ്പിക്കുക എന്നത് ഒരു ക്ഷേമ രാഷ്ട്രത്തിന്റെ കർത്തവ്യമാണ്. എന്നാൽ അതിലേയ്ക്ക് സർവ പൗരന്മാരെയും കൊണ്ടുവരിക എന്നത് അപ്രാപ്യമായ കാര്യമാണ്. അവിടെയാണ് മത്സര പരീക്ഷകളുടെ അനിവാര്യത. അതിൽ എങ്ങനെയാണ് സംവരണം നടപ്പിലാക്കപ്പെടുന്നത് എന്നു നോക്കാം.

> **മാറി ചിന്തിച്ചു തുടങ്ങിയ, ജാതിവ്യവസ്ഥ തെറ്റാണ് എന്ന് സ്വയം ബോധ്യമായി തുടങ്ങിയ ഒരു തലമുറയെ ജാതി പറയാതെ എന്നാൽ കൃത്യമായ ജാതി-വർഗ്ഗ ബോധത്തോടെ സമൂഹത്തിൽ വാർത്തെടുക്കുക എന്ന ബുദ്ധിയാണ് സംവരണ വിരുദ്ധതയ്ക്ക് വഴിമരുന്നിടുന്നത്.**

ഒരു മത്സര പരീക്ഷയിൽ സംവരണം നടപ്പിലാക്കുന്നത് അതിൽ മേൽപറഞ്ഞ കാരണങ്ങളാൽ ചില വിഭാഗങ്ങൾ ഒഴിവാക്കപ്പെടാനിടയുണ്ട്. അത് ഒഴിവാക്കാനാണ് സംവരണമെന്ന സംവിധാനത്തിന്റെ ലക്ഷ്യം. രാജ്യത്തെ ജനസംഖ്യയിൽ ഏറ്റവും ഉയർന്ന് നിൽക്കുന്നത് പിന്നോക്ക അധസ്ഥിത വിഭാഗങ്ങളാണ്. നമ്മുടെ രാജ്യത്ത് സ്വാതന്ത്രം ലഭിക്കുന്നതിനേക്കാൾ മുമ്പുതന്നെ സംവരണമെന്നാശയം വിവിധ തലത്തിലുള്ള ചർച്ചകളിൽ ഇടം പിടിച്ചിരുന്നു.

സംവരണം എന്ന വാക്ക് കേരളത്തിൽ ആദ്യമായി ഇടം പിടിച്ചത് 1891-ലെ മലയാളി മെമ്മോറിയൽ എന്നതിനു കീഴിലായിരുന്നു. സംവരണത്തിനുവേണ്ടി രാജാവിനു മുന്നിൽ കേണപേക്ഷിക്കുകയും, അതിന് വേണ്ടി അഹോരാത്രം പണിയെടുക്കുകയും ചെയ്തിരുന്നത് നായർ സമുദായത്തിൽ പെട്ടവരാണ്. പിൽക്കാലങ്ങളിൽ സംവരണ വിരോധികളായി മാറിയതും ഇവർ തന്നെ. ഈ ഒരു കാലയളവിൽ സർക്കാർ ജോലി കയ്യടക്കിയിരുന്നത് തമിഴ് ബ്രാഹ്മണരായിരുന്നു. അന്ന് ഈ സംവരണങ്ങൾക്കു വേണ്ടി നായർ സമുദായക്കാർ നടന്നപ്പോൾ തമിഴ് ബ്രാഹ്മണർ മറ്റുള്ള ജാതിയിൽ പെട്ടവരെ പരിഹസിക്കുകയായിരുന്നു "ഇവർക്ക് സർക്കാർ ജോലിയുടെ വല്ല ആവശ്യവും

> **വിവാഹ പരസ്യങ്ങളിൽ SC/ST ഒഴികെയെന്ന് കൊടുക്കുന്ന മനുഷ്യരും, തെരഞ്ഞെടുപ്പിൽ ജനറൽ സീറ്റിൽ ജാതി നോക്കി സ്ഥാനാർഥി നിർണയം നടത്തുന്ന പാർട്ടികളും (ഈ പാർട്ടികൾ ഒക്കെയും സംവരണ സീറ്റിനപ്പുറം ഒരു പ്രവർത്തകനും ജനറൽ സീറ്റ് മത്സരിക്കാൻ നൽകില്ല) ഒക്കെയുള്ളപ്പോൾ ജാതി നിലനിൽക്കുന്നില്ല എന്ന വാദം തലതല്ലിച്ചിരിക്കുന്നുണ്ടാവും.**

ഉണ്ടോ? ഇവർ കൃഷി ചെയ്തു ജീവിക്കുന്നുണ്ടല്ലോ, ഇവർക്ക് സർക്കാർ ജോലി കൊടുത്താൽ തന്നെ സർക്കാരിന്റെ കാര്യക്ഷമതക്കു വിള്ളൽ സംഭവിക്കും." എന്നാൽ ഇതിനെല്ലാമെതിരെ പടവെട്ടി സർക്കാർ ജോലിയിൽ തങ്ങളുടെ വ്യക്തമായ പ്രാതിനിധ്യം അറിയിക്കാൻ നായർ സമുദായക്കാർക്ക് സാധിച്ചു.

സംവരണം തുടങ്ങി വെച്ചത് മലയാളി മെമ്മോറിയൽ ആണെങ്കിൽ പോലും നായർ സമുദായത്തിൽ മാത്രം ഒതുങ്ങിയ സംവരണമായി മാറുകയായിരുന്നു. കൃത്യമായ സംവരണം കൊണ്ടുവരാൻ സാധിച്ചില്ല എന്നത് ഖേദകരമാണ്. 1902 ജൂലൈ മാസം 26-ന് രാജ്യത്താദ്യമായി അവർണ്ണ സമൂഹത്തിന് എല്ലാ ഉദ്യോഗങ്ങളിലും 50% സംവരണം എന്ന വിപ്ലവകരമായ പ്രഖ്യാപനം നടത്തിയ ഛത്രപതി സാഹു മഹാരാ

ജാവും 1921-ൽ 75% സംവരണം പ്രഖ്യാപിച്ച മൈസൂർ മഹാരാജാവ് കൃഷ്ണരാജ വോഡയാർ നാഗപ്പനും 25-06-1935-ൽ 893-നമ്പർ ഉത്തരവിലൂടെ കേരളത്തിൽ ആദ്യമായി സംവരണം പ്രഖ്യാപിച്ച തിരുവിതാംകൂർ മഹാരാജാവും തുടങ്ങി വെച്ച സംവരണം ഭരണഘടനാപരമായ പരിരക്ഷയും നിയമസാധുതയുള്ളതുമായിത്തിരുന്നത് ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന നാൾ മുതലാണ്. പക്ഷേ ഭരണഘടന നിലവിൽ വന്നിട്ട് എഴുപത് വർഷങ്ങൾ തികയുമ്പോഴും സംവരണത്തിന്റെ ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ കഴിഞ്ഞുവെന്ന് പരിശോധന കൂടെ നടത്തേണ്ടതുണ്ട്.

കേന്ദ്ര ഗവണ്മെന്റ് കണക്കനുസരിച്ച് 2016-ൽ മാത്രം 30,000 ലേറെ പോസ്റ്റുകൾ എഴുപത്തിയാറ് വകുപ്പുകളിലായി ഒഴിഞ്ഞു കിടക്കുന്നു. ഇപ്പോഴും ഉന്നത പദവികൾ കയ്യാളുന്നത്, അതായത് ജനസംഖ്യാടിസ്ഥാനത്തിൽ ഇപ്പോഴും സംവരണം കൊണ്ട് കൃത്യമായ തൊഴിൽ വികേന്ദ്രീകരണം സാധ്യമായിട്ടില്ല എന്നത് മാത്രമല്ല ഇപ്പോഴും ബ്രാഹ്മണ മേധാവിത്വം വിട്ടുമാറിയിട്ടില്ല എന്നതാണ് കണക്കുകൾ വെളിവാക്കുന്നത്.

സംവരണ വിരുദ്ധത എങ്ങനെയാണ് ജാതിവ്യവസ്ഥയുടെ ഉത്തരാധുനിക വേർഷൻ ആവുന്നതെന്ന് പരിശോധിക്കാം. കേരളം വിട്ടു കഴിഞ്ഞാൽ കൃത്യമായി സമൂഹത്തിന്റെ എല്ലാ മേഖലകളിലും കാണാൻ കഴിയുന്ന നിലയിൽ തന്നെയാണ് ഇന്ത്യയിൽ ഇന്നും ജാതിവ്യവസ്ഥ നിലകൊണ്ടുപോരുന്നത്. അയിത്തമാചരിക്കുന്ന, ജാതിമതിലുകൾ കെട്ടി ചാതുർവർണ്യ വ്യവസ്ഥ നിലനിർത്തിപ്പോരുന്ന ഗ്രാമങ്ങളും ഒരുപാടുണ്ട്. ഇതൊക്കെ പഴയ തലമുറയുടെ ജാതിബോധത്താൽ നിലനിന്നുപോരുന്നതോ സംരക്ഷിക്കപ്പെട്ടു പോരുന്നതോ ഒക്കെയാണ്. മാറി ചിന്തിച്ചു തുടങ്ങിയ, ജാതിവ്യവസ്ഥ തെറ്റാണ് എന്ന് സ്വയം ബോധ്യമായി തുടങ്ങിയ ഒരു തലമുറയെ ജാതി പറയാതെ എന്നാൽ കൃത്യമായ ജാതി-വർഗ്ഗ ബോധത്തോടെ സമൂഹത്തിൽ വാർത്തെടുക്കുക എന്ന ബുദ്ധിയാണ് സംവരണ വിരുദ്ധതയ്ക്ക് വഴിമരുന്നിടുന്നത്. സംവരണം എന്നാൽ അത് ദാരിദ്ര്യ നിർമാർജ്ജനത്തിനു വേണ്ടിയുള്ള ഒന്നാണ്, സംവരണം മികവുള്ളവരെ തഴഞ്ഞ് അനർഹരും കഴിവുകെട്ടവരുമായവരെ ഉദ്യോഗത്തിലും വിദ്യാഭ്യാസത്തിലും പരിഗണിക്കുന്ന ഒന്നാണെന്ന് അവരെ സമൂഹം പറഞ്ഞു പഠിപ്പിക്കുന്നു.



ഈയിടെ കേട്ട ഏറ്റവും വലിയ സംവരണ വിരുദ്ധ ഉദാഹരണം "ഞങ്ങളുടെ മുൻഗാമികൾ നൂറു വർഷം ഉണ്ടത് കൊണ്ട് അന്ന് വിശന്നിരുന്നവരുടെ ഇളം തലമുറ ഇന്ന് ഉണ്ണട്ടെ, നിങ്ങൾ വിശന്നു തന്നെ ഇരുന്നുകൊള്ളുക എന്നതായിരുന്നു." അത് ഒത്തിരിപ്പേർ വ്യാപകമായി ഷെയർ ചെയ്തു പ്രചരിപ്പിക്കുന്നതും കണ്ടു. ഉണ്ണാതെ ആരുംകിടക്കണം എന്നല്ല സംവരണം കൊണ്ട് ലക്ഷ്യമിടുന്നത്, ഉണ്ണാൻ എല്ലാവർക്കും വിളമ്പി കൊടുക്കുകയുമല്ല, മറിച്ച് തന്റെ വിശപ്പകറ്റുവാൻ അവന് ആഹാരം കണ്ടെത്തുവാനുള്ള ത്രാണിയുണ്ടെന്ന് ഉറപ്പുവരുത്തുകയാണ്. ഇന്ത്യയിൽ 'reserved' ആയവർക്കാണ് 'deserved' ആയവരെക്കാൾ പ്രാധ്യാന്യം എന്നൊരു ചിന്ത കൂടെ പല സംവരണ വിരുദ്ധരും ആവർത്തിച്ചുപറയുന്നുമുണ്ട്. 'deserved' ആവേണ്ട ഒരു ജനതയെ വാർത്തെടുക്കുകയെന്ന കർത്തവ്യമാണ് സംവരണത്തിന്റേതെന്ന് ഓർക്കുക.

ജാതി ചിന്ത നിലനിൽക്കുന്നത് സംവരണം ഉള്ളതുകൊണ്ട് മാത്രമാണ്. സംവരണമെന്ന വ്യാധി തുടച്ചുനീക്കിയാൽ ഇന്ത്യയിൽ ജാതിയെന്ന മനോനില തന്നെ മാറുമെന്ന അഭിപ്രായം വളരെയേറെ ചൂടപ്പം പോലെ വിറ്റുപോയ മറ്റൊന്നാണ്. എങ്ങനെ ആധുനിക ഇന്ത്യയിൽ (പ്രത്യേകിച്ച് കേരളത്തിൽ) പരോക്ഷമായി ജാതി ബോധം നിർമിക്കപ്പെടുന്നുവെന്നു പരിശോധിക്കാം. ചാതുർവർണ്യവും അയിത്തവും തുടച്ചുമാറ്റിയ ഭരണഘടനയെ അംഗീകരിക്കാത്ത ഒരു പഴയ തലമുറ ഇപ്പോഴും നിലനിന്നു പോരുന്നുണ്ട്. മനുസ്മൃതി ഇന്ത്യൻ ഭരണഘടയാക്കണം എന്നു വാദിക്കുന്ന സംഘപരിവാർ വാദത്തെ അവരെക്കാൾ മുന്നേ തുടങ്ങിവെച്ചവരെ സംബന്ധിച്ചിടത്തോളം ഇത്രയും നാൾ അനുഭവിച്ച പ്രിവിലേജ് തങ്ങളുടെ കാൽച്ചുവട്ടിൽ കിടന്നു നരകിച്ചവർക്ക് വീതം വെച്ചു നൽകണമെന്നോർത്തുള്ള അസ്കിത എന്നു വേണമെങ്കിൽ ഇതിനെ നിർവചിക്കാം. പുതിയ തലമുറയിലാകട്ടെ ജാതി വ്യവസ്ഥ നിലനിൽക്കുന്നത് സ്വന്തം പേരിൽ നായരും നമ്പൂതിരിയും തുടങ്ങി ജാതിവാലു ചേർത്ത് അതിൽ നിന്നു ലഭിക്കുന്ന പ്രിവിലേജിന്റെ വാലിൽത്തൂങ്ങിയാണ്. ഇക്കൂട്ടർ ഇവിടെ ജാതിയില്ല അതിനാൽ സംവരണത്തിന്റെ അനിവാര്യത ഇന്നില്ലേയില്ല എന്ന് വാതോരാതെ വാദിക്കുന്നുണ്ട് എന്നതാണ് മറ്റൊരു കോമഡി.

വിവാഹ പരസ്യങ്ങളിൽ SC/ST ഒഴികെയെന്ന് കൊടുക്കുന്ന മനുഷ്യരും, തെരഞ്ഞെടുപ്പിൽ ജനറൽ സീറ്റിൽ ജാതി നോക്കി സ്ഥാനാർഥി നിർണയം നടത്തുന്ന പാർട്ടികളും (ഈ പാർട്ടികൾ ഒക്കെയും സംവരണ സീറ്റിനപ്പുറം ഒരു പ്രവർത്തകനും ജനറൽ സീറ്റ് മത്സരിക്കാൻ നൽകില്ല) ഒക്കെയുള്ളപ്പോൾ ജാതി നിലനിൽക്കുന്നില്ല എന്ന വാദം തലതല്ലിച്ചിരിക്കുന്നുണ്ടാവും. ഞാൻ നല്ല ഒന്നാന്തരം നായരാണെന്ന് സിനിമയിൽ നായകൻ പറയുമ്പോൾ അയാൾക്ക് പ്രേക്ഷകരുടെയുള്ളിൽ ലഭിക്കുന്ന ആഢ്യത്തം, നായകൻ വാലോട് കൂടിയ പേരുള്ളവനും വില്ലൻ അവർണനായ,പേരിൽ ജാതിവാലില്ലാത്ത, കറുത്തവനായ ഒരുവനും ആവുമ്പോൾ അവിടെ കൃത്യമായി പടച്ചുവെക്കുന്നത് ജാതിക്കോയ്മയുടെ രാഷ്ട്രീയമാണ്. സിനിമ നിർമിക്കുന്ന അഥവാ നിലനിർത്തിപ്പോരുന്ന ജാതീയതയെ പറ്റി പറഞ്ഞുവെയ്ക്കുവാൻ രണ്ടുപുറം പോരാതെ വരും. പാർശ്വവൽക്കരിക്കപ്പെട്ടിരുന്ന വിഭാഗങ്ങളുടെ എല്ലാമെല്ലാം സവർണനു തെറിയായിരുന്ന കാലം ഇന്നും വാമൊഴിയായി തുടർന്ന് പോരുന്നുണ്ട്. പുലയാടി മകനെന്ന തെറിവിളിയിൽ, ചെറ്റയെന്ന വാക്കിൽ (ചെറ്റ എന്നത് പണ്ട് കുടിയാന്റെ വീടിനു വിളിച്ചിരുന്ന പേരാണ്) തുടങ്ങി ദളിത് സ്വത്വങ്ങൾ എല്ലാം തെറിയാവുമ്പോൾ ജാതീയത പുനർനിർമിക്കപ്പെടുകയല്ലേ നമുക്ക് ചുറ്റും. പുലയാടിമകനും ബ്രാഹ്മണന്റെ മകനുമൊക്കെ നാളെ തെറിയാവാതിരിക്കുമ്പോഴാണ് അല്ലെങ്കിൽ വിസ്മരിക്കപ്പെടുമ്പോഴാണ് ജാതി നമ്മളിൽനിന്ന് അകലുന്നത്.

**" പുലയാടി മകനെന്ന തെറിവിളിയിൽ, ചെറ്റയെന്ന വാക്കിൽ (ചെറ്റ എന്നത് പണ്ട് കുടിയാന്റെ വീടിനു വിളിച്ചിരുന്ന പേരാണ്) തുടങ്ങി ദളിത് സ്വത്വങ്ങൾ എല്ലാം തെറിയാവുമ്പോൾ ജാതീയത പുനർനിർമിക്കപ്പെടുകയല്ലേ നമുക്ക് ചുറ്റും. പുലയാടിമകനും ബ്രാഹ്മണന്റെ മകനുമൊക്കെ നാളെ തെറിയാവാതിരിക്കുമ്പോഴാണ് അല്ലെങ്കിൽ വിസ്മരിക്കപ്പെടുമ്പോഴാണ് ജാതി നമ്മളിൽനിന്ന് അകലുന്നത്.**

ഇനിയും നിങ്ങൾക്ക് സംവരണം തെറ്റാണെന്ന് വാദിക്കാം. സവർണ-അവർണ വിഭാഗങ്ങളെന്നു രണ്ടായി മനുസ്മൃതി തിരിച്ച ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ട് സമാന്തര രേഖകളെ ഒരു നിയമത്തിന്റെ കീഴിൽ ഒരേ പോലെ വരണമെന്നു മാത്രം ലക്ഷ്യം വെക്കുന്ന ഒരു വ്യവസ്ഥ തെറ്റാണെന്ന് ഇപ്പോഴും നിങ്ങൾക്ക് തോന്നുന്നുണ്ടെങ്കിൽ, ഇന്ത്യയിൽ ജാതിയുടെ പേരിൽ വേട്ടയാടപ്പെടുന്ന ഒരു കുടുംബത്തെയും നിങ്ങൾ കാണുന്നില്ലെങ്കിൽ, നിങ്ങളുടെ പേരിനൊപ്പം ജാതിക്കോയ്മയുടെ വാലറ്റം ഇപ്പോഴും ഇല്ലെങ്കിൽ സംവരണം പിൻവലിക്കാൻ നിങ്ങൾക്ക് അലമുറയിടാവുന്നതാണ്.

# നാടകക്കളരി: അരങ്ങിലെ പുതിയ അന്വേഷണം

ഗ്രീതു എലിസബത്ത് തോമസ്
ഒന്നാം വർഷ ബിരുദാനന്തര ബിരുദം,
ആംഗലേയസാഹിത്യം

"ആദിയിൽ വചനം ഉണ്ടായി, വചനം രൂപമായി", കേവലം സംഭാഷണത്തിന്റെ ചട്ടക്കൂട്ടിൽ ഒതുക്കപ്പെട്ട നാടകമെന്ന കലയെ രൂപം ധരിപ്പിച്ചു ജീവനുള്ളതാക്കുക എന്ന ചിന്തയും പേറി നിൽക്കുന്ന എം. ഗോവിന്ദന് തന്റെ പ്രാരംഭ സംഭാഷണം ആരംഭിക്കാൻ ഇതിൽ നല്ലൊരു മഹത് വചനം ഉണ്ടായിരുന്നിരിക്കില്ല. നെടുങ്കൻ സംഭാഷണങ്ങളിലും അതിനാടകീയമായ ചലനങ്ങളിലും അനുകരണങ്ങളിലും തമിഴ് സംസ്കൃത സ്വാധീനങ്ങളിലും കുടുങ്ങിക്കിടന്ന മലയാള നാടകത്തിനു പുതിയ ദിശാബോധം നൽകി, അരങ്ങും പ്രേക്ഷകനും തമ്മിലുള്ള സവിശേഷ പാരസ്പര്യത്തിന്റെ പുതിയ മാനങ്ങളിലേക്ക്, യഥാർത്ഥ രൂപത്തിലേക്ക്, നാടകക്കളരി തിരിതെളിഞ്ഞിട്ട് അമ്പത് വർഷം പിന്നിടുന്നു. സാഹിത്യമോ സംഗീതമോ പോലെ നാടകത്തെ ഒരു ജനപ്രിയ അവതരണമായി അംഗീകരിക്കാതിരുന്ന കാലത്താണ് സി. എൻ ശ്രീകണ്ഠൻ നായർ പുതിയൊരു ആശയം മുന്നോട്ട് വെച്ചത്. 'പഴയ കളരികൾ പോലെ നാടൊട്ടുക്ക് നാടകക്കളരികൾ ഉണ്ടാവുകയാണ് വേണ്ടത്. അധ്യയനവും അധ്യാപനവും അവിടെ അഭംഗുരം നടക്കണം അങ്ങനെ വന്നാൽ പുതിയ നാടകകൃത്തും പുതിയ നടീനടന്മാരും പുതിയ പ്രേക്ഷകരും ഉണ്ടാകും', ഒരു പുതിയ വെളിച്ചത്തിൽ ശക്തിയാർജിച്ച പ്രേക്ഷകൻ 'വിക്ടോറിയൻ നാടകങ്ങൾ' അപരിഷ്കൃതമെന്നു നിരാകരിക്കുമ്പോൾ മലയാളനാടകവേദി വളർച്ചയുടെ പടവിലെത്തും എന്ന അഭിപ്രായക്കാരനായിരുന്നു സി എൻ.

സി. എൻ വിഭാവനം ചെയ്ത ആശയത്തോടൊട്ടിനിന്ന് 1967-ൽ ഉയർന്നു വന്ന നാടകകളരിയുടെ ലക്ഷ്യം 'യഥാർത്ഥത്തിൽ നാടകസഹൃദയത്വം വളർന്നു വികസിച്ചു വരാൻ വേണ്ട ഒരു അവബോധം സംജാതമാക്കുക' എന്നതാണ്. (ജി ശങ്കരപ്പിള്ള). കൃത്യമായ ഒരു പാഠ്യപദ്ധതിയും ഉള്ളടക്കവുമായി 'കളരി' എന്ന വാക്കിനെ അന്വർത്ഥമാക്കുന്നതായിരുന്നു നാടകക്കളരി. ആദ്യ നാടകക്കളരി നടന്നതാകട്ടെ ജി ശങ്കരപ്പിള്ള മലയാള വിഭാഗം മേധാവിയായിരുന്ന ശാസ്താംകോട്ട കോളേജിലും. 'പൂജാമുറി'യും 'തിരുമ്പിവന്താൻ തമ്പി'യും, 'ബെഡ് നമ്പർ പതിനഞ്ചും', ഒക്കെ എഴുതിയ പ്രശസ്ത നാടകകൃത്തായി അന്നേ അദ്ദേഹം പേരെടുത്തിരുന്നു.

'ആധുനിക നാടകവേദിയുടെ പിതാവ്' എന്ന് അറിയപ്പെടുന്ന സ്റ്റാനിസ്ളാവ്സ്കിയുടെ നാടകസങ്കല്പത്തെപ്പറ്റി കേരളം ചിന്തിക്കാൻ തുടങ്ങി. നാടകകൃത്തിനുള്ള അമിതപ്രാധാന്യം മാറി, കേവലം വിനോദോപാധിയേക്കാൾ ശാസ്ത്രീയമായ വൻമാറ്റങ്ങൾക്കും വഴിയൊരുങ്ങി. നടനെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് രംഗാവിഷ്കാരത്തിന്റെ പുതിയ ഭാഷ അന്വേഷിക്കുക എന്ന നാടകചിന്ത ഒട്ടൊന്നുമല്ല മലയാളനാടകവേദിയുടെ പിതാക്കന്മാരെ ആകർഷിച്ചത്. ഗതാനുഗതികത്വത്തിന്റെ മാന്ത്രികതയിൽ നിന്ന് മാനവികതയുടെ ഊർജസ്രോതസ്സിലേക്ക് കുതിക്കാനുള്ള ഉപാധികൾ അന്വേഷിച്ചു പൂർവേഷ്യൻ രാജ്യങ്ങളിലെ അനുഷ്ഠാനാക്തകവും ആത്മനിഷ്ഠവുമായ പ്രാചീന കലാരൂപത്തിലേയ്ക്കെത്തിയ യൂറോപ്യൻ നാടകവേദിയുടെ വിത്തുകൾ പേറിയാണ് ഗോവിന്ദൻ ശാസ്താംകോട്ട നാടകവേദിയിൽ എത്തിയത്. അന്ന് ആദ്യമായി സാമുവൽ ബെക്കറ്റിനെപ്പറ്റിയും 'വെയ്റ്റിംഗ് ഫോർ ഗോദോ'യെപ്പറ്റിയും മലയാളനാടകവേദികളിൽ ചർച്ച ഉണ്ടായി. ഷേക്സ്പിയർ നാടകങ്ങളുടെ ഇഴകീറിയ വിചാരവും അവിടെ വെച്ച് നടന്നു. മോളിയേയെപ്പറ്റിയും ഇബ്സനെപ്പറ്റിയുമുള്ള നിരീക്ഷണങ്ങൾ ദൃശ്യഖണ്ഡങ്ങളായിത്തന്നെയെത്തി. സി ജെയുടെ '1128-ൽ ക്രൈം 27' കളരിയുടെ പ്രധാന 'അഭ്യാസമായി' അരങ്ങേറി. ഗുരുവായും ശിഷ്യനായും മാറിമാറി അംഗങ്ങൾ എല്ലാം അഭിനയിച്ചു. എല്ലാ കഥാപാത്രങ്ങ

**" കലയറ്റ മനസുകളിൽ കാട് കേറുമെന്നു ചരിത്രം തന്നെ പഠിപ്പിച്ചിട്ടുണ്ട്. എല്ലാ കലകളും എക്കാലവും പ്രത്യയശാസ്ത്രപരമായി ലക്ഷ്യമാക്കുന്നത് മനുഷ്യവംശത്തിന്റെ ശാക്തീകരണവും നവീകരണവുമാണ്. ഇത് തന്നെയാണ് നാടകക്കളരിയും ലക്ഷ്യമിട്ടത്.**

**കല്ലുവെച്ച സംഭാഷണങ്ങളും ചിതറിത്തെറിക്കുന്ന യുക്തി വൈചിത്ര്യങ്ങളും രംഗവേദിക്ക് മുന്നിൽ എത്തുന്നവരെ ആകർഷിക്കാനാവുമെങ്കിലും രചനയും രംഗപ്രയോഗവും രംഗപ്രസാധന സമ്പ്രദായങ്ങളുമായി സമരസപ്പെടുന്നില്ലെങ്കിൽ നാടകമെന്ന കലാരൂപത്തിന് അസ്തിത്വഭ്രംശം സംഭവിക്കുമെന്ന് നാടകക്കളരിയിൽവിലയിരുത്തപ്പെട്ടു.**

ളുടെയും അവതരണം അത്തരത്തിൽ ഉള്ളതായിരുന്നുവെന്നു നാടകക്കളരിയിലെ അംഗം ജോൺ സാമുവേൽ ഓർക്കുന്നു. ഓരോരുത്തരും ഇഷ്ടമുള്ള കഥാപാത്രങ്ങളെ സ്വീകരിക്കുന്നതിന് പകരം ഏത് കഥാപാത്രത്തെയും സ്വീകരിച്ചു പൊതുവിൽ നാടകത്തിന് സമൃദ്ധിയേകുക എന്ന മാർഗം സ്വീകാര്യമായി. മുമ്പുണ്ടായിരുന്ന നാടകരീതിയെ അപ്പാടെ പൊളിച്ചെഴുതി രംഗബിംബങ്ങളിലൂടെ ഒരു പുതിയ സൗന്ദര്യലോകം സൃഷ്ടിക്കപ്പെട്ടു. നാടകകൃത്തുക്കൾ മാത്രമല്ല അധ്യാപകരും കവികളും വിദ്യാർഥികളും ആ നാടകവേദിയിൽ സജീവമായിരുന്നു. അരങ്ങുമായി ബന്ധമുള്ളവരെയാണ് നാടകക്കളരി അംഗങ്ങളായി തിരഞ്ഞെടുത്തിരുന്നുവെന്നു മാത്രം.

അയ്യപ്പപ്പണിക്കർ, ജി അരവിന്ദൻ, കടമ്മനിട്ട തുടങ്ങി നിരവധി പേർ നാടകക്കളരിയുടെ ഭാഗമായിരുന്നു. ഭരത് ഗോപി എന്ന് പിൻകാലത്തു പ്രസിദ്ധനായിത്തീർന്ന ചിറയിൻകീഴുകാരൻ ഗോപിനാഥൻ നായരും ആ നാടകക്കളരിയുടെ ഭാഗമായിരുന്നു. സ്കൂൾ ഓഫ് ഡ്രാമയിലൂടെ മലയാള നാടകവേദിയിലും പിന്നീട് തിരക്കഥ രചനയിലൂടെയും സംവിധാനത്തിലൂടെയും അഭിനയത്തിലൂടെയും മലയാളസിനിമയിലും നിറഞ്ഞു നിൽക്കുന്ന പി. ബാലചന്ദ്രനും, കുട്ടികളുടെ നാടകവേദിയായ രംഗപ്രഭാവത്തിന്റെ അമരക്കാരനായ കൊച്ചുനാരായണൻ പിള്ളയും എല്ലാം ഈ നാടകക്കളരിയുടെ തിരുശേഷിപ്പുകളാണ്.

സി. എൻ മുന്നോട്ട് വെച്ച നാടകക്കളരി എന്ന ആശയത്തിനും സൈദ്ധാന്തിക അടിത്തറ നൽകാനാണ് എം ഗോവിന്ദൻ ശ്രമിച്ചത്. തനത് നാടകവേദി എന്ന ആശയം ഉരിത്തിരിഞ്ഞതും ഇവിടെ വെച്ച് തന്നെ. ശേഷം തനത് നാടകവേദി മലയാള നാടകത്തിന്റെ സംസ്കാരത്തിന്റെ ഭാഗമായി തീർന്നത് ചരിത്രം. കല്ലുവെച്ച സംഭാഷണങ്ങളും ചിതറിത്തെറിക്കുന്ന യുക്തി വൈചിത്ര്യങ്ങളും രംഗവേദിക്ക് മുന്നിൽ എത്തുന്നവരെ ആകർഷിക്കാനാവുമെങ്കിലും രചനയും രംഗപ്രയോഗവും രംഗപ്രസാധന സമ്പ്രദായങ്ങളുമായി സമരസപ്പെടുന്നില്ലെങ്കിൽ നാടകമെന്ന കലാരൂപത്തിന് അസ്തിത്വഭ്രംശം സംഭവിക്കുമെന്ന് നാടകക്കളരിയിൽ വിലയിരുത്തപ്പെട്ടു. ആ നാടകക്കളരിയെ പിൻപറ്റി 1968-ൽ കൂത്താട്ടുകുളത്തു നടന്ന രണ്ടാമത്തെ നാടകക്കളരിയിലാണ് 'തനതുനാടകവേദി' എന്ന പ്രബന്ധം സി എൻ അവതരിപ്പിച്ചത്. പിന്നീട് നിരവധി സ്ഥലങ്ങളിൽ നാടകകളരികൾ നടന്നു.

രണ്ടാം നാടകക്കളരിക്ക് മുമ്പേ 1967 ഡിസംബർ 23-ാം തിയതി കോട്ടയത്തെ മാമ്മൻ മാപ്പിള ഹാളിൽ സി എന്നിന്റെ 'കലി' അരങ്ങേറി, സംവിധായകൻ ജി അരവിന്ദനായിരുന്നു. നാടകത്തിൽ ഉപയോഗിച്ച നവീന സങ്കേതങ്ങൾ ഉള്ളിലേക്കെടുക്കാൻ കഴിയാതെ പോയ കാണികൾ ബഹളം വെച്ചും ആക്രോശിച്ചും 'കലി'യെ പരാജയപ്പെടുത്തി. പ്രേക്ഷകർക്ക് മാത്രമല്ല നിരൂപകർക്കും 'കലി' ബോധിച്ചില്ല. ഒരു ആധുനിക അബ്സേഡ് നാടകമെന്നാണ് പ്രൊഫ. മേലേത്ത് ചന്ദ്രശേഖരൻ 'കലി'യെ വിശേഷിപ്പിച്ചത്. ശേഷം നടന്ന നാടകക്കളരിയിൽ സി എൻ അവതരിപ്പിച്ച പ്രബന്ധം ചർച്ചചെയ്യപ്പെടുന്നതിനു മുമ്പ് 'കലി'യുടെ അവതരണം നടന്നതും പരാജയ കാരണം ആവാം. തോറ്റുകൊടുക്കാൻ തയ്യാറാവാതെ ജി. ശങ്കരപിള്ളയും കാവാലവും തനത് വേദിയിൽ തന്നെ നിലയുറപ്പിച്ചു. കേരളീയ പാരമ്പര്യകലകളെ അവർ അരങ്ങിൽ തൊട്ടുണർത്തി. ജി ശങ്കരപ്പിള്ളയുടെ 'കറുത്ത ദൈവത്തെത്തേടി'യും കാവാലത്തിന്റെ 'അവനവൻകടമ്പ'യും (1974) 'ദൈവത്താറും' (1974) അരങ്ങിൽ പുതിയ കോളിളക്കങ്ങൾ സൃഷ്ടിച്ചു സംഭാഷണ കേന്ദ്രീകൃതമായ നാടകങ്ങളിൽ വെളിച്ചവും ശബ്ദവും ഒന്നിച്ചു നീങ്ങി. കുടുംബപ്രശ്നങ്ങളുടെ അവതരണത്തിൽ നിന്നും മലയാള നാടകത്തിന് ഒരു മോചനം ലഭിച്ചത് ഈ കാലത്തിലാണ്. ജീവിതത്തിന്റെ ആന്തരികാർഥങ്ങളിലേക്കുള്ള ഊളിയിടൽ ആയിരുന്നു ശേഷം തനത് നാടകങ്ങൾ.

കോമാളി: "നിങ്ങൾക്കൊരു പഴങ്കഥ കേക്കാനാഗ്രഹമുണ്ടോ, (പ്രേക്ഷകരുടെ ഭാഗത്തു നിന്നും ഉത്തരം കേൾക്കുന്ന രീതിയിൽ) എന്താ കേൾക്കണ്ടെന്നോ? പിന്നെ, കാണണം, ആടിക്കാണണം" നിലനിന്നിരുന്ന നാടകരീതികളിൽ നിന്ന് വ്യത്യസ്തമായി നാടകം കേൾക്കുക എന്ന അർഥത്തിൽ നിന്നും ഒട്ടൊന്നു മാറി ശരീരഭാഷാപ്രയോഗത്തിലേക്ക് നടന്നുകയറിയ മാറ്റമാണ് ജി ശങ്കരപ്പിള്ളയുടെ 'കറുത്തദൈവത്തെ തേടി' എന്ന നാടകത്തിന്റെ തുടക്കം സൂചിപ്പിക്കുന്നത്. ഇതിന്റെ പിൻപറ്റി വന്ന അനേകം നാടകങ്ങളാണ് നാടകവേദിക്ക് തനതായ സത്വം പ്രദാനം ചെയ്തത്.

നാടകക്കളരി മലയാളിക്ക് പുതിയൊരു അനുഭവമായിരുന്നു. നാടകമെന്ന മാധ്യമത്തെക്കുറിച്ചു തിരിച്ചറിയാൻ അത് പ്രേരണ നൽകി. ഭരത് ഗോപി എഴുതുന്നു "ആർക്കും എളുപ്പത്തിൽ കയ്യേറി കീഴ്പ്പെടുത്താവുന്ന മേഖലയല്ല നാടകമെന്നും ക്രമമായ പഠനവും അഭ്യസനപരിചയവും കൊണ്ടേ നാടക പ്രസ്ഥാനത്തിന്റെ ഒരരികിൽ എങ്കിലും സ്പർശിക്കാനാവൂ എന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു നാടകക്കളരി." (നാടകനിയോഗം)

കലയറ്റ മനസുകളിൽ കാട് കേറുമെന്നു ചരിത്രം തന്നെ പഠിപ്പിച്ചിട്ടുണ്ട്. എല്ലാ കലകളും എക്കാലവും പ്രത്യയശാസ്ത്രപരമായി ലക്ഷ്യമാക്കുന്നത് മനുഷ്യവംശത്തിന്റെ ശാക്തീകരണവും നവീകരണവുമാണ്. ഇത് തന്നെയാണ് നാടകക്കളരിയും ലക്ഷ്യമിട്ടത്. വിനോദത്തിനൊപ്പം ജീവിതത്തിനും മുതൽക്കൂട്ടാവണം ഓരോ നാടകവും.

ഒരു കൂട്ടായ്മപ്രവർത്തനത്തിലൂടെ സാധ്യമാകുന്ന ഒരു നവീകരണം അതായിരുന്നു നാടകക്കളരിയുടെ ആത്യന്തിക ലക്ഷ്യം എന്ന് വായിച്ചെടുക്കാൻ സാധിക്കും. നിരവധി അന്വേഷണങ്ങൾക്കും ചർച്ചകൾക്കും ഒടുവിൽ ഇന്നും സവിശേഷമായി നിലകൊള്ളുന്ന ഈ കലാരൂപം നാടകക്കളരിയുടെ സാർത്ഥകമായ അരനൂറ്റാണ്ടിന്റെ ബാക്കിപത്രമാണ്. നാടകം ഒരു കൂട്ടായ്മയുടെ കലയാണ്. ജി ശങ്കരപ്പിള്ള 'നാടകക്കളരി' എന്ന ലേഖനം ഉപസംഹരിച്ചത് ഇങ്ങനെയാണ്. "നാടകക്കളരി യഥാർത്തത്തിൽ ഒരു സംഘടനയല്ല, സ്ഥാപനമല്ല; ഒരു അന്വേഷണമാണ്, ഒരു അന്വേഷണത്തിലുണ്ടായ സൗഹൃദമാണ്. അങ്ങനെ തന്നെ ആയിരിക്കുകയും വേണം."

**നാടകക്കളരി മലയാളിക്ക് പുതിയൊരു അനുഭവമായിരുന്നു. നാടകമെന്ന മാധ്യമത്തെക്കുറിച്ചു തിരിച്ചറിയാൻ അത് പ്രേരണ നൽകി. ഭരത് ഗോപി എഴുതുന്നു "ആർക്കും എളുപ്പത്തിൽ കയ്യേറി കീഴ്പ്പെടുത്താവുന്ന മേഖലയല്ല നാടകമെന്നും ക്രമമായ പഠനവും അഭ്യസന പരിചയവും കൊണ്ടേ നാടക പ്രസ്ഥാനത്തിന്റെ ഒരരികിൽ എങ്കിലും സ്പർശിക്കാനാവൂ എന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു നാടകക്കളരി." (നാടകനിയോഗം)**



എതിർസ്വരങ്ങളെയെല്ലാം ഇല്ലാതാക്കികൊണ്ട് ജനാധിപത്യത്തെയും ഭരണഘടനയെയും തകർക്കാനുള്ള ഫാഷിസ്റ്റ് നീക്കം പരാജയപ്പെടുക തന്നെ ചെയ്യും. ആരെതിർത്താലും താൻ മനസ്സിലാക്കിയിട്ടുള്ള സത്യങ്ങൾ ഭ്രാന്തൻ ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടേയിരിക്കും.



# അതിജീവനത്തിന്റെ ലോകപൗരത്വം

അപർണ ആർ. എസ്
ഒന്നാം വർഷ ബിരുദം,
ആംഗലേയസാഹിത്യം

"ഷേക്സ്പിയർ എലിസബത്തൻ തിയേറ്ററിൽ ചെയ്തത്, ചാൾസ് ഡിക്കൻസ് നോവലിൽ ചെയ്തത്, പിക്കാസോ ആധുനിക ചിത്രകലയിൽ ചെയ്തത്അതാണ് ഇരുപതാം നൂറ്റാണ്ടിന്റെ സിനിമയിൽ ചാർളി ചാപ്ലിൻ ചെയ്തത്"
-ജെഫ്രി വാൻസ്

കഠിനദാരിദ്ര്യത്തിന്റെ നിറം മങ്ങിയ ചിത്രങ്ങളെ നർമ്മത്തിൽ ചാലിച്ച് ലോകത്തിന് കാട്ടിക്കൊടുത്ത, 65 വർഷം നീണ്ട അഭിനയജീവിതത്തിൽ എൺപതോളം സിനിമകൾ സ്വന്തമായി നിർമ്മിക്കുകയും അഭിനയിക്കുകയും ചെയ്ത് ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ, ലോകത്തിലെ ഏറ്റവും ആദരിക്കപ്പെടുന്ന ഹാസ്യനടനായ ചാർളി ചാപ്ലിൻ കഠിനാധ്വാനത്തിന്റെയും ആത്മബലത്തിന്റെയും ഉറച്ച നിലപാടുകളുടെയും ആൾരൂപമാണ്. നിശബ്ദചലച്ചിത്രങ്ങളുടെയും ശബ്ദചലച്ചിത്രങ്ങളുടെയും കാലത്ത് ഒരേ പോലെ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച ചാപ്ലിന്റെ എക്കാലത്തെയും മികച്ച ചിത്രമായി വിലയിരുത്തപ്പെടുന്നത് 1940-ൽ പുറത്തിറങ്ങിയ 'ദി ഗ്രേറ്റ് ഡിക്റ്റേറ്റർ' ആണ്. ഒപ്പം 'ദി കിഡ്'(1921), 'എ വുമൺ ഇൻ പാരീസ്'(1923), 'ഗോൾഡ് റഷ്'(1925) എന്നീ നിശബ്ദചിത്രങ്ങളും 'സിറ്റി ലൈറ്റ്സ്' (1931), 'മോഡേൺ ടൈംസ്'(1936) എന്നീ ശബ്ദചിത്രങ്ങളും ചാർളി ചാപ്ലിനിലെ മഹാപ്രതിഭയെ വിളിച്ചോതുന്നു.

ഒരു ഹാസ്യനടനെന്നതിനുപരി ചാപ്ലിൻ ഇന്ന് ബഹുമാനിക്കപ്പെടുന്നുണ്ടെങ്കിൽ അത് ലോകപൗരനെന്ന നിലയിലും ഏകാധിപത്യത്തിനെതിരെ ശബ്ദമുയർത്തിയ സാമൂഹ്യപരിഷ്കർത്താവെന്ന നിലയിലുമാണ്. "My Autobiography" എന്ന അദ്ദേഹത്തിന്റെ ആത്മകഥയിൽ മുഴുവൻ നിഴലിക്കുന്നത് അതിജീവനമാണ്. ലണ്ടൻ തെരുവോരങ്ങളിലെ ദുരിതങ്ങളെ വളർച്ചയ്ക്കുള്ള ഊർജ്ജമാക്കിമാറ്റി, നിശ്ചയദാർഢ്യം കൊണ്ട് പടുത്തുയർത്തിയ വിജയസോപാനങ്ങളെല്ലാം മാനവികതയിൽ വേരൂന്നിയതായിരുന്നു.

**ഒരു ഹാസ്യനടനെന്നതിനുപരി ചാപ്ലിൻ ഇന്ന് ബഹുമാനിക്കപ്പെടുന്നുണ്ടെങ്കിൽ അത് ലോകപൗരനെന്ന നിലയിലും ഏകാധിപത്യത്തിനെതിരെ ശബ്ദമുയർത്തിയ സാമൂഹ്യപരിഷ്കർത്താവെന്ന നിലയിലുമാണ്.**

1889 ഏപ്രിൽ 16-ന് ലണ്ടനിലെ വാടകമുറിയിൽ അച്ഛൻ ചാൾസ് ചാപ്ലിനാൽ ഉപേക്ഷിക്കപ്പെട്ട അമ്മ ഹന്നയുടെയും ചേട്ടൻ സിഡ്നിയുടെയും ജീവിതത്തിലേക്ക് പിറന്നുവീണപ്പോൾ ചാർളിയെ കാത്തിരുന്നത് കരുതലിന്റെ ഗ്രീഷ്മകാലമായിരുന്നില്ല മറിച്ച് ദാരിദ്ര്യത്തിന്റെയും ഇല്ലായ്മയുടെയും കുത്തിനോവിക്കുന്ന അതിശൈത്യമായിരുന്നു. രാത്രിയോളം അരങ്ങിൽ പാടി അഭിനയിച്ചിട്ടും ജീവിതം കരുപ്പിടിപ്പിക്കാൻ അത്യന്തം കഷ്ടപ്പെട്ട ഹാസ്യനടിയായിരുന്നു അമ്മ ഹന്ന. അനുകരണഹാസ്യവും പാട്ടും നൃത്തവും ഇടകലർന്ന നാടകരൂപമായിരുന്ന 'Vaudeville' നടനായിരുന്നു അച്ഛൻ. അമിത മദ്യപാനം മൂലം ഹന്നയിൽ നിന്നകന്ന ചാൾസ് അതേ കാരണം മൂലമാണ് 38-ാം വയസ്സിൽ ഈ ലോകത്തോടും വിടപറഞ്ഞത്.



കുടുംബപ്രാരാബ്ധം മുഴുവൻ ഒറ്റയ്ക്ക് വഹിച്ചിരുന്ന അമ്മ ഹന്നയുടെ അഭിനയജീവിതത്തിന് വിലങ്ങുതടിയായത് ശബ്ദതടസ്സമായിരുന്നു. ശരിയായ ചികിത്സ എടുക്കാത്തത് മൂലം ഒരിക്കൽ അമ്മയ്ക്ക് സ്റ്റേജിൽ വെച്ച് ശബ്ദതടസ്സം ഉണ്ടായി. കാണികൾ കൂവാൻ തുടങ്ങിയപ്പോൾ, മുമ്പ് ചാർളി പാടുന്നത് കേട്ടിട്ടുള്ള നാടകത്തിന്റെ മാനേജർ അവനെ കൊണ്ട് സ്റ്റേജിൽ പാടിക്കാൻ അമ്മയോട് അനുവാദം ചോദിച്ചു. അന്നായിരുന്നു അഞ്ച് വയസുള്ള ചാർളിയുടെ അരങ്ങേറ്റം, അമ്മയുടെ അരങ്ങൊഴിയലും. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിന്റെയും ഉറ്റുനോക്കുന്ന കാണികളുടെയും മദ്ധ്യത്തിൽ ചാർളി പാടി. 'Jack Jones' എന്ന പ്രശസ്തമായ ഗാനം ചാർളിയുടെ സ്വരമാധുര്യത്തിൽ കേട്ട് കേൾവിക്കാരുടെ മനം കുളിർത്തു. പാട്ട് തീരും മുമ്പേ സ്റ്റേജിലേക്ക് പണം വീണു തുടങ്ങി. അങ്ങനെ ചാർളിയും അരങ്ങിലെത്തി. പിന്നീടൊരിക്കലും തിരിച്ച് കിട്ടാത്ത അമ്മയുടെ ശബ്ദം അവരെ കൊടിയ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തിച്ചു. അഭിനയത്രി തയ്യൽക്കാരിയായി, സിഡ്നി പത്രവില്പനയിലൂടെ കുടുംബത്തെ സഹായിക്കാനാരംഭിച്ചു. അനാഥരും അശരണരുമായ കുട്ടികളെ പഠിപ്പിക്കുന്ന ഹാൻവെൽ സ്കൂളിൽ കുട്ടികളെ ചേർക്കാൻ ഹന്ന നിർബന്ധിതയായി. പട്ടാളച്ചിട്ടയും കഠിനപ്രഹരവും മൂലം അവിടെ കുട്ടികൾ പലരും വിഷാദരോഗികളായി മാറുന്നു എന്ന വാർത്ത കേട്ടിട്ടും ഹന്നയ്ക്ക് വേറെ വഴി ഇല്ലായിരുന്നു. കൊടിയ ദാരിദ്ര്യവും കഷ്ടപ്പാടും അമ്മയുടെ മനോവീര്യത്തെ കെടുത്തി. അവരുടെ ജീവിതത്തെ തന്നെ കീഴ്മേൽ മറിച്ചുകൊണ്ട് അമ്മയുടെ മാനസികനില തകർന്നു. "പ്രസന്നതയും പ്രശാന്തതയും നിറഞ്ഞുനിന്ന അമ്മ എങ്ങനെയാണ് ചിത്തഭ്രമക്കാരിയായത്?" താങ്ങാനാവാതെ കുഞ്ഞുചാർളി സിഡ്നിയോട് ചോദിച്ചു. മാനസികനില തെറ്റിയ അമ്മയിൽ നിന്നും കുട്ടികളുടെ സംരക്ഷണം അച്ഛനിലേയ്ക്കും രണ്ടാനമ്മയിലേയ്ക്കും മാറി. കടുത്ത അവഗണനയുടെ ദിനങ്ങളായിരുന്നു അവരെ കാത്തിരുന്നത്. തറതുടയ്ക്കലും പാത്രം കഴുകലും മാത്രം നിറഞ്ഞു നിന്ന അവധി ദിനങ്ങളെ ചാർളി ഏറെ വെറുത്തിരുന്നു.

**19-ാം വയസ്സിൽ ചാർളി അറിയപ്പെടുന്ന ഹാസ്യനടനായി. ഒരു നേരത്തെ ആഹാരത്തിനായി കൊതിച്ചിരുന്നവൻ അനേകായിരങ്ങൾക്ക് ഉപജീവനം നൽകാൻ തക്ക സാമ്പത്തികസ്ഥിതിയിലായി. പിന്നീടങ്ങോട്ട് ചാർളി പ്രഭാവമായിരുന്നു. ഹാസ്യത്തെക്കാളുപരി തന്റെ സിനിമകൾക്ക് സാമൂഹ്യ ശബ്ദമുണ്ടാവണം എന്ന് അദ്ദേഹം ശഠിച്ചു, ഒപ്പം നീചത്വങ്ങൾക്കൊരു വെല്ലുവിളിയും**

ചികിത്സ കഴിഞ്ഞ് മടങ്ങിയെത്തിയ അമ്മ അവരെ അവിടെ നിന്ന് കൊണ്ടുപോയി. 'എയ്റ്റ്ലാങ്കാഷെയർ ലാഡ്സ്' (Eight Lancashire Lads) എന്ന നാടൻ ചവിട്ടുനാടകസംഘത്തിന്റെ ഒപ്പം എട്ടാം വയസ്സിൽ അവൻ ചേർന്നു. അര ക്രൗൺ (Two Shillings Six Pence) വീതം ആഴ്ചയിൽ, അതായിരുന്നു പ്രതിഫലം. അതുകൊണ്ടൊന്നും ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ ആവില്ലെന്ന് മനസിലാക്കിയ ചാർളി അലങ്കാര

**"ഏകാധിപത്യമല്ല, ജനാധിപത്യമാണ് നമുക്ക് ആവശ്യം. നമുക്ക് നമ്മുടെ ഇച്ഛാശക്തിയെ, അനന്തസാധ്യതകളെ പുനർവിന്യസിപ്പിക്കാം. ഇനി നമ്മൾ ഒന്നാണ്. വർഗീയതയുടെ വിത്തുകൾ നമുക്ക് പിഴുതെറിയാം. ഒരേ വികാരത്തോടെ നമുക്ക് പോരാളികളാവാം" 'ദി ഗ്രേറ്റ് ഡിക്റ്റേറ്റർ' എന്ന ചിത്രത്തിലെ ഈ ആഹ്വാനം അത്യന്തം വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിച്ചു.**

പൂക്കൾ വിൽക്കാൻ ആരംഭിച്ചു. തരക്കേടില്ലാത്ത ലാഭം കിട്ടിയിരുന്നെങ്കിലും ബാറിലാണ് അവൻ വിൽപ്പന നടത്തിയിരുന്നതെന്ന് അറിഞ്ഞ അമ്മ അവനെ ശകാരിച്ചു. "മദ്യപാനം നിന്റെ അച്ഛനെ കൊന്നു. മദ്യത്തിൽ നിന്നുള്ള പണം നമുക്ക് ദൗർഭാഗ്യമേ കൊണ്ടുവരൂ." വീണ്ടും പല പല ജോലികൾ. മെഴുകുതിരിക്കടയിൽ സഹായിയായി, ആരോഗ്യ ഇൻഷുറൻസ് കമ്പനിയിൽ റിസപ്ഷനിസ്റ്റായി, ധനികവീടുകളിൽ പരിചാരകനായി, കമ്പനിയിൽ മെഷീൻ ഓപ്പറേറ്ററായി, വിറകുവെട്ടുകാരനായി, വീടുകളിൽ നൃത്തം പഠിപ്പിക്കാൻ പോയി. ഇതെല്ലാം ചെയ്യുമ്പോൾ ചാർളിക്ക് വയസ്സ് പതിമൂന്ന് മാത്രം. ഇടവേളകളിൽ വന്നിരുന്ന അമ്മയുടെ ചിത്തഭ്രമം അവനെ അതിനു നിർബന്ധിതനാക്കി. എന്നാൽ നടനാവുക എന്ന മോഹം അവന്റെ ഉള്ളിൽ കനലുകെടാതെ നിന്നു. കാത്തിരിപ്പിനു വിരാമമിട്ടുകൊണ്ട് 'Theatre Black More' ഷെർലക് ഹോംസിന്റെ പരിചാരകവേഷത്തിലേയ്ക്ക് ചാർളിയെ തെരഞ്ഞെടുത്തു, അതും നാൽപത് ആഴ്ച പര്യടനത്തിന്. പന്ത്രണ്ടര വയസ്സുണ്ടായിരുന്ന ചാർളി പതിനാല് എന്ന് നുണ പറഞ്ഞാണ് കമ്പനിയിൽ കയറി പറ്റിയത്. ദാരിദ്ര്യത്തിന്റെ പാതകൾ പിന്നിലുപേക്ഷിച്ച് സ്വപ്നംകണ്ട ജീവിതത്തിലേയ്ക്കുള്ള ഒരു പിടിവള്ളി ആയിരുന്നു അത്. എന്നാൽ മകന്റെ ആഗ്രഹം നിറവേറുന്നതും ദാരിദ്ര്യത്തിൽനിന്നും എന്നന്നേയ്ക്കുമായി കരകയറുന്നതും മനസിലാക്കാൻ ആവാതെ മനസിന്റെ താളം തെറ്റിയ അവസ്ഥയിലായിരുന്നു അമ്മ. ചാർളിയുടെ 'ജിം' എന്ന നാടകത്തിലെ അഭിനയത്തെപ്പറ്റി മികച്ച അഭിപ്രായം 'ലണ്ടൻ ട്രോപ്പിക്കൽ ടൈംസിൽ' വന്നു. തിരിഞ്ഞുനോക്കേണ്ടിവരാത്ത സുവർണകാലമായിരുന്നു ചാർളിക്ക്. 19-ാം വയസ്സിൽ ചാർളി അറിയപ്പെടുന്ന ഹാസ്യനടനായി. ഒരു നേരത്തെ ആഹാരത്തിനായി കൊതിച്ചിരുന്നവൻ അനേകായിരങ്ങൾക്ക് ഉപജീവനം നൽകാൻ തക്ക സാമ്പത്തികസ്ഥിതിയിലായി. പിന്നീടങ്ങോട്ട് ചാർളി പ്രഭാവമായിരുന്നു. ഹാസ്യത്തെക്കാളുപരി തന്റെ സിനിമകൾക്ക് സാമൂഹ്യ ശബ്ദമുണ്ടാവണം എന്ന് അദ്ദേഹം ശഠിച്ചു, ഒപ്പം നീചത്വങ്ങൾക്കൊരു വെല്ലുവിളിയും.

"ഏകാധിപത്യമല്ല, ജനാധിപത്യമാണ് നമുക്ക് ആവശ്യം. നമുക്ക് നമ്മുടെ ഇച്ഛാശക്തിയെ, അനന്തസാധ്യതകളെ പുനർവിന്യസിപ്പിക്കാം. ഇനി നമ്മൾ ഒന്നാണ്. വർഗീയതയുടെ വിത്തുകൾ നമുക്ക് പിഴുതെറിയാം. ഒരേ വികാരത്തോടെ നമുക്ക് പോരാളികളാവാം" 'ദി ഗ്രേറ്റ് ഡിക്റ്റേറ്റർ' എന്ന ചിത്രത്തിലെ ഈ ആഹ്വാനം അത്യന്തം വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിച്ചു. ചാർളി നാസിവിരുദ്ധനായി മുദ്രകുത്തപ്പെട്ടു. അതിലെ ഉപസംഹാരപ്രസംഗമാണ് ഏറ്റവും അധികം

**ദാരിദ്ര്യത്തിൽ നിന്ന് സമ്പന്നതയിലേയ്ക്ക് തന്റെ ജീവിതം പറിച്ചുനടപ്പെട്ടിട്ടും ഗർവ് കാണിക്കാതെ സാമാന്യമനുഷ്യന്റെ നന്മയ്ക്കായി പോരാടിയതും, നാസീ ഭീകരവാഴ്ച്ചയെ നിശിതമായി വിമർശിച്ചതും ജൂതനായതുക്കൊണ്ട് മാത്രമല്ല, വിശ്വമാനവികത എന്ന ഉൽകൃഷ്ടമായ ചിന്ത ചാപ്ലിനെ ഭരിച്ചിരുന്നത് കൊണ്ടാണ്.**



കോളിളക്കങ്ങൾ സൃഷ്ടിച്ചത്. സ്വേച്ഛാധിപത്യത്തിനെതിരെയുള്ള മാനവികതയുടെ വക്താവെന്ന നിലയിൽ ഉഗ്രഗർജ്ജനമാണ് ചാർളി അതിലൂടെ നടത്തിയത്. അതിനാൽ തന്നെ ജർമനിയിൽ ഈ സിനിമ നിരോധിക്കപ്പെട്ടു. സ്വേച്ഛാധിപത്യത്തിനെതിരെയായതിനാൽ 1975 വരെ ഫ്രാൻസിലും ചിത്രത്തിന് പ്രദർശനാനുമതി ലഭിച്ചിരുന്നില്ല. ജൂതനായത് കൊണ്ടല്ലേ നാസിവിരുദ്ധനായത് എന്ന മാധ്യമങ്ങളുടെ ചോദ്യത്തിന് ചാർളി കൊടുത്ത മറുപടി ശ്രദ്ധേയമാണ്. "നാസിവിരുദ്ധനാകാൻ ജൂതനാകണമെന്നില്ല. അതിനൊരാൾ മാന്യനായ ഒരു സാധാരണ മനുഷ്യനായാൽ മതി." ലോകപൗരത്വം എന്ന സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്ന ചാർളി അമേരിക്കയിലെത്തി ഏറെ നാൾ കഴിഞ്ഞിട്ടും അമേരിക്കൻ പൗരത്വം സ്വീകരിക്കാൻ തയ്യാറായിരുന്നില്ല. ദേശസ്നേഹത്തേക്കാൾ ലോകസ്നേഹത്തിന് മുൻഗണന നൽകിയ അദ്ദേഹം പറഞ്ഞു "എന്റെ പൗരത്വം മാറ്റുന്നതിന് യാതൊരു കാരണവും ഞാൻ കാണുന്നില്ല.

**ചാപ്ലിന്റെ 'ദി ഗ്രേറ്റ് ഡിക്റ്റേറ്റർ' ചിത്രം അവസാനിക്കുന്നത് വിശുദ്ധ ബൈബിളിലെ ലൂക്കയുടെ സുവിശേഷം 17-ാം അധ്യായം 20-ാം വാക്യം ചാപ്ലിന്റെ കഥാപാത്രം ഉദ്ധരിച്ച് സംസാരിക്കുന്നിടത്താണ്: "ദൈവരാജ്യം മനുഷ്യന്റെ ഉള്ളിലാണ്. ദൈവരാജ്യം ഒരൊറ്റ മനുഷ്യനിലല്ല, ഒരു കൂട്ടം മനുഷ്യരിലുമല്ല, എല്ലാ മനുഷ്യരിലുമാണ്." അതേ, ചാപ്ലിൻ എന്ന ദീക്ഷണശാലി നമ്മെ ഓർമ്മിപ്പിക്കുന്നതും അത് തന്നെ.**

കാരണം ഞാൻ എന്നെ തന്നെ ലോകപൗരനായിട്ടാണ് (Citizen of the World) കാണുന്നത്"

ലോകത്തെ ഫാഷിസ്റ്റ് ചിന്തകൾക്കെതിരെ ആഞ്ഞടിച്ച അദ്ദേഹത്തിന്റെ വിശ്വമാനവികതയെ ഒരു രാജ്യത്തിന്റെ ചട്ടക്കൂടിനുള്ളിൽ തളച്ചിടാൻ പറ്റില്ല എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. തനിക്ക് ലഭ്യമായ ചലച്ചിത്രം എന്ന മാർഗത്തിലൂടെ സമൂഹത്തിലെ വിഷസർപ്പങ്ങൾക്കെതിരെ ആഞ്ഞടിച്ച ചാർളി, ഇന്നത്തെ കേവലതാല്പര്യാനുസൃതം പ്രവർത്തിക്കുന്ന മാധ്യമസമൂഹത്തിനുനേരെ ഒരു ചോദ്യചിഹ്നമാണ്.

സങ്കുചിത മനസ്ഥിതി ചങ്ങലയ്ക്കിട്ട ചിന്തകളുടെ സ്വാതന്ത്ര്യമാണ് ചാർളി ചാപ്ലിനെ പോലുള്ളവർ കാംക്ഷിച്ചത്. ഏകാധിപത്യത്തിന്റെ വിഷപ്പുകയിൽ നിന്ന് ജനാധിപത്യത്തിന്റെ ജീവശ്വാസത്തിലേയ്ക്ക് ലോകത്തെ നയിക്കുക എന്നതാണ് തന്റെ ജീവിതലക്ഷ്യമായി ചാർളി കണ്ടത്. ദാരിദ്ര്യത്തിൽ നിന്ന് സമ്പന്നതയിലേയ്ക്ക് തന്റെ ജീവിതം പറിച്ചുനടപ്പെട്ടിട്ടും ഗർവ് കാണിക്കാതെ സാമാന്യമനുഷ്യന്റെ നന്മയ്ക്കായി പോരാടിയതും, നാസീ ഭീകരവാഴ്ച്ചയെ നിശിതമായി വിമർശിച്ചതും  ജൂതനായതുക്കൊണ്ട് മാത്രമല്ല, വിശ്വമാനവികത എന്ന ഉൽകൃഷ്ടമായ ചിന്ത ചാപ്ലിനെ ഭരിച്ചിരുന്നത് കൊണ്ടാണ്. ആര്യവംശമേധാവിത്വവും രക്തശുദ്ധിയും പറഞ്ഞ് ജനലക്ഷങ്ങളുടെ ചോര കുടിച്ച നാസിവാഴ്ചയ്ക്കെതിരെ ആഞ്ഞടിക്കുമ്പോൾ ചാപ്ലിന്റെ ഉള്ളിൽ മുഴങ്ങിയതും ഈ ലോകപൗരത്വബോധമായിരുന്നിരിക്കണം. ചാപ്ലിന്റെ 'ദി ഗ്രേറ്റ് ഡിക്റ്റേറ്റർ' ചിത്രം അവസാനിക്കുന്നത് വിശുദ്ധ ബൈബിളിലെ ലൂക്കയുടെ സുവിശേഷം 17-ാം അധ്യായം 20-ാം വാക്യം ചാപ്ലിന്റെ കഥാപാത്രം ഉദ്ധരിച്ച് സംസാരിക്കുന്നിടത്താണ് : "ദൈവരാജ്യം മനുഷ്യന്റെ ഉള്ളിലാണ്. ദൈവരാജ്യം ഒരൊറ്റ മനുഷ്യനിലല്ല, ഒരു കൂട്ടം മനുഷ്യരിലുമല്ല, എല്ലാ മനുഷ്യരിലുമാണ്." അതേ, ചാപ്ലിൻ എന്ന ദീക്ഷണശാലി നമ്മെ ഓർമ്മിപ്പിക്കുന്നതും അത് തന്നെ.

**ലോകത്തെ ഫാഷിസ്റ്റ് ചിന്തകൾക്കെതരെ ആഞ്ഞടിച്ച അദ്ദേഹത്തിന്റെ വിശ്വമാനവികതയെ ഒരു രാജ്യത്തിന്റെ ചട്ടക്കൂടിനുള്ളിൽ തളച്ചിടാൻ പറ്റില്ല എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. തനിക്ക് ലഭ്യമായ ചലച്ചിത്രം എന്ന മാർഗത്തിലൂടെ സമൂഹത്തിലെ വിഷസർപ്പങ്ങൾക്കെതിരെ ആഞ്ഞടിച്ച ചാർളി ഇന്നത്തെ കേവലതാല്പര്യാനുസൃതം പ്രവർത്തിക്കുന്ന മാധ്യമസമൂഹത്തിനുനേരെ ഒരു ചോദ്യചിഹ്നമാണ്.**

# കൊല്ലപ്പെടുമ്പോൾ

നന്നേ ആൾത്തിരക്കുള്ള
വഴിയിലാണ് ഞാൻ
അയാളെ കണ്ടത്.
ഒറ്റയ്ക്കായിരുന്നില്ല;
എന്നിട്ടും.

നടന്നു തഴമ്പിച്ച
ആ കാലുകളിൽ
ഏതോ രാജ്യത്തിന്റെ
ഭൂപടം കാണാം.

പിന്നെയാണ്,
ഒലിച്ചിറങ്ങിയ
ചോരച്ചുവപ്പു-
വന്നെന്റെ
ചെരുപ്പിനടിയിൽ
പരന്നത്.

ചുറ്റിലും അഴുക്ക്
പിടിച്ച ഏതോ
സ്വാതന്ത്ര്യത്തിന്റെ
ദുർഗന്ധം.

ഒന്നടുത്തെത്തി
നോക്കിയപ്പോൾ
എപ്പോഴോ
കണ്ടു മറഞ്ഞ
ഒരു മുഖം
ഓർമ്മവന്നു.

മുന്നോട്ടടുത്തപ്പോൾ
ചില്ലുപൊട്ടിയ

വട്ടക്കണ്ണടയെന്റെ
കാലിൽത്തട്ടി.

കൈയിൽ നിന്നും
തെറിച്ചുപോയ
ആ ഊന്നുവടി
ദൂരെമാറി കിടപ്പുണ്ട്.

മുഖത്ത് നോക്കിയപ്പോൾ
അയാൾക്ക്
ഗാന്ധിയുടെ
ഛായയായിരുന്നു.

ഗോഡ്സെമാർ
ജീവിച്ചിരിക്കുമ്പോൾ
കൊല്ലുക എളുപ്പമാണ്;
കൊല്ലപ്പെടുകയും.





# വെള്ളമായുമ്പോൾ

കൃഷ്ണേന്ദു പി കുമാർ
രണ്ടാം വർഷ ബിരുദാനന്തര ബിരുദം,
സാമ്പത്തികശാസ്ത്രം

എഴുതേണ്ടത് കറുപ്പിനെക്കുറിച്ചാണ്.
എന്തെല്ലാം എഴുതാം?
അതും 'അക്ഷരം തെറ്റുന്ന' വെളുത്ത താളിൽ,
'നുണകൾ' കേട്ടുമടുത്ത വെളുത്ത ചുവ
രുകൾക്കുള്ളിലിരുന്ന്.

നോക്കിയിരിക്കെ, അലയടിച്ച്
വീട്ടിലേക്ക് വിരുന്നെത്തിയ
ഇരുട്ടിന്റെ കറുപ്പിനെക്കുറിച്ച്.

അതിർത്തിയിൽ ഉതിർത്ത
വെടിയുണ്ടകളിൽ നിന്നും
ഉയർന്നു പൊന്തിയ
പുകയുടെ കറുപ്പിനെക്കുറിച്ച്.

കമ്പിവേലികൾ കൊണ്ടു തീർത്ത
വലയത്തിനുള്ളിൽ നിന്ന്
'സാഹോദര്യ'ത്തെ മറന്ന്
'സ്വരാജ്യം' എന്നു പറയാൻ
നീ പഠിപ്പിച്ച കറുപ്പിനെക്കുറിച്ച്.

കൊന്നിട്ടും ആവർത്തിച്ചു
നിറയൊഴിക്കുന്ന വർഗ്ഗീയതയുടെ
കറുപ്പിനെക്കുറിച്ച്.

അക്ഷരംകോർത്തു മുളപ്പിച്ച്
ഒടുവിൽ വെട്ടിയരിയപ്പെട്ട,
വടിച്ചുമാറ്റപ്പെട്ട,
വീണ്ടും കിളിർത്ത
'മീശ'യുടെ കറുപ്പിനെക്കുറിച്ച്.

ആണുടലിൽ നിന്നു പൊരുതിയിറങ്ങിയ
പെണ്ണിന്റെ, 'പർദ്ദ'യുടെ
കറുപ്പിനെക്കുറിച്ച്.

അധമന്റെയും അടിമയുടേയും
തൊലിപ്പുറത്ത് പറ്റിപ്പിടിച്ച
അവർണ്ണതയുടെ കറുപ്പിനെക്കുറിച്ച്.

സത്യത്തിന് 'നീ കൊടുത്ത' വെള്ള മായ്ച്ച്,
പ്രണയത്തിന് 'നീ കൊടുത്ത' ചോപ്പ് മായ്ച്ച്,
മരണത്തിന് 'കാലം കരുതിവച്ച'
കറുപ്പിനെക്കുറിച്ച്.


നിറഞ്ഞ പകലിൽ
കറുപ്പിനെക്കുറിച്ചെഴുതുമ്പോൾ
എന്റെ ഉള്ളിലും കറുപ്പാണ്.
കാരണം, വെള്ള മായുമ്പോൾ
സത്യത്തെ ഉൾക്കൊള്ളുന്നത്
അതു മാത്രമാണ്

# ബഹുസ്വരത യിലൂടകിിയ ഭാരതീയ ചിന്തകൾ

പ്രിയങ്കാ സുബാഷ്
ഒന്നാം വർഷ ബിരുദാനന്തര ബിരുദം,
ജന്തുശാസ്ത്രം

ലോകത്തിന്റെ മുഴുവൻ നന്മയ്ക്ക് വേണ്ടി പ്രാർത്ഥിച്ചിരുന്ന ഒരു രാഷ്ട്രമായിരുന്നു ഭാരതം. വേദങ്ങളുടെയും ഇതിഹാസങ്ങളുടെയും ഉപനിഷത്തുകളുടെയും ശ്രുതികളുടെയും സ്മൃതികളുടെയും പുരാണങ്ങളുടെയും ഭാരതം. 19-ാം നൂറ്റാണ്ടിലെ ആധുനിക സമൂഹ രൂപീകരണത്തിന്റെ സന്ദർഭത്തിലാണ് ഭാരതീയ ചിന്ത എന്ന മട്ടിലുള്ള ആശയങ്ങൾ നിലവിൽ വരുന്നത്. അതിനു മുമ്പ് ചിന്താ പാരമ്പര്യങ്ങളൊക്കെയും നിലനിൽക്കുന്നുണ്ട്, പക്ഷേ ഓരോ പാരമ്പര്യത്തിനും അതിന്റേതായ വഴി എന്നല്ലാതെ, ദേശീയമെന്നോ, ദേശരാഷ്ട്രം വരണമെന്നോ ഉള്ള ഒരാവശ്യം അക്കാലം വരെ ഉയർന്നിട്ടില്ല.

ബഹുസ്വരതയുടെ ഏറ്റവും വലിയ പരീക്ഷണശാലയും അതിന്റെ വിജയപഥമേറിയ രാജ്യവും, ലോകത്ത് ഏതെന്ന് ചോദിച്ചാൽ അതിന് ലോകജനത നൽകുന്ന ആദ്യ മറുപടി ‘മഹാത്മാ ഗാന്ധിയുടെ ഇന്ത്യ’ എന്നായിരിക്കും. നാം പണ്ട് സ്കൂളിൽ പഠിച്ചിട്ടുണ്ട് നാനാത്വത്തിൽ ഏകത്വം (unity in diversity) എന്ന്. നമ്മുടെ സംസ്കാരം ബഹുസ്വരമാണ് പല മതങ്ങൾ, പല സംസ്കാരങ്ങൾ, പല ഭാഷകൾ, വേഷങ്ങൾ, ജീവിത രീതികൾ ഇന്ത്യയിൽ ഉടലെടുത്തുകൊണ്ടിരുന്നു. എത്ര സുന്ദരമാണ് ഇന്ത്യയുടെ സംസ്കാരം. മതങ്ങൾ ഉടലെടുത്തു. സംസ്കാരങ്ങൾ ഉടലെടുത്തു. മറ്റു മതങ്ങളേയും ഇന്ത്യ രണ്ടു കൈയും നീട്ടി സ്വീകരിച്ചു. യാത്രാ സംഘങ്ങൾ വന്നുകൊണ്ടേയിരുന്നു. ഇന്ത്യ വളർന്നുകൊണ്ടേയി



**"ബഹുസ്വരതയുടെ ഒരു ഭാണ്ഡക്കെട്ടാണ് ഇന്ത്യ. വൈവിധ്യങ്ങളെ അംഗീകരിച്ചുകൊണ്ട് മാത്രമേ, മനുഷ്യനായിട്ട് മുന്നോട്ട് പോകാനും, മനുഷ്യനായിട്ട് പാർക്കാനും സാധിക്കുകയുള്ളൂ. നമുക്കിടയിൽ ചില വ്യത്യാസങ്ങൾ നൈസർഗികമാണ്, മൗലികമാണ്. ഈ വ്യത്യാസങ്ങളെ അംഗീകരിക്കുന്നതിനെയാണ് മാനവത്വം എന്നു പറയുന്നത്.**

രുന്നു. എല്ലാവരും ഇന്ത്യയെ നിർമ്മിച്ചു. ഭാഷകൊണ്ട്, സംസ്കാരം കൊണ്ട്. സകല മതങ്ങളേയും ഉൾക്കൊണ്ടു ഇന്ത്യ. ഒന്നിനേയും നിരാകരിച്ചില്ല.

ബഹുസ്വരതയുടെ ഒരു ഭാണ്ഡക്കെട്ടാണ് ഇന്ത്യ. വൈവിധ്യങ്ങളെ അംഗീകരിച്ചുകൊണ്ട് മാത്രമേ, മനുഷ്യനായിട്ട് മുന്നോട്ട് പോകാനും, മനുഷ്യനായിട്ട് പാർക്കാനും സാധിക്കുകയുള്ളൂ. നമുക്കിടയിൽ ചില വ്യത്യാസങ്ങൾ നൈസർഗികമാണ്, മൗലികമാണ്. ഈ വ്യത്യാസങ്ങളെ അംഗീകരിക്കുന്നതിനെയാണ് മാനവത്വം എന്നു പറയുന്നത്. എല്ലാവരും സൗഹൃദത്തോടെ ഇവിടെ പാർത്തു. ഇന്ത്യൻ സംസ്കാരത്തിന് അസാധാരണമായ ചാരുത നൽകി. പൊരുത്തങ്ങളുടെ മഹാപ്രവാഹമായി ഭാരതം മാറി. കവി അന്നു പാടി, "സാരെ ജഹാംസെ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ."

അന്നത്തെ ഇന്ത്യയല്ല ഇന്ന്. പണക്കാരന്റെ ഇന്ത്യ, വർഗീയതയുടെ ഇന്ത്യ, അമ്മയേയും പെങ്ങളേയും തിരിച്ചറിയാത്ത മനുഷ്യമൃഗങ്ങളുടെ ഇന്ത്യ. പല രീതിയിലുള്ള അഭിപ്രായ വ്യത്യാസങ്ങളും, സംഘർഷങ്ങളും ഉണ്ടാക്കാനുള്ള ശ്രമങ്ങൾ ഇവിടെ നടക്കുന്നുണ്ട്. അതിലെല്ലാം, മതമുണ്ട്, ഭാഷയുണ്ട്, രാഷ്ട്രീയമുണ്ട്. എല്ലാ മതങ്ങളുമുണ്ടായിരിക്കുന്നത് മനുഷ്യജീവിതത്തിനു മധുരം പകരാനാണ്. ബഹുസ്വരതയാണ് മതങ്ങളുടെ അടിസ്ഥാനം. പക്ഷേ കൈമാറിപ്പോന്നവർ അത് കളങ്കിതമാക്കി. അവരുടെ ആഹ്വാനങ്ങളിൽ ശവപ്പറമ്പുകൾ തീർക്കുന്ന അനുയായികൾ, ഇവിടെ വിദ്വേഷത്തിന്റെ കനൽക്കൂമ്പാരത്തിൽ നിന്നും രക്തനദി ഒഴുക്കുന്നു. വേഷവിധാനങ്ങളുടെ പേരിൽ, ആഹാരത്തിന്റെ പേരിൽ, ഭാഷയുടെ പേരിൽ, മതത്തിന്റെ പേരിൽ ഒക്കെ മനുഷ്യർ കൊലവിളി നടത്തുന്നു. മനുഷ്യന്റെ സ്നേഹിക്കുവാനുള്ള കഴിവിനെ തമസ്കരിച്ചുകൊണ്ടാണ് നാം പലപ്പോഴും വെറുപ്പിന്റെ തത്വശാസ്ത്രങ്ങൾക്ക് പിന്നാലെ പോകുന്നത്. എത്ര സുന്ദരമായാണ് വയലാർ തന്റെ മാനിഷാദയിൽ അത് എഴുതിയത്; "സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും."

മതങ്ങളെ പഠിക്കുവാൻ അവയുടെ തനതായ ഗ്രന്ഥങ്ങളെ പഠിക്കുക. സമൂഹത്തിൽ ഛിദ്രത ഉണ്ടാക്കിയ പോക്കറ്റ് നിറയ്ക്കുവാൻ ശ്രമിക്കുന്ന ശത്രുക്കളുടെ പൊളിവചനങ്ങൾക്ക് ശ്രദ്ധ കൊടുക്കേണ്ട ആവശ്യം നമുക്കില്ല.






ആരും ആരെയും പോലെ ആകേണ്ട, എല്ലാവരേയും അങ്ങനെ തന്നെ കാണാൻ നമ്മൾ പഠിക്കണം. എന്റെ ചിന്താധാര ശരിയാണ് എന്നുള്ളതിന് മറ്റുള്ളവരുടെ ചിന്താധാര തെറ്റാണ് എന്ന അർത്ഥം ഒരിക്കലും കൊടുക്കരുത്. സ്വാതന്ത്ര്യസമരപ്രസ്ഥാനം നമ്മിലെ സങ്കുചിത തത്വങ്ങളെ ഇല്ലായ്മചെയ്തുകൊണ്ട് ഒരു വലിയ ദർശനത്തിലേക്കാണ് അന്ന് കൈപിടിച്ച് ഉയർത്തിയത്. ചിന്തകൊണ്ട് പോലും മറ്റൊരാളോട് ഹിംസ അരുതെന്ന് പഠിപ്പിച്ച അഹിംസാവാദിയായ ഗാന്ധിജിയുടെ ഭാരതമാണിത്. വിദ്യാഭ്യാസം ഒരു നല്ല മനുഷ്യനെ നിർമ്മിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. മതസ്പർധയെ ഊട്ടിവളർത്തുന്ന ഭീകര പ്രസംഗങ്ങൾ കൊണ്ട് കലുഷിതമായ മീഡിയകളാണ് ചുറ്റും. വിദ്യാസമ്പന്നരായ നമുക്ക് സത്യമെന്തെന്ന് തിരിച്ചറിയുവാനുള്ള ബോധം വേണം. മതത്തിന്റെയും, നിറത്തിന്റെയും, ഭാഷയുടെയും രാഷ്ട്രീയത്തിന്റെയും പേരിൽ കലഹിക്കാതെ മനുഷ്യനാവാൻ കഴിയണം.

ഒരേ വഴിക്ക് എന്നും സഞ്ചരിക്കാതെ, പല വഴിക്ക് സഞ്ചരിച്ച് ഒരേയിടത്തിൽ മടങ്ങിയെത്തുമ്പോഴാണ് ബഹുസ്വരതയാർന്ന കാഴ്ച്ചപ്പാടും, സഹിഷ്ണുതയും അറിവും കൈവരുക. അറിവുള്ളവന് വർഗീയത ഉണ്ടാകില്ല, വർഗീയത ബുദ്ധിശൂന്യന്റെ ആയുധമാണെന്ന് മഹാനായ വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. നാം പ്രതിജ്ഞ ചൊല്ലുമ്പോൾ ഒരു നിമിഷം എന്താണ് ചൊല്ലുന്നതെന്ന് ആലോചിക്കുക. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ് എന്നു ചൊല്ലുന്നതിന്റെ അർത്ഥം മനസ്സിലാക്കി ചൊല്ലണം. വിശാലമായിട്ട് ചിന്തിക്കുന്നവർക്ക് ലോകം തന്നെയാണ് തറവാട്.

ദേശീയത കെട്ടിപ്പൊക്കുവാൻ പുറപ്പെടുമ്പോൾ അല്പനേരം ഒന്നു ചിന്തിക്കണം. ഇവിടെ സമാധാനമാണ് വേണ്ടത്. രാജ്യപുരോഗതിക്കാണ് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. ആയിരം വർഷത്തെ വിദേശ ആക്രമണത്തിനു ശേഷവും ഇന്ത്യ മരിച്ചില്ല. 1947 വരെ വിദേശികൾ നശിപ്പിച്ച നമ്മുടെ രാജ്യത്തെ ഇപ്പോൾ നാം തന്നെയാണ് നശിപ്പിക്കുന്നത്. അഴിമതിയും ദാരിദ്ര്യവും വർഗീയലഹളകളുമില്ലാത്ത ബഹുസ്വരതയാർന്ന ഒരു നവഭാരതത്തിന്റെ നിർമ്മാണം ഇന്ന് അനിവാര്യമാണ്. സ്നേഹമല്ലാതെ മറ്റൊരു വികാരവും സാമൂഹികമായുള്ള വൈവിധ്യങ്ങളിലൂടെ കടന്നുപോകുമ്പോൾ നമ്മെ പിടികൂടുന്നില്ല എന്ന് ഉറപ്പ് വരുത്തുവാനുള്ള വ്യക്തിപരമായുള്ള പരിവർത്തനം ഇന്ന് ഓരോ ഭാരതീയനും ആവശ്യമാണ്. ബാലിശമായിട്ടുള്ള വ്യത്യാസങ്ങളെ പർവ്വതീകരിച്ചുകൊണ്ട് അയൽക്കാരുടെ ഇടയിൽ മതിൽകെട്ടുന്ന ഈ സങ്കുചിതമായ കാലഘട്ടത്തെ നാം മാറ്റിമറിക്കണം. പുതിയ തലമുറയ്ക്ക് അത് കഴിയും.

**"1947 വരെ വിദേശികൾ നശിപ്പിച്ച നമ്മുടെ രാജ്യത്തെ ഇപ്പോൾ നാം തന്നെയാണ് നശിപ്പിക്കുന്നത്. അഴിമതിയും ദാരിദ്ര്യവും വർഗീയലഹളകളുമില്ലാത്ത ബഹുസ്വരതയാർന്ന ഒരു നവഭാരതത്തിന്റെ നിർമ്മാണം ഇന്ന് അനിവാര്യമാണ്.**

**"മനുഷ്യന്റെ സ്നേഹിക്കുവാനുള്ള കഴിവിനെ തമസ്കരിച്ചുകൊണ്ടാണ് നാം പലപ്പോഴും വെറുപ്പിന്റെ തത്വശാസ്ത്രങ്ങൾക്ക് പിന്നാലെ പോകുന്നത്. എത്ര സുന്ദരമായാണ് വയലാർ തന്റെ മാനിഷാദയിൽ അത് എഴുതിയത്; "സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും."**



# ഗ്രാംഷി: ഫാഷിസത്തിന്റെ അടിവേരറുത്ത മാനവികതയുടെ പോരാളി

ഹന്ന സ്റ്റാൻലി
രണ്ടാം വർഷ ബിരുദം,
സാമ്പത്തികശാസ്ത്രം

മാനവചരിത്രത്തിൽ ഏറ്റവുമധികം മാറ്റങ്ങൾ സംഭവിച്ചതും വ്യത്യസ്തങ്ങളായ ആശയങ്ങളുടെയും ആദർശങ്ങളുടെയും ജീവിതരീതികളുടെയും ശാസ്ത്രീയ സിദ്ധാന്തങ്ങളുടെയും ഉദയവും അസ്തമയവും കണ്ടതും ഇരുപതാം നൂറ്റാണ്ടിലായിരിക്കും. മുതലാളിത്തത്തിന്റെ വികസിത രൂപമായ സാമ്രാജ്യത്വത്തിന്റെ കടന്നുവരവ്, അണുശക്തിയുടെ സംഹാരാത്മകമായ മുഖം വെളിപ്പെടുത്തിയ ലോകമഹായുദ്ധങ്ങൾ, അഹിംസാത്മകമായ സമരത്തിലൂടെ സാമ്രാജ്യത്വത്തിനെതിരെ പൊരുതിയ ഗാന്ധിയുടെ പാതയും, വംശീയ വിദ്വേഷത്തിന്റെ മുഖമായ ഹിറ്റ്ലറിന്റെ നാസിസവും മുസോളനിയുടെ ഫാഷിസവും തുടങ്ങി മനുഷ്യജീവിതത്തെ ആഴത്തിൽ ഗ്രഹിച്ച നിർണായകമായ നിരവധി സാമൂഹ്യ രാഷ്ട്രീയ സംഭവങ്ങൾക്ക് ഇരുപതാം നൂറ്റാണ്ട് സാക്ഷ്യം വഹിച്ചിട്ടുണ്ട്. സാമ്രാജ്യത്വം അതിന്റെ അതിഭയാനകമായ രൂപം അണിഞ്ഞു സമൂഹത്തെ ചൂഷണം ചെയ്തിരുന്ന ഈ കാലഘട്ടത്തിലാണ് രാഷ്ട്രീയപ്രവർത്തനത്തിലേക്കുള്ള ഗ്രാംഷിയുടെ അരങ്ങേറ്റം. ഗ്രാംഷിയൻ ചിന്തകളെ വേണമെങ്കിൽ ഫാഷിസ്റ്റ് കാലഘട്ടത്തിലെ മാർക്സിസം എന്ന് വിശേഷിപ്പിക്കാം. അദ്ദേഹത്തിന്റെ ചിന്തകളെ ലോകം ശ്രദ്ധയോടെ വീക്ഷിക്കാൻ തുടങ്ങിയത് 1950 തുകളിലാണ്. ഈ ആശയങ്ങൾ ചുരുങ്ങിയ കാലയളവിൽ തന്നെ സമൂഹത്തിന്റെ എല്ലാ തട്ടുകളിലും വ്യാപകമായി ചർച്ചചെയ്യപ്പെട്ടു.

സാമൂഹികമായി പിന്നോക്കാവസ്ഥയിലുള്ള ഇറ്റലിയുടെ



**സാമ്രാജ്യത്വം അതിന്റെ അതിഭയാനകമായ രൂപം അണിഞ്ഞു സമൂഹത്തെ ചുഷണം ചെയ്തിരുന്ന ഈ കാലഘട്ടത്തിലാണ് രാഷ്ട്രീയപ്രവർത്തനത്തിലേക്കുള്ള ഗ്രാംഷിയുടെ അരങ്ങേറ്റം. ഗ്രാംഷിയൻ ചിന്തകളെ വേണമെങ്കിൽ ഫാഷിസ്റ്റ് കാലഘട്ടത്തിലെ മാർക്സിസം എന്ന് വിശേഷിപ്പിക്കാം.**

ഒരു ഭാഗമായ സർദീനിയായിലെ അലാസ് പട്ടണത്തിലെ ഒരു ദരിദ്ര കുടുംബത്തിൽ 1891-ലാണ് അന്റോണിയോ ഗ്രാംഷിയുടെ ജനനം. ഗ്രാംഷിയെപ്പോലെ വളരെയധികം പ്രതിസന്ധികളും വെല്ലുവിളികളും നേരിട്ട രാഷ്ട്രീയപ്രവർത്തകനും സൈദ്ധാന്തികനും വേറെയില്ല എന്നു തന്നെ പറയാം. ബാല്യം മുതലേ അനാരോഗ്യം ഗ്രാംഷിയെ അലട്ടിയിരുന്നു. നട്ടെല്ലിനു സംഭവിച്ച തകരാറുമൂലമുണ്ടായ കൂനും അഞ്ചടിയിൽ താഴെയുള്ള ഉയരവും ഗ്രാംഷിയുടെ ചിന്താധാരകളെയോ പോരാട്ടവീര്യത്തെയോ തെല്ലും കെടുത്തിയില്ല എന്നത് അദ്ദേഹത്തിന്റെ ആശയങ്ങളുടെ തിളക്കം വർധിപ്പിക്കുന്നു. ആന്തരികാവയങ്ങൾക്കുണ്ടായ വൈകല്യങ്ങൾ പലപ്പോഴും അദ്ദേഹത്തെ മരണവുമായി മുഖാമുഖം എത്തിച്ചിട്ടുണ്ട്.

ചെറുപ്പം മുതൽ തന്നെ ഗ്രാംഷി കോളനിവിരുദ്ധ സാമ്രാജ്യത്വവിരുദ്ധ ആശയങ്ങളുടെ ശക്തനായ വക്താവായിരുന്നു. സോഷ്യലിസ്റ്റായ ജ്യേഷ്ഠന്റെ സ്വാധീനം അദ്ദേഹത്തിൽ വളരെ പ്രകടമായിരുന്നു. കൂടാതെ സ്വന്തം നാട്ടുകാരെ മൃഗീയമായ ചുഷണത്തിലൂടെ വരിഞ്ഞുമുറുക്കി വീർപ്പുമുട്ടിക്കുന്ന വടക്കൻ പ്രദേശങ്ങളിൽനിന്നുള്ള വ്യവസായികളുടെ ദാക്ഷിണ്യരഹിതമായ പ്രവർത്തനങ്ങളും, ഈ ക്രൂരതയ്ക്കെതിരെ പ്രതികരിച്ച സമൂഹത്തെ മാനുഷികപരിഗണനപോലും നൽകാതെ അടിച്ചമർത്തിയ സർക്കാർ നടപടിയും ഗ്രാംഷിയുടെ ഉള്ളിലെ തൊഴിലാളിവർഗ്ഗസ്നേഹിയെ ഉണർത്തി. 1915-ൽ രോഗം മൂർച്ഛിച്ച അദ്ദേഹം പഠനം തുടരാനാകാതെ ഉപേക്ഷിക്കാൻ നിർബന്ധിതനായെങ്കിലും എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് സോഷ്യലിസ്റ്റ് രാഷ്ട്രീയം പിൻതുടർന്നു. സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ "അവന്തി"യുടെ പ്രിന്റ് എഡിഷന്റെ സഹപത്രാധിപരാവുകയും ചെയ്തു. 1916-ൽ നടത്തിയ ആദ്യ പൊതുപ്രസംഗത്തിൽ റൊമൈൻ റോളങ്, പാരീസ് കമ്യൂൺ, വനിതാവിമോചനം എന്നീ വിഷയങ്ങളിലാണ് അദ്ദേഹം സംസാരിച്ചത്.

ഫാഷിസത്തെ ചെറുത്തു തോൽപ്പിക്കുവാൻ ഒരു ഐക്യമുന്നണി എന്ന ഗ്രാംഷിയൻ ആശയം ആദ്യമായി പിന്തുണയ്ക്കപ്പെടുന്നത് 1926 ജനുവരിയിൽ ലിയോണിൽ വച്ച് നടന്ന കോൺഗ്രസ്സിലാണ്. ഒരുപക്ഷേ ഫാഷിസത്തിന്റെ ഉറക്കം ഏറ്റവുമധികം കെടുത്തിയത് കമ്യൂണിസവും ഗ്രാംഷിയുടെ തലച്ചോറുമായിരിക്കണം. ഒരർത്ഥത്തിൽ പറഞ്ഞാൽ ഫാഷിസത്തിന്റെ കണ്ണിലെ കരടായിരുന്നു ഗ്രാംഷിയൻ ചിന്തകൾ. 1922-ൽ ഇറ്റലിയിൽ മുസോളനിയുടെ ഫാഷിസ്റ്റ് ഭരണം അധികാരത്തിൽ എത്തിയതോടെ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിപ്പെട്ടു. 1926-ൽ ഫാഷിസ്റ്റ് ഭരണകൂടം അന്റോണിയോ ഗ്രാംഷിയെ തടവിലാക്കുകയും അദ്ദേഹത്തിന്റെ തലച്ചോറിന് കൂച്ചുവിലങ്ങിടുകയും ചെയ്തു. പക്ഷേ ഗ്രാംഷിയെന്ന മനുഷ്യസ്നേഹിക്ക് തോറ്റുകൊടുക്കാനാകുമായിരുന്നില്ല. തടവറയിൽ നേരിടേണ്ടിവന്ന പീഡനങ്ങളെ അതിജീവിച്ചുകൊണ്ട് നടത്തിയ രചനകളിലൂടെ അദ്ദേഹത്തിന്റെ ഏറ്റവും സർഗാത്മകമായ കാലഘട്ടം കടന്നുവന്നു. ഗ്രാംഷി തന്റെ തടവുകാലങ്ങളെ, തൊഴിലാളിവർഗ്ഗത്തിന്റെ ഭാവിയെ എങ്ങനെ സോഷ്യലിസത്തിലേക്ക് നയിക്കാമെന്ന ധൈഷണിക അന്വേഷണത്തിനുവേണ്ടി ഉപയോഗപ്പെടുത്തി.







ജയിലിൽ കഴിയുന്ന കാലത്താണ് കുറിപ്പുകൾ എഴുതുവാനുള്ള പദ്ധതി നിലവിൽ വരുന്നത്, കൂടാതെ അദ്ദേഹത്തിനു വായിക്കുവാനും ആഴ്ചയിൽ രണ്ടു കത്തുകൾ എഴുതുവാനും അനുമതി ലഭിച്ചു. അദ്ദേഹത്തിനുണ്ടായ പരിമിതികളെയെല്ലാം അതിജീവിച്ച് കിട്ടിയ അവസരം ഏറ്റവും ഉചിതമായി പ്രയോജനപ്പെടുത്തി. തടവിൽ കഴിഞ്ഞ കാലം ഗ്രാംഷി എഴുതിയ ജയിൽകുറിപ്പുകളാണ് പിന്നീട് മാർക്സിസ്റ്റ് സൈദ്ധാന്തിക ചരിത്രത്തിലെ നാഴികകല്ലായി മാറിയത്. ജയിലിന്റെ മുദ്രപതിപ്പിച്ച നോട്ടുപുസ്തകത്തിൽ അദ്ദേഹം എഴുതിത്തുടങ്ങി. തടവറയിൽ കിടന്നുകൊണ്ട് എഴുതുമ്പോൾ ഉണ്ടാകുന്ന അപര്യാപ്തതകളും തന്റെ ആശയങ്ങൾ അതേപടി പ്രതിഫലിപ്പിക്കുന്നതിലുമുള്ള ബുദ്ധിമുട്ടുകൾ ഇക്കാലത്തെഴുതിയ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ പ്രകടമാണ്.

മരണശേഷം ഭാര്യാസഹോദരിയായ താനിയ ഗ്രാംഷിയുടെ കുറിപ്പുകളെ അതീവ ജാഗ്രതയോടെ സൂക്ഷിക്കുകയും പിന്നീട് അവയെ ലോകത്തിനു വെളിപ്പെടുത്തുകയും ചെയ്തു. 1947-ൽ പ്രസിദ്ധീകൃതമാകുന്നതുവരെ നോട്ടുബുക്കുകളുടെ ഉള്ളടക്കം ആർക്കും അറിയില്ലായിരുന്നു. പ്രസിദ്ധീകരിക്കപ്പെട്ട എട്ട് വാല്യങ്ങളിൽ ആദ്യത്തെ രണ്ടുവാല്യങ്ങൾ അദ്ദേഹത്തിന്റെ കത്തുകളായിരുന്നു. നേതൃത്വം വഹിക്കുവാൻ പ്രാപ്തരായതിനു ശേഷമാണ് തൊഴിലാളികൾ അധികാരം ഏൽക്കേണ്ടതു എന്ന ആശയമാണ് അദ്ദേഹത്തിന്റെ കുറിപ്പുകളിൽ ഉടനീളം കാണാൻ കഴിയുന്നത്. 2848 പേജുകളുള്ള ഈ ജയിൽകുറിപ്പുകൾ റോമിലുള്ള ഗ്രാംഷി ഗവേഷണകേന്ദ്രത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്നു.


**തടവറയിൽ നേരിടേണ്ടിവന്ന പീഡനങ്ങളെ അതിജീവിച്ചുകൊണ്ട് നടത്തിയ രചനകളിലൂടെ അദ്ദേഹത്തിന്റെ ഏറ്റവും സർഗാത്മകമായ കാലഘട്ടം കടന്നുവന്നു. ഗ്രാംഷി തന്റെ തടവുകാലങ്ങളെ, തൊഴിലാളി വർഗ്ഗത്തിന്റെ ഭാവിയെ എങ്ങനെ സോഷ്യലിസത്തിലേക്ക് നയിക്കാമെന്ന ധൈഷണിക അന്വേഷണത്തിനുവേണ്ടി ഉപയോഗപ്പെടുത്തി.**

ഗ്രാംഷിയുടെ ധൈഷണിക സംഭാവനകളിലെ ഏറ്റവും കാതലായ സങ്കൽപനമാണ് മേൽകോയ്മ (Hegemony). രാഷ്ട്രം എന്ന പരികൽപനയെ ഗ്രാംഷി മനസ്സിലാക്കുന്നത് രാഷ്ട്രീയസമൂഹത്തിന്റെയും പൗരസമൂഹത്തിന്റെയും സങ്കൽപ്പമായാണ്. സ്വകാര്യസ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, ദേവാലയങ്ങൾ, സമിതികൾ, പ്രസിദ്ധീകരണങ്ങൾ, രാഷ്ട്രീയ കക്ഷികൾ മുതലായവ പൗരസമൂഹത്തിൽപ്പെടും. പൊതുസ്ഥാപനങ്ങളായ ഗവൺമെന്റ്, കോടതികൾ, പോലീസ്, സൈന്യം എന്നിവയാണ് രാഷ്ട്രീയ സമൂഹത്തിൽപ്പെടുന്നത്. രാഷ്ട്രീയ സമൂഹം ബലപ്രയോഗത്തിലൂടെയും പൗരസമൂഹം അധീശത്വത്തിലൂടെയും അധികാരം നിലനിർത്തുന്നു. മുതലാളിത്ത സമൂഹത്തിൽ ജനങ്ങൾ ഭരിക്കപ്പെടുന്നത് പ്രത്യക്ഷമായ അടിച്ചമർത്തലുകളിലൂടെ മാത്രമല്ല, ക്യാപിറ്റലിസത്തിന്റെ ദർശനങ്ങളിലൂടെയുമാണ് എന്ന ആശയത്തെക്കുറിച്ചു സംവദിക്കുന്നതിനു വേണ്ടിയാണ് മേൽകോയ്മ എന്ന തന്റെ സങ്കൽപനം ഗ്രാംഷി അവതരിപ്പിക്കുന്നത്. ബലപ്രയോഗത്തിലൂടെയും പൊതുസമ്മതത്തിലൂടെയും മുതലാളിത്തം നേടിയെടുക്കുന്ന ഹെജിമണി തകർത്തുകൊണ്ട് തൊഴിലാളിവർഗ്ഗത്തിന്റേതായ ഹെജിമണി സ്ഥാപിക്കപ്പെടണം എന്നാണ് ഗ്രാംഷി ചൂണ്ടിക്കാട്ടിയത്. വിപ്ലവപ്രവർത്തനത്തിൽ ബുദ്ധിജീവികളുടെ പങ്ക്, കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാനം, ഫാഷിസത്തിനെതിരായ ഐക്യമുന്നണിയുടെ പ്രസക്തി അങ്ങനെ നിരവധി വിഷയങ്ങളിൽ ഗ്രാംഷി നൂതനമായ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. സാംസ്കാരിക മേൽകോയ്മ ബൂർഷ്വാസിക്കു നിലനിർത്താൻ കഴിയുന്നിടത്തോളം കാലം തൊഴിലാളിവർഗ്ഗ വിപ്ലവം അസാധ്യമാണെന്നു ഗ്രാംഷി ചൂണ്ടിക്കാട്ടി. ഭരണകൂടം പിടിച്ചെടുത്തതുകൊണ്ടു മാത്രം തൊഴിലാളിവർഗ്ഗത്തിന് മേധാവിത്വം സ്ഥാപിക്കാൻ കഴിയുകയില്ലെന്നും, ഭരണകൂടാധികാരം പിടിച്ചെടുക്കുന്നതിനു മുമ്പ് തന്നെ പൗരസമൂഹത്തെയാകെ ആശയപരമായി ആയുധം അണിയിക്കുവാൻ തൊഴിലാളിവർഗ്ഗ പാർട്ടി ഒരു വിദ്യാഭ്യാസസ്ഥാപനമായി പ്രവർത്തിക്കണമെന്നും ഗ്രാംഷി ചൂണ്ടിക്കാട്ടി. ഇറ്റലിയിലെ പ്രതിസന്ധി മൂടിവയ്ക്കുവാനല്ലാതെ പരിഹരിക്കുവാൻ മുസോളിനിയുടെ ഫാഷിസത്തിന് കഴിയുകയില്ല എന്ന് ഗ്രാംഷി ചൂണ്ടിക്കാട്ടി. ഫാഷിസം ഒരുപക്ഷെ കുറച്ചുകാലം നിലനിൽക്കാമെങ്കിലും അത് ഒരു പുതുയുഗപ്പിറവിയാകില്ലെന്ന് ഗ്രാംഷി പ്രവചിച്ചത് തെളിയിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മരണശേഷം എട്ട് വർഷം പിന്നിട്ടപ്പോൾ

ഇറ്റലിയിൽ നിന്ന് മാത്രമല്ല യൂറോപ്പിൽ നിന്നു തന്നെ ഫാഷിസം തൂത്തെറിയപ്പെട്ടു.

അന്റോണിയോ ഗ്രാംഷി ഒരു മാർക്സിസ്റ്റു ചിന്തകനായോ, മാർക്സിയൻ ആശയങ്ങളുടെ യഥാർത്ഥ പിന്തുടർച്ചക്കാരനായോ ആണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ഗ്രാംഷിയുടെ വിമർശകരായ ലൂയി ആൾത്തുസർ, പെറി ആന്റേഴ്സൺ തുടങ്ങിയ മാർക്സിസ്റ്റു ചിന്തകർപോലും അദ്ദേഹത്തെ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട മാർക്സിസ്റ്റ് ചിന്തകനായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇന്ത്യൻ ഇടതുപക്ഷ രാഷ്ട്രീയത്തിലും അക്കാദമിക്ക് അന്വേഷണങ്ങളിലും ഗ്രാംഷിയുടെ സ്വാധീനം തുലോം പരിമിതമാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമര വിശകലനങ്ങളിലെ ചില ഏടുകളിലും അംഗുലീപരിമിതമായ ചില കീഴാളരചനകളുടെ പ്രചോദന കാരണമായും മാത്രം ആൻറ്റോണിയോ ഗ്രാംഷി എന്ന ഫാഷിസ്റ്റ് വിരുദ്ധ വിപ്ലവ സൈദ്ധാന്തികൻ ഒതുങ്ങി പോകുന്നതായി കാണേണ്ടിവരും. സമകാലീന ഇന്ത്യൻ രാഷ്ട്രീയത്തിലെ ഫാഷിസത്തിന്റെ വളർച്ച സാർവലൗകിക പ്രസക്തിയുള്ള ഗ്രാംഷിയൻ സൈദ്ധാന്തിക ഉൾക്കാഴ്ച്ചയിൽ നിന്നു വിശകലനം ചെയ്യാൻ ഇടതു പക്ഷം തയ്യാറാകേണ്ടിയിരിക്കുന്നു. ശക്തമായ ഇടതുപക്ഷ സ്വാധീനമുള്ള കേരളത്തിൽ പോലും ഗ്രാംഷിയൻ ചിന്തകളെ വേണ്ടവിധം ചർച്ചയ്ക്കും പഠനത്തിനും വിധേയമാക്കാതിരിക്കുന്നത് ഒരു അത്ഭുതമായി തോന്നാം.

ഇന്ത്യൻ സമൂഹത്തെ മുതലാളിത്ത പ്രത്യയശാസ്ത്രം കീഴടക്കിയിരിക്കുന്ന ഈ ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ ഇന്ത്യൻ നിർമിത ഫാഷിസം നമ്മുടെ സമൂഹത്തിന്റെ എല്ലാ മേഖലകളിലും പിടിമുറുക്കുകയാണ് എന്ന യാഥാർഥ്യം തിരിച്ചറിഞ്ഞു ഇതിനെ ചെറുത്തു തോൽപ്പിക്കാൻ ഒരു പ്രതിസംസ്കാരം സൃഷ്ടിച്ചെടുക്കേണ്ടതായുണ്ട് അതിനുള്ള ശക്തമായ സൈദ്ധാന്തിക അടിത്തറ നൽകുവാനും പുതിയ പ്രവർത്തനമണ്ഡലങ്ങൾ തുറന്നുകൊടുക്കുവാനും ഗ്രാംഷിയൻ ചിന്തകൾ പ്രയോജനപ്പെടുത്തേണ്ടത് അനിവാര്യമാണ്.




**"ബലപ്രയോഗത്തിലൂടെയും പൊതു സമ്മതത്തിലൂടെയും മുതലാളിത്തം നേടിയെടുക്കുന്ന ഹെജിമണി തകർത്തുകൊണ്ട് തൊഴിലാളിവർഗ്ഗത്തിന്റേതായ ഹെജിമണി സ്ഥാപിക്കപ്പെടണം എന്നാണ് ഗ്രാംഷി ചൂണ്ടിക്കാട്ടിയത്.**

കടപ്പാട്

"അന്റോണിയോ ഗ്രാംഷി: ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം," Bodhi Commons, 20 ജനുവരി 2014, http://bodhicommons.org/article/antonio-gramsci-epic-of-twentieth-century. 6 മെയ് 2019



സൈനുൾ ആബിദ്
ഒന്നാം വർഷ ബിരുദാനന്തര ബിരുദം
രസതന്ത്രം

# അതിർത്തിയിലെ ആപ്പിൾ മരങ്ങൾ

ഇരുട്ട് നിലാവെളിച്ചത്തോട് ഒരു കഥ പറയുകയായിരുന്നു,
അതിർത്തിയിലെ ആ ആപ്പിൾ മരങ്ങളെക്കുറിച്ച്.
അശാന്തിയുടെ താഴ്വരയിൽ
അവിശ്വാസത്തിന്റെ തീ മഴ പെയ്യുകയാണ്.
രാത്രിയുടെ നനുത്ത നിശബ്ദതയിൽ
കുർദിയുടെ നേർത്ത നിലവിളി കേൾക്കാം.
മരിച്ചവന്റെ പശ്ചാത്തല സംഗീതം,
ആ സംഗീതത്തിനു കാതോർക്കാൻ
അതിർത്തിയിൽ ആ ആപ്പിൾ മരങ്ങളല്ലാതെ മറ്റെന്തുണ്ട്.
ബയണറ്റേന്തിയ ഭടന്മാരിടയ്ക്ക് മരിച്ചുവീഴുന്നുണ്ട്.
അവരുടെ കട്ടപിടിക്കാത്ത ചുടു ചോരയാണ്
ആ ആപ്പിൾ മരങ്ങളുടെ ദാഹം ശമിപ്പിക്കുന്നത്.
ആ മരങ്ങൾ വല്ലാത്ത തരക്കാരാണ്.
അവയുടെ നിലംപറ്റിയ വേരുകൾ ഈ ദേശത്താണ്.
ഇലപൊഴിയും ശിഖരങ്ങൾ ശത്രു രാജ്യത്തും.
അഥവാ ഇടയ്ക്കു വീശുന്ന പൊടിക്കാറ്റിൽ
അവയുടെ പൗരത്വം ചോദ്യം ചെയ്യപ്പെടാറുണ്ട്
ദേശസ്നേഹത്തിന്റെ അപ്രഖ്യാപിത വെടിയുണ്ടകൾ
അതിർവരമ്പുകൾ മുറിക്കുന്നുണ്ട്
നിഴൽ മുറിയപ്പെട്ട പ്രേതാത്മാക്കളോടൊപ്പം
ദൃക്സാക്ഷികളായി ആ ആപ്പിൾ മരങ്ങൾ മാത്രം
അതിർത്തി കലഹിക്കുന്നിടത്തെല്ലാം
വെടിയുണ്ടകൾ പായും,
മരിച്ചവന്റെ നിലവിളി കേൾക്കും.
നിലയ്ക്കാത്ത ചോരയൊഴുകും,
ആപ്പിൾ മരങ്ങൾ തളിർക്കും.
അവയുടെ അസ്തിത്വം ചോദ്യം ചെയ്യപ്പെടും
യഥാർത്ഥത്തിൽ ആ ചുവന്നു തുടുത്ത ആപ്പിളുകൾ
ഏതു ദേശക്കാരുടേതാണ്?

# Is India at a Turning Point? Trends in India's Political Economy

Sanjose A Thomas
Lecturer, Department of Sociology

## Indian democracy

One simple way to think of what is happening in India is in terms of a framework of two interrelated crises - both political and economic - that India has undergone over the past three to five years.

First, to put things in their historical context, traditionally, India has been a very “noisy” democracy, but often there is much activity without much actual progress. As such, it is important to distinguish between long-term trends in India, and short-term “noise.” However, I believe India is on the cusp of a fundamental transformation-one that other democracies have experienced in the past as well.

As we know India is a very robust and vibrant democracy. There is no doubt about how deeply entrenched democracy is India. In fact, it is one of the few places in the world where voter turnout rates are actually increasing. Furthermore, historically, India has one of the highest rates of anti-incumbency of any democracy. In addition, India has deepened over the years, becoming increasingly inclusive of historically marginalized groups.

However, there remains one fundamental flaw in Indian democracy. While it had become representative, it was not a very responsive democracy. The structures of the Indian state seemed to be very slow to meet the demands of the people and was very inefficient. This is not limited to business but applies also to the delivery of basic social services. While such a gap between representation and responsiveness exists to some extent in all democracies, in India’s case this gap was systemic.

## Principles of Indian administration

Indian system of administration was founded on four principles that did not suit democracy. First, the Indian system believed solely in vertical accountability, whereby members of government were only accountable to their superiors. There was very little horizontal accountability besides elections but these were only held once every five years. As such, there were very few mechanisms for addressing the inability of the government to provide a particular service.

Second, Indian government was founded on immense secrecy, with few citizens knowing how or why particular decisions were made. Confounding this issue was the fact that the government was the primary source of important information for its citizens.

Third, India has traditionally had a very centralized state system. This remains the case today, despite various decentralization efforts.

Fourth, the government enjoyed very wide discretion in how it governed. Of course, a level of discretion is afforded to all governments and this is indeed required for effective governance, but despite the existence of formal rules, in practice the Indian government exercised a very wide range of discretionary powers that extended all the way to the most basic decisions.




## Winds of change

Nonetheless, positive change is afoot in India and the four principles of administration are being fundamentally challenged. There has been greater demand for horizontal accountability and citizens have been demanding grievance redressal mechanisms. Members of government will eventually not just have to satisfy their boss, but citizens as well.

The second major revolution in India is the change in the information order of the state. The enactment of the Right to Information Act has been one of the primary legislative causes of this. It has fundamentally ensured that Government secrets can no longer exist. In fact, the reason that so many corruption scandals have recently come to light is likely not an indicator of growing corruption, rather it is due to the fact that such information is increasingly being exposed. Additionally, civil society has become a much greater source of information than it ever was. Society is now producing new forms of self-knowledge across a range domains. These factors have resulted in a shift in the balance of information from the state to society.

The third major change is the growing calls for political participation and decentralization. This demand is most pronounced in rural areas of India. On the other hand, in urban India there is much further to go, as most cities have no clear governance structure. Nevertheless, there is great demand for decentralization.

Finally, while most people recognize that any government will require discretionary power, governments will now have to justify how it exercises such discretion. Moreover, it will have to do so much more widely and satisfy all stakeholders. In a sense, there has been demand for replacing discretion with public reason.

These changes partially explain the logjam in Indian politics over the last three to five years. The traditional principles of Indian administration are collapsing, resulting in the expunging of a lot of poison from the old system, and consequently a significant loss of legitimacy. This loss of legitimacy has also compromised the state's decision-making ability. In the meantime, the struggle for the new order is continuing. The direction is clear, but the question is, what new mech anisms will be put in place that reflect the aspiration for greater horizontal accountability, for more decentralization, further access to information, and governance that engages citizens in public reason.

**Growing middle class**

Despite the economic reforms of 1991, a number of sectors remained powerfully under state control such as natural resources; land, a particularly crucial resource in India; and arguably aspects of the financial market as well. Indeed, most of the recent corruption scandals have arisen in these sectors. The state continued to assume that it could govern these sectors with the arbitrariness it had always enjoyed. However, now, because of civil society mobilization, media, and the changing information order, the pressure to justify its actions has increased tremendously. Unfortunately the state was not used to justifying itself to the various stakeholders in good faith and gaining their trust. All governments have gone through such a transformation but the issue in India was that the state was very slow to recognize the fundamental changes in Indian society.

Much of this change has arisen due to the growing assertiveness of the middle class. I am actually referring to two middle classes in India - the global middle class (anybody who earns more than $10 a day PPP adjusted) or Indian upper class, at the top 8-10% of the income distribution, and the local middle class, whose income is greater than 80% percent but less than 200% of the median income. Both are growing, which has important consequences for Indian politics.



First, managing their expectations has become very complicated. Previously, most governments assumed they simply had to keep inflation low, avoid mass starvations or famine, and then build a coalition based on social identity. As incomes grow, their interface with the economy becomes increasingly complex, in forms such as greater demand for education or growing healthcare costs. However, politicians were slow to recognize that they could not craft coalitions in the same way as the past. The second effect is that this growth increases the resources available to the government, resulting not only in a rise in opportunities for corruption, but also the possibility of the state doing more good for people. Consequently the gap between possibility and reality actually increases rather than decreases. So overall, the rise of the middle class is raising the possibility of creating new politics.



**2014 general election**

The practices of the Indian state had been found to be obsolete but no political parties recognized this. This was true of both the Congress Party and the principal opposition party. In any other democratic system, the opposition would have seized these issues as an opportunity to lambast the government. However, in India's case the opposition was also implicated in this system, making it difficult for people to mobilize through conventional channels of politics.

Furthermore, events such as the gang rape incident in Delhi, which saw a breakdown in law and order, sparked serious civil society mobilization, but the inability of these movements to channel themselves through conventional political parties gave rise to fierce anti-political sentiment. This sentiment was first channelled in the anti-corruption movement, and now the AAP, or Common Man Party, has just scored a major electoral victory in Delhi.

The AAP's rise demonstrated a number of things. First it is possible to fight elections in India based on new and clean sources of funding. Older parties would justify corruption by citing the need to fund elections, which are actually more expensive than those of the United States, even in absolute terms. Secondly the AAP's presence is forcing the two main parties to respond. The passing of anti-corruption legislation and the creation of the anti-corruption Lokpal entity is a testament to the success of the AAP. Furthermore, the party has also reengaged the Indian middle class in politics, which as a highly privatized class had been distancing itself from the state apparatus.

**Economic slowdown**

One of the big disappointments in recent years was the slow-down in the India Economy with growth rates dropping from over 8% to just under 5%. India faced an alarming current account deficit problem, but more importantly, inflation was at a historic high. So what happened to the Indian economy? Honestly speaking, there is no straightforward explanation - in fact the reason why India's economy was growing at 8% in the first place remains unclear.

Nevertheless, there were a number of factors. First, despite assertions by main policymakers to the contrary, the Indian economy was not decoupled from the global economy and was affected by the global slowdown like all other emerging markets.

At the same time most economists believe India's problems were home-grown. The first of these was the standstill in domestic investment, both public and private, in the infrastructure and power industries. This was the result of the recent corruption scandals, which made decision-making very difficult. The challenges of decision-making were further compounded by the growing environmental movement among citizens and the lack of an appropriate environmental regime to respond to these demands.

Of course, infrastructure and power heavily impact the rest of the economy and many people argue that Indian inflation is the result of such supply-side constraints. As inflationary expectations set in, the reserve bank had to keep interest rates relatively high, which some argue dampened growth. Once growth slowed, the actual projects that had been invested in then became less viable, leading to much unproductive sunk capital.

There was also a fiscal deficit. In fact, the finance minister has acknowledged that the 2009 stimulus package was a major mistake. The spending itself was not the problem. The problem was it mostly took on unproductive forms, owing partly to corruption but also the government's choices. So this vicious cycle of falling growth and high inflation made Indian private investors nervous and reluctant to invest. Furthermore, as the economy slowed down, Indian consumers began buying gold, which created a current account deficit problem.
My own sense is that the worst

is over and I believe this view is widely shared amongst Indian entrepreneurs. My first reason for thinking this is the growing recognition that India cannot be governed by the old rules, which, in the long-term, should promote investment. New processes and regulations have been put in place, and while it may take some time for everything to settle, over time, the limiting of the government's discretionary powers and the greater predictability of the system will be good for investors.

Secondly, whichever government comes to power, they will likely enjoy at least a short period of legitimacy. The current government has suffered such a loss of legitimacy that even when doing the right thing, it has not been afforded any trust from the public. Additionally, inflation has finally begun to taper, so there are reasons to be cautiously optimistic.

**Predicting the election results**

Overall, India is undergoing a large structural change and the coming election will be fought on the agenda of "newness." Even Rahul Gandhi, representing the oldest incumbent party, is trying to project himself as an outsider to the system. As such, I think it is encouraging that no one wants to claim allegiance to the old system.

In terms of results, as things stand, there is a consensus that the Congress Party will do very badly. Their credibility has been disastrously eroded. A couple of months ago it looked like the BJP would be able to score a significant enough electoral victory to at least form a stable coalition. However, the rise of the AAP has complicated things, making it very hard to predict the election results. We are entering genuinely uncharted territory. Such a three-way political contest has not been seen in India, particularly urban areas, in a very long time. There is also evidence that voter patterns are changing. For example, the AAP won the vote of both the ultra-rich and ultra-poor in the Delhi elections, contradicting conventional assumptions about identity politics in India.

Finally, my own research of elections since 2004 reveals a peculiar phenomenon whereby the party that eventually wins gains a small additional surge just before the elections commence. This suggests that when voters wish to vote a party out, in the end they opt for the party that is most likely to form an alternative stable government. If my hypothesis is true, then the BJP, as the single largest party, will gain a final surge.

The good news is that this election will be about governance; indeed a new governance architecture is beginning to take shape. However, it is unknown how well Mr. Modi of the BJP would fare as a policy-maker. Similarly, the AAP is still an entity in the making. So for both parties, no one knows what the core theme will be. In that sense, we are also in an area of uncharted territory in terms of policy. Nonetheless, I see this as an opportunity rather than a constraint. The BJP and AAP are relatively blank slates and India is facing a moment of transformation and therefore great opportunity. I am sure whoever comes to power will recognize the failures of the past five years, and understand the importance of avoiding an economic slowdown.



# The Murky Dirge

Alina Celine Lancy
First Year Post Graduation,
English Literature

Every day, the river flows
Like a dirge.
A thick soup of orphaned
Things, terrible filigrees-
An empty, bright yellow packet
Of noodles,
A plastic bottle,
Dead leaves,
Crimson red hibiscus flowers,
Serpentine entrails from
The slaughter house,
Cranes sailing upon
Wet cardboard rafts
And the unseen.
The musk of the river
Stinks of yesterday's sins.

# Time Travels

Those yesterdays
Were never mine.
Soiled with
Putrid memories,
Bitter as cough syrups
Gulped in a clasp
Of breath.
What about todays?
I barely think of them
In the chaotic process
Of recollecting and
Rebuilding yesterdays.
Vain, terribly vain attempts.
And about tomorrows?
Lost in the coils of time.
Unborn and deceptive.
The eye to be arrowed.
Somewhere in between,
I splinter.

## ചുടല

മരത്തെ ചതിച്ചവർ, മണ്ണിനെയും മലയെയും കാറ്റിനെയും ചതിച്ചവർ മഴ ചതിച്ചെന്നുപറഞ്ഞ് വിലപിക്കുന്നതുകേട്ട് ഭ്രാന്തൻ ഉറക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു, “സ്വാർത്ഥത മുറ്റിയ മനുഷ്യാ, പ്രകൃതിയുടെ ശവപ്പെട്ടിയിൽ അവസാനത്തെ ആണിയും അടിച്ചതിനു ശേഷമേ, നീ മനസ്സിലാക്കൂ പച്ച നോട്ടുകൾ കഴിച്ചു വിശപ്പ് മാറ്റാൻ കഴിയില്ലെന്ന്.”





# പശ്ചിമഘട്ടവും ഗാഡ്ഗിൽ റിപ്പോർട്ടും

ഹർഷ വി. കെ
സാമ്പത്തികശാസ്ത്രം
ഗവേഷണം



യുഗയുഗാന്തരങ്ങളായി മണ്ണിനു വേണ്ടി മനുഷ്യൻ നടത്തിയ ക്രൂരതകളുടെ മറുപടിയായി പ്രകൃതിയുടെ രുദ്ര താണ്ഡവമായ സുനാമിയും ഓഖിയും കേരളതീരങ്ങളെ കണ്ണീരണിയിച്ചപ്പോൾ മധ്യകേരളത്തെയും പ്രത്യേകിച്ച് മലയോരമേഖലയെ ഭീതിയിലാഴ്ത്തിയും, തീരങ്ങളെ ആശങ്കയുടെ മുൾമുനയിൽ നിർത്തിയ പ്രളയകാലത്തിന്റെ വേദനാജനകമായ ഓർമ്മകൾ നാളെ വരാനിരിക്കുന്ന പ്രകൃതിദുരന്തങ്ങളുടെ വ്യാപ്തി വിളിച്ചോതുന്ന ഓർമ്മപ്പെടുത്തലുകളാണ് എന്നത് സാമാന്യയുക്തിയാണ്.

മനുഷ്യരാശിയുടെ ജീവനിലനിൽപ്പിന് അത്യന്താപേക്ഷിതമായ ജൈവവൈവിധ്യങ്ങളുടെ കലവറയാണ് പശ്ചിമഘട്ടം. യുനെസ്കോയുടെ പൈതൃക പട്ടികയിലിടം നേടിയ പശ്ചിമഘട്ടം എന്നും നമുക്കൊരു മുതൽക്കൂട്ട് തന്നെയാണ്. പ്രകൃതി നമുക്ക് സമ്മാനിച്ച ഈ അതുല്യ വിഭവങ്ങൾ സംരക്ഷിക്കുന്നതിലും ഭാവി തലമുറകൾക്ക് വേണ്ടി കരുതിവെയ്ക്കുന്നതിലും നമ്മൾ എത്രത്തോളം നീതി പുലർത്തിയിട്ടുണ്ട് എന്നുള്ളത് ചിന്തിക്കേണ്ട കാര്യമാണ്. ഇന്ന് പശ്ചിമഘട്ടം നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ഗുരുതരമാണ്. പശ്ചിമഘട്ട പ്രദേശത്ത് അൻപത് ദശലക്ഷം ജനങ്ങളുടെ നിലനിൽപ്പിന് പശ്ചിമഘട്ട സംരക്ഷണം അത്യന്താപേക്ഷിതമാണെന്ന് പ്രളയകാല ദിനങ്ങൾ ഓർമ്മപ്പെടുത്തുന്നു. തെക്ക് അഗസ്ത്യമല മുതൽ പറമ്പിക്കുളം വരെയും അതിന് വടക്കുള്ള പശ്ചിമഘട്ട പ്രദേശങ്ങളിലേയും ജൈവവൈവിധ്യം ഭാവിയിലേക്കുള്ള കരുതലാണെന്ന്, സാമൂഹിക- സാംസ്കാരിക- രാഷ്ട്രീയ പ്രവർത്തകരെയും സാധാരണ ജനവിഭാഗത്തെയും അവയുടെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുക എന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

ഹിമാലയം കഴിഞ്ഞാൽ ജൈവവൈവിധ്യത്താൽ പശ്ചിമഘട്ടം സമ്പന്നമാണ്. ലോകത്തിലെ എട്ട് ബയോഡൈവേഴ്സിറ്റി ഹോട്ട്സ്പോട്ടിലൊന്നായി പശ്ചിമഘട്ടം ലോകോത്തര നിലവാരം പുലർത്തുന്നതിൽ നമുക്ക് അഭിമാനിക്കാം. പശ്ചിമഘട്ട പ്രൗഢി നിലനിർത്തുന്നതിന് അഭിപ്രായസമന്വയം മാത്രം പോരാ, പ്രാവർത്തികതല പ്രയത്നവുമാവശ്യമാണ്. വസന്തകാലത്തിന്റെ ഓർമ്മപ്പെടുത്തലുകളിലേക്ക് നയിക്കുന്ന നാലായിരം ഇനം പുഷ്പിക്കുന്ന പുഷ്പങ്ങൾ അവയിൽ തന്നെ ലോകത്ത് മറ്റെങ്ങുമില്ലാത്ത ആയിരത്തിയഞ്ഞൂറ് ഇനം പുഷ്പങ്ങളുടെ മനോഹരമായ കാഴ്ചകൾ നയനത്തിന് കുളിർമയേകും. കേരളത്തിലെ പരിസ്ഥിതിലോല പശ്ചിമഘട്ടത്തിലെ തെക്കേ അറ്റത്തുള്ള ഉഷ്ണമേഖലാ മഴക്കാടുകളിലെ ജൈവവൈവിധ്യം അവിസ്മരണീയതയുടെ നിറകുടമാണ്. നിത്യഹരിതവനങ്ങൾ, ചോലകാടുകൾ, പുൽമേടുകൾ, ആർദ്രഇലപൊഴിയും കാടുകൾ, വരണ്ട ഇലപൊഴിയും കാടുകൾ എന്നിങ്ങനെയുള്ള പ്രധാന അഞ്ച് പരിസ്ഥിതി വ്യൂഹങ്ങൾ ഒരിടത്ത് സംഗമിക്കുന്നത് പശ്ചിമഘട്ടത്തിന്റെ അപൂർവ്വ കാഴ്ചയാണ്. ആയിരത്തോളം പന്നൽചെടികളാൽ അലംകൃതവും അൻപതോളം ഉറുമ്പുകളുടെ വൈവിധ്യവും മുന്നൂറ്റിമുപ്പതോളം ഇനം ചിത്രശലഭങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്ന വർണ്ണനാതീതമായ മനോഹാരിതയും നൂറ്റിയൻപതോളം ഇനം നാടൻ മൽസ്യങ്ങളുടെ വൈവിധ്യങ്ങളും പശ്ചിമഘട്ടത്തിന്റെ ജൈവവൈവിധ്യത്തിന് പ്രകൃതിയിലൂടെയുള്ള ഒരു ഇടതൂർന്ന സഞ്ചാരപാത വഴിയൊരുക്കുന്നു.

പശ്ചിമഘട്ടത്തെ ജൈവവൈവിധ്യത്തെപ്പറ്റി പറയുമ്പോൾതന്നെ അൻപത് ദശലക്ഷം മനുഷ്യർ ഇതിനോടനുബന്ധ പ്രദേശങ്ങളിൽ ജീവിക്കുന്നു എന്ന് പറയാതെ മുന്നോട്ട് പോകാൻ സാധ്യമല്ല. ദക്ഷിണേന്ത്യയിലെ ജലഗോപുരമാണ് പശ്ചിമഘട്ടം. ജലസംരക്ഷണത്തിൽ പശ്ചിമഘട്ടം വഹിക്കുന്ന പങ്ക് പ്രവചനാതീതമാണ്. ദക്ഷിണേന്ത്യയിലെ 245 ദശലക്ഷം ജനങ്ങളുടെ പ്രധാന കുടിവെള്ള സ്രോതസ്സ് പശ്ചിമഘട്ടമാണ്. 1970 മുതൽ 1990 വരെ 40% സ്വാഭാവിക വനം നഷ്ടമായി എന്നാണ് കണക്ക്. വനനാശം വളരെയധികം വർധിച്ചു വരുന്ന കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. ഇത് പശ്ചിമഘട്ടത്തെ ദുർബലപ്പെടുത്തുന്നതിന് കാരണമായിത്തീരും.

പശ്ചിമഘട്ടത്തിന്റെ അതിർത്തിയെ ഗാഡ്ഗിൽ കമ്മിറ്റി പ്രകൃതിപരമായ നിർണയിക്കലിലൂടെ കണക്കാക്കുന്നു. ഏറ്റവും

താഴെ 150 മീറ്റർ ഉയരവും തുടർച്ചയായി കിടക്കുന്ന വനത്തിന്റെ അതിർവരമ്പും പശ്ചിമഘട്ടത്തിന്റെ അതിർത്തി നിർണയിക്കുന്നതിൽ പ്രധാനമാണ്. നമ്മൾ, ഭക്ഷണത്തിനും മരുന്നിനുമായി ഉപയോഗിച്ചുവരുന്ന സസ്യങ്ങളുടെ ജനിതക ശേഖരങ്ങളുടെ അപൂർവ്വ കലവറ പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളാണ്. ലോകത്തിലെ മുപ്പത്തിയഞ്ച് അതീവ ജൈവവൈവിധ്യത്തിന്റെ ഭാഗമാണ് പശ്ചിമഘട്ടം.

ജൈവവൈവിധ്യത്തിന് വികസന സൗകര്യത്തിനുള്ള സ്വാധീനം, മലകളുടെ ചെരിവും ഉയരവും ലഭ്യമാകുന്ന മഴയുടെ അളവ്, ഓരോ വർഷവുമുള്ള മഴ ദിനങ്ങളുടെ എണ്ണം, ഭൗമകാലാവസ്ഥാ ഘടകങ്ങളുടെ മാറ്റങ്ങൾ, ഉരുൾപൊട്ടൽ, കാട്ടുതീ എന്നിവയുടെ തോതനുസരിച്ച് പല ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഗുണഭോക്താക്കളുടെ വിലയിരുത്തൽ, തനതുപ്രദേശത്ത് മാത്രമുള്ള വംശനാശം നേരിടുന്ന ജീവികൾ, ജീവവർഗങ്ങളുടെ ഉത്ഭവസ്ഥാനം, വന്യജീവികളുടെ ഇടനാഴി, ജൈവ- അജൈവ ഘടകങ്ങൾ ചേർന്ന ആവാസ വ്യവസ്ഥ, ശുദ്ധജലപരപ്പുകളും എക്കലടിഞ്ഞ മണൽപരപ്പുകളും, ചതുപ്പുവനങ്ങൾ, സർപ്പക്കാവുകൾ, നദികൾ ഉത്ഭവിക്കുന്ന ഇടങ്ങൾ, ദേശീയ ഉദ്യാനങ്ങൾ, വന്യമൃഗ സങ്കേതങ്ങൾ എന്നിവയോട് ചേർന്ന് കിടക്കുന്ന വനങ്ങൾ ഇവയുടെ പശ്ചാത്തലത്തിൽ പശ്ചിമഘട്ടത്തെ മൂന്നായി തരംതിരിച്ചിരിക്കുന്നു. പരിസ്ഥിതിലോലതയുടെ തോതനുസരിച്ച് പശ്ചിമഘട്ടത്തെ Esz1, Esz2, Esz3 എന്ന് പ്രത്യേക സോണുകളായി തിരിച്ചു. Esz1 പൂർണമായും അതീവലോലം Esz2 ൽ ഭാഗികമായ ലോലം, അവയിൽ കുറഞ്ഞ ലോലത്തെ Esz3 യിൽ ഉൾപ്പെടുന്നു.

പശ്ചിമഘട്ടത്തിലെ വർദ്ധിച്ചുവരുന്ന വനനശീകരണവും, അമിതവനവിഭവചൂഷണവും വനങ്ങളുടെ സ്വാഭാവിക സന്തുലിതാവസ്ഥയെ ആഴത്തിൽ ബാധിക്കുന്നു. ആയതിനാൽ, വനങ്ങളെ വനങ്ങളായി തന്നെ പരിപാലിക്കുക. കൃഷിഭൂമിയെ വ്യവസായാവശ്യങ്ങൾക്കായി നൽകാതെ കൃഷിഭൂമി ആയി തന്നെ നിലനിർത്തുക. കൃഷിഭൂമിയെ വനമായി മാറ്റുന്നതിന് സർക്കാർ കൃഷിക്കാർക്ക് ധനസഹായം നൽകും. എന്നാൽ വനഭൂമിയെ കൃഷിഭൂമി ആക്കി മാറ്റുന്നതിന്നെതിരേ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. പശ്ചിമഘട്ട പ്രദേശത്ത് വർഷങ്ങളായി താമസിക്കുന്നവർക്കാവശ്യമായ വീടുകൾ വയ്ക്കാം. ഈ പ്രദേശത്തിന് പുറത്തുള്ളവർക്ക് പശ്ചിമഘട്ടത്തെ വാസയോഗ്യമാക്കാൻ സാധിക്കില്ല.

**യുനെസ്കോയുടെ പൈതൃക പട്ടികയിലിടം നേടിയ പശ്ചിമഘട്ടം എന്നും നമുക്കൊരു മുതൽക്കൂട്ട് തന്നെയാണ്. പ്രകൃതി നമുക്ക് സമ്മാനിച്ച ഈ അതുല്യ വിഭവങ്ങൾ സംരക്ഷിക്കുന്നതിലും ഭാവി തലമുറകൾക്ക് വേണ്ടി കരുതിവെയ്ക്കുന്നതിലും നമ്മൾ എത്രത്തോളം നീതി പുലർത്തിയിട്ടുണ്ട് എന്നുള്ളത് ചിന്തിക്കേണ്ട കാര്യമാണ്.**

'പൊതുസ്ഥലം സ്വകാര്യവൽക്കരിക്കരുത്' എന്നത് പലപ്പോഴും ദുർവ്യാഖ്യാനിക്കപ്പെട്ടു. 1977-ൽ പട്ടയം നൽകിയവർക്കും കിട്ടാനിരിക്കുന്നവർക്കും ഗാഡ്ഗിൽ റിപ്പോർട്ട് തടസ്സമാകുമെന്ന മിഥ്യാധാരണ ജനങ്ങളിൽ പടർത്തി. യഥാർത്ഥത്തിൽ ഇരുപത് വർഷത്തെ മുൻകാല പ്രാബല്യത്തോടെയല്ല ഗാഡ്ഗിൽ റിപ്പോർട്ട് സമർപ്പിച്ചത്. മനുഷ്യന് താമസിക്കാവുന്ന ചെറിയ വീടുകളെ പ്രോത്സാഹിപ്പിക്കുകയും ആർഭാടത്തിനു വേണ്ടിയുള്ള വലിയ വീടുകൾ പശ്ചിമഘട്ടത്തിൽ പൂർണമായും നിയന്ത്രിച്ചിരിക്കുന്നു. പശ്ചിമഘട്ടത്തിൽ അശാസ്ത്രീയമായ കെട്ടിടനിർമാണം പ്രകൃതിയുടെ ബാലൻസിനെ നിഷ്ക്രിയമാക്കും. കെട്ടിടനിർമ്മാണ നിയമാവലിക്കനുസരിച്ചുള്ള വീടുകളുടെ നിർമാണം ഗാഡ്ഗിൽ നിർദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ടൂറിസം പോളിസിയനുസരിച്ച് വേണം വിനോദസഞ്ചാരികളുടെ കെട്ടിടനിർമ്മാണം. വീടുകളും കെട്ടിടങ്ങളും പ്രകൃതിയ്ക്ക് അനുയോജ്യമായതാവണം. ഓരോ വീട്ടിലും സൗരോർജസംഭരണിയും മേൽക്കൂരയിലെ ജലത്തെ സംഭരിക്കാനുള്ള സംവിധാനവും മാലിന്യം സംസ്കരിക്കാനുള്ള ഏർപ്പാടുകളും ചെയ്തിരിക്കണം.

ആശുപത്രികളിലെ മാലിന്യങ്ങളെ പ്രാദേശിക ഭരണകൂടം പ്രത്യേകം സംസ്കരിക്കുക. Esz1, Esz2 എന്നീ മേഖലകളിൽ വിഷജന്യ മാലിന്യസംസ്കരണം പാടില്ല. മലിനീകരണനിയന്ത്രണബോർഡിന്റെ നിയന്ത്രണ വിധേയമായേ പ്ലാന്റുകൾ സ്ഥാപിക്കാൻ പാടുള്ളു. ജലവിതരണം തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലായിരിക്കണം. ചതുപ്പുകൾ, നിലങ്ങൾ,

**മനുഷ്യന് താമസിക്കാവുന്ന ചെറിയ വീടുകളെ പ്രോത്സാഹിപ്പിക്കുകയും ആർഭാടത്തിനു വേണ്ടിയുള്ള വലിയ വീടുകൾ പശ്ചിമഘട്ടത്തിൽ പൂർണമായും നിയന്ത്രിച്ചിരിക്കുന്നു. പശ്ചിമഘട്ടത്തിൽ അശാസ്ത്രീയമായ കെട്ടിടനിർമാണം പ്രകൃതിയുടെ ബാലൻസിനെ നിഷ്ക്രിയമാക്കും. കെട്ടിടനിർമ്മാണ നിയമാവലിക്കനുസരിച്ചുള്ള വീടുകളുടെ നിർമാണം ഗാഡ്ഗിൽ നിർദ്ദേശിക്കുന്നു.**



തണ്ണീർത്തടങ്ങൾ എന്നിവ നികത്തരുത്. പ്രകൃതിയുടെ ആവാസ കേന്ദ്രങ്ങൾക്ക് കോട്ടം തട്ടാനനുവദിക്കരുത്. ജലവൈദ്യുത- ജലസേചന പദ്ധതികളുടെ വൃഷ്ടി പ്രദേശ സംരക്ഷണത്തിന് അത്യന്താപേക്ഷികമാണ്. നദികളെ ഗതിമാറ്റി വിടാനനുവദിക്കരുത്. പുഴയുടെ ഒഴുക്കും ജലത്തിന്റെ ഗുണനിലവാരവും ശാസ്ത്രീയമായി ജനപങ്കാളിത്തത്തോടെ ഉറപ്പുവരുത്തുക.

ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക. രാസകീടനാശിനി പ്രയോഗത്തിലുള്ള കൃഷിയെ നിരുത്സാഹപ്പെടുത്തുക. നാടൻമത്സ്യം, നാടൻപശു എന്നിവ വളർത്തുന്നവരെ പ്രോത്സാഹിപ്പിക്കുക; കാവുകളുടെ സംരക്ഷണം, വൃക്ഷം നട്ടുപിടിപ്പിക്കലും കാറ്റിന്റെ ഗതിയെ നിയന്ത്രിക്കാൻ സഹായകമാകും. തനതു വിത്തിനങ്ങൾ ഉപയോഗിക്കുന്നത് ഉത്പാദനത്തിന്റെ ഗുണമേന്മ നിലനിർത്തും. പരിസ്ഥിതിലോല പ്രദേശത്ത് കൃഷി പാടില്ലെന്നോ കൃഷിക്കാരെ കുടിയിറക്കും എന്നതോ മിഥ്യാധാരണയാണ്. മണ്ണൊലിപ്പിനിടവരുത്തുന്ന കൃഷി 30 ശതമാനം ചെരിവുള്ള പ്രദേശത്ത് പൂർണമായും നിയന്ത്രിച്ചിരിക്കുന്നു. കാലികൾക്കാവശ്യമായ തീറ്റപ്പുല്ലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുക. കളനാശിനി പ്രയോഗം പൂർണ്ണമായി നിയന്ത്രിക്കുക. കൃഷി- മൃഗപരിപാലനം എന്നിവയ്ക്കാവശ്യമായ സഹായങ്ങൾ സർക്കാർ നൽകുക. ഗ്രാമീണതലത്തിൽ ജൈവമാലിന്യപ്ലാന്റ് സ്ഥാപിക്കുക. മത്സ്യങ്ങളുടെ സഞ്ചാരപഥത്തിനു തടസ്സമുണ്ടാക്കുന്ന പദ്ധതികൾ പാടില്ല. തോട്ട പോലുള്ള സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുക.

1986-ലെ വനം- പരിസ്ഥിതി നിയമപ്രകാരം വനത്തെ പരിപാലിക്കുക. വനത്തിനു ചുറ്റും താമസിക്കുന്ന ഭൂവുടമകൾ വനത്തെ സംരക്ഷിച്ചാൽ വനസംരക്ഷണ പാരിതോഷികം നൽകുക. യൂക്കാലിപ്റ്റസ് പോലുള്ള ഏകവിള കൃഷി ഉപേക്ഷിച്ച് വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുക. Esz1, Esz2 എന്നീ മേഖലകളിൽ അണക്കെട്ടുകൾ നിയന്ത്രിക്കുക. വർഷങ്ങൾ പഴക്കമുള്ള അണക്കെട്ടുകളിലെ ജലനിരപ്പ് കുറയ്ക്കുക. ഒരു ദീർഘകാലാടിസ്ഥാന പ്രക്രിയയാണിത്. അണക്കെട്ടുകളിലെ ചെളിയും മണ്ണും എക്കലും കാലാനുസൃതമായി നീക്കം ചെയ്യുക. അണക്കെട്ടുകൾ സംരക്ഷിക്കുന്നതിനുള്ള സാമ്പത്തിക ബാധ്യതയെപ്പറ്റി മൂല്യബോധത്തോടെയുള്ള പഠനം കേരളത്തിനാവശ്യമാണ്.

സൗരോർജത്തിന്റെ ഉപയോഗവും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക. Esz1-ൽ മൂന്ന് മീറ്റർ ഉയരവും 10 മെഗാവാട്ട് വരെ ഉത്പാദനശേഷിയുള്ള പദ്ധതികളും Esz2-ൽ 10

മുതൽ 25 മെഗാവാട്ട് ശേഷിയും 10 മീറ്റർ ഉയരമുള്ള പുതിയ ജലവൈദ്യുത പദ്ധതികളും Esz3-ൽ പരിസ്ഥിതി പഠനത്തിന് വിധേയമായി വലിയ അണക്കെട്ടുകൾ അനുവദനീയമാണ്. കാറ്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന വൻകിടപദ്ധതികൾ പരിസ്ഥിതിലോല മേഖലകളിൽ അനുവദിക്കില്ല. താപനിലയങ്ങൾ പുറന്തള്ളുന്ന ചാരത്തിൽ നിന്ന് ഇഷ്ടികയും റോഡും ഫലപ്രദമായി നിർമ്മിക്കാം. ജൈവസ്രോതസ്സുകളുടെ ഉപയോഗം വ്യാപിപ്പിക്കുക. ഊർജോൽപാദനത്തിനായുള്ള നദികളുടെ ഗതിമാറ്റം പൂർണമായും നിരോധിക്കുക. ആവാസവ്യവസ്ഥയ്ക്ക് സംഭവിക്കുന്ന അപചയവും അണക്കെട്ടിന് ലഭിക്കുന്ന സേവന മൂല്യവും താരതമ്യപഠനത്തിന് വിധേയമാക്കുക. ഗാഡ്ഗിൽ കമ്മിറ്റിയുടെ നിർദേശം നടപ്പിലാക്കിയാൽ 'അണക്കെട്ടുകൾ നശിച്ചുപോകും' എന്ന വാദഗതി തികച്ചും അടിസ്ഥാനരഹിതമാണ്.

പരിസ്ഥിതിലോല പ്രദേശങ്ങളായ Esz1, Esz2-ലും പരിസ്ഥിതി ആഘാതപഠനത്തിനു ശേഷം മാത്രം പുതിയ വലിയ റോഡുകളും റയിൽവേ പദ്ധതികളും അനുവദിക്കാൻ പ്രാപ്തമാക്കാവൂ. പരിസ്ഥിതിക്ക് ഏറ്റവും കുറഞ്ഞ ആഘാതമുണ്ടാക്കുന്ന തരത്തിലുള്ള വിനോദസഞ്ചാരപദ്ധതികൾ നടപ്പിലാക്കുക. പ്രകൃതിയുടെ തനതു സൗന്ദര്യത്തെ നശിപ്പിക്കുന്ന ചുവപ്പ്, ഓറഞ്ച് എന്നീ ഇനത്തിൽപ്പെട്ട വ്യവസായങ്ങൾ Esz1, Esz2-ലും പൂർണ്ണമായി നിരോധിച്ചിരിക്കുന്നു. അനുവാദമില്ലാത്ത ഖനനം, പാറമട, മണലൂറ്റൽ എന്നിവ മൂന്ന് മേഖലകളിലും കർശനമായി നിർത്തിവെയ്ക്കുക. പശ്ചിമഘട്ട ആവാസവ്യവസ്ഥ വിദഗ്ധ സമിതി പരിസ്ഥിതിക്കുണ്ടാകുന്ന മാറ്റങ്ങളെ വിശകലനം ചെയ്ത് ഡേറ്റാബേസ് കൂടുതൽ ശക്തിപ്പെടുത്തുക. ജലത്തിന്റെയും നദികളുടെയും നദീതട ആവാസവ്യവസ്ഥയുടേയും പരിസ്ഥിതിയുടേയും ഡേറ്റാബേസുണ്ടാക്കേണ്ടത് അത്യന്താപേക്ഷികമാണ്. അതിരപ്പള്ളി ജലവൈദ്യുതപദ്ധതിയുടെ വിശദമായ പഠനം നടത്തിയതിന് ശേഷം പരിസ്ഥിതി ആഘാതം കുറഞ്ഞ തോതിൽ നിലനിർത്തിയേ നടപ്പാക്കാൻ അനുവദിക്കാവൂ.

ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കിയെങ്കിൽ പ്രളയദുരന്ത വ്യാപ്തി കേരളത്തിൽ കുറയ്ക്കാമായിരുന്നു. പാറമടകൾ മണ്ണൊലിപ്പിനും തണ്ണീർത്തടക്കയ്യേറ്റം നദികളുടെ ഒഴുക്കിനെ ഗതിമാറ്റിയതും പ്രളയത്തിന്റെ ആഴതലം വർദ്ധിപ്പിച്ചതായി ഗാഡ്ഗിൽ ചൂണ്ടിക്കാട്ടി. സർക്കാരാണ് പ്രശ്നത്തിന് ഉത്തരവാദിയെന്ന് ലളിതമായി പറയാൻ കഴിയില്ല. സാമ്പത്തിക താൽപര്യത്തിനായി കൈകോർത്ത രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും ഉദ്യോഗസ്ഥരുമാണ് പ്രളയത്തിന്റെ യഥാർത്ഥ ഉത്തരവാദിയെന്ന് അദ്ദേഹം തുറന്നു പറഞ്ഞു. പ്രളയകാലഘട്ടത്തിൽ കാറ്റിന്റെ ഗതിമാറ്റത്തിന്റെ പ്രധാന കാരണം ചുരങ്ങളോട് ചേർന്ന വൃക്ഷങ്ങൾ ധാരാളമായി മുറിച്ചു മാറ്റിയതാണെന്നും, പർവ്വതനിരകളിലെ വൃക്ഷങ്ങൾ മുറിച്ചു മാറ്റിയതാണ് ഒഡീഷയിൽ നിന്നുള്ള കാറ്റ് വേഗത്തിൽ കേരളത്തിലെത്താൻ ഇടയായതെന്നും അഭിപ്രായമുണ്ട്. കാലവർഷകാലത്ത് സാധാരണ ഗതിയിൽ അണക്കെട്ട് നിറയില്ല. അശാസ്ത്രീയമായ അണക്കെട്ടിന്റെ സംരക്ഷണ സമിതിയുടെ സംവിധാനങ്ങൾ കേരളത്തിൽ പ്രളയകാലം അതിശക്തമാക്കുന്നതിന് കാരണമായി. തോട്ടപ്പള്ളി സ്പിൽവേയിലു തണ്ണീർമുക്കം ബണ്ടിലും വെള്ളം പോകുന്നതിനു ഉൾക്കൊള്ളാവുന്ന പരിധി ഉയർത്തുക.

പരിസ്ഥിതിലോല പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുന്ന തരത്തിൽ നിർമ്മിക്കുക. പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാനിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. പ്രകൃതിയും മനുഷ്യനും ഇണങ്ങി ജീവിക്കേണ്ട ഇഹലോകവാസത്തെ മനോഹരമാക്കിതീർക്കാൻ പ്രകൃതി സൗഹാർദ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക. കേരളം ഭാവിതലമുറയ്ക്കുകൂടി വേണ്ടിയുള്ളതാണെന്ന ഓർമ്മപ്പെടുത്തലോടെ നിർത്തട്ടെ.

**"പശ്ചിമഘട്ടത്തിലെ വർദ്ധിച്ചുവരുന്ന വനനശീകരണവും, അമിതവനവിഭവചൂഷണവും വനങ്ങളുടെ സ്വാഭാവിക സന്തുലിതാവസ്ഥയെ ആഴത്തിൽ ബാധിക്കുന്നു. ആയതിനാൽ, വനങ്ങളെ വനങ്ങളായി തന്നെ പരിപാലിക്കുക.**



# നിലച്ചുപോയ നിലവിളികൾ

മനു എസ്
ഒന്നാം വർഷ ബിരുദാനന്തര ബിരുദം,
സോഷ്യോളജി

(1)

ഞാൻ ഒന്ന് ഉയർത്ത് എഴുന്നേൽക്കണം
എന്ന് വിചാരിച്ചിട്ട് നാളെത്രയായി?
ചതി വലുതായിരുന്നു
ചുംബനം കളവായിരുന്നു
തറച്ച കുരിശിനു ഭാരം കൂടുതലായിരുന്നു
അടിച്ച ആണികളിൽ നെഞ്ചിൽ തറച്ച്
ഹൃദയത്തെ കുത്തികീറിയിരുന്നു
ആ മുറിവ് മാത്രം എന്തോ ഉണങ്ങുന്നില്ലത്രെ.
ഞാൻ ഒന്ന് ഉയർത്ത് എഴുന്നേൽക്കണം
എന്ന് വിചാരിച്ചിട്ട് നാളെത്രയായി?
അതെങ്ങനെയാ മരിച്ചാൽ അല്ലേ ഉയരാൻ പറ്റൂ,
മരിക്കാതെ മരിച്ചവർക്ക് ഉയരാൻ പറ്റില്ലല്ലോ.

(2)

മറക്കില്ല എന്ന് പറഞ്ഞവരൊക്കെ
മറക്കണം എന്ന് പറഞ്ഞപ്പോഴാണ്
മറവിയും ഞാനും മരിച്ചത്.

(3)

ഉള്ളിലെ ഓർമകൾ വാറ്റി
യെടുത്തതാണത്രേ കണ്ണീർ.
കളഞ്ഞു പോയ കാലമാണത്രേ
കാത്തിരിപ്പ്. പറയാതെ പോയ
വാക്കുകളുടെ ആത്മാവാണത്രേ
മൗനം.

(4)

കടലെടുത്തുപോയത് വീടുകൾ
മാത്രമല്ല, ഓർമ്മയുടെ ചില
ഏടുകൾ കൂടിയാണ്.




# മണ്ണുവാരി കളിക്കുന്നവർ

ആൻമരിയ കെ ബിനു
രണ്ടാം വർഷ ബിരുദം,
ജന്തുശാസ്ത്രം

പിറന്ന നാട്ടിൽ ആറടി മണ്ണ് ലഭിക്കണം എന്നുള്ളത് ഏതൊരു ശരാശരി മനുഷ്യന്റെയും ന്യായമായ അവകാശമാണ്. സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഉയർന്ന നിലവാരത്തിലുള്ള മലയാള നാട്ടിലും ഒരു തീരഗ്രാമം ഈ ആഗ്രഹം നിറവേറ്റുന്നതിനായി അനുദിനം പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ആവശ്യം ന്യായമാണെന്നിരിക്കെ അവഗൗനിക്കാതെ മണ്ണുവാരി കളിക്കുകയാണ് ചിലർ. പ്രകൃതി അതിലെ വിഭവങ്ങളെ മനുഷ്യന്റെ ഉപയോഗത്തിനായി തന്നിരിക്കുന്നു എന്നുള്ളതൊരു വസ്തുതയാണ്. എന്നാൽ, അമിതമായ പ്രകൃതി വിഭവ ചൂഷണം തങ്ങളുടെ ജീവിതത്തിന്റെ അടിത്തറ ഇളക്കുമെന്ന് മനുഷ്യൻ വിസ്മരിച്ചുകൂടാ. വൈദേശിക കടന്നു കയറ്റം കണ്ടെത്തിയ കരിമണൽ ആധിപത്യത്തിന്റെ അധികാരം ഉപയോഗിച്ച് അവരും, പിന്നീട് ജനാധിപത്യത്തിന്റെ അംഗീകാരത്തിൽ തദ്ദേശീയരും പല ന്യായങ്ങൾ പറഞ്ഞു വാരിയെടുത്തപ്പോൾ സ്വന്തം കിടപ്പാടം കാക്കാൻ ത്രാണി ഇല്ലാതെ അലമുറയിടുന്ന ആലപ്പാട്ടുകാരാ നീ പ്രതികരണം മറന്നോ? അതോ നിന്റെ പ്രതികരണങ്ങളെ കശക്കിയെറിയാൻ കരുത്താർജിച്ചവരായിരുന്നോ നിന്റെ എതിരാളികൾ?

കായലിനും കടലിനും ഇടയിൽ ഒരു ജൈവമതിലായി നിലകൊണ്ട ആലപ്പാട് എന്ന കൊച്ചു ഗ്രാമം 89.6 ചതുരശ്ര കിലോമീറ്ററിൽ നിന്നും ഖനനം ചെയ്ത് ചെയ്തു ഇന്ന് 7.6 ചതുരശ്ര കിലോമീറ്ററായി ഇല്ലാണ്ടായതിന്റെ പിന്നിലെ കറുത്ത കരങ്ങളെ നമ്മൾ ഇന്നും തീറ്റിപ്പോറ്റുന്നു എന്നതാണ് ശ്ലേച്ഛാവഹം. ജനാധിപത്യത്തിന്റെ ഖജനാവിൽ കൈയിട്ടു വാരി ശീലിച്ച നമ്മുടെ നേതാക്കൾ കണ്ണടയ്ക്കുന്നത് ഒരു ജനതയുടെ നിലനിൽപ്പിനും സംസ്കാരത്തിനും മുന്നിലാണ്. നിലയ്ക്കാതെ പെയ്ത മഴയ്ക്കുമുന്നിൽ പതറിപ്പോയ മലയാളി മക്കളെ ജീവിതത്തിലേക്ക് കൈ പിടിച്ചു കേറ്റിയ അരയന്മാരെ നാം കാണാതെ പോകരുത്. ദാരിദ്ര്യത്തിന്റെ തീച്ചൂളയിൽ എരിയുമ്പോഴും കൂടെ പിറന്നവർക്കു വേണ്ടി ജീവൻ നൽകാൻ പോലും മടിച്ചിട്ടില്ല ഈ കടലിന്റെ മക്കൾ.

2006ൽ ലോകമനഃസാക്ഷിയെ ഞെട്ടിച്ച സുനാമി ഖനന മേഖലകളെയാണ് ഏറ്റവും ഭീകരമായി ബാധിച്ചത് എന്നത് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ അതിനെ സംബന്ധിക്കുന്ന പഠനങ്ങൾക്കായി വിദഗ്ധരെ നിയമിക്കാൻ നമ്മുടെ സർക്കാരുകൾ തയാറാകുന്നില്ല എന്നത്തിന് പിന്നിൽ ഖനന മാഫിയകളെ വാഴിക്കണം എന്ന ഫ്യൂഡൽ ഉദ്ദേശം തീർത്തും വ്യക്തം. ഭൂപടത്തിൽ ആലപ്പാട് എന്ന തീരഗ്രാമത്തെ നിലനിർത്തുന്നതിനായി തീരവാസികൾ ഒന്നിച്ചു കൈകോർത്തപ്പോൾ മാധ്യമങ്ങൾ അവരുടെ വിലാപത്തിനു നേരെ കണ്ണടച്ചു. മാധ്യമ ധർമം പോലും ഇവിടെ നോക്കുകുത്തി ആയി. എന്നാൽ #savealappad എന്ന സമരത്തെ ഇരുകൈയും നീട്ടി സ്വീകരിക്കുകയായിരുന്നു സമൂഹമാധ്യമങ്ങളിലൂടെ യുവജനങ്ങൾ. വൻകിട കമ്പനി മേധാവികളുടെ ഓഫറുകൾക്കു മുന്നിൽ മാധ്യമങ്ങൾ മുക്കിക്കളഞ്ഞ കരിമണൽ ഖനന വിഷയം ഒരു പറ്റം ചെറുപ്പക്കാരുടെ നേതൃത്വത്തിൽ വാട്സ്ആപ്പ് ഫേസ്ബുക്ക് ഇൻസ്റ്റാഗ്രാം തുടങ്ങിയ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കാൻ തുടങ്ങി. സർക്കാരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും കടലിന്റെ മക്കൾക്കു നേരെ കണ്ണടച്ചപ്പോൾ സമൂഹമാധ്യമങ്ങളിലൂടെ സിനിമ പ്രവർത്തകരും സാഹിത്യകാരന്മാരും പ്രസ്തുത സമരത്തിന് കൈത്താങ്ങായി എത്തി. ബിഗ് സ്ക്രീനിലെ നായകന്മാരായ ടോവിനോ, പ്രിത്വിരാജ് തുടങ്ങിയ ജനപ്രീയ നായകന്മാരുടെ പിന്തുണ വന്നതോടെ മാധ്യമങ്ങൾ വിമർശനാപാത്രമാകാൻ തുടങ്ങി. എന്തുകൊണ്ട് ഇത്തരം ഗൗരവമേറിയ സമരത്തിന് മാധ്യമ പിന്തുണ കിട്ടുന്നില്ല എന്ന വിഷയം ചർച്ചയാകാൻ തുടങ്ങി. ഒരു പ്രഹസനമെന്നോണം സമരം തുടങ്ങി മാസങ്ങൾക്കു ശേഷം സമരപ്പന്തലിൽ എത്തുന്ന മാധ്യമ പ്രവർത്തകർ വാർത്ത റിപ്പോർട്ട് ചെയ്തു മടങ്ങുന്നു. പിന്നീട് ഈ ചൂടേറിയ വിഷയം അവർ ഫ്രീസറിൽ വച്ച് തണുപ്പിക്കുന്നു. സോഷ്യൽ മീഡിയയിൽ തരംഗമായി തീർന്ന സേവ് ആലപ്പാട് എന്ന ഹാഷ്ടാഗ് മറ്റൊന്നിനു വഴി മാറി. കരിമണൽ ഖനനം നിർത്തേണ്ടിവരുന്ന ഒരു സാഹചര്യം ആലപ്പാടിൽ തൊഴിൽ രഹിതരെ സൃഷ്ടിക്കും എന്ന വാർത്ത പരക്കാൻ തുടങ്ങി. സർക്കാരും ഇതേ ന്യായം മുന്നോട്ടു വച്ചതോടെ പിന്തുണയുമായ് മുന്നോട്ടുവന്ന പലരും പതിയെ പുറകോട്ടു വലിഞ്ഞു. പോസ്റ്റുകൾ മാറി ഹാഷ്ടാഗുകൾ മാറി വിഷയം മറ്റൊന്നിനും വഴി മാറി. ഇനി ഇന്ത്യ ആരു ഭരിക്കും എന്നതായ് എല്ലാവരുടേയും ചോദ്യം. അതിനുള്ള ഉത്തരം കണ്ടെത്തുന്നതിനായും ഉത്തരമായി മാറുന്നതിനായും വിവിധ രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും ജനങ്ങളും നെട്ടോട്ടം ഓടാൻ തുടങ്ങി. വോട്ടിനു വേണ്ടി ഉള്ള ആ നെട്ടോട്ടത്തിൽ ആലപ്പാട് എന്ന തീരഗ്രാമത്തെയോ അവിടെ നീതിക്കുവേണ്ടി പോരാടുന്ന അരയന്മാരെയോ പിന്നീട് ആരും കണ്ടില്ല. വീണ്ടും കമ്പനി വണ്ടികൾ വന്നുകൊണ്ടിരുന്നു അവരുടെ കിടപ്പാടം അപ്പാടെ കോരിയെടുക്കാൻ.

**എന്താണ് പരിഹാരം?**

ഖനനം പൂർണ്ണമായും നിർത്തുക എന്നതാണ് സമര സമിതിയുടെ ആവശ്യം. എന്നാൽ ഖനനം നിർത്തുവാൻ സാധ്യമല്ല. പകരം മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഖനനം നടത്തുക. ഭൂമി ഏറ്റെടുക്കുന്നവർക്ക് തക്കതായ മൂല്യം നൽകുക. നിലവിൽ സെന്റിന് അൻപതിനായിരം രൂപയാണ് നൽകുന്നത്. ഒരു ചതുരശ്ര അടിയിൽ നിന്നും ലക്ഷങ്ങൾ വിലയുള്ള ധാതുക്കാളാണ് ഖനനം ചെയ്തെടുക്കുന്നത്. അതിനാൽ കൃത്യമായി മൂല്യ നിർണ്ണയം നടത്തി ഭൂമി ഏറ്റെടുക്കുക. ഏറ്റെടുക്കുന്ന ഭൂമി ഖനനത്തിന് ശേഷം പൂർവ്വ സ്ഥിതിയിലാക്കി ജനങ്ങൾക്ക് തിരികെ നൽകണം. കോടികളുടെ നിക്ഷേപമാണ് ആലപ്പാട് ഗ്രാമത്തിലുള്ളത്. ഇത് കൃത്യമായി സർക്കാരിലെത്താതെ മറ്റു പലരുടെയും പോക്കറ്റിലേക്കാണ് പോകുന്നത്. മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഖനനം നടത്തുക. അല്ലെങ്കിൽ പൂർണ്ണമായും നിർത്തുക. പ്രളയത്തെ അതിജീവിച്ചതല്ല അതിജീവിപ്പിച്ച ഒരു സമൂഹമാണ് ഇവിടെയുള്ളത്. അവരെ സംരക്ഷിക്കേണ്ട ബാധ്യത ഓരോരുത്തർക്കുമുണ്ട്. സമരത്തിൽ മുഖം തിരിച്ചു നിൽക്കുന്ന സർക്കാർ എത്രയും വേഗം ഒരു സർക്കാർ ഏജൻസിയെ ചുമതലപ്പെടുത്തി വ്യക്തമായി പഠനം നടത്തി പരിഹാരം കണ്ടെത്തണം. ഇല്ലെങ്കിൽ ആലപ്പാട് ഇനി ഓർമയിൽ മാത്രമാകും.

ഇന്ന് നാം വരയ്ക്കുന്ന നമ്മുടെ കേരളഭൂപടം ചുവരുകളിൽ മാറ്റി വരക്കേണ്ടി വരുന്ന സാഹചര്യം നാം സൃഷ്ടിക്കരുത്. ഒരു ചെറിയ കരുതൽ നൽകാം ഈ കടലിന്റെ മക്കൾക്ക്. നമ്മുടെ ഒരു കൈത്താങ്ങാണ് ഇനി അടുത്ത തലമുറയ്ക്കുവേണ്ടി ആലപ്പാട് എന്ന തീരഗ്രാമത്തെ സജ്ജമാക്കാൻ പോകുന്നത്.

# പ്രളയാനന്തര കേരളവും വികസന പ്രവർത്തനങ്ങളും

ജിക്കി സിബി
രണ്ടാം വർഷ ബിരുദം,
ഊർജ്ജതന്ത്രം

തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെ താളം തെറ്റലാണ് കേരളത്തെ മഹാപ്രളയത്തിലേയ്ക്ക് നയിച്ചത്. 99-ലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളം നേരിട്ട ഏറ്റവും വലിയ പ്രളയ ദുരന്തം. നിയന്ത്രണാതീതമായ മഴയും കാലാവസ്ഥ പ്രവചനത്തിലെ വീഴ്ചയുമാണ് ദുരന്തത്തിന്റെ പ്രധാന കാരണമായി പറയപ്പെടുന്നത്. അപ്രതീക്ഷിതമായി അണക്കെട്ടുകൾ തുറന്ന് വിട്ടത് ദുരന്തത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായി 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നു. പ്രളയം വിതച്ച കെടുതികൾ ഏറ്റുവാങ്ങിയത് ഏകദേശം 3, 91, 494 ലക്ഷം കുടുംബങ്ങളാണ്. വിവിധമേഖലകളിൽ പ്രളയം ഏൽപ്പിച്ച ആഘാതങ്ങൾ കേരളമനസ്സിൽ എന്നും ഉണങ്ങാത്ത മുറിവായിരിക്കും. ഒപ്പം ഭാവിലേയ്ക്ക് ഒരു പാഠവും.

## കാർഷിക മേഖല

ഭീകരമായ മഴയെ പിന്തുടർന്ന കാറ്റും മണ്ണിടിച്ചിലും കേരള കാർഷിക മേഖലയെ തളർത്തിയിരിക്കുകയാണ്. വാഴ, നെല്ല്, നാണ്യവിളകൾ തുടങ്ങി കാർഷിക മേഖലയിൽ ഒന്നും തന്നെ ഉപയോഗപ്രദമായി അവശേഷിച്ചില്ല. പ്രളയകാലത്തു ഏറ്റവുമധികം കഷ്ടത അനുഭവിച്ച രണ്ടു ഭാഗങ്ങളിലൂടെ ഒന്ന് കടന്നുപോകാം. പ്രളയം ഏറ്റവും അധികം നാശം വിതച്ച ജില്ലകളിൽ ഒന്നാണ് ഇടുക്കി. ഇടതോരാതെ കോരിച്ചൊരിഞ്ഞ മഹാമാരിയിലും തൽഫലമായി ഉണ്ടായ മണ്ണൊലിച്ചിലിലും ഏകദേശം 11,530 ഹെക്ടർ കൃഷി ഭൂമിയാണ് കർഷകർക്ക് നഷ്ടമായത്. പുതിയ വിളവെടുപ്പ് സമ്പ്രദായങ്ങൾ, പ്രത്യേകിച്ച് ഭക്ഷ്യവിളകളിൽ നിന്നും നാണ്യവിളകളിലേക്ക് ഉള്ള മാറ്റം ഇടുക്കിയിലെ കൃഷിയിടങ്ങളിൽ നിന്നുള്ള ഉയർന്ന വളർച്ചാനിരക്ക് നിലനിർത്താൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ടായിരുന്നു. എങ്കിലും ആഗോള വിപണിയിലുണ്ടാകുന്ന വിലയിടിവിൽ നിന്ന് പ്രഹരമേറ്റു നട്ടം തിരിഞ്ഞ മലയോര കർഷകനേറ്റ അതിശക്തമായ പ്രഹരമാണ് പ്രളയം. വാഴ, നെല്ല്, കപ്പ തുടങ്ങിയ ഭക്ഷ്യവസ്തുകളുടെ കർഷകർക്കാണ് ഏറ്റവും കൂടുതൽ നഷ്ടം അനുഭവിക്കേണ്ടി വന്നത്. നാണ്യവിളകളുടെ സ്ഥിതിയും വ്യത്യസ്തമല്ല, ഉദാഹരണത്തിന് കുരുമുളകിന് കിലോഗ്രാമിന് വില 800 രൂപയിൽ നിന്ന് 300 രൂപയായി. പക്ഷേ സാഹചര്യ സമ്മർദ്ദം മൂലം വിലയിടിവ് വകവെയ്ക്കാതെ അവർ വിൽപ്പനയ്ക്ക് തയാറാകുന്നു. ഇടുക്കിയിലെ കർഷകരുടെ മറ്റൊരു പ്രതീക്ഷയായ ഏലയ്ക്കയുടെ വിലയാണെങ്കിൽ ഇന്ന് സർവകാല റെക്കോർഡിലേക്ക് എത്തി നിൽക്കുന്നു. പക്ഷേ ഏലക്കാടുകൾ ഉൾപ്പടെ വൻകിട കർഷകരെന്നോ ചെറുകിട കർഷകരെന്നോ വ്യത്യാസമില്ലാതെ എല്ലാവരുടെയും കൃഷി നശിച്ചത് മൂലം ഇതിന്റെ ഗുണം കർഷകർക്ക് ലഭിക്കുന്നുമില്ല.

ഈ പ്രതിസന്ധികളുടെ നടുവിൽ നിൽക്കുമ്പോൾ എല്ലാവരുടെയും അവസ്ഥ ഏതാണ്ട് സാമ്യമാണെന്നിരിക്കെ കർഷകർ ചിലവുകൾക്ക് ബാങ്ക് വായ്പകളെ ആശ്രയിച്ചുതുടങ്ങി. പ്രളയം വിതച്ച നഷ്ടം മറികടക്കാൻ ഇത് മൂലം ചിലർക്കെങ്കിലും സാധിച്ചു. മിക്ക കർഷകരും തങ്ങളുടെ കൃഷി ഭൂമി ഒന്നിൽനിന്നു വീണ്ടെടുക്കാൻ ശ്രമിക്കുകയാണ് ഉണ്ടായത്. വിളവെടുപ്പിനു പാകമാകാൻ മാസങ്ങൾ എടുക്കുമെന്നിരിക്കെ പണം തിരിച്ചടയ്ക്കാൻ സാധിക്കാതെ അവർ നെട്ടോട്ടമോടുകയാണ്. ബാങ്ക് നടപടികളിൽ ഭയന്ന് ചില കർഷകരെങ്കിലും ആത്മഹത്യ എന്ന പരിഹാരത്തിലേയ്ക്ക് എത്തിനിൽകുന്നു. കണക്കുകൾ പ്രകാരം പ്രളയാനന്തരം ഇടുക്കിയിൽ ഒരു മാസം ശരാശരി നാല് കർഷക ആത്മഹത്യകൾ നടക്കുന്നു. ആനവരട്ടിയിലെ രാജു കെ. എസിന് തന്റെ കാർഷിക നഷ്ടങ്ങൾ തിരിച്ച് പിടിക്കാൻ പിടിവള്ളിയായി കരുതിയ ബാങ്ക് വായ്പ കൊലക്കയറായി മാറി. രാജു ഇടുക്കിയിൽ ആത്മഹത്യചെയ്ത കർഷകരിൽ ഒരുവൻ മാത്രം.

**കണക്കുകൾ പ്രകാരം പ്രളയാനന്തരം ഇടുക്കിയിൽ ഒരു മാസം ശരാശരി നാല് കർഷക ആത്മഹത്യകൾ നടക്കുന്നു. ആനവരട്ടിയിലെ രാജു കെ. എസിന് തന്റെ കാർഷിക നഷ്ടങ്ങൾ തിരിച്ചപിടിക്കാൻ പിടിവള്ളിയായി കരുതിയ ബാങ്ക് വായ്പ കൊലക്കയറായി മാറി. രാജു ഇടുക്കിയിൽ ആത്മഹത്യ ചെയ്ത കർഷകരിൽ ഒരുവൻ മാത്രം.**

വർദ്ധിച്ചു വരുന്ന കർഷക ആത്മഹത്യ മൂലം സംസ്ഥാന സർക്കാർ 190 കോടി രൂപയുടെ വായ്പ സഹായം അനുവദിച്ചു. കൂടാതെ ഇടുക്കി പാക്കേജിന്റെ വീണ്ടെടുക്കൽ എന്നോണം ഒരു മിനി പാക്കേജ് പ്രതിഷേധങ്ങൾക്കൊടുവിൽ സംസ്ഥാന ബജറ്റിന് ശേഷം പ്രഖ്യാപിക്കുകയുണ്ടായി. ഈ വർഷാവസാനം വരെ എല്ലാ കർഷക വായ്പകളും നീട്ടുന്നതായി അറിയിച്ചിട്ടുമുണ്ട്. ഓഗസ്റ്റ് 2018 വരെ എടുത്ത കർഷക വായ്പകൾക്കാണ് ഈ ഇളവ്. ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലെ കർഷകർക്ക് കടാശ്വാസ പദ്ധതിയിൽ പരിഗണിക്കാൻ കേരള സ്റ്റേറ്റ് ഡെബ്റ്റ് റിലീഫ് കമ്മീഷൻ ആവശ്യപ്പെട്ടു. പക്ഷേ ഇതൊക്കെ കൊണ്ടും ഉപജീവന മാർഗം വീണ്ടെടുക്കാൻ സാധിക്കാത്ത അനവധി കുടുംബങ്ങളും ഇടുക്കിയുടെ മലയോര മണ്ണിൽ ഇന്നുമുണ്ട്. മലയിടിച്ചിലിൽ തങ്ങൾക്കു ഉണ്ടായിരുന്നതെല്ലാം ഒരു നിമിഷം കൊണ്ട് സ്വന്തം വസ്തു ഏതാണെന്നു പോലും തിരിച്ചറിയാനാവാത്തവിധം ഇല്ലാതായിപ്പോയ കുടുംബങ്ങളുമുണ്ട്. ഇവർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഇനിയും വേഗത കൈക്കൊള്ളേണ്ടിയിരിക്കുന്നു.

**പ്രളയം കുട്ടനാടിന്റെ ജൈവവൈവിധ്യത്തെയും ദോഷകരമായി ബാധിച്ചു. മലകളിൽ നിന്ന് ഒഴുകിയിറങ്ങിയ വെള്ളവും ചെളിയുമെല്ലാം കുട്ടനാടിന്റെ ശുദ്ധജലത്തെ മലിനമാക്കി. മഴവെള്ളത്തിൽ അടങ്ങിയിരിക്കുന്ന ധാതുക്കൾ ശുദ്ധജലത്തിൽ വളരുന്നമീനുകളുടെ നാശത്തിനു കാരണമായി.**

കേരളത്തിൽ ഒരേ വർഷംതന്നെ ഒന്നിലധികം പ്രളയം അനുഭവിക്കേണ്ടി വന്നവരാണ് കുട്ടനാടൻ നിവാസികൾ. ആദ്യത്തേതിന്റെ പ്രത്യാഘാതങ്ങളിൽ നിന്നും മുക്തമാകുന്നതിനു മുൻപേതന്നെ കേരളത്തെ ഒന്നാകെ വിഴുങ്ങിയ പ്രളയവും എത്തിച്ചേർന്നു. ഇതുമൂലം ദുരന്തത്തിന്റെ വ്യാപ്തി ഈ മേഖലകളിൽ പ്രതീക്ഷിച്ചതിലും

കൂടുതലായിരുന്നു. കുട്ടനാടിലും അപ്പർകുട്ടനാടൻ മേഖലയിലും മാത്രമായി ഏകദേശം 10,495 ഹെക്ടർ കൃഷിഭൂമിയാണ് നശിച്ചത്. ആകെയുള്ള 28 പഞ്ചായത്തുകളിൽ ഒറ്റയിടങ്ങളിൽ പോലും നെൽകൃഷി അവശേഷിച്ചിട്ടില്ല. അതിശക്തമായി പെയ്ത മഴയിൽ 'മട'വീഴ്ച വ്യാപകമായതിനെ തുടർന്ന് കനാലിൽ നിന്ന് കെട്ടി സംരക്ഷിച്ച പാടശേഖരങ്ങൾ ജൂലൈ മാസത്തോടെ തന്നെ നശിച്ച് ഇല്ലാതായി. മഴയുടെയും ഒഴുക്കിന്റെയും ശക്തി തെല്ലും കുറയാത്തതുമൂലം മട പുനർനിർമിച്ച് പാടങ്ങളെ സംരക്ഷിക്കാനോ നിലനിർത്തുവാനോ സാധിച്ചില്ല. ഓഗസ്റ്റ് മാസത്തിലെ പ്രളയം കുട്ടനാടിന്റെ ദുരിതത്തിന് ആക്കം കൂട്ടി. ഏകദേശം 150 കോടി രൂപയുടെ നഷ്ടമാണ് നെൽകൃഷിക്ക് മാത്രം ഉണ്ടായത്. പ്രളയം കുട്ടനാടിന്റെ ജൈവവൈവിധ്യത്തെയും ദോഷകരമായി ബാധിച്ചു. മലകളിൽ നിന്ന് ഒഴുകിയിറങ്ങിയ വെള്ളവും ചെളിയുമെല്ലാം കുട്ടനാടിന്റെ ശുദ്ധജലത്തെ മലിനമാക്കി. മഴവെള്ളത്തിൽ അടങ്ങിയിരിക്കുന്ന ധാതുക്കൾ ശുദ്ധജലത്തിൽ വളരുന്ന മീനുകളുടെ നാശത്തിനു കാരണമായി. ഇതുമൂലം മത്സ്യകർഷകർക്ക് വൻ നഷ്ടമാണ് ഉണ്ടായത്. താറാവ് കർഷകരുടെ അവസ്ഥയും വ്യത്യസ്തമല്ല. താറാവിൻ കൂട്ടങ്ങൾ കൂട്ടത്തോടെ മുങ്ങി ചത്തതും ഒഴുകി പോയതും നിമിത്തം അവരുടെ ജീവിത മാർഗവും ഇല്ലാതായി. വെള്ളപ്പൊക്കത്തിൽ അനേകം വീടുകൾക്ക് നാശം സംഭവിച്ചു. ഇനിയും ശരിയായ നാശനഷ്ടം എത്രയാണന്ന് ഉറപ്പിക്കാൻ ഭരണകൂടത്തിന് കഴിഞ്ഞിട്ടില്ല.

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയാണ് പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നത്. പുതിയ പരാതികളും കണക്കിലെടുക്കണമെന്ന് നിർദേശമുണ്ട്. വീടുകൾ നശിച്ചവർക്ക് നഷ്ടപരിഹാരം നാല് ഘട്ടമായി വിതരണം ചെയ്യാനാണ് തീരുമാനം. പൂർണമായി തകർന്ന വീടുകൾക്ക് നാല് ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകാൻ തീരുമാനിച്ചിരിക്കുന്നത്. പൂർണമായി നശിച്ച വീടുകൾക്കുള്ള രണ്ടാം ഘട്ട സഹായം അർഹരായവർക്ക് പൂർണമായും ലഭിച്ചു കഴിഞ്ഞിരിക്കുന്നു എന്നാണ് സർക്കാർ കണക്കുകൾ സൂചിപ്പിക്കുന്നത്. ഭാഗികമായി തകർന്ന വീടുകൾക്കും സഹായം നൽകിവരുന്നു. 15% വരെ വീട് തകർന്നവർ തന്നെ ഏകദേശം 13, 555 കുടുംബങ്ങൾ ഉണ്ട്. അവർക്ക് 60,000 രൂപ വീതം ലഭിക്കും. 2019ലെ കേരളാ നിയമസഭ ബജറ്റിൽ 1000 കോടി രൂപയുടെ രണ്ടാമത്തെ കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

### വ്യവസായ മേഖല

അപ്രതീക്ഷിതമായ ദുരന്തം വ്യാവസായിക മേഖലയെ നന്നായി ബാധിച്ചു .സംസ്ഥാന സർക്കാരിന്റെ കണക്കുകൾ പ്രകാരം ഏകദേശം 10,000 കോടി രൂപയുടെ നഷ്ടമാണ് വന്നിരിക്കുന്നത്. കേരള വ്യവസായത്തെ മാത്രമല്ല, ദേശീയ വ്യവസായത്തെയും സാരമായി ഇതു ബാധിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഡിപി), വിനോദ സഞ്ചാരം, കൃഷി എന്നിവയിൽ ആശ്രയിച്ചിരിക്കുന്നു. കൊച്ചി ഉൾപ്പെടുന്ന സംസ്ഥാനത്തെ മൂന്ന് അന്തർദേശീയ തുറമുഖങ്ങൾ പ്രളയത്തിൽ നശിച്ചിരുന്നതിനാൽ കേരളത്തിൽ നിന്നുള്ള നാണ്യ വ്യാപാരം, മറ്റ് വ്യവസായ ഉത്പന്നങ്ങൾ എന്നിവയുടെ കയറ്റുമതി പൂർണമായി മുടങ്ങിയിരുന്നു. ഇതുമൂലം കോടിക്കണക്കിനു രൂപയുടെ നഷ്ടമാണ് വ്യവസായിക മേഖലക്ക് വന്നുചേർന്നിരിക്കുന്നത്. ഇവ ഒരു പരിധി വരെ പുനഃസ്ഥാപിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.



ചേന്ദമംഗലം എന്ന കൈത്തറി ഗ്രാമം പ്രളയം വരുത്തി വെച്ച കെടുതിയിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ്. ഓണവിപണി ലക്ഷ്യമിട്ട് നിർമിച്ച കോടികണക്കിനു രൂപയുടെ സ്റ്റോക്കാണ് ഓഗസ്റ്റ് മാസത്തിലെ പ്രളയം നശിപ്പിച്ചത്. കണക്കുകൾ പ്രകാരം ഏകദേശം പതിനഞ്ച് കോടി രൂപയുടെ നഷ്ടമാണ് വെറും അഞ്ച് കൈത്തറി സഹകരണ സംഘങ്ങൾക്ക് മാത്രമുണ്ടായിരിക്കുന്ന നഷ്ടം.

പ്രളയം തളർത്തിയെങ്കിലും പല സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹായത്താൽ കൈത്തറി മേഖല പുനരുദ്ധരിക്കാനുള്ള സാമ്പത്തിക സഹായം ചേന്ദമഗലത്തിനു ലഭിച്ചിട്ടുണ്ട്. പൊതു-സ്വകാര്യ കൈത്തറി സ്ഥാപനകളുടെ നഷ്ടം വിലയിരുത്തുന്നതിനും കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നതിനും വേണ്ടി എറണാകുളം ജില്ല ഭരണകൂടം ഒരു സമിതിയെ രൂപികരിച്ചിരിക്കുന്നു. അതിനാൽ വികസന പ്രവർത്തനങ്ങൾ സമിതിയുടെ തീരുമാനങ്ങൾ അനുസരിച്ച് ആയിരിക്കും നടത്തി വരുക.

കാർഷിക മേഖലക്ക് പുറമേ ക്ഷീരോത്പാദന മേഖലക്കും കനത്ത നഷ്ടമാണ് പ്രളയം സമ്മാനിച്ചത്. വെള്ളപ്പൊക്ക സമയത്തു ഫാക്ടറികളുടെയും മിൽമ ഔട്ട്ലെറ്റുകളുടെയും പ്രവർത്തനം നിലച്ചതും ഗതാഗത സംവിധാനങ്ങൾ പലയിടത്തും ഇല്ലാതിരുന്നതും ക്ഷീര മേഖലയെ തളർത്തി. മാത്രമല്ല കന്നുകാലികൾ കൂട്ടമായി ചത്തൊടുങ്ങിയതും പലയിടങ്ങളിലും വ്യവസായത്തെ സാരമായി ബാധിച്ചു. ക്ഷീരവ്യവസായ മേഖലയ്ക്ക് ഏകദേശം 800 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

### ഗതാഗത മേഖല

കേരളത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 859 ആണെന്നിരികെ ദേശീയ ജനസാന്ദ്രത 382 മാത്രമാണ്. കേരളത്തിന് ഏകദേശം 54 ജലസംഭരണികളുണ്ട്. അപ്രതീക്ഷിതമായ തോരാത്ത മഴയെ ചെറുത്തുനിൽക്കാൻ ഈ ജലസംഭരണികൾക്കായില്ല. കാലങ്ങളായി ഡാം തുറക്കാത്തത് മൂലം ഡാം തുറക്കുമ്പോൾ വെള്ളം ഒഴുകേണ്ടിയിരുന്ന വഴികളിൽ കയ്യേറ്റങ്ങളുണ്ടായിരുന്നു. ഇതുമൂലം സംഭരണി തുറന്നു വെള്ളം ഒഴുകിയ കൂട്ടത്തിൽ ഈ കയ്യേറ്റങ്ങളും മറ്റ് മരങ്ങളുമൊക്കെ കടപുഴകി വീണ് വെള്ളത്തിനൊപ്പം ഒഴുകി വന്നു. ഇവയെല്ലാം വന്നു പാലങ്ങളിലും മറ്റുമൊക്കെ ശക്തമായി ഇടിച്ചതുമൂലം അവയ്ക്കു കേടുപാടുകൾ ഉണ്ടാവുകയും ചെയ്തു.

മലയോര മേഖലകളുടെ സ്ഥിതി വളരെ ദുഷ്കരമായിരുന്നു. മണ്ണിടിച്ചിലും മഴവെള്ളപ്പാച്ചിലിലും റോഡുകൾ ഒലിച്ചു പോയി. വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകൾ ഒറ്റപ്പെട്ടുപോവുകയും ചെയ്തു. ഇടുക്കിയിൽ ചെറുതോണി മുല്ലപ്പെരിയാർ ഡാമുകൾ തുറന്ന് വിട്ടതോടെ ചെറുതോണി പാലത്തിന് മുകളിൽ വെള്ളം കയറി ഗതാഗതത്തെ വെട്ടിലാക്കി. പ്രളയാനന്തരമുള്ള ചെറുതോണിയുടെയും പരിസര പ്രദേശങ്ങളുടെയും അവസ്ഥ നമ്മൾ കണ്ടറിഞ്ഞതാണ്. പ്രളയം മൂലം ഇടുക്കി ജില്ലയിലെ ഏകദേശം 92 പാതകളും മൂന്ന് പാലങ്ങളും പൂർണമായി തകർന്നു. പൊതുമരാമത്ത് വകുപ്പിന്റെ കണക്കുകൾ പ്രകാരം ഏകദേശം 1000 കോടി രൂപയുടെ നഷ്ടമാണ് ഇടുക്കിയിൽ മാത്രമായി വന്നിരിക്കുന്നത്.

പ്രളയത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിനു ഏകദേശം ഒന്നര വർഷം എടുക്കും എന്നാണ് പൊതുമരാമത്ത് വകുപ്പിന്റെ വിലയിരുത്തൽ. അടിയന്തിര അറ്റകുറ്റപ്പണികൾക്കായി 1000 കോടി രൂപയാണ് ചിലവഴിക്കുന്നത്. സാധാരണ റോഡുകൾ മുതൽ നാഷണൽ ഹൈവേകൾ വരെ

> **ആഗോള വിപണിയിലുണ്ടാകുന്ന വിലയിടിവിൽ നിന്ന് പ്രഹരമേറ്റു നട്ടം തിരിഞ്ഞ മലയോര കർഷകനേറ്റ അതി ശക്തമായ പ്രഹരമാണ് പ്രളയം. വാഴ, നെല്ല്, കപ്പ തുടങ്ങിയ ഭക്ഷ്യവസ്തുകളുടെ കർഷകർക്കാണ് ഏറ്റവും കൂടുതൽ നഷ്ടം അനുഭവിക്കേണ്ടി വന്നത്.**



അറ്റകുറ്റപണികൾക്ക് വിധേയമാണ്. പി. ഡബ്ല്യൂ. ഡി ദുരന്തത്തിൽ വലിയ സാമ്പത്തിക നഷ്ടം നേരിടുകയും, റോഡുകൾ പുനർനിർമ്മിക്കുന്നതിന് 4, 978.08 കോടി രൂപ ആവശ്യപ്പെടുകയും ചെയ്തു. ഇതിൽ 196 കോടി രൂപ ഡ്രെയിനേജ് നിർമ്മിക്കാനായി വകയിരുത്തിയിരിക്കുന്നു. കാരണം ഭാവിയിൽ വെള്ളം കെട്ടിനിന്ന് റോഡുകൾ തകരുന്നത് തടയാൻ ഡ്രെയിനേജ് നിർമാണം അനിവാര്യമാണ്.

തെക്കൻ റെയിൽവേയുടെ മൂന്ന് ഡിവിഷനുകളെ പ്രളയം സാരമായി ബാധിച്ചു. തിരുവനന്തപുരം ഡിവിഷനിലെ പതിനൊന്ന് പാലങ്ങളും പ്രധാന ട്രാക്കുകളും വെള്ളത്തിനടിയിലായി. പാലക്കാട് ഡിവിഷനിലെ പത്ത് പാലങ്ങൾക്ക് മുകളിൽ വെള്ളം കയറിയതോടെ റെയിൽ ഗതാഗതം ഇവിടെ സ്തംഭിച്ചു. എന്നിരുന്നാലും പ്രളയത്തിൽ നിന്നും ഇന്ത്യൻ റെയിൽവേ കരകയറി. പ്രളയത്തിന് ശേഷം ഏതാനും ദിവസങ്ങൾക്കുള്ളിൽ ഗതാഗതം പുനസ്ഥാപിച്ചു. ചരിത്രത്തിൽ ആദ്യമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (CIAL) രണ്ട് ആഴ്ചത്തേക്ക് അടച്ചിട്ടു. ഏകദേശം 300 കോടി രൂപയുടെ നഷ്ടമാണ് CIAL-ന് വന്നുചേർന്നത്. പരിസരത്തുള്ള ചെറിയ തോട് നിറഞ്ഞു വെള്ളം റൺവേയിൽ കയറിയതാണ് പ്രധാന കാരണം. ഇതുമൂലം ചുറ്റുമതിലിനും മറ്റുമൊക്കെ കേടുപാടുകൾ ഉണ്ടായി.

നഷ്ടങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ നികത്തുവാനാവാത്ത നഷ്ടങ്ങളാണ് മനുഷ്യ ജീവനുകൾ. മണ്ണിനടിയിൽപ്പെട്ടും മറ്റുമൊക്കെയായി തിരിച്ചു കിട്ടാത്ത അനവധി മൃതദേഹങ്ങളുമുണ്ട്. ഇവയ്ക്കൊക്കെ വിലയിടുക അസാധ്യമാണ്. എങ്കിലും ജാതി-മത-വർഗ വ്യത്യാസമില്ലാതെ മലയാളികൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് കേരളത്തെ പുനരുദ്ധരിക്കുക തന്നെ ചെയ്യുമെന്നുള്ള പ്രത്യാശ നമുക്ക് മുറുകെപ്പിടിക്കാം.

**" നഷ്ടങ്ങളുടെ കണക്ക് പരിശോധിക്കുമ്പോൾ നികത്തുവാനാവാത്ത നഷ്ടങ്ങളാണ് മനുഷ്യ ജീവനുകൾ. മണ്ണിനടിയിൽപ്പെട്ടും മറ്റുമൊക്കെയായി തിരിച്ചു കിട്ടാത്ത അനവധി മൃതദേഹങ്ങളുമുണ്ട്. ഇവയ്ക്കൊക്കെ വിലയിടുക അസാധ്യമാണ്. എങ്കിലും ജാതി- മത- വർഗ വ്യത്യാസമില്ലാതെ മലയാളികൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് കേരളത്തെ പുനരുദ്ധരിക്കുകതന്നെ ചെയ്യുമെന്നുള്ള പ്രത്യാശ നമുക്ക് മുറുകെപ്പിടിക്കാം.**

# ഭൂമികന്യക

ക്രിസ്മ റോസ് ബാബു
ഒന്നാം വർഷ ബിരുദാനന്തര ബിരുദം,
ഊർജ്ജതന്ത്രം

മൃദുലമാം പാദങ്ങൾ
ചുറ്റുമീ വെള്ളിക്കൊലുസും,
അഴകേറും മെയ്യിൽ
അണിയുമീ പൂഞ്ചേലയും,
മധുരഭാഷിണിയാകുമീ
നനുത്ത അധരവും,
വിടർന്നു പൊങ്ങുമീ
കൺപീലികളും,
പ്രണയം തുളുമ്പുമീ
ഉരുണ്ട മിഴികളും,
നനവോടെ നിന്നെ
പുൽകുമീ മുടിയിഴകളും,
എന്തിനേറെ,
എന്നുംശോഭിക്കുമീ
പരിശുദ്ധിതൻ
നിനവേ, പൊട്ടിച്ചെറിയുക
നിൻമുമ്പിലെ ഇരുമ്പഴികളെ
മെനയൂനിൻസ്വപ്നങ്ങളെ
പുണരൂ നിന്നുടെ ജഗത്തെ.

# ആത്മജ

ആൻമരിയ കെ ബിനു
രണ്ടാം വർഷ ബിരുദം,
ജന്തുശാസ്ത്രം

കൊടുത്തിരുന്നു നീ
ഒരു മറുപടി
എന്നാൽ പഠിച്ചില്ല കാലം.
പറക്കാൻ മറന്ന കിളിയെ
എന്തിനു കൂട്ടിലടയ്ക്കുന്നിതു
കാലമേ?
തിരഞ്ഞ രക്തപുഷ്പങ്ങൾ
ഇന്നു മണ്ണതിൽ
വീണുകിടക്കുന്നു,
അലഞ്ഞ വീഥികൾ
ഇന്ന് മൗനം കുടിക്കുന്നു
തെളിഞ്ഞ വിളക്കുകൾ
ഇന്നു കണ്ണടയ്ക്കുന്നു
പറഞ്ഞ കഥകൾ കാറ്റിൽ
പറക്കുന്നു മറഞ്ഞ രാവുകൾ
മന്ദം ചിരിക്കുന്നു
എവിടെ എവിടെ എവിടെ
കവിത പൂത്ത എൻ
ചില്ലകൾ?

# നീലപ്പട്ടണിഞ്ഞ താഴ്‌വാരങ്ങൾ

ജോബി ജെയിംസ്
രണ്ടാം വർഷ ബിരുദാനന്തര ബിരുദം,
സസ്യശാസ്ത്രം

പ്രകൃതി തന്റെ വശ്യമനോഹാരിതയും സന്തുലിതക്രമീകരണങ്ങളും കാട്ടിത്തന്ന് മനുഷ്യനെ അത്ഭുതപരതന്ത്രനാക്കാറുണ്ട്. എന്നാൽ, ആ സന്തുലിതാവസ്ഥയെ ചോദ്യം ചെയ്തും ജൈവവൈവിധ്യത്തെ കാർന്നുതിന്നും പ്രകൃതിയുടെ മാറിൽ വലിയ വിള്ളൽ ഉണ്ടാക്കുകയാണ് മനുഷ്യൻ. മനുഷ്യനിലനിൽപ്പിന് തന്നെ ഭീഷണിയാവുന്ന ഇത്തരത്തിലുള്ള പ്രകൃതിചൂഷണങ്ങൾ തടയാനും പ്രകൃതിസംരക്ഷണം തന്റെ ഉത്തരവാദിത്തമാണെന്ന് ബോധ്യപ്പെടുത്താൻ ഐക്യരാഷ്ട്ര സംഘടനയും മറ്റുപല സംഘടനകളും ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലത്തിലാണ് നാമിന്നു ജീവിക്കുന്നത്. ലോകത്തിന്റെ തന്നെ ശ്രദ്ധ ആകർഷിച്ച പശ്ചിമഘട്ട മലനിരകൾ 'biodiversity hotspot' ആയി പ്രഖ്യാപിച്ചതും സംരക്ഷിച്ചുപോരുന്നതും മറ്റെങ്ങും കണ്ടെത്താനാവാത്ത ജൈവവൈവിധ്യത്തിന്റെ പേരിലാണ്. പ്രകൃതിരമണീയമായ നിരവധി സ്ഥലങ്ങളാൽ അനുഗ്രഹീതമായ പശ്ചിമഘട്ടത്തിന്റെ തിലകക്കുറി തന്നെയാണ് മൂന്നാർ എന്ന് പറയാം.

കിഴക്കിന്റെ കാശ്മീരായ മൂന്നാറിൽ പന്ത്രണ്ട് വർഷത്തിലൊരിക്കൽ വസന്തമൊരുക്കുന്ന നീലക്കുറിഞ്ഞി കേരളത്തിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പ്രധാനഘടകമാണ്. നീലപ്പട്ടണിഞ്ഞ താഴ്‌വാരങ്ങളെ തഴുകിത്തലോടുന്ന മഞ്ഞുതുള്ളികളും തുള്ളിക്കളിക്കുന്ന വരയാടുകളും സഞ്ചാരികളുടെ മനം കുളിർപ്പിക്കും. സമുദ്രനിരപ്പിൽ നിന്നും 1600 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഇവിടെ 12 വർഷത്തെ ഇടവേളയിൽ ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെയാണ് ഈ അത്ഭുതപ്രതിഭാസം. മൂന്നാറിലെ കോവിൽ, രാജമല, ഇരവികുളം ദേശീയ ഉദ്യാനം എന്നിവിടങ്ങളിലാണ് നീലക്കുറിഞ്ഞി പൂക്കുക. നീല താഴ്‌വരയ്ക്ക് കൂട്ടായുള്ള വരയാടുകൾ വംശനാശഭീഷണിയുടെ അരികത്താണ് എന്നത് മറ്റൊരു വസ്തുതയാണ്.

നീലക്കുറിഞ്ഞി Acanthaceae family-ൽ ഉൾപ്പെട്ട ഒരു സസ്യമാണ്. ഇതിന്റെ ശാസ്ത്രീയ നാമം Strobilanthus kunthiana എന്നാണ്. ഇവ കൂടുതലായും പശ്ചിമഘട്ടത്തിലെ ശോലവനങ്ങളിലെ പുൽമേടുകളിലാണ് കാണപ്പെടുന്നത്. 1826 മുതലാണ് നീലക്കുറിഞ്ഞിയെ പറ്റി അറിയുന്നതും പഠനങ്ങൾ ആരംഭിക്കുന്നതും. നീലക്കുറിഞ്ഞിയുടെയും വരയാടുകളുടെയും മറ്റു ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനായി ഇവ കൂടുതൽ കാണപ്പെടുന്ന സ്ഥലത്തെ ഒരു ദേശീയ ഉദ്യാനമായി ഉയർത്തി. ഇതാണ് ഇരവികുളം ദേശീയ ഉദ്യാനം.

നീലകുറിഞ്ഞിയുടെ വർഗ്ഗത്തിൽ അഞ്ഞൂറോളം ഉപവർഗ്ഗങ്ങളുണ്ട്. അതിൽ അൻപത് എണ്ണം ഇതുവരെ ഇന്ത്യയിൽ കണ്ടെത്തിയിട്ടുണ്ട്. നീലകുറിഞ്ഞി



**നീലക്കുറിഞ്ഞി വളരാൻ എടുക്കുന്ന സമയമാണ് പന്ത്രണ്ട് വർഷം. ചിലപ്പോൾ ഈ കുരു വീഴുന്നത് പാറയുടെമുകളിലോ മറ്റു വളരാൻ പറ്റാത്ത സ്ഥലങ്ങളിലോ ആണെങ്കിൽ അനുയോജ്യസാഹചര്യം ഉണ്ടാവുന്നത് വരെ വിത്ത് കാത്തിരിക്കും. തക്ക സാഹചര്യം ഉണ്ടായാൽ അന്നു മുതൽ പന്ത്രണ്ട് വർഷം എടുക്കും ഇവ മുളച്ച് പുഷ്പിക്കണമെങ്കിൽ.**

പണ്ട് Nilgrianthes kunthianum, Phloebophyllum kunthianum എന്നീ ശാസ്ത്രീയനാമങ്ങളിലും അറിയപ്പെട്ടിരുന്നു. പശ്ചിമഘട്ടത്തിനു പുറമെ നീലക്കുറിഞ്ഞിയുടെ സാന്നിധ്യം ദക്ഷിണഘട്ടത്തിലെ ഷെവ്‌റോയ്‌സിലും കണ്ടെത്തിയിട്ടുണ്ട്. നീലക്കുറിഞ്ഞിയെ ഒരു Monocarpic സസ്യമായിയാണ് കണക്കാക്കുന്നത്. Monocarpic സസ്യമെന്നാൽ ഒരു ചെടി പൂത്തതിന് ശേഷം ആ പൂവ് (flower) തന്നെ കായായും (fruit) പിന്നീട് വിത്തായും (seed) മാറും. അതിനുശേഷം ആ ചെടി ഇല്ലാതാകുന്നു. അതായത് ഇത്തരത്തിലുള്ള ചെടികൾക്ക് ജീവിതകാലഘട്ടത്തിൽ ഒരു തവണ മാത്രമേ പൂവും കായും പുറപ്പെടുവിക്കാൻ കഴിയൂ. വിത്തായി മാറിയ ശേഷം വിവിധ ഹേതുക്കളുടെ സഹായത്താൽ മണ്ണിൽ പതിക്കുന്നു. മണ്ണിൽ പതിച്ച ശേഷം അനുയോജ്യമായ സാഹചര്യം വരുമ്പോൾ ഇത് വളർന്നു തളിരിട്ട് പൂക്കുന്നു. നീലക്കുറിഞ്ഞി വളരാൻ എടുക്കുന്ന സമയമാണ് പന്ത്രണ്ട് വർഷം. ചിലപ്പോൾ ഈ കുരു വീഴുന്നത് പാറയുടെമുകളിലോ മറ്റു വളരാൻ പറ്റാത്ത സ്ഥലങ്ങളിലോ ആണെങ്കിൽ അനുയോജ്യസാഹചര്യം ഉണ്ടാവുന്നത് വരെ വിത്ത് കാത്തിരിക്കും. തക്ക സാഹചര്യം ഉണ്ടായാൽ അന്നു മുതൽ പന്ത്രണ്ട് വർഷം എടുക്കും ഇവ മുളച്ച് പുഷ്പിക്കണമെങ്കിൽ. ഇത് മൂലമാണ് വൈകി നീലക്കുറിഞ്ഞി പൂക്കുന്നു എന്ന് നാം കരുതുന്നത്. Strobilanthus-ന്റെ ഇന്ത്യയിൽ കാണപ്പെടുന്ന അൻപത് ഉപവർഗ്ഗങ്ങളിൽ പലതിനെയും നാം കുറിഞ്ഞി എന്നാണ് വിളിക്കുന്നത്. ഇത് പലതും പല സമയത്തു പൂക്കുന്നതുമാണ്. കൃത്യമായ നിരീക്ഷണം നടക്കാത്തത് മൂലമാണ് ഇവയെ തമ്മിൽ വേർതിരിക്കാൻ പറ്റാത്തത്. ഇവ തന്നെയാണ് നീലക്കുറിഞ്ഞി നേരത്തെ പൂത്തു എന്നും അല്ലെങ്കിൽ ഇപ്പോൾ രണ്ടു വർഷം മതി പൂക്കാൻ എന്നതരത്തിൽ തെറ്റായ വാർത്തകൾ ഉണ്ടാകുന്നത്. ഇത്തരം അബദ്ധപ്രചാരണങ്ങളെ മറികടക്കാൻ ഇവയെ പറ്റി ശാസ്ത്രീയമായ പഠനങ്ങൾ ഉണ്ടാകേണ്ടതും അവ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്. കാരണം കേരളത്തിന്റെ തന്നെ അഭിമാനമായ നീലക്കുറിഞ്ഞിയെ പറ്റിയുള്ള അജ്ഞാനം നമ്മുടെ നാടിനു നാണക്കേട് തന്നെയാണ്.

പ്രകൃതിയിലെ മാറ്റങ്ങളെല്ലാം ഇത്തരത്തിൽ അബദ്ധപ്രചാരണങ്ങൾ ആണെന്ന് തള്ളികളഞ്ഞു ആശ്വസിക്കാൻ വരട്ടെ. പ്രകൃതിയിലുണ്ടാകുന്ന മാറ്റം മൂലം നീലക്കുറിഞ്ഞി കണ്ടെത്തുന്ന സ്ഥലങ്ങൾ ഗണ്യമായി കുറഞ്ഞത് കാലാവസ്ഥാവ്യതിയാനം മൂലമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ചുരുക്കത്തിൽ, കേരളത്തിന്റെ അഭിമാനവും ജൈവക്രമീകരണത്തിന്റെ അത്യുത്തമ ഉദാഹരണവുമായ നീലക്കുറിഞ്ഞി ഇനിയുമൊരു പന്ത്രണ്ട് വർഷത്തിന് ശേഷവും പൂക്കണമെങ്കിൽ പ്രകൃതിയോടുള്ള സമീപനത്തിൽ കാര്യമായ മാറ്റമുണ്ടാവേണ്ടത് അനിവാര്യമാണ്. അത്തരമൊരു പ്രകൃതി സൗഹാർദ്ദ ചിന്ത പുതുതലമുറയെ ഭരിക്കട്ടെ.

# ഒരു വനദേവതയുടെ ആത്മകഥ

പാർവതി എസ്
ഒന്നാം വർഷ ബിരുദം,
സാമ്പത്തികശാസ്ത്രം

അവളുടെ കാൽവെപ്പുകളിൽ കാട് പുളകം കൊണ്ടിരുന്നു. മഞ്ചാടി മുത്തുകൾ കോർത്ത പാദസരം ആ ഇരുണ്ട കാലുകൾക്ക് മാറ്റേകി, കുന്നിക്കുരു പതിപ്പിച്ച കമ്മലുകൾ കവിളിണകളെ തൊട്ടുരുമ്മി. നിഷ്കളങ്കമായ കണ്ണുകൾ, ആകാംക്ഷ വിരിഞ്ഞുനിൽക്കുന്ന മുഖം, പുഞ്ചിരി നിറഞ്ഞ ചുണ്ടുകൾ. മുടി പാറിക്കളിക്കുന്ന മുഖത്തെ കാട്ടിലെ കാറ്റ് ആലിംഗനം ചെയ്തു, കാലുകളിൽ തറച്ച മുള്ളുകൾ പോലും കാളിയെ കൂടുതൽ സുന്ദരിയാക്കി. കാട്ടിലെ സൗഖ്യങ്ങൾക്കിടയിലും നാട്ടിലെ അത്ഭുതങ്ങളും കേട്ടുകേൾവിയിലൂടെ അവൾക്ക് പരിചിതമായിരുന്നു. അതുകൊണ്ടു തന്നെ കാളിയുടെ സ്വപ്നത്തിൽ അവൾക്കൊരു കൂട്ടുകാരനുണ്ടായിരുന്നു, നാടെന്ന അത്ഭുതങ്ങളുടെ രാജകുമാരൻ. ഇലഞ്ഞിമരച്ചുവട്ടിലെ തീക്ഷ്ണഗന്ധം അവന് രൂപവും, മുല്ലവള്ളികൾ നാദവും നൽകി. അവളുടെ പകലുകൾ എന്നും സ്വപ്നങ്ങൾക്കവകാശപ്പെട്ടതായിരുന്നു.

എന്നും കാളിയുടെ ഓർമകളിലെവിടെയോ തങ്ങിനിന്നിടയ്ക്കിടെ കണ്ണിമകളിൽ മിന്നിമറയുന്നൊരു രൂപമുണ്ട്. ഇരുണ്ട്, കുറുകി, ചുരുൾ മുടിയുള്ള ഒരു രൂപം. കണ്ണിറുക്കി പല്ലുകാട്ടി ചിരിക്കുന്നൊരു രൂപം. ആ ചിരിയുടെ തിളക്കം അവൾ അതുപോലെ സ്നേഹിക്കുന്ന മറ്റൊരു മുഖത്തും ഒരിക്കലും കണ്ടിട്ടില്ല. അവളുടെ ജ്യേഷ്ഠൻ, അവളുടെ "ബല്ല്യണ്ണൻ". ഓർമ്മവെച്ച നാളുകളിൽ കാടെന്ന അത്ഭുതം അവൾക്കുമുമ്പിൽ കാഴ്ചവെച്ചത് അവനായിരുന്നു. അവളുടെ കുഞ്ഞുവിരലുകളിൽ തറച്ച മുള്ള് എടുത്തുമാറ്റിയതും കൈത്തലങ്ങൾ മരങ്ങൾക്ക് പരിചയപ്പെടുത്തിയതും എല്ലാം അവളുടെ ബല്ല്യണ്ണനായിരുന്നു. അവളെ തോളിലേറ്റി മഴ നനഞ്ഞോടിയതും അരുവിയിൽ വീഴ്ത്തിയതുമെല്ലാം അവനായിരുന്നു.

കാടിന്റെ ആത്മാവിൽ വിശ്വസിച്ച് അവളുടെ മനസ്സിൽ മിഴിനീരിന്റെ ഈറനിൽ കുതിർന്ന ചിത്രമായിരുന്നു അവൻ. ഓരോ തവണയും കാളിയുടെ കണ്ണിലെ മിഴിനീരിൽ അവന്റെ



ചിത്രം ജീവിച്ചു. നാടിനോടുള്ള ആർത്തിയിൽ മരംവെട്ടുകാർക്കൊപ്പം കാടുവിട്ടതാണ് അവൻ, അതും കാളി മാറുമറയ്ക്കാൻ തുടങ്ങുന്നതിനു മുമ്പ്. പിന്നീടവനെ അവരാരും കണ്ടില്ല.

ഒരു പകൽ, സൂര്യൻ തലയ്ക്കുമീതെ വിളങ്ങി നിന്ന നേരം അവളുടെ പുരയ്ക്ക് മുന്നിൽ ശബ്ദമുയർന്നു. പുറത്തേക്കിറങ്ങിയ അവൾ വിചിത്രമായ കാഴ്ചയാണ് കണ്ടത് കാൽപാദത്തോളം നീണ്ട കുപ്പായം ധരിച്ച് മിനുങ്ങുന്ന തൊലിയും ഒതുങ്ങിയ മുടിയുമുള്ള ഒരു മനുഷ്യൻ. അതെ മനുഷ്യൻ തന്നെ, വിചിത്രനാണെന്ന് മാത്രം അവൾ ഉറപ്പിച്ചു. അയാളുടെ ഉയർത്തിപ്പിടിച്ച കൈത്തലത്തിൽ അതാ അവളുടെ ബല്ല്യണ്ണൻ. അവളുടെ സ്നേഹം കവിളിലൂടെ താഴേയ്ക്കൊഴുകി. അയാൾക്ക് പിന്നിൽ മൂപ്പനുണ്ടായിരുന്നു 'അബൻ ചത്തു പോയി' മൂപ്പൻ പറഞ്ഞു. അതുകൊണ്ട് അവർ നിനക്കെന്തോ ബേലതരൂന്ന്. തന്റെ സ്വപ്നത്തിലെ രാജകുമാരന്റെ മുഖം അവൾക്കു മുമ്പിൽ ഒരുവട്ടം കൂടി മിന്നിത്തെളിഞ്ഞു. കാടെന്ന യഥാർത്ഥ്യത്തെ വെടിഞ്ഞ് നാടിന്റെ ആശ്ചര്യത്തെ പുണരാൻ അവളുടെ ഹൃദയം മുഴുങ്ങി. കുപ്പായങ്ങൾ പൊതിഞ്ഞ് ഖാദറിക്കക്കൊപ്പം അവൾ നാട്ടിലേക്ക് യാത്ര തിരിച്ചു. ഖാദറിക്ക അവൾക്ക് നാട് പരിചയപ്പെടുത്തി ആളുകളെ പരിചയപ്പെടുത്തി ജോലി മനസിലാക്കി കൊടുത്ത് കിടക്കാൻ ഒരിടം തരപ്പെടുത്തി.

**കാടിന്റെ ആത്മാവിൽ വിശ്വസിച്ച് അവളുടെ മനസ്സിൽ മിഴിനീരിന്റെ ഈറനിൽ കുതിർന്ന ചിത്രമായിരുന്നു അവൻ. ഓരോ തവണയും കാളിയുടെ കണ്ണിലെ മിഴിനീരിൽ അവന്റെ ചിത്രം ജീവിച്ചു.**

**എന്നും കാളിയുടെ ഓർമകളിലെവിടെയോ തങ്ങിനിന്നിടയ്ക്കിടെ കണ്ണിമകളിൽ മിന്നിമറയുന്നൊരു രൂപമുണ്ട്. ഇരുണ്ട്, കുറുകി, ചുരുൾ മുടിയുള്ള ഒരു രൂപം. കണ്ണിറുക്കി പല്ലുകാട്ടി ചിരിക്കുന്നൊരു രൂപം. ആ ചിരിയുടെ തിളക്കം അവൾ അതുപോലെ സ്നേഹിക്കുന്ന മറ്റൊരു മുഖത്തും ഒരിക്കലും കണ്ടിട്ടില്ല. അവളുടെ ജ്യേഷ്ഠൻ, അവളുടെ "ബല്ല്യണ്ണൻ."**

നാടിന്റെ അത്ഭുതങ്ങൾ ഓരോന്നായി അവൾ കണ്ടു മനസ്സിലാക്കി. ഇതിനിടയിൽ അവൾ ഒരു പഴയ മുഖം മറന്നേ പോയി, അവളുടെ ബല്ല്യണ്ണന്റെ മുഖം. ദിവസങ്ങൾകൊണ്ടവൾ നാടിനോടും ഭാഷയോടും ഇണങ്ങി. ഒരു ആപ്പീസ് തൂത്ത് വൃത്തിയാക്കുന്നതായിരുന്നു അവളുടെ വേല. രണ്ടാഴ്ചയ്ക്കുശേഷം അവളുടെ ബല്ല്യണ്ണന്റെ ചിത്രം ഒരു വലിയ കടലാസിൽ അവൾ കണ്ടു. അവൾ ആകാംഷയോടെ നോക്കുന്നത് കണ്ട് അവൾക്കൊപ്പമുണ്ടായിരുന്ന ഒരാൾ എന്തിനാണെന്ന് അന്വേഷിച്ചു. അവളുടെ കണ്ണിലെ പരവേശം മനസ്സിലാക്കി അയാൾ അവളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകി. അവളുടെ ബല്ല്യണ്ണന്റെ മരണം വിശദീകരിച്ചു. നിനക്കീ വിധി വരില്ലെന്നും സർക്കാർ ജോലിയുള്ള നിനക്ക് നല്ലൊരു ബന്ധം വന്നു ചേരാൻ പ്രയാസമില്ലെന്നും പറഞ്ഞ് ആശ്വസിപ്പിച്ചു.

പള്ളിക്കൂടത്തിന്റെ വരാന്ത പോലും കാണാത്ത ഒരു പാവം പെണ്ണിന്റെ ബുദ്ധിക്ക് അന്ന് ഉറങ്ങാൻ കഴിഞ്ഞില്ല. നാടെന്ന അത്ഭുത ലോകത്തിൽ തന്റെ ജീവന്റെ വില അവളുടെ അണ്ണൻ വിശപ്പടക്കാൻ എടുത്ത നാഴി അരിയുടെ വില മാത്രമാണെന്ന തിരിച്ചറിവ് അവളെ അലട്ടി. കാടിന്റെ മകളായ തനിക്ക് നാട്ടിലെ രാജകുമാരനിലേക്കുള്ള ദൂരം മാസാമാസം ഒരു കെട്ട് കടലാസുകൾ ഉറപ്പുള്ള ഒരു വേലയാണെന്നവൾ അത്ഭുതത്തോടെ അറിഞ്ഞു. നാളുകൾക്ക് മുമ്പൊരു രാത്രിയിൽ താൻ കാടുവിടുമ്പോൾ എടുത്തിരുന്ന കുപ്പായങ്ങൾ പോലും വെടിഞ്ഞ് തന്റെ രാജകുമാരനെ ഉപേക്ഷിച്ച് ലോകത്തിന്റെ നന്മയെത്തേടി അവളുടെ സ്വർഗ്ഗത്തിലേക്ക് ആ വനദേവത തിരിഞ്ഞോടി, വീണ്ടും കാടിനെ പുണരാനും, സ്വന്തം ആത്മാവിന്റെ പവിത്രതയെ വീണ്ടെടുക്കാനും.



# ചുടല

ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികൾ
മനുഷ്യമനഃസാക്ഷിക്ക് ചിന്തിക്കാവുന്നതിനുമപ്പുറമുള്ള
ക്രൂരതകൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന ഈ
കാലഘട്ടത്തിൽ ഭ്രാന്തൻ തന്റെ ഉള്ളിലെ
രൗദ്ര ഭാവം പുറത്തെടുക്കും.

# സുരക്ഷിതമല്ലാത്ത ഭാവി

സ്റ്റെഫി മോൾ ജോയ്
ഒന്നാം വർഷ ബിരുദാനന്തര ബിരുദം
ഊർജ്ജതന്ത്രം

വർഗ്ഗീയതയും ഫാഷിസവും കള്ളവോട്ടുകളുടെ അതിപ്രസരവുമൊക്കെ ചർച്ചയാകുന്ന ഈ കാലത്ത് അവയൊക്കെ മാറ്റിനിർത്തികൊണ്ട് നാം ചിന്തിച്ചുതുടങ്ങേണ്ടിയിരിക്കുന്നു. കാരണം നമ്മുടെ ഭാവി അപകടത്തിലാണ്; 'ഭാവിയുടെ വാഗ്ദാനം' എന്നാണ് കുട്ടികളെ മഹാന്മാർ വിശേഷിപ്പിക്കാറുള്ളത്. പക്ഷേ, മനുഷ്യ മനഃസാക്ഷിക്ക് ചിന്തിക്കാവുന്നതിനുമപ്പുറമുള്ള ക്രൂരതകൾക്ക് കുട്ടികൾ ഇരയായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപൊയ്കൊണ്ടിരിക്കുന്നത്. വിടരുന്നതിനുമുമ്പ് കൊഴിഞ്ഞുവീണ ഒരുപാട് കുരുന്നുകൾ നമുക്ക് മുമ്പിൽ ചോദ്യചിഹ്നമായി നിലനിൽക്കുന്നു. ഓരോ മൊട്ടുകൾ അടർന്നുവീഴുമ്പോഴും പുതിയ ഓരോ ഹാഷ്ടാഗുകൾ മുളച്ചുവരുന്നതല്ലാതെ സമൂഹത്തിൽ മാറ്റംവരുത്താനുതകുന്ന തരത്തിലൊരു മുന്നേറ്റം ഇതുവരെ സാധ്യമായിട്ടില്ല എന്നുള്ളത് വേദനാജനകമാണ്.

നിയമം കുട്ടികൾക്ക് നൽകുന്ന വളരെ വലിയൊരു പരിരക്ഷയെ മറികടന്നു കൊണ്ട് കാഴ്ച ഇല്ലാതാക്കിയും അംഗവൈകല്യങ്ങൾ സൃഷ്ടിച്ചും ഭിക്ഷാടനത്തിനുപയോഗിക്കുന്ന മാഫിയകൾ. സമൂഹത്തിനു തന്നെ വെല്ലുവിളിയുയർത്തുന്ന പ്രായപൂർത്തിയാവാത്ത കുട്ടികളോട് കാമാസക്തിയുള്ള പീഡോഫിലുകൾ. കുട്ടികളെ ഒരു ഭാരമായി കാണുന്ന മാതാപിതാക്കളും മറ്റു ബന്ധുമിത്രാദികളും. പിന്നെ സമൂഹത്തിന്റെ വിവിധ തട്ടുകളിലുള്ള നാട്ടുകാർ മുതൽ അധ്യാപകരെ വരെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുടെ ഉത്തരവാദികളായി കണ്ടെത്താറുണ്ട്. ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത് അടുത്ത കാലത്തായി കുട്ടികൾക്കെതിരെ നടന്നിട്ടുള്ള അതിക്രമങ്ങളെക്കുറിച്ചും അതിന്റെ കാരണങ്ങളെക്കുറിച്ചുമാണ്.

മാതാപിതാക്കളിൽ നിന്ന് ആരംഭിക്കുന്നു കുട്ടികളെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നവരുടെ നീണ്ട നിര എന്നത് ഉൾക്കൊള്ളാൻ പ്രയാസമുള്ള ഒരു വസ്തുത തന്നെ. ഈയൊരു പ്രസ്താവനകൊണ്ട് ഒരിക്കലും മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള അതുല്യമായ ബന്ധത്തെ വിലകുറച്ച് കാണിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ, തങ്ങളുടെ സ്വൈര്യ ജീവിതത്തിനു കുട്ടികൾ ഒരു തടസ്സമാണെന്നു



> **വിടരുന്നതിനുമുമ്പ് കൊഴിഞ്ഞുവീണ ഒരുപാട് കുരുന്നുകൾ നമുക്ക് മുമ്പിൽ ചോദ്യചിഹ്നമായി നിലനിൽക്കുന്നു. ഓരോ മൊട്ടുകൾ അടർന്നു വീഴുമ്പോഴും പുതിയ ഓരോ ഹാഷ്ടാഗുകൾ മുളച്ചുവരുന്നതല്ലാതെ സമൂഹത്തിൽ മാറ്റംവരുത്താനുതകുന്ന തരത്തിലൊരു മുന്നേറ്റം ഇതുവരെ സാധ്യമായിട്ടില്ല എന്നുള്ളത് വേദനാജനകമാണ്.**

കരുതുന്ന ചില മാതാപിതാക്കളുണ്ട്. അവരെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളിൽ കേരളമനഃസാക്ഷി തലകുനിച്ച സംഭവങ്ങളാണ് അടുത്തിടെ തൊടുപുഴയിലും ആലപ്പുഴയിലും കൊല്ലത്തും നടന്ന കൊലപാതകങ്ങൾ. ഒരു വയസ്സിനും ഏഴ് വയസ്സിനും ഇടയിൽ പ്രായമുള്ള മൂന്ന് കുട്ടികളാണ് ഈ സംഭവങ്ങളിൽ ഇരയായത്. തൊടുപുഴയിലും കൊല്ലത്തും അമ്മയും കാമുകനുമാണ് പ്രതിസ്ഥാനത്തെങ്കിൽ ആലപ്പുഴയിൽ സ്വന്തം അമ്മതന്നെയാണ് കുഞ്ഞിനെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയത്.

തൊടുപുഴയിലും കൊല്ലത്തും അരങ്ങേറിയ കൊലപാതകങ്ങൾ ഒരേ ഗൗരവത്തിൽ നോക്കികാണേണ്ട സംഭവങ്ങളാണ്. രണ്ടു കൊലപാതകങ്ങളിലും അമ്മയും കാമുകനുമാണ് പ്രതികൾ. കൊലപാതകത്തിലേക്ക് നയിച്ച കാരണമാകട്ടെ തങ്ങളുടെ വഴിവിട്ട ബന്ധത്തിന് കുട്ടികളൊരു തടസ്സമാകുമെന്നുള്ള തോന്നലും. പക്ഷേ, ഇവിടെ എടുത്തുപറയേണ്ട കാര്യം എന്തെന്നാൽ കൊലപാതകം നടത്തുന്നതിന് മുമ്പ് പ്രതികൾ മൃഗങ്ങളെക്കാൾ ക്രൂരനും ഭ്രാന്തനുമായിത്തീർന്നിരുന്നു എന്നതാണ്.

തൊടുപുഴയിൽ കൊല്ലപ്പെട്ട ഏഴ് വയസുകാരന്റെ ശരീരത്തിൽ ക്രൂരമായ പീഡനത്തിന് ഇരയായതിന്റെ തെളിവുകളുണ്ടായിരുന്നു. ജീവിതത്തിനും മരണത്തിനുമിടയിൽ ദിവസങ്ങളോളും ആശുപത്രിയിൽ കഴിഞ്ഞ ആ കുട്ടി ഒടുവിൽ മരണത്തിനു കീഴടങ്ങുകയായിരുന്നു. കൊല്ലത്തു മരണപ്പെട്ട രണ്ട് വയസുകാരന്റെ ശരീരത്തിൽ തൊണ്ണൂറിൽപ്പരം മുറിവുകളുണ്ടായിരുന്നു. നെഞ്ചിലെ അസ്ഥികൾ ഉടഞ്ഞു നുറുങ്ങുന്നത് വരെ അവർ ആ കുട്ടിയെ മർദ്ദിച്ചിരുന്നു. ഇതൊക്കെ നടന്നത് ദൈവത്തിന്റെ സ്വന്തം നാടെന്ന് അവകാശപ്പെടുന്ന, സാക്ഷരതയിൽ ഒന്നാമത് നിലനിൽക്കുന്ന പ്രബുദ്ധകേരളത്തിലാണെന്നുള്ളത് വിസ്മരിച്ചുകൂടാ.

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് എന്ന സ്ഥലത്തു വെച്ചു ഒന്നേകാൽ വയസ്സായ കുഞ്ഞിനെ സ്വന്തം അമ്മ ശ്വാസം മുട്ടിച്ചു കൊന്നു എന്ന വാർത്തയും നാം കണ്ടതാണ്. ചോദ്യം ചെയ്യലിൽ അമ്മ പറഞ്ഞത് തന്റെ സ്വൈര്യ ജീവിതത്തിനു തടസമായതുകൊണ്ടാണ് കുഞ്ഞിനെ കൊലപ്പെടുത്തിയതെന്നാണ്. രാത്രിയിൽ കുഞ്ഞു കരയുന്നതു മൂലം തനിക്കു ഉറക്കം ലഭിക്കാറില്ലെന്നും കുഞ്ഞിനെ അടിക്കാറുള്ളതായും അവർ മൊഴി നൽകി. സഹികെട്ടു ഒരു ദിവസം കുഞ്ഞിന്റെ മൂക്കും വായും പൊത്തിപ്പിടിച്ചു. ആ കുഞ്ഞുകാലുകളിലെ പിടച്ചിൽ നിന്നെന്നു ഉറപ്പായപ്പോഴാണ് ഈ നീചസ്ത്രീ മുറിയുടെ പുറത്തിറങ്ങിയതും കുഞ്ഞിനെ ആശുപത്രിയിൽ എത്തിക്കാനുള്ള നാടകങ്ങൾ തുടങ്ങിയതും. പത്തുമാസം തന്റെ ഉള്ളിൽ കിടന്നു തന്റെ എല്ലാ വികാരങ്ങളെയും അതേപടി ഉൾക്കൊണ്ടു ഈ ഭൂമിയിലേക്ക് കടന്നുവന്ന കുഞ്ഞ് എങ്ങനെ ഒരു നിമിഷംകൊണ്ട് ആ അമ്മയ്ക്ക് സ്വൈര്യക്കേടായി എന്നത് ആലോചിക്കേണ്ടിയിരിക്കുന്നു.

മാതാപിതാക്കളിൽ നിന്നുള്ള അതിക്രമങ്ങളോടൊപ്പം ഭയാനകമായി നിലകൊള്ളുന്നതാണ് പീഡോഫിലുകൾ. ശൈശവത്തിലുള്ള കുഞ്ഞുങ്ങളോടുള്ള അടങ്ങാത്ത ലൈംഗീകതാല്പര്യം നിമിത്തം അവരെ കാമചേഷ്ടയ്ക്കുള്ള ഉപകരണങ്ങളാക്കി തീർത്ത് ഒടുവിൽ അവരെ മൃഗീയമായി കൊല ചെയ്യുന്നതിൽ ഗൂഢമായ ലൈംഗീക സംതൃപ്തി അനുഭവിക്കുന്നവർ. ഇത്തരക്കാർക്ക് കുഞ്ഞുങ്ങളോട് മാത്രമേ അടങ്ങാത്ത തൃഷ്ണയുള്ളൂ എന്നതിനാൽ തന്നെ ഇതിനെ ഒരു മാനസിക വൈകല്യമായാണ് മെഡിക്കൽ സയൻസ് കാണുന്നത്. സ്വന്തം കുടുംബത്തിലും പുറത്തുമുള്ള ഇത്തരം കാമഭ്രാന്തന്മാരാൽ കൊലചെയ്യപ്പെടുന്ന കുട്ടികളുടെ എണ്ണവും അനുദിനം വർധിച്ചു വരുന്നു.

ഓരോ ഇന്ത്യക്കാരന്റെയും നെഞ്ചിലെ മുറിപ്പാടാണ് ആസിഫ. പ്രധാനപ്രതിയുടെ കൈവശമുണ്ടായിരുന്ന ജമ്മുവിലെ ഒരു അമ്പലത്തിൽ വെച്ച് ക്രൂരമായ കൂട്ടബലാത്സംഗത്തിനിരയായ എട്ട് വയസുകാരി നാടോടി പെൺകുട്ടി ആസിഫയുടെ മൃതദേഹം കിട്ടുമ്പോൾ കാണാതായി ഒരാഴ്ച പിന്നിട്ടിരുന്നു. ഒരു കൂട്ടം ആൾക്കാരുടെ കാമഭ്രാന്തിനു ഇരയായ ആ കുട്ടിയുടെ പുഞ്ചിരിക്കുന്ന മുഖം നമ്മുടെ ഉള്ളിൽ നിന്ന് അതി



വേഗം മായില്ല. ദേശീയ പ്രാധാന്യം ലഭിച്ച ഈ കേസ്, ഭീകരമായ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. നമ്മുടെ കുട്ടികൾ എവിടെയും സുരക്ഷിതരല്ല. ദൈവങ്ങൾ അധിവസിക്കുന്നുവെന്ന് വിശ്വസിക്കുന്ന ദേവാലയങ്ങളിൽ പോലും.

എറണാകുളം ഏലൂരിൽ മൂന്ന് വയസ്സുകാരന്റെ മരണവുമായി ബന്ധപ്പെട്ടു അന്യസംസ്ഥാനക്കാരായ മാതാപിതാക്കൾ അറസ്റ്റിലായതും ഈ കഴിഞ്ഞ കാലയളവിൽ തന്നെയാണ്. എടപ്പാളിൽ ആക്രിപെറുക്കി നടന്നിരുന്ന നാടോടി ബാലികയെ ഒരു മുൻ പഞ്ചായത്തംഗം മർദിക്കുന്നതും ഈ കൊച്ചു കേരളം കാണാനിടയായി. മട്ടാഞ്ചേരിയിൽ പത്ത് വയസ്സുകാരൻ മർദ്ദനമേറ്റതും നമ്മൾ കണ്ടു. പറഞ്ഞു പോകാനാണെങ്കിൽ ഇതുപോലുള്ള കാഴ്ചകൾ ഒട്ടനവധിയുണ്ട്. എന്തുകൊണ്ട് ഇതൊക്കെ സംഭവിക്കുന്നു എന്നത് ഉത്തരമില്ലാ ചോദ്യമായി നമ്മുടെ മനസ്സാക്ഷിയുടെ മുന്നിൽ എന്നും നിലനിൽക്കും. കാരണം ഇത്തരം ദാരുണ പ്രവർത്തികൾ ആദ്യമായല്ല നടക്കുന്നത്. പക്ഷെ പലപ്പോഴും പുറംലോകം ഇതൊന്നും അറിയാറില്ല. അറിഞ്ഞാൽ തന്നെ ഒരു 'ഫ്ളാഷ് ന്യൂസ്' എന്നതിനപ്പുറം മാധ്യമങ്ങൾക്കു പോലും ഇതിൽ യാതൊരു താല്പര്യവും ഉണ്ടാവില്ല. ഏതാനം വർഷങ്ങൾക്കു മുൻപ് കട്ടപ്പനയിൽ പിതാവിന്റെയും രണ്ടാനമ്മയുടെയും അതിക്രൂരമായ മർദ്ദനം സഹിച്ചു ഒടുവിൽ ജീവനിലേക്കു തിരിച്ചു വന്ന ഷെഫീഖ് എന്ന അഞ്ച് വയസുകാരനെ മാധ്യമങ്ങൾ മറന്നാലും മനുഷ്യ മനസ്സാക്ഷി ഇന്നും ഓർമ്മിക്കുന്നു.

**നമ്മുടെ കുട്ടികൾ എവിടെയും സുരക്ഷിതരല്ല. ദൈവങ്ങൾ അധിവസിക്കുന്നുവെന്ന് വിശ്വസിക്കുന്ന ദേവാലയങ്ങളിൽ പോലും.**

സ്വാർത്ഥത മുറ്റിയ ശിശുമരണങ്ങൾ പോലെ തന്നെ പ്രാധാന്യം അർഹിക്കുന്നതാണ് പോഷകകുറവുപോലെയുള്ള കാരണങ്ങളാൽ മരണപ്പെടുന്ന ബാല്യങ്ങളും. കുറച്ചു നാളുകൾക്കു മുൻപ് വളരെയധികം ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ് അട്ടപ്പാടിയിലെ ശിശു മരണങ്ങൾ. പോഷക സംബന്ധമായ അസുഖങ്ങൾ പിടിപെട്ടു കുഞ്ഞുങ്ങൾ ചെറുപ്രായത്തിൽ അല്ലെങ്കിൽ ജനിച്ചയുടൻ തന്നെ മരണമടയുന്ന ഒരു സ്ഥിതിവിശേഷമാണ് അവിടെ കാണാനിടയായത്. എന്നാൽ ഇന്ന് ഗവണ്മെന്റിന്റെയും മറ്റു ആരോഗ്യ സംഘടനകളുടെയും അവസരോചിത ഇടപെടലുകൾ മൂലം ഇതിനെ ഒരു പരിധി വരെയെങ്കിലും നിയന്ത്രണ വിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. കേരളം നൂറ് ശതമാനം സാക്ഷരതാ കൈവരിച്ചുവെന്നു



**വികസനത്തിന് പിന്നാലെ പോകുമ്പോൾ നമ്മുടെ കുഞ്ഞു തലമുറയുടെ ആരോഗ്യവും ജീവിത സംരക്ഷണവും നമ്മുടെ കർത്തവ്യമാണെന്നത് നാം വിസ്മരിച്ചുകൂടാ. ഒപ്പം സുഖലോലുപതയ്ക്ക് പിന്നാലെ പോയി കുഞ്ഞുജീവിതങ്ങൾ തല്ലി കൊഴിക്കരുതെന്നും.**

നമ്മൾ പറയുമ്പോഴും അത് വേണ്ട രീതിയിൽ എല്ലാവരിലും എത്തിയിട്ടില്ലെന്ന് അട്ടപ്പാടി നമ്മളെ പഠിപ്പിക്കുന്നു. പോഷക കുറവിന്റെ ദോഷവശങ്ങൾ മനസിലാക്കുവാൻ പോലും പൂർണമായും ഇന്ന് സമൂഹത്തിനു സാധിച്ചിട്ടില്ല. പൾസ് പോളിയോ പോലുള്ള പ്രതിരോധ മരുന്നുകളുടെ ഉപയോഗം ഇന്നും പലരും വിസ്മരിക്കുന്നുണ്ട്. വികസനത്തിന് പിന്നാലെ പോകുമ്പോൾ നമ്മുടെ കുഞ്ഞു തലമുറയുടെ ആരോഗ്യവും ജീവിത സംരക്ഷണവും നമ്മുടെ കർത്തവ്യമാണെന്നത് നാം വിസ്മരിച്ചുകൂടാ. ഒപ്പം സുഖലോലുപതയ്ക്ക് പിന്നാലെ പോയി കുഞ്ഞുജീവിതങ്ങൾ തല്ലി കൊഴിക്കരുതെന്നും.

ഈ കാഴ്ചകൾ നമ്മെ കൊണ്ടെത്തിക്കുന്നത് ഉത്തരം ലഭിക്കാനിടയില്ലാത്ത വലിയ ഒരു കൂട്ടം ചോദ്യശകലങ്ങളിലേക്കു ആയിരിക്കും. ചോദ്യങ്ങൾക്കൊക്കെ ഉത്തരങ്ങൾ ഒളിഞ്ഞിരിക്കുന്നത് നമ്മുടെ ഉള്ളിൽ തന്നെയാണ്. പിഞ്ചു കുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെ പീഡനത്തിന് ഇരയാകുന്നു. നേരം വെളുക്കുമ്പോൾ മുതൽ മൊബൈൽ ഫോണും ഇന്റർനെറ്റുമായി നിത്യ സമ്പർക്കത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന യുവ മാതാപിതാക്കളും ഓർമ വെക്കുന്ന കാലം മുതൽ തന്നെ കുഞ്ഞിന്റെ കയ്യിലേക്ക് മൊബൈൽ വെച്ച് കൊടുക്കുന്ന ബന്ധുജനങ്ങളും കൈവിട്ടു പോകുന്ന നമ്മുടെ നാടിന്റെ നൈർമ്മല്യതയുടെ വിലകൊടുക്കേണ്ടിവരും. ഒപ്പം പെറ്റമ്മയേക്കാൾ സ്നേഹം പകരുന്ന പോറ്റമ്മമാരും രക്തബന്ധത്തേക്കാൾ വിലയുള്ള സ്നേഹബന്ധവും സ്വന്തം ചോരയല്ലാത്തവർക്കും സ്നേഹം നൽകാൻ പറ്റുമെന്നു തെളിയിച്ചിട്ടുണ്ട്. കേരളത്തിൽ റിപ്പോർട്ട് ചെയ്ത ആദ്യ ദുരഭിമാന കൊലയുടെ ഇരയായ കെവിന്റെ പ്രണയിനി നീനു ഇന്ന് ജീവിക്കുന്നത് കെവിന്റെ അമ്മയായ മേരിക്കൊപ്പമാണ്. ഈ അമ്മയില്ലായിരുന്നെങ്കിൽ താൻ ഇന്ന് ഈ ലോകത്തു ഉണ്ടാവില്ലെന്ന് നീനു പറയുന്നു. രക്തബന്ധത്തിലും മുകളിൽ മനുഷ്യത്വമുണ്ടെന്ന് തെളിയിച്ച ഒരു മാതാവ്. അവരെപ്പോലുള്ളവർക്ക് സമൂഹത്തിൽ ലഭിക്കേണ്ട ആദരവും സ്നേഹവും മറ്റു കുറച്ചു പേരുടെ പ്രവൃത്തികൾ വഴി ഇല്ലാതാകരുത്. കാരണം കലുഷിതമായ ഭൂമിയിലെ സത്യത്തിന്റെ കാവൽപടയാളികളാണവർ. നന്മയുടെ യഥാർത്ഥ മാലാഖാമാർ.

**കേരളത്തിൽ റിപ്പോർട്ട് ചെയ്ത ആദ്യ ദുരഭിമാന കൊലയുടെ ഇരയായ കെവിന്റെ പ്രണയിനി നീനു ഇന്ന് ജീവിക്കുന്നത് കെവിന്റെ അമ്മയായ മേരിക്കൊപ്പമാണ്. ഈ അമ്മയില്ലായിരുന്നെങ്കിൽ താൻ ഇന്ന് ഈ ലോകത്തു ഉണ്ടാവില്ലെന്ന് നീനു പറയുന്നു. രക്തബന്ധത്തിലും മുകളിൽ മനുഷ്യത്വമുണ്ടെന്ന് തെളിയിച്ച ഒരു മാതാവ്. അവരെപ്പോലുള്ളവർക്ക് സമൂഹത്തിൽ ലഭിക്കേണ്ട ആദരവും സ്നേഹവും മറ്റു കുറച്ചു പേരുടെ പ്രവൃത്തികൾ വഴി ഇല്ലാതാകരുത്. കാരണം കലുഷിതമായ ഭൂമിയിലെ സത്യത്തിന്റെ കാവൽപടയാളികളാണവർ. നന്മയുടെ യഥാർത്ഥ മാലാഖാമാർ.**



# തോൽക്കുമ്പോൾ

ജയലക്ഷ്മി ആർ കർത്ത
ഒന്നാം വർഷ ബിരുദാനന്തര ബിരുദം,
ഗണിതശാസ്ത്രം

ജനനം പോലും ഒരു തോൽവിയായിരുന്നു, വൈകല്യങ്ങളോടെ. ഹൃദയത്തിൽ ആരും കാണാതെപോയ ഒരു സുഷിരം. ഒരു പക്ഷേ അന്ന് ശ്രദ്ധിച്ചിരുന്നെങ്കിൽ ഇന്ന് ഈ ലോകം എനിക്ക് അന്യമായിരുന്നിരിക്കാം. ഒപ്പം കുറച്ച് മാനസിക വിഭ്രാന്തി കൂടിയായപ്പോൾ എല്ലാം ആയി. എന്നെ പുറത്തെടുത്ത ഡോക്ടറും ജാതകം കുറിച്ച ജ്യോത്സ്യനും അടക്കം എല്ലാവരും പറഞ്ഞുവത്രേ എട്ട് വയസ്സിൽ കൂടുതൽ ഞാൻ ജീവിച്ചിരിക്കില്ലെന്ന്. അതുംകൂടിയായപ്പോൾ സഹതാപം ഇരട്ടിയായി. അമ്മയ്ക്ക് ഞാൻ ഒറ്റ കുട്ടിയായിരുന്നു. അതുകൊണ്ട് തന്നെ എന്റെ മരണം അമ്മയെ തളർത്തികളയും എന്നു എല്ലാവരും പറഞ്ഞു. അതെന്താ ഒരു കുട്ടി കൂടി ഉണ്ടെങ്കിൽ അമ്മക്ക് സങ്കടം കാണില്ലേ?? അറിയില്ല.

അവർക്ക് ഞാൻ എന്നും ഒരു അധികഭാരമായിരുന്നു. എപ്പോഴും ശരീരത്തോട് ചേർന്ന് കിടക്കുന്ന, ശരീരത്തിന് പുറത്തുള്ള, ദിവസങ്ങൾ കഴിയുംതോറും വളർന്നുവരുന്ന അവയവം. പക്ഷേ ഈ അവയവത്തിന്റെ വളർച്ചക്കൊപ്പം അമ്മ ചെറുതായി വരുന്നത് ഞാൻ കണ്ടു. പ്രിയപ്പെട്ട ജ്യോത്സ്യന്റെ പ്രവചനം കൂടിയായപ്പോൾ അച്ഛമ്മക്ക് ഞാൻ ഒരു ദുശ്ശകുനം ആയിരുന്നു. എന്നോടുള്ള ദേഷ്യം കൂടി അവർ അമ്മയ്ക്ക് നേരെ തീർത്തു. അച്ഛനും അമ്മയും ഒരിക്കലും എന്നെ മറച്ചുവെക്കാൻ നോക്കിയിട്ടില്ല. അവർക്ക് ഒപ്പം എവിടെയും ഞാനും പോകുമായിരുന്നു. പോകെ പോകെ ഞാൻ ആ യാത്രകൾ വെറുത്തു തുടങ്ങി. എവിടെയും സഹതാപം നിറഞ്ഞ കണ്ണുകൾ. അവ എന്നെ കൊല്ലുമെന്ന് ഞാൻ ഭയന്നു. ജീവിതം ഒരു കുഞ്ഞ് മുറിയിലേക്ക് ഒതുങ്ങി. പുറം ലോകം ആയി ആകെ പരിചയം ഒരു ക്ലാസ്സ്മുറിയായിരുന്നു. എന്നെ പോലെ ചിരിക്കാനും സഹതാപം ഇല്ലാതെ നോക്കാനും കളിക്കാനും പറ്റുന്ന കുറച്ച് കൂട്ടുകാർ. അവർക്ക് ഇടയിൽ ഞാൻ വളരെ സന്തുഷ്ടയായിരുന്നു.

അതിനിടയിൽ വേദനകളും സങ്കടങ്ങളും കുറച്ച് സന്തോഷങ്ങളും നിറഞ്ഞ എട്ട് വർഷങ്ങൾ കടന്ന് പോയത് ഞാൻ അറിഞ്ഞില്ല. എനിക്ക് വിധി കരുതി വച്ചിരുന്നത് മറ്റൊന്നായിരുന്നു. വിധി പ്രഖ്യാപിച്ച ജോൽസ്യനെയും ഡോക്ടറെയും പോലും അത്ഭുതപ്പെടുത്തികൊണ്ട് ഞാൻ മരിച്ചില്ല. കവടിക്ക് തെറ്റിയതാണോ ശാസ്ത്രത്തിന് തെറ്റിയതാണോ എന്ന് അറിയില്ല. അത് കണ്ടുനിന്നവർക്ക് ഒരു വലിയ ആശ്ചര്യമായിരുന്നു. ദിവസങ്ങൾ കടന്നു പോയി. തനിയെ നടക്കാൻ മനസ്സ് ഒരുപാട് കൊതിച്ചു. അതിന് ശ്രമിച്ചപ്പോഴൊക്കെ വീണുപോയി. ഓരോ വീഴ്ചയുടെയും ആഘാതം ഏറെയായിരുന്നു. എന്നാലും അതൊരു വിജയം തന്നെയായിരുന്നു. വിജയത്തിന്റെ ആനന്ദം മനസ്സിനെ ശക്തയാക്കി.

ദിവസങ്ങൾ കടന്നു പോയി. വൈകല്യങ്ങൾ നിറഞ്ഞ ശരീരം പക്ഷെ ഞാൻ ഒരു പെണ്ണാണ് എന്ന് പറയാൻ മറന്നില്ല. ചുവന്ന കറ എന്നെയും വേട്ടയാടി. ശരീരത്തിൽ എന്ത് സംഭവിക്കുന്നു എന്ന് തിരിച്ചറിയാൻ പോലും കഴിയാത്ത സമയമായിരുന്നു. ഇതുവരെ അനുഭവിക്കാത്ത പുതിയ ചില വേദനകളും മാറ്റങ്ങളും എനിക്ക് അനുഭവപ്പെട്ടു. പതിയെ പതിയെ അച്ഛൻ എന്നെ അകറ്റി നിർത്തുന്നത് ഞാൻ ശ്രദ്ധിച്ചു. അച്ഛനും അമ്മയും ആയിരുന്നു എന്റെ ലോകം. അധികം വൈകാതെ അത് അമ്മയിലേക്ക് മാത്രമായി ഒതുങ്ങി. അതൊരു തിരിച്ചടിയായിരുന്നു. അതിൽ നിന്ന് രക്ഷപ്പെടാൻ മനസ്സ് കണ്ടെത്തിയത് ഏകാന്തതയായിരുന്നു. ആ ഏകാന്തത എന്നെ കാർന്നു തിന്നു. എന്റെ മുറിയിൽ നിന്ന് ഞാൻ പുറത്തിറങ്ങാതെയായി. ഞാൻ ഇരുട്ടിനെ ഇഷ്ടപ്പെടാൻ തുടങ്ങി. വെളിച്ചം എന്നെ കൊല്ലാൻ ശ്രമിക്കുന്ന എന്തോ ആയി എനിക്ക് അനുഭവപ്പെട്ടു തുടങ്ങി. ഞാൻ വീണ്ടും തോൽക്കുകയായിരുന്നു. അതിൽ നിന്ന് കരകയറാൻ അമ്മ എന്നെ പഴയ ക്ലാസ്സ് മുറിയിലേക്ക് മടക്കി കൊണ്ടുപോയി. പതിയെ പതിയെ എന്റെ കളിയും ചിരിയും തിരിച്ചു വന്നു, പതിവിലും സന്തോഷത്തോടെ രാവിലെ എഴുന്നേൽക്കാനും യാത്രയാവാനും തുടങ്ങി.

വീടിനേക്കാൾ ആ ക്ലാസ്സ് മുറിയെ ഞാൻ സ്നേഹിക്കാൻ തുടങ്ങി. അവർ എന്നെ ഒച്ചയുണ്ടാക്കാനും ഉറക്കെ ചിരിക്കാനും നിർബന്ധിച്ചു. ആദ്യം ഒന്നിനും ഞാൻ വഴങ്ങിയില്ല. ഒച്ചയുണ്ടാക്കാൻ ശ്രമിക്കുമ്പോൾ തൊണ്ട പൊട്ടുന്ന പോലെയോ ഉള്ളിൽ നിന്നാരോ തിരിച്ച് വലിക്കുന്ന പോലെയോ ഒരു ബുദ്ധിമുട്ട് അനുഭവപ്പെട്ടു. ഞാൻ വാശിപിടിച്ചു, വാശിപിടിച്ച് കരഞ്ഞപ്പോഴൊക്കെ അമ്മ എന്നെ ചേർത്തുപിടിച്ചു. പതിയെ പതിയെ ഞാൻ ഒന്ന് രണ്ട് വാക്കുകൾ സംസാരിക്കാൻ തുടങ്ങി. ജീവിതത്തിൽ വിജയത്തിന്റെ മാധുര്യം അറിഞ്ഞു. പിന്നെ അതൊരു ലഹരിയായി. ആ ലഹരിക്ക് വേണ്ടി പിന്നെ മനസ്സ് കൊതിച്ചുകൊണ്ടെയിരിക്കും. പക്ഷെ ഞാൻ ഈ ഒരു വിജയം കൊണ്ട് സംതൃപ്തയായിരുന്നു. ഇടയ്ക്ക് ഇടയ്ക്ക് ശബ്ദങ്ങൾ

**"എന്റെ വിജയം എന്റെ അമ്മയുടെ തോൽവിയുടെ നേട്ടമാണ്. ജീവിതത്തിൽ നേടണം എന്ന് ആഗ്രഹിച്ചത് പലതും അവർ ത്യജിച്ചതിന്റെ ഫലമാണ്. ജീവിതത്തിൽ ജയിച്ചിട്ടില്ലാത്ത ചിലരുണ്ട്. അവരെ ആരും ഓർക്കാറില്ല. പക്ഷേ ആരും ശ്രദ്ധിക്കാത്ത ഒരു കാര്യമുണ്ട്. അവർ തോറ്റവരല്ല, പലരുടെയും വിജയത്തിന്റെ കാരണം അവരാണ്. എന്റെ അമ്മ ആ കൂട്ടത്തിൽ ഒരാളാണ്.**

ഉണ്ടാക്കി മനസ്സ് ആനന്ദം കണ്ടെത്തി. എന്റെ വിജയത്തെ കുറിച്ച് പറയുമ്പോൾ ഞാൻ ഈ കാര്യം കൂടി പറയണം.

എന്റെ വിജയം എന്റെ അമ്മയുടെ തോൽവിയുടെ നേട്ടമാണ്. ജീവിതത്തിൽ നേടണം എന്ന് ആഗ്രഹിച്ചത് പലതും അവർ ത്യജിച്ചതിന്റെ ഫലമാണ്. ജീവിതത്തിൽ ജയിച്ചിട്ടില്ലാത്ത ചിലരുണ്ട്. അവരെ ആരും ഓർക്കാറില്ല. പക്ഷേ ആരും ശ്രദ്ധിക്കാത്ത ഒരു കാര്യമുണ്ട്. അവർ തോറ്റവരല്ല, പലരുടെയും വിജയത്തിന്റെ കാരണം അവരാണ്. എന്റെ അമ്മ ആ കൂട്ടത്തിൽ ഒരാളാണ്.

# കണ്ണുനീരാവാൻ വിധിക്കപ്പെട്ടവർ

ഐബിൻ എസ് മാത്യു
പൂർവ വിദ്യാർത്ഥി

ഇന്ത്യയുടെ കണ്ണുനീരിനൊപ്പം ലോകം തലകുനിച്ച നിമിഷം, 2019 ഏപ്രിൽ 21. ഭൂപടത്തിൽ ഇന്ത്യയ്ക്ക് താഴെയായി ഒരു കണ്ണുനീർത്തുള്ളിയുടെ ആകൃതിയിൽ ഇന്ത്യൻ മഹാ സമുദ്രത്തെ തൊട്ടുരുമ്മി കിടക്കുന്നതുകൊണ്ടാവാം ലോകം അവളെ ഇന്ത്യയുടെ കണ്ണുനീരെന്നു വിശേഷിപ്പിക്കുന്നത്. പറഞ്ഞുവരുന്നത് മറ്റൊന്നിനെയും പറ്റിയല്ല, നമ്മുടെ അയൽരാജ്യമായ,  അതിജീവനത്തിനു എന്നും സ്വയം മുന്നിട്ടിറങ്ങി ലോക പ്രശംസ പിടിച്ചു പറ്റിയ കുഞ്ഞൻ രാജ്യമായ ശ്രീലങ്കയെക്കുറിച്ചുതന്നെയാണ്.

മരണത്തെ കീഴടക്കിയുള്ള ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ഓർമ്മ കൊണ്ടാടിയ ഈസ്റ്റർ ദിനത്തിൽ ലോക മനഃസാക്ഷിയെ ഒന്നടങ്കം ഞെട്ടിച്ചുകൊണ്ട് ലങ്കയിൽ ചാവേറാക്രമണമുണ്ടായി. ഈസ്റ്റർ ആഘോഷം നടന്നിരുന്ന മൂന്ന് ദേവാലയങ്ങളിലും വിദേശികളടക്കം വന്നു പാർത്തിരുന്ന മൂന്ന് ആഡംബര ഹോട്ടലുകളിലുമാണ് സ്ഫോടനം ഉണ്ടായത്. ഏതാണ്ട് 300-ൽ അധികമാളുകൾ കൊല്ലപ്പെടുകയുണ്ടായി. ലോക ജനസംഖ്യയിൽ മഹാഭൂരിഭാഗം പേരും കണ്ണുനീരണിഞ്ഞ നിമിഷം. ഈ കൊടുംക്രൂരത ചെയ്തവർ അത് ചെയ്ത രീതിയും, തിരഞ്ഞെടുത്ത സ്ഥലവും, സന്ദർഭവും ലോകത്തിനു തന്നെയൊരു മുന്നറിയിപ്പാണ്. ഭീകരരെ തുരത്തുവാനും, ലോക സമാധാന പുനഃസ്ഥാപനത്തിനും ഓരോരുത്തരും മുന്നിട്ടിറങ്ങണമെന്നുള്ള ആഹ്വാനമായിരിക്കാം ഒരുപക്ഷേ നിഷ്കളങ്കരായ ഒരു പറ്റം ആളുകളുടെ നിലവിളിയും കറ തീരാത്ത ചോരപ്പാടുകളും നമ്മുക്ക് മുന്നിൽ വെക്കുന്നത്.

തെറ്റ് ചെയ്തവർ ശിക്ഷ അർഹിക്കുന്നു. എന്നാൽ ലങ്കയിലെന്നപോലെ ഈ ലോകത്തു നടക്കുന്ന മിക്ക ആക്രമണങ്ങളിലും മരണമടയുന്നവർ തീർത്തും നിരപരാധികൾ ആണെന്നത് കാലം തെളിയിച്ച വസ്തുതയാണ്. ആക്രമണം ആസൂത്രണം ചെയ്യുന്നവരും ചാവേറുകളാകാനും മറ്റുമായി തുനിഞ്ഞിറങ്ങുന്നവരും ശരിയല്ലാത്ത ഒന്നും ഇതിൽ കാണുന്നില്ല. 'ദൈവത്തിനു വേണ്ടി'യെന്ന ഹാഷ്ടാഗുമായി മത തീവ്രവാദികൾ എന്തും ചെയ്യാൻ



**ശാന്തത അലയടിച്ചിരുന്ന കൊളമ്പോ നഗരം ഒരു നിമിഷം കൊണ്ട് വിറങ്ങലിച്ചുപോയി. തളം കെട്ടിക്കിടക്കുന്ന രക്തം ലങ്കൻ നഗരങ്ങളിലേതുപോലെ തന്നെ അവിടെയുള്ള മനുഷ്യഹൃദയങ്ങളെയും ആഴത്തിൽ മുറിപ്പെടുത്തി.**

മടിയില്ലാതെ നിൽക്കുമ്പോൾ ഒരുപക്ഷെ സ്നേഹിക്കാനല്ലാതെ മറ്റുള്ളവരെ വേദനിപ്പിച്ചു സ്വന്തം രാജ്യം കെട്ടിപ്പടുക്കാൻ ഒരു ദൈവവും ഒരു മതഗ്രന്ഥത്തിലും പറഞ്ഞിട്ടില്ലെന്ന സത്യമെന്തേ ഇതിനു തുനിഞ്ഞിറങ്ങുന്നവർക്ക് ബാധകമല്ലാത്തത്? വെറും മത ഭ്രാന്ത് എന്നുപറഞ്ഞു ഇതിനെ നിസ്സാരവത്കരിക്കാൻ സാധിക്കില്ല, കാരണം കേവലമൊരു മതമോ മതഗ്രന്ഥമോ അല്ല ഇവരെ നയിക്കുന്നത്. മത വാദങ്ങൾ തെറ്റായി വ്യാഖ്യാനിച്ചും അവയെ വളച്ചൊടിച്ചും ഏകമത രാജ്യം ഈ ലോകത്തെമ്പാടും സൃഷ്ടിക്കാമെന്നാവും അവർ കരുതിവരുന്നത്. ഈ കരുതലുകൾക്കും ആചാരങ്ങൾക്കും അനുയോജ്യമായ നിലമൊരുക്കി കൊടുക്കുകയാണ് ഇന്നു പല രാജ്യങ്ങളും അവിടെയുള്ള അധികാരികളും. ഇന്ത്യയും ഈ ഗണത്തിൽ പെടുന്നുവെന്നത് ഇന്ന് നമുക്ക് നിരസിക്കാനാവാത്ത സത്യമാണ്.

ലങ്കയിലും മറ്റുമൊക്കെ നാം കണ്ടതാണ്, ഒരു കൈ സഹായത്തിനു ആരെങ്കിലും ഓടിയെത്തിയത് ജാതിയോ മതമോ ഒന്നും നോക്കിയല്ല. ബുദ്ധമത വിശ്വാസിയെന്നോ ഹൈന്ദവനെന്നോ മുസൽമാനെന്നോ ക്രിസ്ത്യാനിയെന്നോ വേർതിരിവില്ലാതെ എല്ലാ കൂട്ടരും ഓടിയെത്തി, സഹായിക്കാനും സഹായ വാഗ്ദാനങ്ങൾ ഉറപ്പു നൽകാനും. നമ്മുടെ കൊച്ചു കേരളവും ഇതുപോലെയൊരു ഐക്യത്തിന് ഏതാനം മാസങ്ങൾക്കു മുൻപ് സാക്ഷ്യം വഹിച്ചതാണ്. പ്രളയകാലത്തു വലുപ്പ-ചെറുപ്പങ്ങളില്ലാതെ നാം ഒന്നായി കൈകോർത്തപ്പോഴാണ് ഈ നാട് ആ വിപത്തിൽനിന്നും കരകയറിയത്. സാധാരണ ജനങ്ങൾക്കില്ലാത്ത ഒരു വേർതിരിവ് പിന്നെ ആർക്കാണ് ഉള്ളതെന്ന ചോദ്യം ഇവിടെ ഉന്നയിച്ചു കൊള്ളട്ടെ. എന്തൊക്കെയോ സംരക്ഷിക്കാനെന്നവണ്ണം ഹർത്താലുകൾ ആഹ്വാനം ചെയ്യുന്നതും കൂടാതെ അവയിൽ ആക്രമണങ്ങൾ അഴിച്ചുവിട്ടു പൊതുജീവിതം സ്തംഭിപ്പിക്കാൻ മറഞ്ഞിരുന്നു നേതൃത്വം നൽകുന്നവരും അധികാര നിലകളിലേക്ക് എത്തുമ്പോൾ നമ്മുടെ രാജ്യത്തിന്റെ ഭാവി എന്താകുമെന്ന് ഒന്ന് ചിന്തിക്കുന്നത് ഈ അവസരത്തിൽ നല്ലതാകും. മനുഷ്യരും മനുഷ്യത്വവും ഒന്നുമായിരിക്കില്ല അവരുടെ അജൻഡ നിശ്ചയിക്കുന്ന ഘടകം. അതോടൊപ്പം അധികാരവടംവലിയും മതപരമായ രാഷ്ട്രീയ തീരുമാനങ്ങളും പൊതുജനങ്ങളുടെ അല്ല എന്നത് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ശബരിമലയും, അയോധ്യയും നമുക്ക് മനസിലാക്കി തന്നതും ഇതൊക്കെത്തന്നെയാണ്. നിലം ഒരുങ്ങിയാൽ അവിടെ വിളയിറക്കണം എന്നത് കർഷക പാരമ്പര്യമുള്ള നമ്മൾ മലയാളികൾക്ക് വ്യക്തമാണ്. ഇന്നു ശ്രീലങ്കയിൽ ഉണ്ടായ സ്ഫോടനത്തിന്റെ ആസൂത്രകരും അനുയായികളും താമസിച്ചതും പരിശീലനം നേടിയതും നമ്മുടെ ഈ കൊച്ചു കേരളമടങ്ങുന്ന പ്രദേശങ്ങളിൽ ആണെന്നുള്ളത് ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. അപ്പോൾ ഇത്തരം വിപത്തുകൾക്കും അത് ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്കും വളക്കൂറുള്ള മണ്ണായി ഇന്ത്യ മാറിക്കഴിഞ്ഞോ? ഇന്ന് ലങ്കയിൽ ഒഴുകിയ കണ്ണുനീർപ്പുഴ നാളെ ഇന്ത്യയിൽ ഒഴുകില്ലെന്നു ഈ സാഹചര്യത്തിൽ നമുക്ക് പറയുക സാധ്യമല്ല. ഭീകരവാദം ഇത്രത്തോളം പ്രശ്നങ്ങൾ സൃഷ്ടിക്കുമ്പോഴും അതിനുതകുന്ന സാഹചര്യം ഒരുക്കുന്ന രാജ്യങ്ങളും ഭരണാധികാരികളും ഇപ്പോഴും പലയിടങ്ങളിലും തുടരുന്നു എന്നത് ഈ ഭീതിയുടെ ആക്കം കൂട്ടുന്നു.

കൊളംബോയിലുണ്ടായ ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് തീവ്രവാദ സംഘടനയായ ISIS മുന്നോട്ടുവരുകയുണ്ടായി. ഇറാക്ക്, സിറിയ, അഫ്ഗാനിസ്ഥാൻ പോലുള്ള രാജ്യങ്ങളിൽനിന്നു യൂറോപ്പിലേക്കും ഏഷ്യയുടെ മറ്റു പ്രദേശങ്ങളിലേക്കും പടരുകയാണ് തങ്ങളുടെ പ്രഖ്യാപിത ലക്ഷ്യമെന്ന് പണ്ട് അവർ പറയുകയുണ്ടായി. അവരെ സംബന്ധിച്ചിടത്തോളം അവർക്കു വളക്കൂറുള്ള മണ്ണിൽ നിൽക്കക്കള്ളിയില്ലെന്നു മനസിലായതാവാം ഒരു പക്ഷേ ഈ തീരുമാനങ്ങൾക്കൊക്കെ പിന്നിൽ. ഇന്ന് ഇന്ത്യയിൽ നിന്നടക്കം ആളുകൾ IS ആയി ബന്ധപ്പെട്ടു ജീവിക്കാൻ തുടങ്ങിയിട്ടുണ്ടെങ്കിൽ പൊളിച്ചെഴുതലുകൾക്കു സമയമായി എന്നത് ഭീകരരെപ്പോലെ തന്നെ നമ്മളും ചിന്തിച്ചു തുടങ്ങേണ്ടിയിരിക്കുന്നു. നമ്മുടെമേലുള്ള അനാവശ്യ ശക്തിയെ പൊളിച്ചെഴുതിയെ മതിയാകൂ.



**'ദൈവത്തിനു വേണ്ടി'യെന്ന ഹാഷ്ടാഗുമായി മത തീവ്രവാദികൾ എന്തും ചെയ്യാൻ മടിയില്ലാതെ നിൽക്കുമ്പോൾ ഒരുപക്ഷെ സ്നേഹിക്കാനല്ലാതെ മറ്റുള്ളവരെ വേദനിപ്പിച്ചു സ്വന്തം രാജ്യകെട്ടിപ്പടുക്കാൻ ഒരു ദൈവവും ഒരു മതഗ്രന്ഥത്തിലും പറഞ്ഞിട്ടില്ലെന്ന സത്യമെന്തേ ഇതിനു തുനിഞ്ഞിറങ്ങുന്നവർക്ക് ബാധകമല്ലാത്തത്?**

ഒരു പതിറ്റാണ്ടിലേറെയായി ലങ്കൻ ജനത ആശ്വാസതീരത്തായിരുന്നു. വേലുപ്പിള്ള പ്രഭാകരൻ എന്ന നേതാവിന്റെ തേരിലേറി തമിഴ് പുലികൾ (LTTE) തങ്ങളുടെ വിമോചനത്തിനായി നടത്തിവന്നിരുന്ന ആഭ്യന്തര കലഹം 2009-ൽ അദ്ദേഹത്തിന്റെ മരണത്തോടെ അണഞ്ഞില്ലാതായി. പിന്നീടിങ്ങോട്ട് ലങ്കൻ ജനത സ്വയം പ്രാപ്തി നേടി എല്ലാം മറന്നു ജീവിച്ചു വരുന്നതാണ് നാം കണ്ടത്. ബുദ്ധമതത്തിന്റെ അടിയുറച്ച മണ്ണുകളിൽ ഒന്നാണ് ലങ്ക. ടൂറിസവും മറ്റു അനുബന്ധ കാര്യങ്ങളുമായിരുന്നു അവരുടെ പ്രധാന ആകർഷണ മാർഗം. ശാന്തത അലയടിച്ചിരുന്ന കൊളമ്പോ നഗരം ഒരു നിമിഷംകൊണ്ട് വിറങ്ങലിച്ചു പോയി. തളം കെട്ടിക്കിടക്കുന്ന രക്തം ലങ്കൻ നഗരങ്ങളിലേതു പോലെ തന്നെ അവിടെയുള്ള മനുഷ്യഹൃദയങ്ങളെയും ആഴത്തിൽ മുറിപ്പെടുത്തി. കെട്ടിപ്പൊക്കിക്കൊണ്ടുവന്ന സമാധാന അന്തരീക്ഷം എവിടെയോയിരുന്നു പ്രാദേശിക മത തീവ്രവാദ സംഘങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് IS നശിപ്പിക്കുന്നത് കണ്ടു അവർ ഉരുകിയില്ലാതായി. ആക്രമണം നടത്താൻ ഉദ്ദേശിച്ച സന്ദർഭത്തെപ്പറ്റി തുടക്കത്തിൽ സൂചിപ്പിച്ചതിലേക്ക് തന്നെ ഒന്നുകൂടി കടന്നു വരാം. ന്യൂനപക്ഷമായ ക്രൈസ്തവർ പ്രതീക്ഷയോടെ നോക്കി കാണുന്ന ഒരു ദിവസം തന്നെയാണ് ഇതെന്നത് ശ്രദ്ധേയമാണ്. ശ്രീലങ്കൻ സാഹചര്യം വിലയിരുത്തിയാൽ നമുക്ക് മനസിലാക്കാൻ സാധിക്കും ഏതാണ്ട് എട്ട് ശതമാനത്തോളം മാത്രമാണ് അവിടെ ക്രൈസ്തവ ജനസംഖ്യ. എന്തായാലും IS നൽകിയ കാര്യകാരണങ്ങളെ കൂടി ഒന്നു കീറി മുറിച്ചു പരിശോധിക്കാം. ഏതാണ്ട് ഒന്നര മാസം മുൻപ് ന്യൂസിലൻഡിലെ ക്രൈസ്റ്റ് ചർച്ചിൽ രണ്ട് മുസ്ലീം പള്ളികളിൽ വെള്ളക്കാരനായ ഒരു ഭീകരൻ നടത്തിയ വെടിവെയ്പ്പിൽ നിരവധിപേരാണ് കൊല്ലപ്പെട്ടത്. ആ നടന്ന ആക്രമണത്തിന് പ്രതികാരമെന്നോണമാണ് ലങ്കയിലെ സ്ഫോടനം അവർ നടത്തിയതത്രെ. ഇതു കേവലമൊരു ന്യായവാദം മാത്രമാവാം. കാരണം ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന ശ്രീലങ്ക പോലുള്ള രാജ്യങ്ങളിൽ വേരുറപ്പിക്കാൻ ഇതിലും നല്ലൊരു വാദം അവർക്കു കിട്ടാനിടയില്ല, അത്തരത്തിൽ അവിടെനിന്നും കുറച്ചുപേരുടെ കൂടി പിന്തുണ ഉറപ്പിക്കാനായിരുന്നില്ലേ ഈ നീച പ്രവർത്തി. വെള്ളക്കാരനായ ഒരാൾ നടത്തിയ ചെയ്തിക്ക് വെള്ളക്കാരുടെ നാട്ടിൽ പോയിയല്ല അവർ മറുപടി കൊടുത്തത്. ശ്രീലങ്ക പോലുള്ള ഒരു രാജ്യത്തെ പിഞ്ചുകുട്ടികളടക്കമുള്ള ഒരു പറ്റം നിഷ്കളങ്ക രക്തമാണോ അവരുടെ പ്രതികാരമാർഗം.

ഈ ചോദ്യങ്ങളൊക്കെ കൊണ്ടുചെന്നെത്തിക്കുന്നത് മതം അല്ല മറിച്ചു മറ്റെന്തൊക്കെയോ ലക്ഷ്യങ്ങളാണ് ഇതിനു പിന്നിലുള്ളവർക്ക് നേടാനുള്ളതെന്നാണ്. മതം വളർത്തുക ആയിരുന്നു ലക്ഷ്യമെങ്കിൽ അതിൽ ആദ്യം പങ്കെടുക്കേണ്ടിയിരുന്നത് മത മേലധ്യക്ഷന്മാരും അനുയായികളും അല്ലെ? അങ്ങനെ ഒന്നു നമ്മൾ കാണുന്നില്ല. അപ്പോൾ പിന്നെ ശ്രീലങ്ക നൽകുന്ന പാഠമെന്തെന്ന ചോദ്യം ഉയരുന്നു. അതിനുള്ള മറുപടി നമ്മുടെ ചുറ്റുപാടും നാം കാണുന്നുണ്ട് എന്നത് വിസ്മരിക്കരുത്. ആഗോള ശ്രദ്ധ നേടാൻ ഉദ്ദേശിച്ചു കൂടിയാവണം IS ഈ സ്ഥലവും സന്ദർഭവും തിരഞ്ഞെടുത്തത്. അതുപോലെ തന്നെ ആഗോളതയിലാണ് ശ്രദ്ധയെന്ന ചില വാക്കുകൾ നമ്മൾ കീറി മുറിച്ചു വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. നാനാജാതി മതസ്ഥർ ഒന്നിച്ചു പാർക്കുമ്പോൾ അതു ഇല്ലാതാക്കാൻ ശ്രമം നടത്തുന്നത് ആരെന്നും എന്തിനെന്നും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

**ഇന്ന് ലങ്കയിൽ ഒഴുകിയ കണ്ണുനീർപ്പുഴ നാളെ ഇന്ത്യയിൽ ഒഴുകില്ലെന്നു ഈ സാഹചര്യത്തിൽ നമുക്ക് പറയുക സാധ്യമല്ല. ഭീകരവാദം ഇത്രത്തോളം പ്രശ്നങ്ങൾ സൃഷ്ടിക്കുമ്പോഴും അതിനുതകുന്ന സാഹചര്യം ഒരുക്കുന്ന രാജ്യങ്ങളും ഭരണാധികാരികളും ഇപ്പോഴും പലയിടങ്ങളിലും തുടരുന്നു എന്നത് ഈ ഭീതിയുടെ ആക്കം കൂട്ടുന്നു.**

ഒരാളുടെ നിറത്തിന്റെ പേരിൽ, വംശത്തിന്റെയോ, ഭാഷയുടെയോ, ദേശത്തിന്റെയോ പേരിൽ തുല്യാവകാശം നിഷേധിക്കപ്പെടാൻ പാടില്ലാത്തത് പോലെ അയാളുടെ ലൈംഗികതയുടെ പേരിലും ബാക്കി ഉള്ളവർക്കുള്ള അവകാശം ആ വ്യക്തിക്ക് നിഷേധിക്കാൻ പാടില്ല.



# Queerythm

Alan Kuriakose, Jomy Thomas
First Year Post Graduation,
English Literature



Liberation of the sexual minorities in India is said to have happened on 6th September, 2018 when the Supreme Court decided to amend Section 377 of the Indian Penal Code. But this is far from reality as the queer community in India still faces discrimination, prejudice and even torture for their sexuality. In conversation with Prijith P K:

**1. How did the society perceive the queer community before the Supreme Court ruling and what impact truly does it have on it?**

For the queer people in the nation the verdict is historical. My first comment was ' I am no more a criminal', many queer people smiled and relaxed. Before the 377 verdict, people in the community were depressed and anxious about their future. Another important thing is that 377 is not a law only for LGBTIQ+ people, it is a law to protect the privacy of each individual. The state had a right to check your personal rights and space that changed through the verdict. 377 says peno-vaginal sex against the order of nature is punishable under the particular law, see the irony, if your father and mother intended to have sex for pleasure, it was punishable. If your brother and sister in law were enjoying without peno-vaginal was punishable, so the cisgender and heterosexual people should understand how this draconian law affected common people. But then too, we fought and won.

**2. Do you feel that things have all became fine after the verdict? Has this verdict made 'real' impact**?

377 in India is interesting, the Supreme Court ruled out many important findings, our government, media and other agencies are silent and they are behaving like no scrapping of 377 happened yet. That's a pathetic situation, because we don't have any sexual freedom, marriage right, property right, partner right, adoption rights and so on. Basic fundamental rights are denied, even after 377 verdict. But the courage and confidence among the community increased and strengthened. Many institutions and private companies opened their doors for the people. I think it takes time to accept and recognise the people. Actually we are not doing any harm to others. But the stereotypes associated with the community are still there. We hope things will change.

**3. What are the major problems faced by each of the minorities in the queer community?**

Interestingly many people think that queer community or people in the community are leading a special life and have special thoughts. The fact is that queer people are part of the society, specifically; we are a cross section of the society. This means there are people in the queer community thinking that they are superior to others, the thoughts of caste, race, class, religion and politics all are there. The queer dalits are suffering a lot. I belong to a Dalit family and am queer as well, which means I am suffering double marginalisation. The minorities inside a community should suffer again and again. In our state, we are proud of our literacy and culture, but we knew what happened during Sabarimala issue, the same crisis happened inside the queer community. So the external political and other affairs are affecting us too. The issues faced by LGBTIQ people are similar in many ways but they are not free in many terms. We as an organization opposing all kinds of hatred and violence, we never encourage intolerance and bullying inside the community.

**4. Do you think that the attitude of educated queer people towards the sex workers within the community is fair?**

Within the transgender community there is again a differentiation between class, education and financial status. They discriminate among themselves between the so called educated elite individuals and those who are forced to be sex workers on the streets. Outside the community, these differences exist in our society but not this evident. Inside the community, this division and discrimination becomes very evident. There are community members who also discriminate on the basis of colour almost like an apartheid. Discrimination within the community is visible.

Inside the community itself, there are individuals who face different issues related to health and economic conditions. They face discrimination against these factors in their life too. A severe discrimination against the sex workers cannot be left without a mention. Those who are forced to be sex workers and those who have a choice of not to are treated and seen through very different eyes. Considering all the other jobs as dignified and sex workers as undignified is wrong concept. This needs to be broken.

**5. What are your suggestions, which you believe, would help in eliminating discrimination within the community?**

We need to make efforts to help them and make their lives easier than criticising them. Among the gays, men with effeminate body or mannerisms are body shamed and ridiculed. Even intersex individuals have to face body-shaming within the community and they are forced to unite and stick with individuals similar to them than freely interact with rest of the community. Stigmas and fears associated with relationships and friendships exist within the community and these cannot be communicated effectively to the heterosexual community. So, conflicts like these, are needed to be addressed and must be resolved for the community to stand together and work for their rights and freedom.

**6. What are the immediate needs of the community that are to be addressed- legal, education or any other?**

The basic necessities whether it be for human or animal are food, clothing and shelter. In a human's case, these are interconnected. It is with regard to these that all other rights come into being. Education and a job enables them to lead to a self-sustained life. The LGBT community, especially the trans-genders are denied these basic freedoms. What we must think about is how these issues can be properly addressed. There are many people who are thrown out of their homes for coming out to their community. The street then becomes their home. It is then that they have to take up other jobs like prostitution in order to sustain themselves. And then they get stereotyped and ostracised by the society for what they do out of necessity. All rights can be connected to this. These fundamental rights are only available or accessible to very few queer individuals. Usually it's the elite who gets access to these rights. Double marginalisation is another issue in the queer community. A Dalit queer individual is in an even worse situation. It's a major problem for transgender because sexual minorities can hide their sexuality but transgender individuals or transvestites cannot. This visibility puts their very existence at risk. All these issues are left unaddressed in the law, transgender bill and so called rights. To lead a discriminatory life is very difficult. So one of the immediate requirements is the freedom to access all levels of public sectors. For example, Kochi metro employed 43 transgender individuals. They were given jobs and completed their training. But today, only four of them are continuing to work there. The reason behind this is discrimination. Kochi metro was not able to accommodate these transgender individuals, even their basic needs were ignored. It was just for branding. Those sitting on higher positions of the Kochi metro must have taken this initiative with a genuine interest and concern. But it failed to trickle down to the rest of the organisation.

**7. Do you think that this Supreme Court verdict alone could ensure the rights and needs of the community? Do you hope for further legal aids?**

Supreme Court's verdict on the NALSA judgement came. After that came the 377 verdict. After the NALSA judgement, a transgender policy and a transgender bill came into being. But after the second 377 verdict, no initiative from either the state or the central government has been made to prepare a bill or a policy. This is a discrimination against the sexual minorities. Against this ignorance, lobbying is the right way, but for that to happen, the whole community would have to stand together to make the government understand that there are a lot of issues unaddressed. There are problems in the educational institutions, in homes and at workplaces for queer people. At the same time, transgender individuals have legal recognition but their marriage rights are yet not legal. Inheritance laws, sexual rights, nothing exists for the transgender community. Even adoption is not possible. Laws to prevent harassment and atrocities against them do not exist. No rehabilitation laws or packages exist.

Rehabilitation packages for people affected by the Endosulfan disaster in Kasargod exist and something similar, a comprehensive package, is essential to rehabilitate transgender individuals living on the streets. Gender issues and issues of the sexual minorities are to be addressed separately. Adoption rights and marriage rights are some of the few common issues faced by both communities. These need to be addressed at the earliest. These issues should not only be discussed during the time of elections but also after them. While queer individuals accept their own identity, the society too must accept it be it be it at home or at the workplace. This is a mass education project. Society must be sensitized to the issues and rights of the queer community. A project like this can work on different levels, Panchayat levels, administration, management, educational institutions, police, health etc. Along with this, syllabus restructuring (SOGISCSE) and programs in educational institution to create awareness of the queer community and to create a safe space for them to be themselves. If the change does not happen in the educational sector, transgender community and the sexual minorities will have to keep on fighting for their rights.

**8. Even after all these verdicts and campaigns some people still believe that queer people could be given treatment and made 'straight'. Do you think that the health sector is inclusi ve towards queer individuals?**

In the health sector, we lack proper trained professionals who are unaware of the queer community and their problems. The health sector is not inclusive and the government must make an intervention there. Even today, there are quacks who claims they can cure homosexuality and say it is a disease. It is important to identify them and stop them from harming the queer community. After ten years, the medical textbooks have been revised recently and even after that gender dysphoria still remains as a mental health disease and homosexuality still remains unnatural in these textbooks. There is no mention of the section 377 amending or the Indian Psychiatric Society's statement about homosexuality not being unnatural in these books. In 1990s, at the international level, textbooks have been revised and all these amends have been made but here, even today it is being taught as a mental disorder. It is very important and urgent to rectify this. We can only challenge this legally. These citations in the textbooks are those submitted in courts and thus the court makes judgements based on this as fact. This hence makes it an issue in both legal and medical field. This intervention not only makes lives of the queer people easier but also makes the legal and healthcare sector more accessible and accepting. These are interconnected. We have to start untying from one end and continue untying these knots

throughout the systems. What we need is not sympathy but equality and equal opportunities. This equality is what needs to be ensured for us in all sectors.

**9. What can educational institutions do to sensitise the students and teachers; and also make the campus queer friendly?**

"The destiny of a nation is shaped in a classroom" this is the first line of the Kothari commission report. Not only India but any country's future depends on the future of the children there. This is a fact. But if one were to ask how these institutions were trying to tackle this issue, then the efforts they put in seem inadequate. Our schools and colleges work on binaries and are therefore not inclusive to the queer community. The educational practices in these institutions are patriarchal in nature. Gender stereotyping begins from the very notion of teachers where they are expected to be feminine and teaching being the ideal job for women. The separate seating arrangement for boys and girls embeds binaries into their minds. Boys only schools and girls only schools are predominantly a concept in India. These structures need to be shattered.

Queer individuals need visibility in campuses. And to provide visibility, issues on sexual orientation, gender identity, sexual characteristics and sexual expression should be discussed and debated on campus. This should not remain merely within academic circles but should go beyond it into the social spaces and come to reality. The Kerala Government has given reservation of two seats for transgender students in every arts and science colleges in the state but colleges like Alphonsa College gave a petition against this. We should not promote such actions instead strongly fight back against them. The queer individuals must be given equal opportunities to raise up in their fields without discrimination or hatred. They should have a safe space to come out of the closet. We should focus on these issues in campuses.

For the disabled individuals, we have made changes to everything in the system, including infrastructure, to make them inclusive and give them access everywhere. Similarly, for the queer community such changes must be made. There are individuals who face gender dysphoria and having gender neutral restrooms are important for them. This is a small step making it inclusive. Another major step that can be taken is the initiation and active functioning of queer clubs in the campuses. These clubs provide them a safe space to explore themselves and also raise their issues and concerns in the society and in campuses which can be resolved with the help of other students and teachers. Bringing in queer individuals who have excelled in various fields will also allow the students to interact and get to know them at the same time will motivate the queer students in campuses. Changes must happen at home. PTA meetings can influence homes very much. Including SOGI into syllabus is not enough, they must be asked for exams. Merely including them into syllabus for namesake is futile. A through and through rejuvenation is required to bring in positive change for the queer community in campus and educational environment.

Prijith P.K is the Founder Secretary of Queerythm LGBTIQ Community, a Community Based Organisation for the rights of Sexual and Gender Minorities in the state since 2016. He completed his Post Graduation from the Institute of English, University of Kerala. He worked as Guest Lecturer in Co-operative Arts and Science College and College of Engineering in Trivandrum. He is pursuing his Doctoral Research at University College on study of theatre games for differently abled children. He has associated with Kerala State Literacy Mission for continuing education of transgender individuals and edited the survey report of the Mission. He is writing articles in various journals, hosting a blog on social media and actively participating in debates and discussions in all media. .

# 'MOTHER', Her Beaks Fluttered

Jinkle Thomas
Second Year Graduation
Chemistry

Time made a crack on,
That oval shell of hopes
Light swallowed darkness,
As the crack grew wider
A new life burst opened eyes
Her fine wings, brisk beaks
Fought to spot the new world
Found wires of lovely leaves,
Skillfully woven around her
A blue veil of peace above.

When tiny eyes locked,
Two eagerly looking eyes
An emotion boiled out of,
Her heart, by the warmth
Spread by those feathered wings
No one thought it was her,
Mother, she deeply felt it
A feeling beyond meaning
'Mother' her beaks fluttered ,
To describe the vision around.

"The world above me,
Where clouds chatter a music,
With rhythmic rains
Stars speak by tricky patterns,
Who hide behind the Sky,
To fool the rising sun
But mother, the world below,
With these things called humans
Their buildings, laws and wars,
Seems terrible and horrible!
I felt their words and deeds,
Two ships racing opposite shores
Never, ever, find the victory point

I doubt, are they trained actors?
Such skill to hide their hearts,
With masks of fake emotions,
Love is meant for someone,
Who shares their own blood
They are earning all their life,
To purchase hollow prosperity.

Letters of cruelty, death, disasters,
The companions of their newspapers
They drink the waters, stained red,
With the blood of their brothers
They eat the weeds nursed,
With cruelty in their fields
Their bees still roam around,
The fallen flowers, to sip,
The last drop of bitter honey
Oh! Feel like watching a horror film.

They claim as superior, how sarcastic!
Blind buffaloes digging their own pits
I'm lucky enough to be a bird,
To fly over eternal freedom
Our emotions, more truthful
We steal others love and care
To live the life, no worries of
Tomorrow ruins today's joy
Money, possession no value here,
Feel the breeze, taste the nuts,
Enjoy the rains, rejoice our hearts
Mother, go and save the innocent kids,
They will be more safe here."

# Barred

Tarun Eldho Mathew
Third Year Graduation
English Literature

I don't like to sleep on trains; I hate to sleep without locking my door. But train journeys are not long; the longer terrains could always be flown through. But here was different, I knew I had to sleep, for the doctors would come tomorrow. And the sedatives were doing their job too. This room had no locks, not even in the bathroom. I used to take pride in how I could lock/unlock my apartment with my smartphone, all thanks to August lock. And look at me now, sleeping like a little lamb. I am alone here; of course they wouldn't allow by-standers in such a place. In prisons I've heard, you get food served in plates/utensils; here in paper covers. Well man is still the same; still the cavemen, with newer and sophisticated technologies. Strangely, I wouldn't have the exact fears of a caveman; but to live in a cave would be a terrifying experience for me. There is this bell, two in fact, that summoned attenders and nurses in their rudest form: one technology I knew I wasn't going to use much.

The patients are not allowed to have any (metal) objects on them; things that could be used to hurt himself/others. Thus no shaving blades, injections or even your medicines. They brought in all you wanted and you could perform all such lowly operations right in front of them: quite the spectacle! I have a fire burning in my pencil pouch, and in my heart as guilt, in the form of a penknife. They missed it when they checked me. I had mentioned of it, as a joke to my doctor, in my early days and he cared too little for they all believed too much in the system. What if they found it now? Would I be beaten up like the madman outside? Speaking of outside, I haven't gone out yet and don't plan to either. On "open hours" there is a lot of commotion outside, with carroms and songs and what not, and otherwise the doors are locked from outside. I know this, because I've peeked now and then and there was this embarrassing introduction to a bunch of inmates, who were so involved in themselves to even sense my presence; the warden was quite loud though!

Locks usually present to me a sense of security, but when they are not on my end, not under my command, it only rendered fear. What if there was a fire and it was not "open hours"? "Open hours" are so short and rare in a day, that fire would be so kind to attack us then! Or is the other way round? Would fire be the liberation for the lot of us? We got food with a lot of care and sparing love. It was minced and void of spices so that none of us would choke and so that none would develop ulcers and the likewise. We were not forced or encouraged to exercise, probably because they wouldn't want us to be physically superior to them, in case a brawl broke out. And unlike you see in movies, you are not always chained: the bed and the chair and the bucked in the bathroom are chained. – You only under special cases. I was a 'good boy', as my mother would put it.

> **My only hope here is the window in my room. It showed nothing much, but the giant branches of a tree and brought no news from afar. There were these fine prints, like 'indigo' on the floor, made by the sun through the window. I used to bask in the print, sitting on the floor, absorbing its energy and new dreams.**

My only hope here is the window in my room. It showed nothing much, but the giant branches of a tree and brought no news from afar. There were these fine prints, like 'indigo' on the floor, made by the sun through the window. I used to bask in the print, sitting on the floor, absorbing its energy and new dreams. My face would be printed with light and shade. I'd love to photography myself now, but they would never let me yield my camera again; never again. The stories I could tell in frames…

There was this day that I overslept and failed to eat my lunch on time. It was my second week here, or so I believe (we have no clock nor calendar and you can only keep counting in your head for so long). I was woken up by a load bang on my bed; I knew I was in trouble and I was hungry. I told them I wasn't hungry and that I was ill, and they believed me: they smiled and nodded in acknowledgement. They were quite happy with my answer, just before rice was hurled into my face. That day, I had to eat from the bed and clean the floor; all while listening to a cluster of lectures on the importance of food. When you are working, you tend to skip meals and at times even to drink water. Such is the daily routine of a photographer: all the trouble we go to for the perfect picture. But even since that day, I've never missed a meal.

I have some friends here– cockroaches, the very ones I hated and feared all my childhood and youth. Although I was good in both land and water, air was never my domain; and these things could easily out-fly me. Doors could not stop them and locks did not scare them. They, the omnivore scavengers, came and went as they pleased minding their own business, and me minding theirs. In a way they had a lot to teach our kind, the superior race: they cleaned and cleared while we are busy messing up. Periplaneta americana, my science teacher used to call them. She wanted me to draw them; but now I wish she had asked me to draw a lesson from them.

When the doctors came, I listened carefully. I could sense his mood and I had time to prepare, for my room was at the very end of his rounds. I never met him alone, like I used to. He came as a pack of four; one of which was a strange senile spectacled man who seemed intrigued by my tattoos. Coming to think of it, we spend a lot of time judging how people would judge us. Being here, in this dim-lit, damp cave of a cell, there is only one-way people judge you – there is simply one label on you. This is freedom; and ironically I found freedom in confinement. Here I'm even free from choosing not to be free.

**But today I hope the world to stay away from me, as it has been doing. I hope everyone is good and fine and happy and healthy and everything worked like clockwork. But I know, somewhere deep inside, where the medicines don't reach, that it's not the case.**

I have this bed on the opposite corner, waiting to have an inhabitant of its own. I'll have to move all these newspapers and books in case the visitor arrives. I hope to be warned, in time. Every month I spent nearly two hours selecting newspapers and books. It's not hard to get newspapers with un-attempted SUDOKU. I have no clue where they get these old newspapers from; they are at least five years old, if my math is right. Then again, I've never been the best at math. I attempt these puzzles for mother, a true genius when it comes to math. One of these newspapers may contain a news of interest to me; but I never look, for there is nothing much I can do. I'm already late, at least by five years and will be even more late to be of any reaction to them.

I've hated mysteries and surprises, so I always solve them as soon as I can. All the frustrations unsolved answers brought upon me! But today I hope the world to stay away from me, as it has been doing. I hope everyone is good and fine and happy and healthy and everything worked like clockwork. But I know, somewhere deep inside, where the medicines don't reach, that it's not the case. I have thought of announcing this thought to my doctors, but I want this little thread of sanity lingering on from me, like a broken limb. Thoughts are like pickle: after a while, you can't but live without them.

A lot of us were sent back; most were cured. Maybe I too am, but no one knows, for I don't talk. Yesterday there was this terrible rain: one that wouldn't go away, even to the cries of madmen. I rang the bell and banged and banged, but no warm blanket came. At last the rain sang me to sleep. Strangely I feared cold, much before I felt it and now I miss the rain, quite terribly. Lately I've been noticing a surge of women staff here; something to do with feminism and gender equality. I hope they realize the ineffectiveness of love and compassion here. Brute force is what levels the upsurges. But then again, such thoughts may be the result of the hardwiring inside me, some that failed to snap.

Man has made a thousand things, like computers, cameras, gadgets, smartphone and much more than that I'm unaware of. But I've never understood the concreteness of the abstract concept of society. Isn't it society, that makes me the madman and you, the victim of my madness? This concept of madness called 'society' is what some of us wish not to comprehend. I've been forced to be a hypocrite at times, we all have been. Are things any different now? If they were we would be sent out, to you, wouldn't we? I'd rather be a madman: a true one!

All these newspapers, with my failed attempts at SUDOKU and all these books, with my failed attempts at redemption: all these will be burned with me, or so I hope. I'm always silent, always mother's good boy, and maybe that's why, they are releasing me tomorrow. All these I've written, in bits, here and there, over the years, from memories, from dreams: my ignited thoughts. What will become of them? I hope nobody will find my words, for I've written news within newspapers and books within books, and it will drive into my state of craziness if he tries to read Me.

On this moonlit night, I hope to perform my final act. With the pen-knife that kept burning all these years, void from rust, I commit my greatest act and my only lesson to all hypocrites. With the glorious moon as the eyes, with the last spark of true madness. SPLATTER!



# Peek-A- Boo!

Alan Kuriakose
First Year Post Graduation,
English Literature

I was five and you were thirty.
I never knew why you always called me pretty.
You always carried me around,
My joy knew no bound.
In the car that your drive,
For the front seat I used to dive.
Soon you made me sit on your lap,
I never knew it was a trap.
You asked me not to say a word
Back then, I was a coward.
You stripped me;
Teased me,
Bit me and
Scratched me.
Nothing but pain and fear, I felt.
The candy you bought were no longer sweet,
I cried to saints George, Paul and Pete.
My tears were invisible but my silence was loud.
The word I didn't speak, my body showed.
My mom and my dad, my saviours in flesh and blood,
Hugged me, kissed me and healed me.
You were cast out of my life and
The wounds healed but the scars never faded.
When my loved ones hug,
I wince inside.
I won, you lost,
A game of hide and seek
Put to an end;
With you in the shadows and me on the throne.

# Musings on Memory and Agency

Jomy Thomas
First Year Post Graduation,
English Literature

According to Erik Pevernagie, “We are what we remember”. Memory far from being a mere recollection of the past, aids in specifically informing and forging both individual and communal identities. Memory can render one powerless and trapped or can empower individuals or groups to take necessary action to achieve positive results. Forgetfulness, both deliberate and accidental is also another important factor which determines how we construct our identities and this too has the same effect on the mind as memory does. Omission or addition of certain information or facts are as important as the process of remembering is.

The public image of a man or the opinion that posterity will have about him are a result of the working of metanarratives where there is a conscious remembering (and forgetting) of important information. This deliberate act is political and serves the purpose of setting up people and instances as having a greater (or lesser) importance than they really do. Thus, narratives which wield power are formulated and effected. Post modernism is characterized by general skepticism towards metanarratives which offers a society legitimization through the anticipated completion of a master idea. Individual narratives seek to undermine the official or historically accurate version. This creates multiple narratives which may or may not be based on facts or evidence but rather on the individualized or popular beliefs of the masses; a condition known as ‘post truth’.

How and what details are remembered and passed down to future generations is of the greatest significance as far as



> **The public image of a man or the opinion that posterity will have about him are a result of the working of meta narratives where there is a conscious remembering (and forgetting) of important information.**

a nation or culture is concerned. According to Edric Caldicott and Anne Fuchs, memory has a dual aspect which means that although the individual’s memory of his own or her own past have a unique reference point in the self as a ‘locative system’, these memories are always forged through available social and cultural frameworks or as Jeffrey Prager argues, although memories are ‘embodied’ in a particular person they are at the same time socially ‘embedded’. Memory is not a mere recollection of the past, but it is rather the recollection of the past in the perspective provided by the present with a view of the future. Therefore memory can be understood to exist in that transitional space between the past and the present. Hence, the relationship between memory and the present is reciprocal, wherein each factor influences and modifies the way in which the other is perceived.

The human mind arguably operates on the basis of rationality and therefore it follows that for each action no matter how absurd they might seem there must always be an underlined reason. These reasons which provide legitimacy to action are drawn from our remembrances of the past events. This is how memory transforms itself into power. Memory entraps individuals and traumatic incidents may block out all other instances of positivity and goodness in subject’s life leaving them into a perpetual state of despair, depression and powerlessness, which gradually leads to the degradation of their very nature, transforming them into perverted versions of themselves. Although memory might have such a negative effect rendering one powerless and reducing them to nothing more than hollow versions of themselves, it is this very faculty of memory which also empowers the same individual and acts as a liberating force. Long forgotten instances both cultural and individual serve as sources of power renewing the subject, setting them free. Thus, realization transforms itself into agency, effecting real change.

Icons, events and monuments play an important part in shaping individual and cultural identities and world view. “Those who control the past, control the present, who controls the present, controls the future (Orwell, 1984). The political ramification of modifying memory would be of critical importance in the success or failure of a nation or of an ideology. Any institution set up on a foundation of weak and ineffectual memory which fail to offer proper legitimacy for the actions taken by these institutions, would inevitably result in a catastrophe. Therefore it is essential that memory be modified, revisited and revalued from time to time by those in power to retain their position and authority over the people whom they rule by asserting their legitimacy through memory. In the wrong hands, this might spell the doom of institutions and cultures and as such, we must be aware of the implications that rewriting memory will have and therefore must actively resist the corruption of the past for agendas, political and otherwise.

> **Icons, events and monuments play an important part in shaping individual and cultural identities and world view. “Those who control the past, control the present, who controls the present, controls the future (Orwell, 1984).**

# കാലത്തോട് കലഹിച്ച പെണ്ണുടൽ

നിഴൽ
തൂലികാ നാമം

ശുദ്ധമായ ഒരു തുടക്കമാണ് വേണ്ടത്. തെറ്റെന്നോ ശരിയെന്നോ അല്ല, തിരിച്ചറിവുകളുടെ തുടക്കം. ഇനിയുമങ്ങോട്ട് സഞ്ചരിക്കേണ്ട പാതയിലൂടെ ഏറ്റുവാങ്ങേണ്ട കല്ലേറുകളുടെയും രൂക്ഷമായ നോട്ടങ്ങളുടെയും വാക്കുകളുടെയും ഉള്ളറിയാനുള്ള തിരിച്ചറിവാണ് എനിക്കും നിങ്ങൾക്കും വേണ്ടത്. അതുകൊണ്ട് തന്നെ എന്റെ ശരീരത്തെയും മനസിനെയും ഒരുമിച്ച് തടങ്കലിൽ അടയ്ക്കാൻ തൽക്കാലം എനിക്കുദ്ദേശമില്ല. എതിർപ്പുകൾ മറികടന്നു ഉൾകാമ്പിൽ മൗനമായി ഒഴുകിയിരുന്ന നദികൾ ഇനി ആർജവത്തോടെ ആർത്തുല്ലസിക്കട്ടെ.

ഇവിടങ്ങളിൽ ഒരു നിയമമുണ്ട്. തന്റേതെന്ന് നിശ്ചയം കൊണ്ട ഒരു പങ്കാളിയെ കണ്ടെത്തുന്നവരേയ്ക്കും തന്റെ കൗമാരത്തെ ആരാലും ഉടയ്ക്കപ്പെടാതെ സംരക്ഷിച്ചുകൊള്ളാം എന്നും, ഇനി തന്റെ കർത്തവ്യം മാനിക്കുവാൻ ആകാതെ ഒരു സ്ഥിതിവിശേഷം വന്നു ചേർന്നാൽ അതൊരു തീരാനഷ്ടമായി കരുതപ്പെടണമെന്നും കാലാകാലങ്ങളായി തുടർന്ന് വന്ന നിയമം. 'Indian Penal Code'-ൽ പ്രതിപാദിക്കുന്നില്ല എങ്കിലും പരസ്യമായ ഒരു രഹസ്യമായി ഇപ്പോഴും ഇത് നിലനിൽക്കുന്നു. അതിനെ പിന്തുടർന്ന് പോരുന്ന നമ്മുടെ കുലീന ജനങ്ങൾ എന്ത് ശുദ്ധതയാണ് ഉദ്ദേശിക്കുന്നതെന്ന് ഇനിയുമെനിക്ക് തീർച്ചപ്പെടുത്താനായിട്ടില്ല.

എനിക്കറിയാം എന്റെ ഹൃദയവും എതിർപ്പുകളെ മറികടക്കും മുൻപേ എന്റെ കൗമാരത്തെക്കുറിച്ചും, എനിക്ക് മാത്രമായി വന്നു ചേർന്നേക്കാവുന്ന സുന്ദര നിമിഷങ്ങളെ കുറിച്ചും ആഴത്തിൽ വാചാലയായിരിന്നു, എന്റെ ശരീരത്തെ എന്റേത് മാത്രമായതിനു സമർപ്പിക്കുന്നതിലുപരി മറ്റൊന്നും അത്ര തിളക്കമേറിയതായി എന്റെ ബോധത്തിൽ ഉദിച്ചിരുന്നില്ല. അത്തരം ചിന്തകളിൽ നിന്നും മാറിയത് അല്ലെങ്കിൽ എന്നെ മാറ്റിയെടുത്തത് പഴയ ശീലങ്ങളുടെ തന്നെ തഴക്കം മൂലമാണെന്നാണ് എനിക്ക് തോന്നുന്നത്. അതെന്തെങ്കിലും ആകട്ടെ. എനിക്ക് പറയുവാനുള്ളത് മോചനത്തെക്കുറിച്ചാണ്. എന്റെ വാക്കുകളുടെ ദിശയിൽ നിന്നും എതിർ ദിശയിലേക്കുള്ള ഒരു നോട്ടം കൊണ്ട് നിങ്ങൾക്ക് ചിലപ്പോൾ 'മോചനം എന്തിൽ നിന്ന്' എന്നുള്ള ചോദ്യത്തിനു ഉത്തരം കിട്ടിയേക്കാം.

എന്റെ ആത്മാവിന്റെ ചിന്തകൾ പതുങ്ങിയിരുന്ന തീക്ഷ്ണമായ സങ്കൽപ്പങ്ങളിൽ നിന്നും നഷ്ടം എന്ന് കരുതിയിരുന്നതിന്റെ തുഞ്ചത്തേക്ക് എത്തിയപ്പോഴേക്കും ജീവിതത്തിന്റെ തന്മയീഭാവം എന്റെ മുന്നിൽ വിറങ്ങലിച്ചുനിൽക്കുകയാണ് ഉണ്ടായത്. കാത്തു സൂക്ഷിച്ച കന്യകാത്വമെല്ലാം ശരീരത്തിൽ നിന്നും ഒഴുകി പോയിരിക്കുന്നു. അപ്പോൾ നേരല്ലാത്ത വിധം മരവിപ്പ് എന്റെ ശരീരത്തെയും മനസിനെയും ഒരുമിച്ച് കാർന്നു തിന്നുന്നതായി ഞാൻ തിരിച്ചറിഞ്ഞു. പൂർവാധികം താമസിച്ച് അതിൽ നിന്നുമുള്ള ഉണർന്നെഴുന്നേൽക്കലാണ് പഴയ ശീലങ്ങളെ പരിഹസിക്കാൻ എന്നെ ശീലിപ്പിച്ചത്. എന്റെ കണ്ണുകൾ കണ്ടിറങ്ങിയ നഗ്നതകൾക്കൊടുവിലും എന്റെ ആത്മാവിന് മുന്നിൽ ഞാൻ പരിശുദ്ധയായി നിലകൊണ്ടു. എന്റെ കണ്ണുകൾക്ക് ഒരുതരം തിളക്കമുണ്ട്. എന്തെന്നാൽ ഞാൻ കാണുന്ന മനുഷ്യരിൽ, പൂക്കളിൽ, വസ്തുക്കളിൽ, വൃത്തിഹീനമായ കാര്യസാധുക്കളിൽ അങ്ങനെ സർവ്വതിലും അതിന്റെ ന്യായം തിരിച്ചറിയുന്ന പോലെ എന്തോ ഒരു സത്യം ഒളിഞ്ഞു കിടക്കുന്നത് ഞാൻ അറിഞ്ഞു. എന്റെ ശരീരത്തിലേക്ക് അലിയപ്പെട്ട പല പൂക്കളും ഇന്നും വാടാത്ത സൗരഭ്യത്തോടെ നിലനിൽക്കുന്നുണ്ട്. അതിനെ തിരിച്ചറിയുന്ന നേരത്തെ ഒരപരാധമായി കാണുവാൻ എനിക്കിതുവരെ തോന്നിയിട്ടില്ല. കാരണം ആരുടെയും പ്രേരണയാലോ, ഒരു വേശ്യവൃത്തിയുടെ നീചകർമത്തിനോ വേണ്ടിയല്ല, റൊക്കം പണം കൊടുത്ത് സ്വന്തം ശരീരത്തെ ഉടമ്പടിയിൽ വിൽക്കുന്നതിലുപരി മൗനമായൊരു പ്രണയവും, കരുതലും, ഞാൻ അതിൽ കാണുന്നു. കാമാന്ധത കയറിയ ഒരു പെണ്ണിന്റെ വാക്കുകളല്ലിത് ചിന്തകൾക്കു ഭാരം കൂടിയപ്പോൾ പിറന്ന ഒരു പെണ്ണിന്റെ വാക്കുകൾ. ചിലപ്പോൾ ഒരു പെണ്ണ് എങ്ങനെ എല്ലാം ആകേണ്ടവളാണെന്നുള്ള നിയമങ്ങളുടെ പതനം ആഗ്രഹിക്കുന്ന ഒരു കൂട്ടം പെണ്ണുങ്ങളുടെ വാക്കുകൾ. ഇനിയും വൈകിയിട്ടില്ല. നിങ്ങൾ മാത്രമല്ല ശരി ഏതെന്നും തെറ്റ് ഏതെന്നും തിരിച്ചറിയാതെ പോയ മക്കൾ. ഒരു പക്ഷെ ഇന്നിന്റെ തെറ്റാകാം നാളത്തെ ശരി. അത് തിരിച്ചും. പ്രാണന്റെ ആധാരം നിമിഷം തോറും ഉള്ളിലേക്ക് എടുക്കുകയും പുറന്തള്ളുകയും ചെയ്യുന്ന വായുവാണ്. അങ്ങനെ ഇരിക്കെ നാം ഉള്ളിലേക്കെടുക്കുന്ന ഓരോ വായു കണികകളുടെയും പരിശുദ്ധി വിചാരണ ചെയ്യുന്നത് എത്ര മാത്രം അസംബന്ധമാണെന്ന് ഓർത്തുകൊള്ളുക. ഇന്നത്തെ ഓരോ തിരിച്ചറിവുകളാണ് നാളത്തെ കാറ്റ്. അത് പാറി നടന്ന് പുതിയ മനുഷ്യനെ അവന്റെ ആത്മാവിലേക്ക് ചേർത്തു നിർത്തും. അന്യരുടെ വിശുദ്ധതയെ ചോദ്യം ചെയ്യുന്നതിലുപരി സ്വന്തം കണ്ണുകളുടെ തിളക്കത്തെ അവർ തിരിച്ചറിയും. അതൊരുതരം പ്രണയമാണെന്ന് തിരിച്ചറിയുമ്പോൾ ഏതു ശൂന്യതയേയും അത്ഭുതത്തോടെ അവർ നോക്കിക്കാണും. അതിനുമപ്പുറം ലോകത്തെ സമാധാനപരമായി ഒന്നിപ്പിക്കുവാൻ മറ്റെന്താണ് വേണ്ടത്. നീ നിന്നെ പ്രണയിക്കുവിൻ, നിന്റെ ഇണയെ പ്രണയിക്കുവിൻ, അതിനുമപ്പുറമുള്ള പരിശുദ്ധി തനിയെ ചേർന്നലിഞ്ഞുകൊള്ളും.

**" എന്റെ ആത്മാവിന്റെ ചിന്തകൾ പതുങ്ങിയിരുന്ന തീക്ഷ്ണമായ സങ്കൽപ്പങ്ങളിൽ നിന്നും നഷ്ടം എന്ന് കരുതിയിരുന്നതിന്റെ തുഞ്ചത്തേക്ക് എത്തിയപ്പോഴേക്കും ജീവിതത്തിന്റെ തന്മയീഭാവം എന്റെ മുന്നിൽ വിറങ്ങലിച്ചുനിൽക്കുകയാണ് ഉണ്ടായത്. കാത്തു സൂക്ഷിച്ച കന്യകാത്വമെല്ലാം ശരീരത്തിൽനിന്നും ഒഴുകി പോയിരിക്കുന്നു. അപ്പോൾ നേരല്ലാത്ത വിധം മരവിപ്പ് എന്റെ ശരീരത്തെയും മനസിനെയും ഒരുമിച്ച് കാർന്നു തിന്നുന്നതായി ഞാൻ തിരിച്ചറിഞ്ഞു. പൂർവാധികം താമസിച്ച് അതിൽ നിന്നുമുള്ള ഉണർന്നെഴുന്നേൽക്കലാണ് പഴയ ശീലങ്ങളെ പരിഹസിക്കാൻ എന്നെ ശീലിപ്പിച്ചത്.**

# ചുടല

ലോകഗതിവിഗതികൾ അപഗ്രഥിച്ച ചിത്രകാരന്മാരുടെ കലാനൈപുണ്യമാണ് ഓരോ ചിത്രവും. ഒരു ബിന്ദുവിൽ നിന്നും ആരംഭിച്ച് വരകളായി രൂപാന്തരപ്പെട്ട് നിറങ്ങളാൽ ശോഭിതമായി തീർന്ന ഓരോ ചിത്രങ്ങളും അതിക്രമങ്ങൾക്കെതിരെയുള്ള കലാകാരന്റെ ആയുധമായി ത്തീർന്നത് എന്നുമുതലാണെന്ന് ഭ്രാന്തന് അറിയില്ല.



# വരകളെങ്ങനെ വരകളായി

അലീന കെ സാജു
മൂന്നാം വർഷ ബിരുദം,
സാമ്പത്തികശാസ്ത്രം

മാനവസംസ്കാരം രൂപം കൊണ്ട നാൾതൊട്ട് വികാസപരിണാമങ്ങളുടെ മാറ്റൊലിയിൽ നിന്നും ആവിർഭവിച്ച ഒരു ചിത്രകലാ പാരമ്പര്യമുണ്ട്. കാലത്തിന്റെ അനിവാര്യതയായി ദശാസന്ധികളിൽ രൂപംകൊണ്ട മാറ്റങ്ങളെ സ്വാംശീകരിച്ച പാരമ്പര്യമാണത്. ലോകഗതിവിഗതികൾ അപഗ്രഥിച്ച ചിത്രകാരന്മാരുടെ കലാനൈപുണ്യമാണ് ഓരോ ചിത്രവും. ഒരു ബിന്ദുവിൽ നിന്നും ആരംഭിച്ച് വരകളായി രൂപാന്തരപ്പെട്ട് നിറങ്ങളാൽ ശോഭിതമായി തീർന്ന ഓരോ ചിത്രത്തിനും പിന്നിൽ ഒരു ചരിത്രമുണ്ട്; ചിത്രത്തിന്റെ ചരിത്രം. ആ ചരിത്രത്തിന്റെ ക്യാൻവാസുകളിൽ നിറഞ്ഞുനിൽക്കുന്ന പ്രതിഭാധനരായ ഒട്ടനവധി കാലകാരന്മാരുണ്ട്. ശിലായുഗ മനുഷ്യന്റെ ഗുഹാചിത്രങ്ങൾ മുതൽ പിക്കാസോ ചിത്രങ്ങൾ വരെയുള്ള കാലഘട്ടം മനുഷ്യവ്യക്തിത്വത്തിൽ ഉൾച്ചേർന്നിരിക്കുന്ന കലാബോധത്തേയും സൗന്ദര്യബോധത്തേയും വികസിപ്പിക്കുന്നതാണ്. ഭാഷാ, ദേശം, സംസ്കാരം എന്നിവ ചിത്രരചനയെ നിർവ്വചിക്കുമ്പോൾ അതിന്റെ അകക്കാമ്പിൽ നിലകൊള്ളുന്ന പ്രാകൃതകല, ചുവർചിത്രകല, ശാസ്ത്രീയചിത്രകല, ചെറുചിത്രപരമ്പര, ആധുനികചിത്രകല, കമ്പ്യൂട്ടർ ചിത്രകല തുടങ്ങിയ മേഖലകളെക്കുറിച്ചും അവയുടെ സാമൂഹിക- സാംസ്കാരിക- രാഷ്ട്രീയ മണ്ഡലങ്ങളെക്കുറിച്ചുമുള്ള അവബോധം അനുപേക്ഷണീയമാണ്.

പ്രാകൃതമനുഷ്യൻചിത്രമെഴുതാൻ തുടങ്ങിയ കാലത്ത്, ഉദ്ദേശം 20,000 സംവത്സരങ്ങൾക്കുമുമ്പ്, അവന്റെ ചിത്രങ്ങളെല്ലാം പക്ഷിമൃഗാദികളെ അടിസ്ഥാനപ്പെടുത്തിയ ഗുഹാചിത്രങ്ങളായിരുന്നു. നായാടി ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ച് അത് തികച്ചും സ്വാഭാവികം. സ്പെയിനിലെ ആൽത്താമീരാ ഗുഹകളിലും ഫ്രാൻസിലെ ലാമ്പാഹ് ഗുഹകളിലും വയനാട്ടിലെ എടക്കൽ ഗുഹകളിലും കണ്ടുപിടിക്കപ്പെട്ട ചിത്രങ്ങൾ തന്നെ ഉദാഹരണങ്ങൾ. ജന്തുക്കൊഴുപ്പ് ഉപയോഗിച്ച് വെളുപ്പ്, ചുവപ്പ് തുടങ്ങിയ പ്രകൃതിദത്ത നിറങ്ങളെ ആശ്രയിച്ച് കരിയിലും ചെങ്കല്ലിലും അവർ ചിത്രമെഴുതി. കാർഷികസംസ്കാരത്തിന്റെ ഭാഗമായി കലയെ സ്വീകരിച്ചതോടെ കലാചരിത്രത്തിന്റെ രണ്ടാം ഘട്ടമായ പ്രാകൃതകല ആരംഭിച്ചു. പടച്ചിത്ര, പിത്തോറ, മധുബനി, കലംകാരി, കളമെഴുത്ത് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ആശയവിനിമയം നടത്താൻ ചിത്രലിപിയെ ആശ്രയിച്ചു. വടക്കൻ ബീഹാറിലെ (മധുബനി) ഗ്രാമീണസ്ത്രീകൾ തങ്ങൾക്ക് ലഭ്യമായ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് രാമായണ-മഹാഭാരത ഇതിഹാസങ്ങളെ അടിസ്ഥാനപ്പെടുത്തി ചിത്രരചന നിർവ്വഹിച്ചിരുന്നു. മസൂലിപട്ടണരീതിയെ അടിസ്ഥാനപ്പെടുത്തി മഞ്ഞ, പച്ച, ചുവപ്പ്, നീല എന്നീ നിറങ്ങളുപയോഗിച്ച് ചീകി മിനുക്കിയ മുളങ്കനാൽ തുണിയിൽ വരയ്ക്കുന്ന ഗ്രാമീണചിത്രകലാരൂപമാണ് കലംകാരി. ആന്ധ്രാപ്രദേശിലേയും ഗുജറാത്തിലേയും ഖാലിജ എന്ന സമുദായക്കാരാണ് ഇതു രൂപപ്പെടുത്തിയത്.

> **പ്രാകൃതമനുഷ്യൻ ചിത്രമെഴുതാൻ തുടങ്ങിയ കാലത്ത്, ഉദ്ദേശം 20,000 സംവത്സരങ്ങൾക്കുമുമ്പ്, അവന്റെ ചിത്രങ്ങളെല്ലാം പക്ഷിമൃഗാദികളെ അടിസ്ഥാനപ്പെടുത്തിയ ഗുഹാചിത്രങ്ങളായിരുന്നു. നായാടി ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ച് അത് തികച്ചും സ്വാഭാവികം.**

നിർമ്മിതികൾക്ക് പ്രാധാന്യം നൽകി തുടങ്ങിയ കാലത്താണ് ചുവർചിത്രകലയുടെ ആരംഭം. ഈജിപ്ഷ്യൻ പിരമിഡുകൾ തുടങ്ങി അജന്തയും എല്ലോറയും മൊകവോ ഗുഹകളും ചമ്പൽതാഴ്വരയിലെ ശിലാസങ്കേതങ്ങളും ജയ്പൂർ-ജോധ്പൂർ കോട്ടകളും കൊട്ടാരങ്ങളും കേരളത്തിലെ ക്ഷേത്രങ്ങളുമെല്ലാം ചുവർ ചിത്രകലയ്ക്ക് സാക്ഷ്യം നിൽക്കുന്നു. കലകളുടെ സുവർണ്ണ കാലഘട്ടമായിട്ടാണ് മദ്ധ്യധരണ്യാഴി തീരത്ത് നേടിയെടുത്ത ഗ്രീക്കുഭരണത്തെ കണക്കാക്കുന്നത്. ബി.സി 800-ാം ആണ്ടിനടുത്ത് രൂപം കൊണ്ട ജ്യാമിനീയസമ്പ്രദായവും, ബി.സി. 500-ാം ആണ്ടിനടുത്ത് നിലവിൽവന്ന ലുപ്ത സമ്പ്രദായവും പിന്നീട് പ്രചാരത്തിൽ  വന്ന ക്ലാസ്സിക്കൽ സമ്പ്രദായവുമെല്ലാം ഗ്രീക്ക് സംഭാവനകളാണ്. ചിത്രരചനയിൽ ബ്രഷ് ആദ്യമായി ഉപയോഗിച്ചത് ക്ലാസ്സിക്കൽ സമ്പ്രദായത്തിലാണ്. ചിത്രരചനയുടെ അടുത്ത അദ്ധ്യായം റോമിൽ ആരംഭിക്കുന്നു. ആദ്യകാലത്ത് റോമൻ ദൈവങ്ങളെ അടിസ്ഥാനപ്പെടുത്തി നടത്തിയിരുന്ന ചിത്രരചന പിന്നീട് ക്രൈസ്തവ കേന്ദ്രീകൃതമായി തീർന്നു. ബൈസന്റയിൻ, നെസ്ക്, ഗോഥിക് തുടങ്ങിയ സമ്പ്രദായങ്ങൾ നിലവിൽവന്നു. ഫ്ലോറന്റൈൻ ചിത്രകാരനായ ഗിയോട്ടോ (1226-1330)വിന്റെ ഗുരുവായ സിമാബോയുടെ കാലത്ത് ഇറ്റാലിയൻ ചിത്രകലയിൽ നവോത്ഥാനം ആരംഭിച്ചു എന്നാണ് നിഗമനം. സ്ടോവെന്താ ദേവാലയം, സെന്റ് പീറ്റേഴ്സ് ദേവാലയം, റോബർട്ട് രാജാവിന്റെ ചുവാരോ കൊട്ടാരം എന്നിവടങ്ങളിലെല്ലാം ഗിയോട്ടോ വരകളുടെ പാരമ്പര്യം പ്രകടമാണ്. ബോതത്തിച്ചെല്ലി (‘മോശയുടെ ഇതിഹാസം’, ‘ദാത്തനും അഭിറാമും’) ആന്ദ്രേ റൂബ്ല്യോവ്, ആൽബ്രട്ട് ഡൂറർ (‘ഉത്സവം’), ഹാൻസ് മൂന്നാമൻ (‘കന്യകമാതാവ്’, ‘വീനസ്’) തുടങ്ങിയവർ ചിത്രകലയുടെ മഹത്ത്വം വർദ്ധിപ്പിച്ചു. വിശ്വവിഖ്യാതമായ ‘അന്ത്യത്താഴത്തി’നും ലൂവറ് മ്യൂസിയത്തിലെ ‘മൊണാലിസ’ക്കും ജീവൻ നൽകിയ ലിയോനാർഡോ ഡാവിഞ്ചിയും ചിത്ര-ശില്പകലാരംഗത്തെ അതികായനായ മൈക്കലാഞ്ചലോ (‘പിയാത്താ’, ‘അന്ത്യാവിധി’) യുമെല്ലാം ക്ലാസ്സിക്കൽ കാലഘട്ടത്തിന്റെ സർഗ്ഗപ്രതിഭകളാണ്.

കടലാസുപയോഗം പ്രചാരം നേടിയതോടെ മിനിയേച്ചർ പെയിന്റിങ്ങുകൾ ആരംഭിച്ചു. പാലിശൈലിയും ജൈന ശൈലിയും ശങ്കരദേവിന്റെ ചിത്രഭാഗവതവുമെല്ലാം ഇതിൽപെടുന്നു. മുഗൾകാലഘട്ടം മുതൽ മിനിയേച്ചർ ചിത്രങ്ങളുടെ പകിട്ടേറി. ഫ്രഞ്ച് വിപ്ലവത്തിനു ശേഷം 18-ാം നൂറ്റാണ്ടിൽ രൂപംകൊണ്ട നിയോക്ലാസിസം ശാസ്ത്രീയ ചിത്രകലയ്ക്ക് നവീനഭാവുകത്വം നൽകി. 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ തന്നെ ചിത്രകല മാറ്റത്തിന്റെ പുതിയ മുഖം സ്വീകരിച്ചു. ആധുനികതയുടെ നിറ

> **നിർമ്മിതികൾക്ക് പ്രാധാന്യം നൽകി തുടങ്ങിയ കാലത്താണ് ചുവർചിത്രകലായുടെ ആരംഭം. ഈജിപ്ഷ്യൻ പിരമിഡുകൾ തുടങ്ങി അജന്തയും എല്ലോറയും മൊകവോ ഗുഹകളും ചമ്പൽതാഴ്വരയിലെ ശിലാസങ്കേതങ്ങളും ജയ്പൂർ-ജോധ്പൂർ കോട്ടകളും കൊട്ടാരങ്ങളും കേരളത്തിലെ ക്ഷേത്രങ്ങളുമെല്ലാം ചുവർ ചിത്രകലയ്ക്ക് സാക്ഷ്യം നിൽക്കുന്നു.**

ക്കൂട്ടിൽ ചാലിച്ച മോഡേണിസത്തിന്റെ യുഗം ആരംഭിച്ചു. പാബ്ലോ പിക്കാസോയുടെ 'യുദ്ധം', 'സമാധാനം' തുടങ്ങിയ സിംബോളിക് ചിത്രങ്ങളും വർണ്ണശകലത്തിന്റെ വൈവിദ്ധ്യത്തെക്കുറിച്ച് സംസാരിച്ച ഇംപ്രഷണിസവും ചിത്രകലയുടെ പുതിയ അദ്ധ്യായം തുറന്നു. അവിടെ നിറഞ്ഞത് വാൻഗോഗിന്റെയും, ക്ലോഡ് മോനെയുടെയും ചിത്രങ്ങളായിരുന്നു. 'പോസ്റ്റ്മാൻ', 'മലയിടുക്ക്', 'തോട്ടത്തിലെ സ്ത്രീകൾ' തുടങ്ങിയ ചിത്രങ്ങളെല്ലാം ഇക്കൂട്ടത്തിൽ പെടുന്നു. ഇംപ്രഷണിസത്തെ ചോദ്യം ചെയ്തുകൊണ്ട് അനവധി സമാന്തരപ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. പോസ്റ്റ് ഇംപ്രഷണിസവും സർറിയലിസവും ദാദായിസവുമെല്ലാം ഇതിൽ ഉൾക്കൊള്ളുന്നു. പോസ്റ്റ് ഇംപ്രഷണിസത്തെ ചിത്രകലാ സങ്കേതമാക്കി തീർത്ത പോൾ ഗോഗിന്റെ 'രണ്ട് വനിതകൾ', 'അപേക്ഷ' തുടങ്ങിയ ചിത്രങ്ങൾ കാലാതീതമായി തീർന്നിരിക്കുന്നു. റിയലിസ്റ്റ് പ്രസ്ഥാനതിന്റെ സാരഥികളായ ദ്യോമെ ('മൂന്നാംക്ലാസ്സ് യാത്രക്കാരൻ'), ഗുസ്താവ് കൂർബെ ('ചിത്രകാരന്റെ പണിപ്പുര') തുടങ്ങിയ ചിത്രകാരന്മാരുടെ അമൂല്യ സംഭാവനകളാൽ ആധുനിക ചിത്രകല അനശ്വരത കൈവരിച്ചു. പ്രകൃതിയുടെ ഭാവഭേദങ്ങളും രൂപപ്പകർച്ചകളും ക്യാൻവാസിൽ വിന്യസിപ്പിച്ച നാച്ചുറലിസ്റ്റ് പ്രസ്ഥാനത്തിന്റെ സാരഥികളാണ് റിച്ചാർഡ് വിൽസൺ, പോൾ ഡാൻസി ബി, വില്യം ടർണർ, ജോൺ കോൺസ്റ്റബിൾ തുടങ്ങിയവർ.

ആഗോളതലത്തിൽ ദൃശ്യമായ ചിത്രകലാ പരിണാമത്തിന്റെ മാറ്റൊലി ഇന്ത്യൻ വരകളിലും പ്രകടമായത് ബ്രിട്ടീഷ് ആധിപത്യത്തോടെയാണ്. അതിന്റെ പ്രഭവകേന്ദ്രം ബംഗാളായിരുന്നു അബനിന്ദ്രനാഥ ടാഗോർ('ബുദ്ധനും സുജാതയും', 'ഷാജഹാൻ ഔറംഗസേബ്') നന്ദലാൽ ബോസ് ('മഹാത്മാഗാന്ധിയുടെ ദണ്ഡിയാത്ര', 'സ്വർണ്ണക്കുംഭം', 'ഉമി') ജ്യാമിനി റോയ് ('ദുർഗ്ഗ', 'നർത്തകൻ') എന്നിങ്ങനെ നീണ്ടു പോകുന്നു ബംഗാൾ ചിത്രകാരന്മാരുടെ പട്ടിക. ഭാരതത്തിന്റെ കയ്യൊപ്പ് പതിഞ്ഞ രാജസ്ഥാൻ-മുഗൾശൈലി ചിത്രങ്ങളും, ഇന്തോ-യൂറോപ്യൻ ശൈലിയുള്ള ചിത്രങ്ങളും, ജൈനശൈലി ചിത്രങ്ങളും, തഞ്ചാവൂർ ചിത്രങ്ങളും, കേരളീയച്ചുവർചിത്രങ്ങളും, എടുത്ത് പറയേണ്ടവ തന്നെ. രാജാരവിവർമ്മ ('രാധാമാധവം', 'ഉർവ്വശി', 'നളദമയന്തി'), കെ. സി. എസ് പണിക്കർ, എ. രാമചന്ദ്രൻ ('കാളീപൂജ'), സി. എൻ കരുണാകരൻ ('ഗോപികാചിത്രപരമ്പര') തുടങ്ങി അനവധി പേർ മാറ്റുരച്ചു കഴിവുതെളിയിച്ച കേരളചിത്രകലാ പ്രസ്ഥാനവും ശ്രദ്ധയാകർഷിക്കുന്നു. പ്രവർത്തന സജ്ജമായ ചിത്രകലാ അക്കാദമികളും കൊച്ചി മുസിരിസ് ബിനാലെ പോലുള്ള അന്തർദ്ദേശിയകലാസംഗമങ്ങളും ചിത്രകലയ്ക്ക് കേരളമണ്ണ് നൽകിപോരുന്ന പ്രാധാന്യം വിളിച്ചോതുന്നു.

ഇന്ന്, ചിത്രകല അതിന്റെ നവീന രൂപങ്ങൾ കൈവരിച്ചിരിക്കുന്നു. കാലാനുഗതിക്ക് അനുസരിച്ചു പരിണാമത്തിന്റെ പുതുഭാവുകത്വം സ്വീകരിച്ച ചിത്രകലയുടെ സ്വാധീനം കമ്പ്യൂട്ടർ കലയിലേക്കും വ്യാപകമായി തീർന്നിരിക്കുന്നു. മാറ്റങ്ങൾ അനിവാര്യമാണ്; പുതു രചനാ സങ്കേതങ്ങളുടെ ആവിർഭാവവും അനിവാര്യമാണ്. എന്നാൽ ക്യാൻവാസുകളിൽ വന്നു നിറയുന്ന വരകളുടേയും നിറക്കൂട്ടുകളുടെയും വസന്തത്തിൽ ലയിച്ച കലയുടെ മൂല്യബോധത്തിന്റെ പകിട്ട് മങ്ങാതെ സൂക്ഷിക്കേണ്ടതും അത്യന്താപേക്ഷിതം തന്നെ. ചിത്രകലയിൽ ഇനിയും വരാനിരിക്കുന്ന നവീനതയെ ഉൾക്കൊള്ളാൻ കലാപാരമ്പര്യത്തിന് കഴിയട്ടെ.

**"ഫ്രഞ്ച് വിപ്ലവത്തിനു ശേഷം 18-ാം നൂറ്റാണ്ടിൽ രൂപംകൊണ്ട നിയോക്ലാസിസം ശാസ്ത്രീയ ചിത്രകലയ്ക്ക് നവീനഭാവുകത്വം നൽകി. 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ തന്നെ ചിത്രകല മാറ്റത്തിന്റെ പുതിയ മുഖം സ്വീകരിച്ചു. ആധുനികതയുടെ നിറക്കൂട്ടിൽ ചാലിച്ച മോഡേണിസത്തിന്റെ യുഗം ആരംഭിച്ചു.**



# സ്വിഗ്ഗി

ആതിര സി. എച്ച്
മൂന്നാം വർഷ ബിരുദം,
ഗണിതശാസ്ത്രം

കോർപ്പറേറ്റ് ലോകത്തിന്റെ സമയം വളരെ കുറവാണ്. തേച്ചുമടക്കിയ പാന്റ്സും തൂവെള്ള ഷർട്ടും കഴുത്തിൽ ഒരു ടൈയും കെട്ടി അയാൾ വീടാകെ പരതി നടന്നു. ബാച്ചിലേഴ്സ് ലൈഫ് ആസ്വദിച്ചുകൊണ്ടുള്ള ഏകാന്തവാസം. ഒരിക്കൽ പോലും തുറന്നിട്ടില്ലാത്ത ധാരാളം ജനാലകൾ. ഒട്ടുമിക്കപ്പോഴും അടഞ്ഞുകിടക്കുന്ന വാതിലുകൾ. രാവിലത്തെ ഭക്ഷണം ഓർഡർ ചെയ്തിട്ട് ഇതുവരെ എത്തിയിട്ടില്ല. ഫാസ്റ്റ് ഫുഡിന് ബാച്ചിലേഴ്സ് ലൈഫിൽ ഒരു പ്രധാന പങ്കുണ്ട്. സഹികെട്ട് അടുക്കളയിലെ മേശപ്പുറത്തിരുന്ന ഒരു ബ്രെഡ് എടുത്ത് വായിലേക്ക് കുത്തികയറ്റി അയാൾ ഓഫീസിലേക്ക് പോകാൻ തയ്യാറായി. ഐ ഫോണും ലാപ്ടോപ്പും അയാൾ മറക്കാതെയെടുത്ത് ബാഗിൽ വെച്ചു. സമയം ഒമ്പതിനോടടുക്കുന്നു. കുണ്ടന്നൂരിലെ ബ്ലോക്കിൽനിന്നും അയാൾക്ക് ഇന്നും മോചനമില്ല. ഇത്രെയും വൈകിയാൽ ഓഫീസിൽ എത്താൻ പാടാണ്. ജനലിനരികിലായി അലസമായി കിടന്നിരുന്ന താഴും വലിച്ചെടുത്തു മുതുകത്ത് ബാഗും തൂക്കി വീട്ടിൽ നിന്നും അയാൾ ഇറങ്ങി.

എല്ലാമാസവും വീട്ടിൽ ഒരു പുതിയ താഴുവാങ്ങും. കഴിഞ്ഞദിവസം വാങ്ങിയ പുതിയ മോഡൽ താഴുകൊണ്ട് വേഗത്തിൽ വീടുംപൂട്ടി അയാൾ ഇറങ്ങി. ശീതീകരിച്ച കാറിനുള്ളിൽകയറി ഓഫീസിലേക്ക് അയാൾ പാഞ്ഞു. കുണ്ടന്നൂരിൽ ഇന്നും നല്ല ബ്ലോക്ക് ഉണ്ട്. ഡെലിവറിബോയിയുടെ കോൾ വന്നത് അപ്പോഴാണ്. ദേഷ്യം കൊണ്ട് വരാന്തയിലെ കസേരയിൽ വെച്ചിട്ടുപോകാൻ ഡെലിവറിക്ക് വന്ന ആളോട് പറഞ്ഞു. എല്ലാ സ്ഥലത്തും തിരക്ക് മാത്രം. ഓഫീസിലും നല്ല തിരക്ക്. തിരക്കിൽ അകപ്പെട്ട് മുന്നിലുള്ള മുഖങ്ങളെ എല്ലാവരും മറന്നു തുടങ്ങി. ഓവർടൈം ജോലിയും കഴിഞ്ഞു തിരിച്ചു വീട്ടിൽ എത്താനും കുണ്ടന്നൂർ എന്ന കടമ്പ വീണ്ടും കടക്കണം.

രാവിലെ കൊണ്ടുവന്നു വെച്ച ഭക്ഷണം ഇപ്പോഴും കസേരയിൽ ഇരിക്കുന്നുണ്ട്. ഒരു ദിവസത്തെ ക്ഷീണം മൊത്തം അയാളുടെ കണ്ണുകളിൽ പ്രകടമായിരുന്നു. വാതിൽ തുറക്കാൻ താക്കോലിനായി പോക്കറ്റിലേക്കു നീങ്ങിയ കൈകൾ നിരാശയോടെ പുറത്തെയ്ക്കുവന്നു. 'താക്കോൽ എവിടെ?' കൈകൾകൊണ്ട് വാതിലിൽ ശക്തിയായി അയാൾ അടിച്ചു. താക്കോലില്ലാതെ പൂട്ടാൻപറ്റുന്ന പുതിയതരം താഴുകൾ എത്തിയിട്ട് അധികകാലം ആയില്ലല്ലോ? പക്ഷെ തുറക്കാൻ താക്കോൽ തന്നെ വേണം. വാടകവീടായതുകൊണ്ട് വാതിൽ തല്ലിപൊളിക്കാനും പറ്റില്ല. രാവിലത്തെ തിരക്കിൽ താക്കോലെടുക്കാതെയാണ് വീട്ടിൽനിന്നും അയാൾ ഇറങ്ങിയത്. താഴിട്ടടച്ച വാതിലിനു മറുവശം താക്കോൽ ഒരു കള്ളച്ചിരിയും ചിരിച്ചുകൊണ്ടു ഇരുന്നു. രാവിലെ സ്വിഗ്ഗി ചെയ്ത ഫാസ്റ്റ് ഫുഡ് വരാന്തയിൽ ഇരുട്ടത്തിരുന്നു അയാൾ കഴിച്ചു. താക്കോലിനെയും അയാളെയും താഴിട്ടടച്ച വാതിൽ വേർതിരിച്ചു. ലാപ്ടോപ്പിൽ വന്ന മെസ്സേജുകൾ അയാൾ നോക്കിതുടങ്ങി. ഇടയ്ക്കെപ്പോഴോ താക്കോലിനെയും അയാൾ മറന്നു.

# കലാലയത്തിൽ ഏകനായി

അപർണ രാജ്
മൂന്നാം വർഷ ബിരുദം,
സോഷ്യോളജി



ജീവിതത്തിലെ ഏറ്റവും
മനോഹരമായ കാലഘട്ടം വീണ്ടും
നുകരാനുള്ള അടങ്ങാത്ത ത്വര
തന്നെയാണ് വർഷങ്ങളുടെ ഇട
വേളയ്ക്കു ശേഷം ദുബായിലെ
സ്വപ്ന സുന്ദരമായ ജോലിയും
കളഞ്ഞ് ഈ കലാലയത്തിനു
മുന്നിൽ എന്നെ വീണ്ടും കൊണ്ട്
നിർത്തുന്നത്. കണ്ണടച്ച് തുറക്കുന്ന
വേഗത്തിലാണ് എന്റെ ഡിഗ്രി
പഠനം തീർന്നത്. ബെംഗളൂരു
വിലെ ഉയർന്ന യൂണിവേഴ്സിറ്റി
യിൽ പഠിക്കാൻ കഴിയാഞ്ഞ
തിന്റെ വീർപ്പുമുട്ടലാകാം ആദ്യ
നാളുകളിൽ കലാലയം എനിക്ക്
എന്നും ഒരു വിങ്ങലായിരുന്നു.
പക്ഷേ പിന്നീട് അങ്ങോട്ടുള്ള
ഓരോ നിമിഷവും കാവ്യാത്മക
മായി പറഞ്ഞാൽ "സുവർണ്ണ
ലിപികളിൽ എഴുതപ്പെടേണ്ടവ",
വിപ്ലവമായിരുന്നു, പ്രണയമായി
രുന്നു, വിരഹമായിരുന്നു, എല്ലാറ്റി
നുമുപരി സൗഹൃദമായിരുന്നു
എനിക്ക് എന്റെ കലാലയം. നാലു
ചുവരുകൾക്കു ഉള്ളിൽ ഞങ്ങൾ
തീർത്ത വിസ്മയം ഒരു പുസ്ത
കത്താളിലെ അക്ഷരങ്ങളും
ഞങ്ങളെ പഠിപ്പിച്ചിരുന്നില്ല. സ്നേ
ഹം കൊണ്ട് ഞങ്ങൾ തീർത്ത
ആ ലോകത്തെ തിരുത്താൻ ഒരു
അദ്ധ്യാപകന്റെയും ചുവന്നമ
ഷിക്കു കഴിഞ്ഞിരുന്നില്ല.

കലാലയം എന്നു
കേൾക്കുമ്പോൾ മനസ്സിൽ ഓടി
വരുന്നത് വരാന്തയിൽ നിന്നു
ഉയരുന്ന നാടൻ പാട്ടിന്റെ ഈ
ണങ്ങളും, ഇടനാഴികളിൽ ആർ
ത്തിരമ്പുന്ന ഈൻക്വിലാബിൻ
ധ്വനികളും, പുഴയുടെ ഓളങ്ങളെ
തൊട്ടുണർത്തുന്ന പ്രണയത്തിൻ
കുളിരും, ഒരു കട്ടൻ ചായയിൽ
തുടങ്ങുന്ന സുഹൃത്ത് വലയങ്ങ
ളുമാണ്. എന്നെ യാത്രയാക്കിയ
കൈകൾ ഇന്നെന്നെ സ്വീകരി
ക്കാൻ നീട്ടുന്നതായി എനിക്ക്
തോന്നി. ഒത്തിരി മാറിയിരിക്കുന്നു
എന്റെ കലാലയം, പക്ഷേ മാറാ
ത്തതായി ഒന്നേ ഉള്ളു പേരും
പെരുമയും തലയെടുപ്പോടെ
യുള്ള ആ നിൽപ്പും.

ഇണക്കവും പിണക്കവും
പ്രണയവും വിരഹവും ഒക്കെ
യായി വർഷങ്ങൾ കടന്നു പോയ
ത് ഞങ്ങൾ അറിഞ്ഞതേയില്ല. പടി
യിറങ്ങി തിരിഞ്ഞു നോക്കാൻ
ആവാതെ വേദന എന്നിൽ ആഴ്
ന്നിറങ്ങി. കലികൊണ്ട കടലിന്റെ
ആരവം പോലെ ഓർമ്മകൾ
എന്നിൽ അലയടിച്ചുകൊണ്ടേയി
രുന്നു. കണ്ണീരിൽ ചാലിച്ച നിശ്വാ
സവുമായി നടക്കുമ്പോൾ
അന്നെന്നെ യാത്രയാക്കാൻ ഈ
കലാലയം സമ്മാനിച്ച ഓർമകളു
ണ്ടായിരുന്നു. കോളേജിന്റെ കവാ
ടത്തിനുള്ളിലേക്കു നടക്കുമ്പോൾ
മനസ്സിൽ ഒരായിരം സ്വപ്നങ്ങൾ
പൂത്തു തളിർക്കുന്നത് ഞാൻ അറി
ഞ്ഞു. ചുറ്റിനും എന്റെ മിഴികൾ

പരതികൊണ്ടേയിരുന്നു. ചിരിയും കളിയും ആരവവും മുദ്രാവാക്യകളും ഉയർന്നു കേട്ടതേ ഇല്ല. പുഞ്ചിരി തൂകുന്ന മുഖങ്ങളെക്കാൾ കണ്ണട വെച്ച മുഖങ്ങളായിരുന്നു ഏറെയും. നഷ്ടപ്പെട്ടതെന്തോ തിരയുന്നത് പോലെ എല്ലാരും തല കുനിച്ചു താഴേക്ക് നോക്കി നടന്ന് നീങ്ങുന്നത് ഞാൻ കൗതുകത്തോടെ നോക്കി നിന്നു.

അരികിൽ ഒരു കാറ് വന്നു നിന്നു. മിടുക്കനായ ഒരു ചെറുപ്പക്കാരൻ സൈഡ് ഡോർ തുറന്നു മെല്ലെ ഇറങ്ങി. അവനെ ഇറക്കിയ ശേഷം കാർ മുന്നോട്ടു പോയി മറഞ്ഞു. അടുത്ത് നിന്ന ആ യുവാവിനെ നോക്കി നന്നായി ഞാൻ പുഞ്ചിരിച്ചു. മിഴികൾ ഉയർത്തി അവനെന്നെയൊന്നു നോക്കി. ശേഷം ഒന്നും അറിയില്ല എന്ന ഭാവത്തിൽ എല്ലാരേയും പോലെ അവനും തലകുനിച്ചു നടന്ന് പോയി. പണ്ടത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു അനുഭവം ആയിരുന്നു എനിക്ക്. പുസ്തകതാളുകളിൽ മാത്രം ഒതുങ്ങി പോയ ഒരു യുവത്വത്തെ സങ്കടത്തോടെ ഞാൻ കണ്ടറിഞ്ഞു. കൂട്ടിലടച്ച കിളികളെ പോലെ അവരെന്നും ക്ലാസ്സ് മുറികൾക്കുള്ളിൽ സ്ഥാനം ഉറപ്പിച്ചു. കൂട് തുറന്നവരെ സ്വാതന്ത്ര്യത്തിലേക്കു പറത്തി വിടുവാൻ ഞാൻ വല്ലാതെ വെമ്പൽ കൊണ്ടു. പക്ഷേ ഉയർന്ന ഗ്രേഡും മികച്ച ജോലിയും സ്വപ്നം കാണുന്ന ഈ യുവജനതക്ക് ആ ക്ലാസ്സ് മുറികൾ തന്നെ സ്വർഗം എന്ന് വൈകിയാണെങ്കിലും ഞാൻ മനസിലാക്കി.

കലാലയജീവിത കാലഘട്ടത്തിലെ മറക്കാനാവാത്ത ചില അനുഭവങ്ങൾ മനസ്സിൽകൂടെ കടന്നുവന്നുകൊണ്ടിരുന്നു. ഇന്റേർണൽ റീടെസ്റ്റുമായി ബന്ധപ്പെട്ടു കോളേജ് അധികാരികൾ സ്വീകരിച്ചുവന്ന നിലപാടുകളെ എതിർക്കുവാൻ ഞങ്ങൾ മുന്നിട്ടിറങ്ങി. എങ്കിലും അധികാരികളുടെ ബാലിശമായ തീരുമാനത്തിന്റെ മുന്നിൽ എല്ലാവരെയും പോലെ ഞാനും ഒതുങ്ങി ഇല്ലാതായി. പ്രതികരിക്കാൻ ശ്രമിച്ചെങ്കിലും ഒരു സാധാരണ വിദ്യാർഥിയെന്ന ഘടകം അവിടെ എന്നെ തോൽപ്പിക്കുകയാണുണ്ടായത്. പിന്നീട് അങ്ങോട്ടുള്ള ഓരോ മാസവും എനിക്ക് ഇവിടം ദുസ്സഹമായി തീർന്നു. അധികാരികളുടെ കാർക്കശ്യം കൊണ്ടും പ്രതികരണ ശേഷി ഇല്ലാത്ത ഒരു പറ്റം വിദ്യാർത്ഥികളും ഉള്ളതിനാലാകാം മനസില്ലാമനസോടെ പല നയങ്ങളോടും തീരുമാനങ്ങളോടും എനിക്കും ചേരേണ്ടി വന്നു. പഠനത്തേക്കാൾ ഉപരി ഞാൻ വിദ്യാർത്ഥികളുടെ മാറ്റത്തിന്റെ കാരണം തിരയാൻ തുടങ്ങി.

**കലാലയം എന്നു കേൾക്കുമ്പോൾ മനസ്സിൽ ഓടിവരുന്നത് വരാന്തയിൽ നിന്നു ഉയരുന്ന നാടൻ പാട്ടിന്റെ ഈണങ്ങളും, ഇടനാഴികളിൽ ആർത്തിരമ്പുന്ന ഈൻക്വലാബിൻ ധ്വനികളും, പുഴയുടെ ഓളങ്ങളെ തൊട്ടുണർത്തുന്ന പ്രണയത്തിൻ കുളിരും, ഒരു കട്ടൻ ചായയിൽ തുടങ്ങുന്ന സുഹൃത്ത് വലയങ്ങളുമാണ്.**

ഭയമാണ് പിറന്നു വീഴുന്ന ഓരോ കുഞ്ഞിലും. മനസ്സിൽ പഴയ നല്ല നിമിഷങ്ങളെ ചേർത്ത് പിടിക്കുമ്പോഴും. എവിടെയോ ഉള്ളിൽ തിരിച്ചു വരവിന്റെ കുറ്റബോധം ഉയരുവാൻ തുടങ്ങി. എനിക്ക് നന്നായി കിളയ്ക്കാൻ അറിയാമെന്നു പറഞ്ഞാൽ അവനെ പുരികം ചുളിച്ചും എനിക്ക് നന്നായി പാടാൻ അറിയാമെന്നു പറഞ്ഞാൽ അവനെ അത്ഭുതത്തോടെയും നോക്കുന്ന സമൂഹത്തെ സൃഷ്ടിച്ചത് നമ്മൾ ഓരോരുത്തരുമാണ്. പാല് മുഴുവൻ കുടിച്ചില്ലെങ്കിൽ തനിക്കു ഒന്നാമതാകാൻ പറ്റില്ലെന്ന ഭയം. ഇംഗ്ലീഷിൽ സംസാരിച്ചില്ലെങ്കിൽ തോറ്റു പോകുമെന്ന ഭയം. സയൻസും മാത്സും അറിയില്ലെങ്കിൽ വീട്ടുകാരുപോലും തള്ളി പറയുമെന്ന ഭയം. എ പ്ലസ് മേടിച്ചില്ലെങ്കിൽ സമൂഹം താഴ്ത്തി കാണുമെന്ന ഭയം.

“ചൊട്ടയിലെ ശീലം ചുടല വരെ” എന്ന് പറയുന്നത് എത്ര ശരിയാണ്. എ പ്ലസുകളുടെ പിന്നാലെ പോകുമ്പോൾ പ്രതികരിക്കാനും പ്രതിഷേധിക്കാനും നമുക്ക് എവിടെയാ സമയം അല്ലെ? പക്ഷേ, ഒരിക്കല്ലെങ്കിലും നമ്മൾ ശബ്ദം ഉയർത്തിയിരുന്നെങ്കിൽ ഇന്ന് ഒരു ജീവനും താഴേക്ക് നിലം പതിക്കില്ലായിരുന്നു, വിദ്യാർത്ഥി ആത്മഹത്യകൾ പെരുകില്ലായിരുന്നു. മക്കളെ സ്കൂളിൽ ചേർക്കുമ്പോൾ മാതാപിതാക്കൾ പറയും ടീച്ചർ പറയുന്നത് എല്ലാം കേൾക്കണം എങ്കിലെ ഒന്നാമനാവാൻ പറ്റു. ശരിയാണ് അധ്യാപകർ പറയുന്നത് കേൾക്കണം, അനുസരിക്കണം പക്ഷേ ചോദ്യം ചെയ്യേണ്ടിടത്ത് മാന്യമായി ചോദ്യം ചെയ്യാനും പ്രതികരിക്കേണ്ടിടത്തു ആവശ്യമായ രീതിയിൽ പ്രതികരിക്കാനും ആരും നമ്മളെ പഠിപ്പിച്ചിട്ടില്ല, പറഞ്ഞു തന്നിട്ടുമില്ല. അങ്ങനെ പഠിപ്പിച്ചിരുന്നെങ്കിൽ അദ്ധ്യപകരാൽ പീഡനം ഏൽക്കുന്ന കുഞ്ഞു മുഖങ്ങൾ പത്ര താളുകളിൽ നിറയില്ലായിരുന്നു.



**എ. സി മുറിയിലെ കറങ്ങുന്ന കസേര സ്വപ്നം കണ്ടു ഉണരുന്ന ഓരോ വിദ്യാർത്ഥിക്കും നഷ്ടമായത് മാമ്പഴം മണക്കുന്ന ഒരു നല്ല ബാല്യവും നാലു ചുവരുകൾക്കുള്ളിലെ പുസ്തകത്താളിൽ ഒതുങ്ങി പോയ അവരുടെ യൗവനവുമാണ്.**

ഉന്നത വിജയത്തിനായി പരിശ്രമിക്കുമ്പോൾ ഒന്ന് ചിരിക്കാൻ പോലും മറന്നു പോയ എന്റെ സഹപാഠികളെ ഓർത്ത് സഹതാപം തോന്നി പോകുകയാണ്. മാതാപിതാക്കളുടെ സമ്മർദവും സമൂഹത്തിന്റെ ഉറ്റു നോക്കലുമാകാം അവരെ വെറും യന്ത്ര മനുഷ്യരാക്കി മാറ്റിയത്. എ. സി മുറിയിലെ കറങ്ങുന്ന കസേര സ്വപ്നം കണ്ടു ഉണരുന്ന ഓരോ വിദ്യാർത്ഥിക്കും നഷ്ടമായത് മാമ്പഴം മണക്കുന്ന ഒരു നല്ല ബാല്യവും നാലു ചുവരുകൾക്കുള്ളിലെ പുസ്തകത്താളിൽ ഒതുങ്ങി പോയ അവരുടെ യൗവനവുമാണ്.

പ്രതികരണത്തിന്റെ ആഴവും വ്യാപ്തിയും നമുക്ക് മുന്നിൽ തെളിയിച്ച് തന്ന അനവധി വിജയകരമായ സമരപോരാട്ടങ്ങളെയും മുദ്രാവാക്യങ്ങളെയും നാം ഇന്നും അനുസ്മരിക്കുന്നതാണ്. എന്നാലിന്ന് കലാലയ രാഷ്ട്രീയത്തെ അടിച്ചമർത്താനുള്ള ശ്രമമാണ് എല്ലാ കോണുകളിൽ നിന്നും ഉയരുന്നത്. മാത്രവുമല്ല കൊലപാതക രാഷ്ട്രീയത്തിന്റെയും വർഗീയതയുടെയും വിഷവിത്തുകൾ ഇന്ന് കലാലയ രാഷ്ട്രീയത്തെയും കാർന്നു തിന്നുന്നുണ്ട്. മഹാരാജാസിലെ അഭിമന്യുവും മറ്റുമൊക്കെ നമുക്ക് കാണിച്ചു തരുന്നതും ഈ മാറ്റത്തിന്റെ അലയടികളെയാണ്. രാഷ്ട്രീയ പാർട്ടികളുടെ അതിപ്രസരത്തിൽ വീണുപോകുന്ന കലാലയങ്ങളെയും നാം കണ്ടുമുട്ടാറുണ്ട്. വർഗീയ നിലപാടുകളും, ഏകാധിപത്യപരമായ തീരുമാനങ്ങളും പ്രവർത്തികളും കലാലയങ്ങളെ നിയന്ത്രിക്കുന്ന കാലം വിദൂരമല്ല.

കലയോട് മുഖം തിരിക്കുന്ന കലാലയങ്ങൾ ഉണ്ടായേക്കാം, രചനകളെ അവർക്കു ഇഷ്ട്ടപ്പെട്ടില്ലെന്നും വന്നേക്കാം. പ്രതികരിക്കാത്ത യൗവനത്തെ അവർ സൃഷ്ടിച്ചേക്കാം. എന്നാലും ഹൈസ്കൂൾ കാലഘട്ടത്തും മറ്റുമായൊക്കെ ഞാൻ മനസിൽ കണ്ടൊരു കലാലയം ഇനി പേപ്പറുകളിൽ മാത്രം ഒതുങ്ങി ചരിത്രമായാൽക്കൂടിയും എന്റെ മനസ്സിൽ എന്നും കലാലയം ഒരു ഓർമയായി തന്നെ കാണും. കാരണം ഇന്ന് ചുറ്റുമുള്ളതൊന്നും ‘കലാലയങ്ങൾ’ അല്ല. അതൊക്കെ കേവലം വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമായും ചില അധികാരങ്ങൾക്കു അകപ്പെട്ടു പ്രവർത്തിക്കുന്നതുമായ ചില സ്ഥാപനങ്ങൾ മാത്രം. തിരിച്ചു കൊടുക്കാൻ എനിക്ക് കഴിയില്ലായിരിക്കാം, തിരിച്ചു നടക്കാനും പക്ഷേ ഉള്ളു തുറന്നു ചിരിക്കാൻ കൊതിക്കുന്ന ഓരോ മുഖങ്ങൾക്കും പറ്റും അവരുടെ വരും തലമുറക്കായി ഒരു സ്വർഗം തീർക്കാൻ. കളിച്ചു വളരുന്ന ബാല്യമാണ് നമുക്ക് ആവശ്യം. വിസ്മയിപ്പിക്കുന്ന കൗമാരത്തെയാണു നാം വളർത്തേണ്ടത്. ശബ്ദം ഉയർത്തുന്ന യൗവനത്തെ നാം നേടിയെടുക്കണം. അത് കലാലയങ്ങളുടെ പുനർസൃഷ്ടിയിലൂടെ സാധ്യമാകുമെന്ന് നമുക്ക് വിശ്വസിച്ചു മുന്നേറാം.

# അങ്ങനെയൊരു കലോത്സവ കാലത്ത്

റെൻസൺ ടോമി
ആർട്സ് ക്ലബ് സെക്രട്ടറി

ജൂലൈ 16, 2019-ൽ തിരുഹൃദയത്തെ സാക്ഷിയാക്കിയെടുത്ത സത്യപ്രതിജ്ഞയ്ക്ക് ഹൃദയം കത്തിയെരിയുന്ന ഭയവും കനലെരിയുന്ന വാശിയുമുണ്ടായിരുന്നു. ചരിത്രത്തിന് മാറ്റ് കൂട്ടണം. അന്നുമുതൽ ഒറ്റക്കെട്ടായ പ്രവർത്തനം ആരംഭിച്ചു. പലരുടെയും പരിഹാസങ്ങൾക്കും കളിയാക്കലുകൾക്കും ചുട്ട മറുപടി നൽകി 2019 മഹാത്മാ ഗാന്ധി സർവകലാശാല 'അലത്താളം' കലോത്സവ കിരീടം, റെക്കോർഡ് പോയിന്റോട് കൂടി തിരുഹൃദയത്തിന്റെ തിരുമുറ്റത്തെത്തിച്ചു. കൂടെ ഫൈൻ ആർട്സിന്റെയും ലിറ്ററി ഇവന്റ്സിന്റെയും ഓവറോളും ഒപ്പം അഭിമാനമായ പൂർണശ്രീയുടെ കലാതിലകപട്ടവും. അങ്ങനെ നൃത്തമാടുന്ന മാലാഖമാരോടൊപ്പം തിരുഹൃദയത്തിന് മൂന്ന് തോഴിമാരെയും നൽകി.

വിജയത്തിന്റെ പിന്നിലെ കലോത്സവത്തിന്റെ അഞ്ച് നാളുകൾ മാത്രമേ പലരും കണ്ടിട്ടുള്ളു. പക്ഷേ ഒരു അധ്യയന വർഷം നീളുന്ന പ്രയത്നമാണ് ഈ വിജയത്തിന്റെ മാറ്റുകൂട്ടിയത്. ഒന്നിൽ നിന്ന് രണ്ടിലേക്ക് കടന്നാൽ അത് യൂണിയന്റെ പിടിപ്പുകേടെന്ന് പരക്കെ പറയാൻ തുടങ്ങും. ഒന്നാം സ്ഥാനമെത്തുമ്പോൾ അത് എല്ലാവരുടെയും വിജയമായി കാണാനുള്ള മനസ്സ് ഏതായാലും ഞങ്ങൾക്കുണ്ടായിരുന്നു. അതുകൊണ്ട് തോൽവിക്ക് ഇരയാകാൻ ഞാൻ അടങ്ങുന്ന 2018-19 യൂണിയൻ താൽപര്യപ്പെട്ടിരുന്നില്ല. ഇന്ന് ഏറെ അഭിമാനത്തോടുകൂടി പറയാം 2018-19 കലാകിരീടത്തിന് ഞങ്ങളും അവകാശികളാണ്.

ഒരുക്കങ്ങളുടെ തുടക്കം എന്റെ സ്വന്തം ഡയറിയാണ്. തലേവർഷത്തെ കോളേജ്-യൂണിവേഴ്സിറ്റി വിജയികളുടെ ലിസ്റ്റ് എഴുത്തും മറ്റ് കോളേജുകളിലെ



**വിജയികളായാൽ അതിന്റെ ഗുണം വിജയിക്കുന്നവർക്ക് മാത്രമാണ്, വോളന്റിയേഴ്സിന് ലഭിക്കുക ഓർമകൾ മാത്രമാണ്, വെറും ഓർമകൾ. ഇടയ്ക്കിടെ എല്ലാവരേയും ഈ കാര്യം ഓർമിപ്പിക്കുമായിരുന്നു.**

കലോത്സവ വിജയികളുടെ പാസ് ഔട്സ് റേറ്റും, കോളേജിന്റെ ആർട്സ് അഡ്മിഷനും അങ്ങനെ തുടക്കത്തിൽ എന്റെ ആ നീല ഡയറി വലിയൊരു കണക്കുപുസ്തകമായിരുന്നു. ഞെട്ടിക്കുന്ന വിവരമാണ് ആദ്യം ലഭിച്ചത്, 2017–18 ലെ 102 പോയിന്റിൽ 40 പോയിന്റ് പാസ് ഔട്ട് ആയിരിക്കുന്നു. ശേഷിക്കുന്നതിൽ 34 പോയിന്റ് ഗ്രൂപ്പ് ഇനമാണ്. ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങൾ അക്കമിട്ട് ആ ഡയറിയിൽ കുറിക്കുമായിരുന്നു.

കോളേജ് കലോത്സവം ആദ്യ തീരുമാനപ്രകാരം ഒന്നാം സെമസ്റ്ററിൽ തന്നെ നടത്തുകയുണ്ടായി. എല്ലാ ക്ലാസ്സുകളിൽ നിന്നും പരമാവധി രജിസ്ട്രേഷനുകൾ നടത്തി. കഴിവുള്ള പുതിയ മത്സരാർത്ഥികളെ നേരത്തെ കണ്ടുപിടിച്ച് കണക്കുകൂട്ടലുകൾക്കൊപ്പമെത്തിച്ചു. സ്റ്റേജ് ഇനങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും കാണുവാനുള്ള അവസരമൊരുക്കി 'ധ്വനി' കോളേജ് കലോത്സവം മൂന്ന് ദിവസങ്ങളിലായി ആഘോഷപൂർവം നടത്തുകയുണ്ടായി. തുടർന്ന് ഉത്സവാന്തരീക്ഷം സൃഷ്ടിക്കാതെയുള്ള 'തൂലിക' എഴുത്ത് പരിശീലനവും പലപ്പോഴായി നടത്തി.

എം. ജി കലോത്സവത്തിന് മുന്നേ ഏറെ വിദ്യാർത്ഥികൾ മറന്നു പോയ ഒന്നായിരുന്നു നാടകോത്സവം. കോളേജിന്റെ 75-ാം വാർഷികവും എല്ലാ ഡിപ്പാർട്ട്മെന്റ് ഫെസ്റ്റുകളും നാടകത്തിന്റെ ആഴ്ചയായത് വലിയ തിരിച്ചടിയായി. രക്ഷകനായി ജെയിംസ് സാർ യൂണിയന്റെ താൽപര്യം കണ്ട് ഉത്തരവാദിത്വം ഏറ്റെടുത്തു. ഒൻപത് ദിവസങ്ങൾ കൊണ്ട് മനോഹരമായ നാടകം 'പ്രളയ കാലത്തെ ജലകന്യക', പരുമല പമ്പ ഓഡിറ്റോറിയത്തിൽ തട്ടേൽ കയറി.

സത്യം പറഞ്ഞാൽ കലോത്സവത്തിന്റെ ആറ് ഗ്രൂപ്പ് ഇവന്റ്സിന്റെ ഒരുക്കങ്ങളെക്കാൾ വലിയ അധ്വാനമാണ് നാടകത്തിന് വേണ്ടി വന്നത്. ഡിസംബർ 21-ന് അറിയിപ്പ് ലഭിച്ചപ്പോൾ തന്നെ ക്രിസ്തുമസ് അവധിയായി. ജനുവരി മൂന്നിനാണ് കോളേജ് തുറന്നത്; നാടക ഒരുക്കങ്ങൾക്കിടെ രണ്ട് ഹർത്താലുകൾ പ്രതികൂലമായി ബാധിച്ചു. ജൂബിലി ആഘോഷങ്ങൾക്കിടയിലും നാടകം മുതൽ കലോത്സവം അവസാനദിനം വരെ നല്ലൊരു വോളന്റിയർ സംഘം എനിക്കുണ്ടായിരുന്നു. ദേവു, കുഞ്ഞി, പാണ്ടി, കോലൻ, ബംഗാളി ജോഷിൻ (യഥാർത്ഥ പേരുകളേക്കാൾ അറിയുന്നവ ഈ പേരുകൾ ആണ്). ഈ ഓട്ടങ്ങൾക്കിടയിൽ പലർക്കും ക്ലാസ്സുകൾ നഷ്ടമായി, ഡിപ്പാർട്ടമെന്റ് വക ഉപദേശങ്ങൾ ഇവരിൽ പലർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാക്കി. എന്തിനുപറയണം മാതാപിതാക്കൾ വരെ വന്ന് എന്നോട് പരാതി പറയുകയുണ്ടായി. നിസ്സംഗനായി നോക്കി നിൽക്കാൻ മാത്രമേ എനിക്ക് സാധിച്ചുള്ളൂ. ഞാൻ പലപ്പോഴും തളർന്നപ്പോൾ ദേവു എന്റെ അസിസ്റ്റന്റ് ആയി പണിയെടുത്തു. "She is a magic. For every success there will be a woman behind it."

നാടകമാണ് പറഞ്ഞ് വന്നത്. ചുരുങ്ങിയ ദിവസങ്ങൾ തന്നെയാണ് എല്ലാ കോളേജിനും ലഭിച്ചത്. നല്ല അഭിനേതാക്കളെ കണ്ടുപിടിക്കുക വലിയ ഒരു കടമ്പയായിരുന്നു. പക്ഷേ, അത്ഭുതമെന്നു പറയട്ടെ സെലക്ട് ആയതിൽ ഏറെയും കോളേജ് യൂണിയന്റെ 'നാട്യം' ആക്ടിങ് കോമ്പറ്റീഷനിലെ മത്സരാർത്ഥികളും വിജയികളുമായിരുന്നു. വലിയ ഒരു സാമ്പത്തിക ബുദ്ധിമുട്ട് ഇതിലൂടെ ഉണ്ടായി എന്ന് പറയാതെ വയ്യ. ജെയിംസ് സർ തന്റെ കലയോടുള്ള താൽപര്യം മൂലം കണക്കുകൾ വയ്ക്കാറില്ല. എനിക്കും യൂണിയൻ മെംബേഴ്സിനും സാമ്പത്തികമായ നഷ്ടങ്ങൾ സംഭവിച്ചു എങ്കിലും അതൊന്നും 'നഷ്ടമായി' കണക്കാക്കുന്നില്ല.

**നാടകത്തിന്റെ ഫലം പ്രതികൂലമായിരുന്നു. സാങ്കേതിക പിഴവും, സ്റ്റേജിന്റെ വലിപ്പ കുറവും സാരമായി ബാധിച്ചു. എങ്കിലും കഥയ്ക്കും കഥാപാത്രങ്ങൾക്കും ജഡ്ജസിന്റെ കയ്യടി ഉണ്ടായിരുന്നു. ആ ഫലത്തിൽ വിഷമിച്ചപ്പോൾ ജെയിംസ് സർ അന്ന് പറഞ്ഞത് ഞാൻ ഓർക്കുന്നു. "റെൻസാ കഴിഞ്ഞ വർഷവും നാടകം കിട്ടാതെ തന്നെയാ നമ്മൾ കപ്പടിച്ചേ. ഈ വർഷവും നമ്മൾ കപ്പടിക്കും."**

നാടകത്തിന്റെ ഫലം പ്രതികൂലമായിരുന്നു. സാങ്കേതിക പിഴവും, സ്റ്റേജിന്റെ വലിപ്പ കുറവും സാരമായി ബാധിച്ചു. എങ്കിലും കഥയ്ക്കും കഥാപാത്രങ്ങൾക്കും ജഡ്ജസിന്റെ കയ്യടി ഉണ്ടായിരുന്നു. ആ ഫലത്തിൽ വിഷമിച്ചപ്പോൾ ജെയിംസ് സർ അന്ന് പറഞ്ഞത് ഞാൻ ഓർക്കുന്നു. "റെൻസാ കഴിഞ്ഞ വർഷവും നാടകം കിട്ടാതെ തന്നെയാ നമ്മൾ കപ്പടിച്ചേ. ഈ വർഷവും നമ്മൾ കപ്പടിക്കും." ഊർജത്തിനൊപ്പം വലിയൊരു ഉത്തരവാദിത്വം കൂടിയായി അത് മാറി.

കലോത്സവ പരിശീലനത്തിന് മുറികൾ കിട്ടാൻ വലിയ പ്രയാസമായിരുന്നു. ഫസ്റ്റ് പീരിയഡ് ക്ലാസ്സിൽ കയറാൻ ശ്രമിക്കും പക്ഷേ പ്രാക്ടീസ് ചെയ്യുന്നവരുടെ പരാതികളും പരിഭവങ്ങളും കാരണം അത് സാധിക്കാറില്ല. മത്സരാർത്ഥികളെ മാനസികമായി അസ്വസ്ഥരാക്കരുതെന്ന് ആദ്യമേ തീരുമാനിച്ചിരുന്നു. ആയതിനാൽ അവർ പറയുന്ന കാര്യങ്ങൾക്ക് കോളേജ് അധികൃതരുടെ ധാർഷ്ട്യത്തിനും ശാഠ്യത്തിനും വില കൽപ്പിക്കാതെ ഓടി നടന്ന് ചെയ്യുമായിരുന്നു. അവർക്ക് കലോത്സവത്തിന്റെ പ്രാധാന്യത്തെ പറ്റി ബോധ്യം നൽകി. വിജയികളായാൽ അതിന്റെ ഗുണം വിജയിക്കുന്നവർക്ക് മാത്രമാണ്, വോളന്റിയേഴ്സിന് ലഭിക്കുക ഓർമകൾ മാത്രമാണ്, വെറും ഓർമകൾ. ഇടയ്ക്കിടെ എല്ലാവരേയും ഈ കാര്യം ഓർമിപ്പിക്കുമായിരുന്നു.

പെർമിഷനുവേണ്ടിയുള്ള ഓട്ടം പലപ്പോഴും ക്ഷമയുടെ നെല്ലിപ്പലക കാട്ടുമായിരുന്നു. പൊതുവെ സമാധാനപരമായാണ് എല്ലാം ഞാൻ കൈകാര്യം ചെയ്യുന്നത്. അതിന്റെ പ്രശംസ പ്രശാന്തച്ചൻ കലോത്സവ ശേഷം പറയുകയുണ്ടായി. പെർമിഷന്റെ പ്രശ്നം കാരണം പ്രധാന ഗ്രൂപ്പ് ഇവന്റിന്റെ പരിശീലനം വരെ മുടങ്ങിയിരുന്നു. കോളേജ് സ്റ്റാഫിൽ നിന്ന് ചീത്ത കേൾക്കേണ്ടി വന്നപ്പോൾ സമാധാനം ഉപേക്ഷിച്ച് യൂണിയനുമായി ചർച്ച ചെയ്ത് പരാതി നൽകി ഓഫീസിനു മുന്നിൽ നിൽപ്പായി. തുടരെയുള്ള ഈ ചെയ്തികളുടെ ഫലമായി സ്ഥിരമായി സ്ഥലങ്ങൾ ഏർപ്പാടാക്കി, പ്രാധാന്യം വിദ്യാർഥികളുടെ കലയായി മാറി. സമര കോലാഹലങ്ങൾ നടത്തി നേടേണ്ട കാര്യം വളരെ ആത്മസംയമനം പാലിച്ച്, പറയേണ്ട കാര്യം നേരിട്ട് പറഞ്ഞ് നേടിയെടുത്തു. ഇതൊക്കെ ഓരോ പാഠങ്ങളായിരുന്നു. റിഫ്രഷ്മെന്റ് ഒരു തലവേദനയായിരുന്നു; എന്തൊക്കെയാണ് ആർക്കൊക്കെ എവിടേയ്ക്കാണ് വേണ്ടി വരിക എന്ന് പറയാൻ പറ്റില്ല. രാവിലെ മുതൽ വൈകുന്നേരം വരെ എല്ലായിടത്തും അന്വേഷിക്കുമായിരുന്നു. അനുവദിച്ച പരിധിക്കുള്ളിൽ എല്ലാർക്കും എല്ലാം എത്തിക്കാൻ സാധിച്ചു.

കലോത്സവത്തിന്റെ നാളുകൾ അടുക്കാറായപ്പോൾ സമ്മർദ്ദം ഏറെയായിരുന്നു. ക്ലാസ്സിൽ കേറാത്തതിനുള്ള വഴക്ക് പറയുമ്പോഴും സജോയ് സർ രഹസ്യമായി മാറ്റിനിർത്തി ആശ്വസിപ്പിക്കുമായിരുന്നു. ജെയിംസ് സാറിന് എന്റെ ആരോഗ്യം ആണ് പ്രധാനം എപ്പോഴും ഭക്ഷണം കഴിച്ചോ എന്ന അന്വേഷണമാണ്. ആ നാളുകളിൽ ആത്മവിശ്വാസം നൽകാൻ



പലരും സഹായിച്ചു. ക്ലാസ്സിലെ സുഹൃത്തുക്കൾ, അധ്യാപകർ, മറ്റ് സുഹൃത്തുക്കൾ, സിബി സർ, ലക്ഷ്മി മിസ്, ടെസ്സാ മിസ്, സേവിയർ അച്ചൻ, വിഷ്ണു സർ, ജോയിച്ചേട്ടൻ, രാജമ്മ, വാച്ച്മാൻ അങ്ങനെ നീളുന്നു.

കലോത്സവത്തെപറ്റിയുള്ള സംസാരത്തിൽ ജോ എപ്പോഴും പറയും "നമുക്ക് കിട്ടും ഡാ, നീ പേടിക്കേണ്ട." തിരക്കിനിടയിലും ചെയർമാൻ ഡിറ്റോ വന്ന് ഓർമ്മിപ്പിക്കും "നമ്മൾ ചെയ്യാനുള്ളത് എല്ലാം നല്ല ഭംഗിയായി ചെയ്യുന്നുണ്ട്. കിട്ടാനുള്ളതാണെങ്കിൽ കിട്ടിയിരിക്കും." മത്സരാർത്ഥികളുമായി നിരന്തരം ബന്ധപ്പെട്ടത്തിനാൽ പഴയ കണക്കുകൾ പ്രകാരം കിട്ടാൻ പോകുന്ന പോയിന്റുകളുടെ ഒരു ഏകദേശ രൂപം കിട്ടിയിരുന്നു. ആ നീല ഡയറിയിലെ കണക്കിൽ സ്കോർ 125 എന്ന് തെളിഞ്ഞു. ആത്മവിശ്വാസം കൂടി.

**കലോത്സവ ദിവസങ്ങൾ**

ഫെബ്രുവരി 28 ഉച്ചയ്ക്ക് വോളന്റിയേഴ്സിന്റെ മീറ്റിംഗിൽ കാര്യങ്ങൾ എല്ലാം വിശദമായി പറഞ്ഞുകൊടുത്തു. കോ ഓർഡിനേറ്ററായി ബികോം ടാക്സ് എയ്ഡഡിലെ ജോയലിനെ നിയോഗിച്ചു സഹായത്തിന് ജോർജ്കുട്ടിയും അരുൺ വിൽസനും. വോളന്റിയറിങ്ങിന് വ്യക്തമായ പ്ലാനിംഗ് ഉണ്ടായിരുന്നു. ഏതൊക്കെ ദിവസം ആരൊക്കെ എവിടൊക്കെ എന്നുള്ളതും ഓരോ വേദിയിലെ ഇൻ ചാർജ്, യാത്ര, ഭക്ഷണം, താമസം എല്ലാത്തിനും. യാത്ര പുറപ്പെടുന്നതിനുമുമ്പ് അലോഷി ചേട്ടന്റെ ഉപദേശം ഉണ്ടായിരുന്നു. "റെൻസാ ഈ അഞ്ച് ദിവസം ഇനി നിനക്ക് എല്ലായിടത്തും ഓടി എത്താൻ സാധിക്കില്ല. വ്യക്തമായ നിർദ്ദേശം വോളന്റിയേഴ്സിന് കൊടുക്കണം, ഞാനും ഉണ്ടാവും. യാതൊരു പരിചയവുമില്ലാത്ത സ്ഥലമാണ്, അപരിചിതരുമായാണ് ഇടപെടേണ്ടത്. പ്രതികൂലമായ ഫലങ്ങൾ ഉണ്ടാവാം. കഴിഞ്ഞ ഏഴെട്ട് വർഷത്തെ അനുഭവംകൊണ്ട് പറയുവാണ്, അപ്പീൽ അല്ലാതെ വേറൊരു മാർഗവും ഉപയോഗിക്കരുത്" മനസ്സിന് ഊർജം ലഭിച്ചു. സുഹൃത്തുകളെ പോലെ കാണുന്ന എബിൻ സാറും രാഖി മിസ്സും എല്ലാ ദിവസവുമുണ്ടാവും എന്ന് പറഞ്ഞു. മൊണാസ്ട്രിയിൽ നിന്ന് പ്രാർത്ഥിച്ചശേഷം യാത്ര ആരംഭിച്ചു. അഞ്ച് നാളുകൾ എണ്ണപ്പെട്ട് തുടങ്ങി.

പോയപാടെ സി. എം. എസ്, ബസേലിയോസ്, ബി. സി. എം., തിരുനക്കര മൈതാനം തുടങ്ങി ഏഴ് വേദികൾ കണ്ടു. എല്ലാവിധ മുന്നൊരുക്കങ്ങളും അവസാനിച്ചു ആദ്യ ഇനമായ മൈം ആരംഭിച്ചു. അടുത്തദിവസം വെളുപ്പിനെ തീർന്ന മൈമിൽ മൂന്നാം സ്ഥാനം ലഭിച്ച് എസ് എച്ചിന്റെ പോയിന്റ് വല കുലുങ്ങി. വോളന്റിയേഴ്സ് മത്സരാർത്ഥികളുടെ ആരോഗ്യം, ഉറക്കം, ഭക്ഷണം എന്നിവ വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുന്നുണ്ടായിരുന്നു. വിശ്രമമില്ലാതെ രണ്ടാം ദിനത്തിലേക്ക് കടന്നു. പിന്നെ ഞാൻ കാണുന്നത് പടതലവൻ അലോഷിയെയും പടയാളികൾ സെക്കന്റ് ഇയേഴ്സ് പിള്ളാരെയുമാണ്. താമസിക്കുന്ന സ്ഥലത്തെ വരാന്തയെ അവർ ഓഫീസാക്കി മാറ്റി. വ്യക്തമായ സ്കെച്ചിങ് അലോഷി ചേട്ടൻ അവർക്ക് പറഞ്ഞു കൊടുത്തു. ചുരുക്കി പറഞ്ഞാൽ എന്റെ പകുതി സമ്മർദ്ദം അവർ ഏറ്റെടുക്കുകയായിരുന്നു.

മൂന്നാം ദിനം വെളുപ്പിനെ

**"കലോത്സവത്തെപറ്റിയുള്ള സംസാരത്തിൽ ജോ എപ്പോഴും പറയും "നമുക്ക് കിട്ടും ഡാ, നീ പേടിക്കേണ്ട." തിരക്കിനിടയിലും ചെയർമാൻ ഡിറ്റോ വന്ന് ഓർമ്മിപ്പിക്കും "നമ്മൾ ചെയ്യാനുള്ളത് എല്ലാം നല്ല ഭംഗിയായി ചെയ്യുന്നുണ്ട്. കിട്ടാനുള്ളതാണെങ്കിൽ കിട്ടിയിരിക്കും."**

സൂര്യൻ ഉദിച്ചതും നമ്മുടെ സ്കിറ്റിന്റെ കർട്ടൻ വീണതും ഒന്നിച്ചായിരുന്നു. റിസൽട്ട് നമുക്ക് അനുകൂലമായിരുന്നു ഒന്നാം സ്ഥാനം. ആശാനെയും പിള്ളേരെയും മനസ്സിൽ നന്ദിയോടെ ഓർത്തു. പക്ഷേ രണ്ടാം സ്ഥാനം മഹാരാജസിനായിരുന്നു. (നാടകം ഒന്നാം സ്ഥാനം അവർക്കായിരുന്നു) എന്റെ ഹൃദയം വിങ്ങിപ്പൊട്ടുകയായിരുന്നു. തിയറ്റർ ഓവറോളിൽ നമ്മൾ രണ്ടാം സ്ഥാനത്തിലേക്ക് പിന്തള്ളപ്പെട്ടു. നമ്മുടെ വിജയത്തിൽ ഒരു നിമിഷം ഞാൻ ആഹ്ലാദം പങ്കിട്ടപ്പോൾ ജെയിംസ് സാർ അരനിമിഷം നിന്ന ശേഷം ഒരു മൂലയിലേക്ക് മാറി പോയി. നനയുന്ന എന്റെ കണ്ണുകൾ എനിക്ക് പിടിച്ചുനിർത്താൻ സാധിച്ചില്ല. സാറിന്റെ മുഖത്തോട്ട് നോക്കാൻ പോലുമുള്ള ശക്തി എനിക്ക് ലഭിച്ചില്ല. അവിടെ നിന്ന് ദേവു എന്നെ മാറ്റി നിർത്തി നടന്നത് മാത്രം ഞാൻ ഓർക്കുന്നു. നനയുന്ന കണ്ണുകളെ നോക്കി അവൾക്ക് ആദ്യം ഒന്നും പറയാൻ സാധിച്ചില്ല. കുറച്ച് സമയത്തിനു ശേഷം അവൾ പറയാൻ തുടങ്ങി "റെൻസാ നമ്മുടെ ലക്ഷ്യം ചാമ്പ്യൻഷിപ്പാണ്. ഞാൻ ജനിച്ച മാർച്ച് നാല് ഭാഗ്യമുള്ള ദിവസമാണ്. നമ്മൾ ചാമ്പ്യൻഷിപ്പുമായി കോളേജിൽ ചെല്ലും", ആ ഡയലോഗ് ഏതായാലും കൊള്ളാമായിരുന്നു. ഇന്ന് ആ ഓവറോൾ ഓർത്തു വിഷമിക്കുന്നില്ല കാരണം കുതിരയെ ഉറക്കാൻ കിടത്തിയാണ് മറ്റ് രണ്ട് ഓവറോൾ തിരുഹൃദയത്തിൽ എത്തിയത്. ട്രോഫി ഏർപ്പാടാക്കാത്ത മ്യൂസിക് ഓവറോളും ഒപ്പമുണ്ട്. (എന്റെ ക്ലാസ്സിന്റെ സോഷ്യലിന് ജെയിംസ് സാറിനും ഡിപാർട്മെന്റിനും ഒരു സ്വർണ്ണ കുതിരയെ ക്ലാസ്സിന്റെ ഉപഹാരമായി നൽകിയത് ഇപ്പോൾ ഓർമ്മ വരുന്നു.)

മൂന്നാം ദിവസം അവസാനമാണ് നമ്മൾ ലീഡ് ചെയ്യാൻ തുടങ്ങിയത്. ഓരോ റിസൾട്ട് അനൗൺസ് ചെയ്യുമ്പോഴും എസ്. എച്ചിന്റെ മുദ്രവാക്യങ്ങളായിരുന്നു വേദികളിൽ മുഴങ്ങിക്കൊണ്ടിരുന്നത്. മറ്റ് കോളേജുകൾ അത് അസൂയയോടെ നോക്കി നിൽക്കുന്നത് ഇന്നും എന്റെ കണ്ണിലുണ്ട്. വെസ്റ്റേൺ ഗ്രൂപ്പ് സോങ് കുത്തകയാക്കി വച്ച സി. എം. എസിന്റെ മണ്ണിൽ നിന്ന് തന്നെ എസ്. എച്ച് അധ്യാപകൻ (അലുമ്നി കൂടിയായ) ഒലിവ് സാറിന്റെ ടീം അത് റാഞ്ചിയെടുത്തു. ആ കരഘോഷങ്ങൾ ഇന്നും കാതിൽ കേൾക്കാൻ സാധിക്കുന്നു. മൂന്നാം ദിനം ശ്രദ്ധേയമായ ഒരു ഇനമായിരുന്നു മാളവികയുടെ കഥക്. 80% എസ്. എച്ചിന്റെ വിദ്യാർത്ഥികളായിരുന്നു സദസ്സിൽ. അന്നത്തെ ഒന്നാം സ്ഥാനം മാളവികയുടെ നൃത്തത്തിന്റെ കമന്റായി വിഷ്ണു സർ പറഞ്ഞത് "ശരിക്കും ടിക്കറ്റ് നൽകി പ്രദർശിപ്പിക്കേണ്ട കാഴ്ചയായിരുന്നു അത് മിന്നിച്ചുകളഞ്ഞു" കോളേജ് അലുമ്നിയും അധ്യാപകനുമായ ബോണി സാർ നയിച്ച ടീമിന്റെ കഠിനപ്രയത്നത്തിന്റെ ഫലം കൂടിയായിരുന്നു അത്.

അന്നുതന്നെയായിരുന്നു നമ്മുടെ ദഫ്. തലേവർഷം വിജയികളാവത്തിനാൽ മാറ്റി പിടിച്ചാലോ എന്ന അഭിപ്രായം വന്നിരുന്നു. പക്ഷേ ആണുങ്ങൾക്ക് മാത്രമായ് ഒരു ഐറ്റം വേണമെന്ന അഭിപ്രായത്തിൽ ദഫ് തിരഞ്ഞെടുത്തു. ശോഭാ മിസ്സ് തന്റെ കൊച്ചിനെയും കൂട്ടി കലോത്സവദിനങ്ങളിൽ ഉഷാറായിരുന്നു. ദഫിന് ഒരു പ്രത്യേക കണ്ണ് മിസ്സിനുണ്ടായിരുന്നു പ്രതീക്ഷ തെറ്റിച്ചില്ല മൂന്നാം സ്ഥാനം ലഭിച്ചു, തങ്ങളെ നന്ദിയോടെ ഓർക്കുന്നു. പക്ഷേ അന്നേരാത്രിയിലെ മാർഗ്ഗം കളി ഹർട്ടിയൻസിനെ വല്ലാതെ വിഷമത്തിലാക്കി. നന്നായി അവർ കളിച്ചിരുന്നു പക്ഷേ പ്രതികൂലമായിരുന്നു റിസൾട്ട്. വലിയ അധ്വാനമെടുത്ത് കളിച്ച മാർഗംകളിക്കാരുടെ സങ്കടവും കരച്ചിലും നിശ്ശബ്ദതമായി നോക്കിനിൽക്കാനേ സാധിച്ചുള്ളൂ. വെസ്റ്റേൺ സോളോ അനുകൂലമല്ലാതെ വന്നപ്പോൾ കൊടുത്ത അപ്പീൽ പോലെ ഇതും കൊടുത്തു. ഒരു ഇനത്തിന് മൂന്നും നാലും ഒന്നാം സ്ഥാനം നൽകുന്നത് പ്രതിഷേധാർഹമായിരുന്നു. നാലാം ദിനവും കടന്നപ്പോൾ റിസൾട്ട് ഏറെയും അനുകൂലമായിരുന്നു. നമ്മുടെ വിദ്യാർത്ഥികൾ സിംഗിൾ ഇവെന്റ്സിൽ തകർത്ത് മത്സരിച്ചു. അന്നാ ജോവിറ്റ ചേച്ചി ഒറ്റയ്ക്ക് പോരാടി ഫൈൻ ആർട്സ് ഓവറോൾ എസ്. എച്ചിൽ എത്തിച്ചു. ഭാഷ അധ്യാപകരുടെയും എഴുത്ത് പരിശീലനത്തിന്റെയും ഫലമായിരുന്നു ലിറ്ററി ഓവറോൾ.

അങ്ങനെ അവസാന ദിനമെത്തി. സിംഗിൾ ഇവന്റ്സിൽ കൊടുത്ത പ്രത്യേക ശ്രദ്ധയും നമ്മുടെ തന്നെ കോളേജിലെ അധ്യാപകരുടെ പരിശീലനവും കൊണ്ട് നല്ല സ്കോർ എത്തിക്കാൻ സാധിച്ചു. ഈസ്റ്റേൺ ഗ്രൂപ്പ് സോങ്-കഥാപ്രസംഗം റിസൾട്ട് ബാക്കി നിൽക്കെ ഏകദേശം വിജയം ഉറപ്പിച്ചു. പക്ഷേ അവസാന നിമിഷങ്ങളിൽ കുറച്ച് ഓഫ് സ്റ്റേജ് ഐറ്റംസ് റിസൾട്ട് വരാനുണ്ടെന്ന വാർത്ത കുറച്ച് പരിഭ്രാന്തി പരത്തി. തൊട്ടരികിൽ നിന്ന് ചാമ്പ്യൻഷിപ്പ് പോകുമോ എന്ന ഭയം ശ്യാം ലാൽ സാറിനെ വല്ലാതെ വേട്ടയാടി. അന്നേരത്തെ ആ മുഖം ഞാൻ ഇപ്പോഴും ഓർക്കുന്നു. അന്ന് ശ്യാം ലാൽ സർ പറയുകയുണ്ടായി, "എന്തേലും കാരണത്താൽ ചാംപ്യൻഷിപ്പ് തൊട്ടരികിൽ നിന്ന് കൈവിട്ട് പോയാൽ പിന്നെ കോളേജിൽ നിന്ന് ഇതിനെപ്രതി വഴക്കിട്ടതിന് മറുപടി ഇല്ലാതാകും." വിശദമായ അന്വേഷണങ്ങൾകൊടുവിൽ

**"മൂന്നാം ദിനം ശ്രദ്ധേയമായ ഒരു ഇനമായിരുന്നു മാളവികയുടെ കഥക്. 80% എസ്. എച്ചിന്റെ വിദ്യാർത്ഥികളായിരുന്നു സദസ്സിൽ. അന്നത്തെ ഒന്നാം സ്ഥാനം മാളവികയുടെ നൃത്തത്തിന്റെ കമന്റായി വിഷ്ണു സർ പറഞ്ഞത് "ശരിക്കും ടിക്കറ്റ് നൽകി പ്രദർശിപ്പിക്കേണ്ട കാഴ്ചയായിരുന്നു അത് മിന്നിച്ചുകളഞ്ഞു."**

വിജയം ഉറപ്പിച്ചു. പത്ര പ്രവർത്ത കരുടെ മേളമായിരുന്നു പിന്നീട്.

നിർഭാഗ്യകരമെന്ന് പറ യട്ടെ സമാപന ചടങ്ങ് നമ്മുടെ ഇനം സ്റ്റേജിൽ നടക്കുമ്പോഴാണ് നടന്നത്. പലർക്കും ആ ചടങ്ങിൽ പങ്കെടുക്കാൻ സാധിച്ചില്ല. അതു കൊണ്ട് സമാപന ചടങ്ങിന് ശേഷം മൂന്ന് ബസിലായി നിറഞ്ഞു വന്ന ഹാർട്ടിയൻസിന്റെ ആഹ്ലാദ പ്രകടനമാണ് തിരുനക്കര മൈതാനം സാക്ഷ്യം വഹിച്ചത്. കലോത്സവത്തിന്റെ മുഖ്യ ശത്രു എസ്. ടി. സി പത്തി താഴ്ത്തി പോണ കാഴ്ച കാണേണ്ടതായി രുന്നു. സത്യം പറഞ്ഞാൽ അവ രുടെ വാശിയാണ് എന്നെ ഇരട്ടി വേഗത്തിൽ കാര്യങ്ങൾ ചെയ്യാൻ സഹായിച്ചത്. താങ്ക്സ് ടു എസ്. ടി. സി ചിറകൊടിഞ്ഞ മാലാ ഖയെ മറ്റൊരു മാലാഖ ഉയർത്തി കൊണ്ടുപോകുന്ന ആ ട്രോഫി യുടെ കൂടെ ഞാൻ ഒരു ഫോട്ടോ എടുത്തു. തിരുഹൃദയത്തിൽ നിന്ന് അവ പടിയിറങ്ങുമ്പോഴേ തീരുമാനിച്ച കാര്യമാണ് നേടിയ തിനുശേഷമേ ഒരു ഫോട്ടോ ഉള്ളു എന്നുള്ളത്. കിരീടവും ചെങ്കോ ലും രാജാവും റാണിയും തോഴിക ളുമൊക്കെയായി എസ്. എച്ചിന്റെ പടക്കപ്പൽ തേവരയിലേക്ക് പുറ പ്പെട്ടു. ഒരു ദീർഘ നിശ്വാസം, കടമ പൂർത്തിയായിരിക്കുന്നു.

വിജയത്തിന്റെ മുഖ്യ കാരണക്കാർ നമുക്കറിയാം നമ്മുടെ കലാകാരന്മാരും കലാ കാരികളുമാണ്. അവരെ അനു മോദിക്കാൻ യൂണിയൻ മറന്നില്ല, ചെണ്ടമേള അകമ്പടിയോടുകൂടി ട്രോഫികൾ വന്നു, സമ്മാനദാന വും മറ്റ് പ്രസംഗങ്ങളും നടന്നു. അന്ന് പൂർണശ്രീ പറഞ്ഞ വാക്കുകളാണ് ഓർമ്മ വരുന്നത്, "നമ്മുടെ വോളന്റി യേഴ്സ് സ്വന്തം ചേച്ചിയെ പോലെ എന്നെ കാണുകയും പരിപാലിക്കുകയും ചെയ്തു. അവർക്കും ഈ വിജയത്തിൽ വലിയൊരു പങ്കുണ്ട്." എല്ലാം നന്നായി പര്യവസാനിച്ചു കലോത്സവ ഉറക്കത്തെ പറ്റി ഒരു വാക്ക് പറയാതെ വയ്യ. ഉറക്കമല്ല, വെറുതെ കിടപ്പ് അതാകും ശരിയായപദം. പണി എടുത്ത് വൈകി വരുന്നവർ പലപ്പോഴും വരാന്തകളിലും നിർത്തിയിട്ട വണ്ടികളിലും, വേദികളിലെ കസേരകളിലുമൊക്കെയാണ് കിടപ്പ്. താമസ സ്ഥലത്ത് വൈകി എത്തേണ്ടി വരുന്ന വോളന്റിയേഴ്സിനും യൂണിയൻ മെമ്പേഴ്സിനും പലപ്പോഴും ഭക്ഷണം തികയാറില്ല.

കലോത്സവ ശേഷവും ഉത്തരവാദിത്വം തീർന്നില്ല. പലർക്കും അറ്റൻഡൻസ് പ്രശ്ന ങ്ങൾ. പരീക്ഷ സമയത്തു പോലും ഒരു കയ്യിൽ ലിസ്റ്റും മറുകയ്യിൽ പുസ്തകവുമായി കമ്പ്യൂട്ടർ ലാബിൽ ഇരിക്കേണ്ടി വന്നിട്ടുണ്ട്. മത്സരാർത്ഥികളെ യും വോളന്റിയേഴ്സിനെയും അധ്യാപകരെയും കുറിച്ച് പറയു മ്പോൾ ഓരോരുത്തരുടെ പേരുകൾ എടുത്ത് പറയണമെ ന്നുണ്ട്. പക്ഷേ എഡിറ്റർ അനി ലേട്ടന് ഈ എഴുത്തിന്റെ നീളം ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നതി നാൽ അതിന് മുതിരുന്നില്ല. ഒരു കലോത്സവ ഓർമകൾ ഇതിലു മേറെ എനിക്ക് പറയു വാനുണ്ട്. അപ്പോൾ ഇതുമായി ബന്ധപ്പെട്ടവർക്ക് എത്രയേറെ ഓർമ്മകൾ പറയുവാനുണ്ടാവും?

ഇനിയും വിജയം തുടരട്ടെ എന്നാശംസിക്കുന്നു.





# പ്രതീക്ഷ

അഞ്ചു വിനോദ്
ഒന്നാം വർഷ ബിരുദാനന്തര ബിരുദം,
ഊർജ്ജതന്ത്രം

ഇനിയുണ്ടാകുമോ ഒരു തിരിച്ചു പോക്ക്
കൊഴിഞ്ഞുപോയാ വസന്തങ്ങളിലേക്ക്
ഇനിയാകുമോ വീണ്ടുമൊരിക്കൽകൂടി
ഒന്നുചേർന്നൊന്നായി ആ വഴി നടന്നീടുവാൻ
ഇനിയെന്നാകുമാ ദിനം നീ നിന്റെ
പുഞ്ചിരിപൂക്കൾ എനിക്കായേകുന്നതും
ഇനി നിറയുമോ ഈ മിഴികളവയ്ക്കു
നിൻ ചുടു ചുംബനത്തിനാൽ മാഞ്ഞീടുവാൻ
ഇനിയുണ്ടാകുമോ ഒരുപുലരി
അതിനെനിക്കായി നീയെന്ന കണിയൊരുക്കുവാനായ്
ഇനി അടരുമോ ഒരു കവിതയവയ്ക്കു
നിൻ പ്രണയകുങ്കുമം ചൂടുവാനായ്
ഇനിയുണ്ടാകുമോ ഒരു മഴയതിൽ
ഒരുകുടക്കീഴിലൊന്നായ് നനഞ്ഞീടുവാൻ
ഇനിയോതുമോ നിന്റെ ഹൃദയതാളങ്ങ-
ളവയെന്റെ മാത്രം സ്വന്തമെന്ന്
'ഇനിയെന്ന് കാണുമെന്നോ' തുവാനായ്
ഇനി വീണ്ടും കാണുവാനാകുമോ?'

# Clubs & Forums Reports

## NCC Army Wing

A one day program of beach cleaning at Fort Kochi was conducted by 21 Kerala Battalion NCC Ernakulam where cadets from our college effectively participated for the eradication. Four cadets from our college attended Army attachment camp held at Pangod, Trivandrum under Garhrif Rifles regiment. CPL George John attended Inter Group Competitions in Aluva UC College as a part of Republic Day camp 2019, Delhi. CQMS Abel Thomas attended a five-day camp at Trivandrum about anti-narcotics and drug abuse. Collection of funds for the enhancement of handicapped soldiers as a part of army day Jan 15 cadets collected money from every students in the college

## NCC Air Wing

Ncc Air Wing SH sub unit was formed in the year 2011 .The voluntary students joining NCC Air wing will be given the Air Force training parades, Aircraft flying sorties and Firing. It was formed with an aim of grooming tomorrow's pilots and Air Force officers. Punctuality, Teamwork, leadership qualities, discipline, sportsmanship, physical fitness, reliability and patriotism are some factors which drive cadets towards NCC Air Wing. During 2018-2019 Academic year NCC Air Wing conducted several social activities which include Kerala Flood relief activities, public place cleaning activities, surveys on socially relevant issues, old age home visit, volunteered on Spice coast marathon and Vimukthi marathon etc. Also celebrated national days such as Republic day and Independence Day at Sacred Heart College, Thevara. Apart from that second year cadets of NCC Air Wing actively participated in important national camps which include AIVSC (All India Vayu Sainik Camp) CDT Serin Johnson, CDT Nimisha M Mathew, CDT Staicy K. T. RD (All India Republic Day Camp)- CCPL N Jishnu (PM Rally). AIVSC LC, IGC etc.

## NCC Naval Wing

NCC naval wing began its activities in the 2nd week of July, enrolling 22 cadets under the guidance of Lt. Cdr. Dr. Siby Mathew. Many of our cadets participated in various camps, which gave them an opportunity to get special training in boat work, ship modelling, communication, boat pulling and sailing. Training helps them to develop character, comradeship and to adapt themselves in any spheres of life. Cadet Captain Keerthana Santhosh attended the Youth Exchange Programme held at Perm, Russia from 18 August to 1 September 2018. On 26th January 2019 Cadet Rajiv Bhukal and Cadet Santhipriya D Shenoy were a part of Republic day parade held at Delhi, representing NCC Naval wing Kerala and Lakshadweep Directorate. Cdt Rajiv was a part of All India Guard and Cdt Santhipriya was a part of All India Rajpath. At the same time Cadet Jeri Jose was part of the PM Rally. Cadet Athul Mathew and Cadet Akhil Prasad were selected for All India Nau Sainik Camp representing Kerala and Lakshadweep which was held at Karwar. There was a grand sailing expedition from 15th October 2018 which was flag offed by CSO training from seamanship school jetty. It started from Kochi and sailed through Alappuzha to reach Kollam in 10 days. Out of the total 54 cadets 8 where from our college.

## Speaker's Forum

Speaker's Forum which is known as the voice of SH started its program on August 2nd by selecting the new club bearers under the guidance of Dr. Abin T.G and Mr. Sanjose Thomas in which Manu Thomas and Ann Maria K Binu was selected as the secretaries, Lija Mary K J as the magazine editor and Densal Noble as the club treasurer. The club's activities started by holding various open forum in the college. The most prestigious literary pentathlon 'Saragapatham' was conducted successfully with participation from over 110 students. The 'Saragapatham' Symposium was lead by eminent personalities Dr. Sunil P Ilayidom, Rev. Dr. Paul Thelakkat and Sri Johny Lukose. Sacred Heart College, Thevera won the overall championship in the pentathlon competition. The club also conducted an 'lnter-dept magazine competition' for heartians. An 'online group discussion' was held in the club's whatsapp group as part of a recent SC verdict. The year ended with the 'Chavara Elocution competition' and a 'Regional debate competition' in which participants from nearby colleges participated.

## AICUF

The All India Catholic University Federation (AICUF) is an organisation of Catholic university students. The movement was started in 1924, at St. Joseph's College, Tiruchirappalli by Fr. Carty, SJ. Currently it operates in 15 states of India. The organization is affiliated to Pax-Romana, an international association of catholic professionals. During the academic year 2018 - 19 AICUF managed to conduct several programmes including an open forum on the topic Section 377, a blood donation camp which donated 50 bottles of blood, put up a stall for the Heartifest and a seminar on the topic "Today's Youth & Social media."

## Age Friendly

Age Friendly is a club dedicated to bringing together people of two generations, in a learning environment that is mutually beneficial to both. Student volunteers sit down with their elderly students to both teach them and learn from them about life and experiences. The two classes available are that of Spoken English and Computer. The various programmes conducted by the club include celebration of 'International Old Persons'Day', Christmas, Onam etc. Classes are held bi-weekly, followed by exams at the end of the year. It is a truly surreal experience for the elderly to experience life at college all over again. Visits to various old age homes to entertain their habitants are also quite frequent among the members of the club.

## SADAS

SADAS or Students Against Drug Abuse, Alcoholism and Suicide is a club that functions on the theme 'Say No to Drugs and Yes to Life'. Headed by Dr. Thommachan Xavier of the Chemistry department, Yedukrishnan V and Elvina S Philip, it completed Students Awareness Programme in seventy five schools across Ernakulam as a dedication to the College's Platinum Jubilee. Following the Students Awareness Outreach programme that kick-started with its inaurgration by the Principal, Fort Kochi Circle Inspector in cooperation with Malayala Manorama's 'Balajana Sakhyam', the club also managed to put up a float for Cochin carnival. On March 9, 2019, the club members visited the Navajeevan Charitable Trust in Kottayam.

## Theatre Club

Theatre club is a stage for creative and expressive students of the college. This year, the club took the responsibility of participating in the theatre events in M. G University Kalolsavam. The year started with the basic weekly meetings and tasks to cure the new members from their stage fright. We have staged the play "Pralayakaalathe Jalakanyaka" in M. G University Drama Competition. The characters and the play received special mention from the jury. Apart from that the club also won first Prize for Skit and Third Prize for Mime in University Kalolsavam

## Nosy Parkers

Quizzing is a quest for wisdom and proficiency. A quiz enthusiast is a curious wanderer who creates a seam where knowledge meets vehemence. The Heartian Quiz Club- Nosy Parkers, is a coterie of students with a fresh and unparalleled outlook. The club members have bagged many accolades at various quiz competitions up and down the state along with a few sparkling victories beyond state boundaries. The regular routine of the club is a meeting on all Fridays at leisure time to confabulate on current affairs, interesting facts and GK. To cheer up the monotonous campus life, the club organizes several topic specific open quizzes at regular intervals. The club functions under the wise supervision of faculty members Prof. Jeet Kurian and Prof. Ramakrishnan of Mathematics and Chemistry Departments respectively. Emminent quiz master and faculty member of Economics Department Prof. Siby Abraham executes the role of club observer with his guidance and erudition.

## Writer's Forum

Writer's Club is dedicated to inculcating values of writing into students. Once a week, students gather around the round table with Prof. Tom. C Thomas at the head to read venerated works by various authors, read the students' own creations and discuss current issues of social and political importance. The club also publishes an annual magazine that showcases and displays the works of all the members. Hand drawn and illustrated by students, under the guidance of the staff coordinator it is a galore of experimental writing by writing aspirants.

## Music Club

Music Club holds the key of all the music related activities in the college. The club members were at the forefront of all the cultural programmes of the college, with special mention of the college anual flagship event "Heartfest." many represented the college in several intercollegiate competitions and emerged as winners. Music club also took the responsibilty of coordinating musical events for M. G University Kalolsavam under the leadership of Prof. Siby Abraham (Economics) and Prof. Sobha (Oriental Languages). The club banged first prize in Eastern and Western Group Songs along with a number of individual prizes as well. Also, Poornasree Haridas was adjudged Kalathilakam of "Alaththaalam- 2K18."

## SWASTI

College began the activities of academic year 2018 - 19 by helping the women of the flood affected area - Chellanam, providing them with sanitary napkins. Sanitary napkins were collected from students and teachers of our college and was distributed to the flood affected area by the NSS unit. In association with Speakers Forum, SWASTI organised a Grand Open Forum to discuss and delibrate on the three historic verdicts of Supreme Court- Section 377, Section 497 and Sabarimala case. "Finishing School" a three days program to mould the third year students was conducted. Kanak Jinan, Mr Ajith Thanur & Juliana Seiko lead the sessions. A Hair Donation camp was organised on 12th November for all those willing to donate at least 30cm of their hair and huge participation was seen from teachers and students, even many outsiders turned up. Golden Girls a talent hunt for college girls by Times of India was coordinated at our college by SWASTI. An inspirational talk by Dr Dhanya Pattathil Menon, First Women Cyber Crime Investigator, were she motivated the students to achieve more in their chosen field and gave a peak into the cyber law and the interesting cases she had gone through Swasti as part of International Women's Day held a interactive session with a women business icon, Mrs Parveen Hafeez, Managing Director Sunrise Group of Hospitals.

## Jesus Youth

Jesus Youth is an organisation which aims at spreading the lessons of love and compassion in the minds of students. The programmes of this year commenced with the welcoming of newly joined students. A camp named 'Harvest' was conducted for the first year students soon after the welcome. The various activities in the college by Jesus Youth are led by different ministries. Orphanage ministry, Hospital ministry, 'Thanalmaram' and Educare lend helping hands for the needy. 'Soultice', a three-day intercollegiate camp was also held in college with the participation of students from all over Kerala. 'Honesty Shop', which began to impart the message of truthfulness and honesty among students, is also performing well. The major events of the academic year was 'Chithira'-the Onam celebration for the members of 'Thanalmaram', 'Snehasangamam'- the Christmas celebration and the Independence day celebrated with the inhabitants of prison.

## ED Club

The Entrepreneurship Development Club is a club formed to promote the entrepreneur skills of the students. The club has conducted many activities for the students. The major activity of the academic year was the 'Jute Bag Sale'. Its aim was to make the campus eco-friendly. The Jute bags were distributed to the students during the first week of June. The club also conducted 'Payasamela 2K18' on August 14, 2018. It was a successful initiative put forth by the students with the help of teaching faculties.

## National Service Scheme

'Personality development through social service' is the aim of National Service Scheme. This year our NSS unit got selected as the best unit in MG University. NSS friendly Principal, Best coordinator and volunteer secretary awards were the main achievements of this year. NSS volunteers took initiative in cleaning the flood affected houses in Aluva region soon after the floods. A group of volunteers were given training in repairing electronic equipments and they did an effective job in many flood affected houses. They reconstructed 14 flood affected houses in Aluva 2 cent colony as a part of their major camp activities. The key handing over ceremony of those houses was done by Swami Agnivesh in a function held at Durbar hall, Kochi. Environment day celebrations marked a start for this year's NSS activities. programmes such as Plastic free Thevara, KURTC cleaning, Railway station cleaning were conducted. Different important days like Yoga day, Hiroshima day were celebrated inorder to spread awareness among student community. NSS volunteers extended their helping hands to localities like Chellanam and Udaya colony which were affected by heavy rain fall. Blood donation camps, medical camps, different exhibitions etc were conducted. In association with the 150th birth anniversary of Mahatma Gandhi, a three day inter collegiate camp named 'Gandhismriti' was organized by the NSS unit. Eminent personalities like Medha Patkar, C Rajagopal IAS, Rishiraj Singh, etc interacted with the students. Programmes related to Swachh Bharat Mission, Rights of transgender, protection of old aged people helped in creating awareness about social justice.

# യൂണിയൻ റിപ്പോർട്ട്

2018–19 വർഷത്തെ തേവര തിരുഹൃദയ കലാലയ യൂണിയൻ 2018 ജൂലൈ മാസം 18–ാം തീയതി ബി കോം ടാക്സേഷൻ (സെൽഫ് ഫിനാൻസ്) മൂന്നാം വർഷ വിദ്യാർത്ഥിയായ ഡിറ്റോ മാത്യുവിന്റെ നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. കോളേജ് യൂണിയന്റെ ഔദ്യോഗികമായ ഉദ്ഘാടനം ഓഗസ്റ്റ് മാസം 13–ാം തീയതി കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് പ്രമുഖ സിനിമാ നടൻ **ടോവീനോ തോമസ്** നിർവഹിച്ചു.

### 1. ഓണക്കിറ്റ്

ഓണാഘോഷത്തോടനുബന്ധിച്ച് നൂറോളം പാവപ്പെട്ട കുടുംബങ്ങൾക്ക് വിദ്യാർത്ഥികളുടെ സഹായത്തോടെ അവശ്യസാധനങ്ങൾ അടങ്ങിയ ഓണക്കിറ്റ് നൽകുവാൻ സാധിച്ചു. Jesus Youth-ന്റെ തണൽമരം പരിപാടിയിൽ പങ്കെടുക്കുന്ന കുടുംബങ്ങൾക്കാണ് കിറ്റ് നൽകിയത്.

### 2. കൈത്താങ്ങ്

കേരളത്തെ മുഴുവൻ പ്രളയം വിഴുങ്ങിയപ്പോൾ എറണാകുളം ജില്ലയിൽ **കൈത്താങ്ങ്** എന്ന പേരിൽ യൂണിയൻ ജനങ്ങൾക്ക് വേണ്ട സഹായങ്ങൾ വിദ്യാർത്ഥികളും കോളേജിലെ പൂർവ്വവിദ്യാർത്ഥികളുടെയും സഹായത്തോടെ നൽകുവാൻ സാധിച്ചു. പ്രളയ ശേഷം ആശാദീപം, സ്പെഷ്യൽ സ്കൂൾ തുടങ്ങിയ സ്ഥലങ്ങളിൽ വൃത്തിയാക്കലും യൂണിയൻ ചെയ്തു നൽകി.

### 3. ഹാർട്ടിയൻ വോയിസ് ഹണ്ട്

കോളേജിലെ ഏറ്റവും മികച്ച ഗായികാ-ഗായകരെ കണ്ടെത്തുന്നതിനായി 'Heartian Voice Hunt' എന്ന പരിപാടി മൂന്ന് റൗണ്ടുകളായി നടത്തപ്പെട്ടു. ഒക്ടോബർ മൂന്നാം തിയതി നടന്ന ഫൈനലിൽ ഈസ്റ്റേൺ വിഭാഗത്തിൽ അപർണ്ണ റാവുവും വെസ്റ്റേൺ വിഭാഗത്തിൽ നേഹാൽ കണ്ടത്തിലും വിജയികളായി. വിജയികൾക്ക് പ്രമുഖ പുല്ലാങ്കുഴൽ വിദഗ്ധനായ ശ്രീ. രാജേഷ് ചേർത്തല സമ്മാനം നൽകി.

### 4. ഒരു പ്രളയക്കെടുതി പറഞ്ഞുതന്നത് ഓപ്പൺ ഫോറം

സെപ്റ്റംബർ മാസം 3–ാം തിയതി യൂണിയന്റെ നേതൃത്വത്തിൽ 'ഒരു പ്രളയക്കെടുതി പറഞ്ഞുതന്നത്' എന്ന വിഷയത്തിൽ നടന്ന ഓപ്പൺ ഫോറം വിദ്യാർത്ഥികൾക്ക് വളരെ വലിയ അനുഭവമായി മാറി.

### 5. ഗുരുവന്ദനം

സെപ്റ്റംബർ 5–ാം തിയതി **ഗുരുവന്ദനം** എന്ന പേരിൽ കോളേജിൽ ടീച്ചേഴ്സ് ഡേ ആഘോഷിക്കപ്പെട്ടു. കോളേജിലെ ഏറ്റവും മുതിർന്ന അദ്ധ്യാപകരെയും ഈ വർഷം കോളേജിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരെയും ചടങ്ങിൽ ആദരിച്ചു. എപ്പോഴും വിദ്യാർത്ഥികൾ പരിപാടി നടത്തുന്ന വേദിയിൽ അദ്ധ്യാപകർ നടത്തിയ കലാപരിപാടികൾ ശ്രദ്ധേയമായി.

### 6. ധ്വനി

ഈ വർഷത്തെ കോളേജിലെ യൂത്ത് ഫെസ്റ്റിവൽ **ധ്വനി** സെപ്റ്റംബർ മാസം 13 മുതൽ 15 വരെ നടത്തപ്പെട്ടു. 50 വിഭാഗങ്ങളിലായി ആയിരത്തിയഞ്ഞൂറോളം വിദ്യാർത്ഥികൾ മത്സരിച്ചു. മത്സരത്തിൽ വിജയിച്ച വിദ്യാർത്ഥികൾക്ക് എം. ജി യൂണിവേഴ്സിറ്റി കലോത്സവത്തിൽ പങ്കെടുക്കുവാനുള്ള അവസരവും ലഭിച്ചു.

### 7. നിറവ്

കോളേജിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി നടത്തപ്പെട്ട 'ETHNIC DAY' വിദ്യാർത്ഥികൾക്ക് വ്യത്യസ്തമായ അനുഭവം പകരുന്ന ഒന്നായിരുന്നു. **നിറവ്** സെപ്റ്റംബർ മാസം 13–ാം തിയതിയാണ് നടത്തപ്പെട്ടത്. 100 വിദ്യാർത്ഥിനികളെ അണിനിരത്തി നടന്ന മെഗാ തിരുവാതിര വ്യത്യസ്തമായ അനുഭവമായി. കൂടാതെ വടം വലി മത്സരം, എത്നിക് ഡേ റാംപ്വോക്ക് തുടങ്ങിയ പരിപാടികൾ അരങ്ങേറി.

### 8. ആർട്ട്സ് ക്ലബ് ഉദ്ഘാടനം

കോളേജ് ആർട്ട്സ് ക്ലബിന്റെ ഉദ്ഘാടനം 4–10–18–ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് സിനിമ നടനായ റിനോഷ് ജോർജ് നിർവഹിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. റേഡിയോ മാങ്കോയും കോളേജ് യൂണിയനും മന്ദാരം ഫിലിം ടീമും കൂടി ലെറ്റർ കോമ്പറ്റിഷൻ കോളേജിൽ നടത്തുകയുണ്ടായി.

### 9. ഒപേറ

യൂണിയന്റെ നേതൃത്വത്തിൽ നടന്ന **ഒപേറ** ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി നടന്ന **വീരം** ഫാൻവാർ താന്താങ്ങളുടെ പ്രിയ നടിനടന്മാർക്ക് ആദരം നൽകുന്ന പരിപാടിയായി. ഫിലിം ഫെസ്റ്റിവലിന്റെ ഇടയ്ക്ക് നടന്ന പ്രമുഖ മോട്ടിവേഷണൽ ടോക്കറും R. J യുമായ ജോസഫ് അന്നംക്കുട്ടി ജോസിന്റെ സംവാദം കുട്ടികളെ വളരെ അധികം രസിപ്പിച്ച ഒന്നായിരുന്നു.

### 10. ക്രിസ്തുമസ് ആഘോഷം

ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം ഡിസംബർ മാസം 21–ാം തിയതി നടത്തപ്പെട്ടു. ഇന്റർ ഡിപ്പാർട്ട്മെന്റ് കരോൾ ഗാന മത്സരം കൂടാതെ നിരവധി കലാപരിപാടികളും ആഘോഷത്തോടനുബന്ധിച്ചു നടന്നു.

### 11. കേരള യൂത്ത് മീറ്റ്

കോളേജിൽ ഏറ്റവും ശ്രദ്ധയാകർഷിച്ചത് ജനുവരി 24 മുതൽ ഫെബ്രുവരി 4 വരെ യൂണിയന്റെ നേതൃത്വത്തിൽ നടന്ന **കേരള യൂത്ത് മീറ്റ്** എന്ന പ്രോഗ്രാമായിരുന്നു. ഇന്ത്യയുടെ പാരാലിമ്പിക്സ് ചാമ്പ്യനായ ജോബി മാത്യുവിന്റെ വിദ്യാർത്ഥികളുമായുള്ള ചർച്ചയോട് കൂടിയാണ് പരിപാടി ആരംഭിച്ചത്. പ്രമുഖ രാഷ്ട്രീയ സാമൂഹിക നിരീക്ഷകനായ അഡ്വ. ജയശങ്കർ പ്രമുഖ ചാനൽ അവതാരികയായ ഷാനി പ്രഭാകരൻ എന്നിവർ വിദ്യാർത്ഥികളുമായി ചർച്ച നടത്തി. കേരളത്തിന്റെ ഇപ്പോഴത്തെ രാഷ്ട്രീയ-സാമൂഹിക അവസ്ഥകളെ വിളിച്ചോതുന്ന ഒന്നായിരുന്നു ഊരാളി മ്യൂസിക് ബാൻഡിന്റെ 'പാട്ടും പറച്ചിലും' എന്ന പരിപാടി. കൂടാതെ ഡ്യുവറ്റ് ഡാൻസ് കോമ്പറ്റീഷൻ, 3's ഫുട്ബോൾ ടൂർണമെന്റ്, ഫോട്ടോഗ്രഫി കോമ്പറ്റീഷൻ, നാസിക് ഡോൾ കോമ്പറ്റീഷൻ തുടങ്ങിയ പരിപാടികളും പ്രോഗ്രാമിന്റെ ഭാഗമായി നടന്നു.

### 12. ആലപ്പാട് ഐക്യദാർഢ്യം

അടുത്തിടെ സമൂഹമാധ്യമങ്ങളിലൂടെ പുറത്തുവന്ന ആലപ്പാട് ഗ്രാമത്തിലെ അനധികൃത കരിമണൽ ഖനനത്തിനെതിരെ കോളേജിലെ വിദ്യാർത്ഥികളെ അണിനിരത്തി മനുഷ്യച്ചങ്ങല തീർത്ത് ആലപ്പാട് വിഷയത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

### 13. ആത്മജ

ഫെബ്രുവരി 8, 9 തിയതികളിലായി നടന്ന **ആത്മജ-2019** എന്ന പരിപാടി കോളേജിലെ പെൺകുട്ടികളുടെ ശക്തി വിളിച്ചോതുന്ന ഒന്നായിരുന്നു. എറണാകുളം മേയർ സൗമിനി ജെയിൻ, പ്രമുഖ മോഡൽ അർച്ചന രവി, സിനിമ നടൻ വിജയ് ബാബു, നടി രജീഷ വിജയൻ, പാട്ടുകാരി അമൃത സുരേഷ് തുടങ്ങിയവർ പരിപാടിയുടെ ഭാഗമായി.

### 14. വാലൻന്റൈൻസ് ഡേ

ഫെബ്രുവരി 14-ന് വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. നവമാധ്യമങ്ങളുടെ കടന്നുകയറ്റത്തിൽ ഇല്ലാതായ കത്തുകളെ തിരിച്ചുകൊണ്ടുവരാനായി കോളേജിൽ ഒരു പോസ്റ്റ് ബോക്സും സ്ഥാപിക്കുകയുണ്ടായി.

### 15. തരംഗം ആർട്ട്സ് ഡേ

തിരുഹൃദയർക്ക് മുഴുവൻ ആട്ടവും പാട്ടും ആഘോഷവും നിറഞ്ഞൊരു ദിവസം സമ്മനിച്ച ആർട്ട്സ് ഡേ ഫെബ്രുവരി 12–ാം തിയതി പ്രശസ്ത സിനിമാ താരം മെജോ നിർവഹിച്ചു.

# ഒരായിരം നന്ദി

ആശംസകൾ,
എക്സൽ ട്രേഡേഴ്സ്
സാന്തം ജംഗ്ഷൻ, കൊച്ചി

അലോഷ്യസ് സേവ്യർ
ഐബിൻ എസ് മാത്യു
ആന്റണി ജോൺ ജോസഫ്
സോണിയ ലൂസി
നവീൻ തോമസ്
അലൻ കുര്യാക്കോസ്
ജോമി തോമസ്
മെറൈസ് ബെൻ
ജോ ജോസഫ്
അനന്ദകൃഷ്ണൻ
ബിന്ദുജാ സുരേഷ്
അമല പൗലോസ്
ജോ ജോസഫ് മാത്യു
ജിതിൻ പാണ്ടിയത്ത്
ഹൃഷികേഷ്
പോൾ ആന്റണി
അർജുൻ മുരളി
ദേവയാനി
മിൻസി ലിയ
എയ്ജൽ ജോർജ്
ജ്യോതിലക്ഷ്മി
ഡ്യുഡി തോമസ്

ഐറിൻ ബാബു
ആൻ റോസ്
ലിയോൺ മാത്യു
റിനോ ജേക്കബ്
ജോയൽ ബേബി
ജോർജ്ജുകുട്ടി
ആനന്ദ് ഫ്രാൻസിസ്
ക്രിസ്റ്റി ജോസ്
ജാക്സൺ ജോയ്
മനു തോമസ്
പാർവതി എസ്
ലെവിൻ തോമസ്
ജിം ജെയിംസ്
ജിബിൻ വർഗീസ്
ജെബിൻ ചെറിയാൻ
റൊണാൾഡ് സിബി
അഖിൽ ആന്റണി
അമൽ റോയ്
നിധിൻ ജേക്കബ്
അർജുൻ പി ആർ
ജസ്റ്റിൻ ജോയ്
ജയ്സൺ ജോസഫ്

# കലാലയ യൂണിയൻ



**ഡിറ്റോ മാത്യു**
ചെയർമാൻ



**ജിബിൻ ജോസഫ്**
ജനറൽ സെക്രട്ടറി



**ചഞ്ചൽ എ നായർ**
വൈസ് ചെയർപേഴ്സൺ



**അനിൽ സൂര്യ**
മാഗസിൻ എഡിറ്റർ



**റെൻസൺ ടോമി**
ആർട്സ് ക്ലബ്



**ജെറിൻ ജെ**
യു. യു. സി



**ബേസിൽ രാജു**
യു. യു. സി



**എൽസ മരിയ**
ലേഡി റെപ്പ്



**കെസിയ മാത്യു**
ലേഡി റെപ്പ്



**ജോബി ജെയിംസ്**
രണ്ടാം വർഷ പി. ജി
റെപ്പ്



**ക്രിസ്മ റോസ് ബാബു**
ഒന്നാം വർഷ പി. ജി
റെപ്പ്



**നിമിത്ത് സാജൻ**
മൂന്നാം വർഷ യു. ജി
റെപ്പ്



**സമീർ മൊഹമ്മെദ്**
രണ്ടാം വർഷ യു. ജി
റെപ്പ്



**ആരോമൽ ജോസ്**
ഒന്നാം വർഷ യു. ജി
റെപ്പ്



**അരുൺ വിൽസൺ**
സ്പോർട്സ്
സെക്രട്ടറി



# കലാലയ യൂണിയൻ

## തിരുഹൃദയ കലാലയം 2018

2018– 19 യൂണിയൻ സ്വപ്നങ്ങളും പ്രതീക്ഷകളും അതിന്റെ സാക്ഷാത് കാരവും നിറഞ്ഞ ഒരു കലാലയ വർഷമാണ് തിരുഹൃദയർക്ക് സമ്മാനിച്ചത്. എഴുപത്തിയഞ്ച് വയസ് പിന്നിടുന്ന തിരുഹൃദയ മുത്തശ്ശിക്ക് അഭിമാനിക്കാനും പാണന് നാടൊട്ടുക്ക് പാടിനടക്കാനും പോന്ന നേട്ടങ്ങളുടെ, ആട്ടവും പാട്ടും ആഘോഷങ്ങളും നിറഞ്ഞ ഒരു കലാലയ വർഷത്തിന്റെ ഓർമ്മ താളുകൾ.



# പ്ലാറ്റിനം ജൂബിലി ആഘോഷം



# സ്പോർട്സ്

## തിരുഹൃദയ കലാലയം 2018

ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഒരു വിദ്യാർത്ഥി ഇന്ത്യയെയും, ആറ് കുട്ടികൾ കേരളത്തെയും, മുപ്പത്തിയാറ് കുട്ടികൾ എം. ജി സർവകലാശാലയെയും കഴിഞ്ഞ അധ്യായന വർഷത്തിൽ പ്രതിനിധീകരിച്ചു.



**ഫാത്തിമാ അബ്ദീൻ**
ഇന്റർനാഷണൽ ചെസ്സ് പ്ലേയർ
& നാഷണൽ ചെസ്സ് ചാമ്പ്യൻ



എം ജി സർവകലാശാല
വിജയികൾ ക്രിക്കറ്റ്
(ആൺകുട്ടികൾ)



എം ജി സർവകലാശാല
വിജയികൾ ഫെൻസിങ്ങ്
(ആൺകുട്ടികൾ)



എം ജി സർവകലാശാല
വിജയികൾ ഹാൻഡ് ബോൾ
(ആൺകുട്ടികൾ)



എം ജി സർവകലാശാല
വിജയികൾ ലോൺ ടെന്നിസ്
(പെൺകുട്ടികൾ)



എം ജി സർവകലാശാല
വിജയികൾ ടേബിൾ ടെന്നിസ്
(പെൺകുട്ടികൾ)



എം ജി സർവകലാശാല
കബഡി (പെൺകുട്ടികൾ)
രണ്ടാം സ്ഥാനം



എം ജി സർവകലാശാല ബെയിസ്
ബോൾ (ആൺകുട്ടികൾ)
രണ്ടാം സ്ഥാനം



എം ജി സർവകലാശാല റോൾ
ബോൾ (ആൺകുട്ടികൾ)
മൂന്നാം സ്ഥാനം



എം ജി സർവകലാശാല
ബാസ്ക്കറ്റ് ബോൾ
(ആൺകുട്ടികൾ) മൂന്നാം സ്ഥാനം

# യൂണിവേഴ്സിറ്റി കലോത്സവം
## 2018 - 19

പലരുടെയും പരിഹാസങ്ങ ൾക്കും കളിയാക്കലുക ൾക്കും ചുട്ട മറുപടി നൽകി 2019 മഹാത്മാ ഗാന്ധി സർ വകലാശാല ‘അലത്താളം’ കലോത്സവ കിരീടം, റെക്കോർഡ് പോയിന്റോട് കൂടി തിരുഹൃദയത്തിന്റെ തിരുമുറ്റത്തെത്തി. കൂടെ ഫൈൻ ആർട്സിന്റെയും ലിറ്ററി ഇവന്റ്സിന്റെയും ഓവറോളും ഒപ്പം അഭിമാന മായ പൂർണശ്രീയുടെ കലാതിലക പട്ടവും.



**പൂർണശ്രീ ഹരിദാസ് (കലാതിലകം)**
ഒന്നാം സ്ഥാനം
ലളിത ഗാനം (പെൺകുട്ടികൾ)
ശാസ്ത്രീയ സംഗീതം
കവിതാ പാരായണം



**സംഘ ഗാനം (വെസ്റ്റേൺ)**
ഒന്നാം സ്ഥാനം



**സ്കിറ്റ്**
ഒന്നാം സ്ഥാനം



**സംഘ ഗാനം (ഈസ്റ്റേൺ)**
ഒന്നാം സ്ഥാനം



**മൂകാഭിനയം**
മൂന്നാം സ്ഥാനം



**ദഫ്മുട്ട്**
മൂന്നാം സ്ഥാനം



**സ്റ്റീവ് തോമസ്**
ഒന്നാം സ്ഥാനം
വിന്റ് ഇൻസ്ട്രുമെന്റ് (വെസ്റ്റേൺ)



**അന്ന ജൊവിറ്റ**
ഒന്നാം സ്ഥാനം
കാർട്ടൂണിംഗ്, പോസ്റ്റർ ഡിസൈനിംഗ്




**സാന്ദ്ര പി നമ്പൂതിരി**
ഒന്നാം സ്ഥാനം
അക്ഷരശ്ലോകം



**അലോയ് ഫ്രാൻസിസ്**
ഒന്നാം സ്ഥാനം
താളവാദ്യം വെസ്റ്റേൺ


> **കലാകാരന്മാർ അരങ്ങുവാണ കലോത്സവ വേദിയിൽ തിരുഹൃദയത്തി നുവേണ്ടി പോരാടി നൃത്തമാ ടുന്ന മാലാഖമാരെയും ഒപ്പം മൂന്ന് തോഴിമാരേയും തിരികെ കൊണ്ടുവന്നവർ.**



**അനാമിക രവി**
ഒന്നാം സ്ഥാനം
ഓട്ടംതുള്ളൽ



**മാളവിക കൃഷ്ണദാസ്**
ഒന്നാം സ്ഥാനം
ക്ലാസിക്കൽ ഡാൻസിന്റെ മറ്റു രൂപങ്ങൾ



**ആതിര സി എച്ച്**
ഒന്നാം സ്ഥനം
ചെറുകഥ രചന (മലയാളം)



**അൽഷ ബാഹുലേയൻ**
ഒന്നാം സ്ഥാനം
നാടോടിനൃത്തം



**ഭാനു ഉല്ലാസ്**
രണ്ടാം സ്ഥാനം
സ്ട്രിങ്ങ് ഇൻസ്ട്രുമെന്റ് (ഈസ്റ്റേൺ)



**അഖിൽ ചന്ദ്രശേഖരൻ**
രണ്ടാം സ്ഥാനം
ലളിത ഗാനം (ആൺകുട്ടികൾ)



**നന്ദു വി**
രണ്ടാം സ്ഥാനം
കാവ്യകേളി



**നവനീത് കൃഷ്ണൻ**
രണ്ടാം സ്ഥനം സ്ട്രിങ്ങ് ഇൻസ്ട്രുമെന്റ് (വെസ്റ്റേൺ)



**ശ്രീലക്ഷ്മി എം പൈ**
രണ്ടാം സ്ഥാനം
കവിത രചന (ഹിന്ദി)



**രാഹുൽ മേനോൻ**
രണ്ടാം സ്ഥാനം
ക്ലാസിക്കൽ മ്യൂസിക്ക് (ആൺകുട്ടികൾ)



**അന്ന പ്രസാദ്**
രണ്ടാം സ്ഥാനം
മോഹിനിയാട്ടം




**കൃഷ്ണേന്ദു പി**
മൂന്നാം സ്ഥാനം
കവിത രചന (മലയാളം)



**മാളവിക സുധീർ**
മൂന്നാം സ്ഥാനം
കഥാപ്രസംഗം




**അഞ്ജന എസ് കുമാർ**
മൂന്നാം സ്ഥാനം
ഭരതനാട്യം (പെൺകുട്ടികൾ)


HALAL
Yuva's
LIVE TO EAT
For Home Delivery Call
90 61 28 68 88
PARCEL
10%
OFF
Mattammel Junction, Thevara
Ph : 90 61 28 68 88
E mail : yuvaslivetoeat@gmail.com
YUVASlivetoeat


30
Saptha swara
Sangeetha vidhyalaya
SAPTHASWARA
Sangeetha Vidhyalaya
MUSIC CLASS
ADMISSION OPEN
Carnatic Music · Light Music · Bhajan
Music Teacher
M S Jayasree Iyer
MA Music
For more information call
7736279559, 8848309447
VI/1786, D.H.Dada Complex, Palace Road, Mattancherry, Kochi - 682002

# മാഗസിൻ സമിതി

അനിൽ സൂര്യാ എം. എസ്, കിരൺ എം ധരൻ,
എം ശിവരഞ്ജ്ജിനി, ഗ്രീതു എലിസബത്ത് തോമസ്,
ക്രിസ്മ റോസ് ബാബു, എൽവീന എസ് ഫിലിപ്പ്,
ആഗ്നസ് ജോൺ




ചുടല
ഭ്രാന്തനെ നിശ്ശബ്ദനാക്കാൻ അവന്റെ തൂലിക
നിങ്ങൾക്ക് പിടിച്ചു വാങ്ങാം, നാവ് ഛേദിക്കാം, വേണ്ടി വന്നാൽ
ജീവനു തന്നെ ഭീഷണിയുയർത്താം പക്ഷേ അക്ഷരങ്ങൾക്ക്
മരണമില്ലാത്തിടത്തോളം ചോദ്യം ചെയ്യേണ്ടവയെ ചോദ്യം
ചെയ്തുകൊണ്ട് അമരനായി ഭ്രാന്തൻ നിലകൊള്ളും.

ഭ്രാന്തന്റെ അനുഭവങ്ങൾ ഇവിടെ അവസാനിക്കുന്നില്ല:

"ജാതിയും മതവുമില്ലാത്ത അനാചാരങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരെ ശബ്ദമുയർത്തുന്ന അടിച്ചമർത്തലുകൾക്കും ചൂഷണങ്ങൾക്കും അതീതനായി പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന വിശ്വപൗരനായ ഭ്രാന്തൻ."




2018 വർഷം കലാലയ സ്മരണിക
തിരുഹൃദയ കലാലയം, തേവര




ചുടല
SH
SACRED
HEART
COLLEGE
Autonomous